# യേശുവിന്റെ ആത്മകഥ

## (ഒരു ഭാവനാവിഷ്കാരം)

വാല്യം 6



ഫാദർ. സി. സി. ചെറിയാൻ

# യേശുവിന്റെ ആത്മകഥ

(ഒരു ഭാവന ആവിഷ്കാരം)

വാല്യം – 6

**ഫാദർ. സി. സി. ചെറിയാൻ**
**കോട്ടയം**

സി.സി. ബുക്ക്സ്, കോട്ടയം.

2021

Yeshuvinte Athmakadha - Volume 6
(Auto Biography of Jesus Christ)
By : Fr . C C Cherian
Mob: +91 944 73 02 518
frcccherian@gmail.com
Cover Design: Cyril Cherian
Page Setting : Cyril Cherian
Digital book: April 2021
Published by: C C Books, Kottayam.

# സമർപ്പണം

എന്റെ പ്രിയ മാതാപിതാക്കൾ, എന്നെ
വൈദികപദവിയിലേയ്ക്ക് കൈവെപ്പ് നൽകി
ഉയർത്തിയ കാലം ചെയ്ത അഭിവന്ദ്യ യൂഹാനോൻ മാർ
സേവേറിയോസ് തിരുമേനി, ആധ്യാത്മികതയുടെ
അടിസ്ഥാനപ്രമാണങ്ങൾ പകർന്നു തന്ന
കാലം ചെയ്ത അഭിവന്ദ്യ ഡോ. പൗലോസ്
മാർ ഗ്രീഗോറിയോസ് തിരുമേനി, കോട്ടയം
വൈദികസെമിനാരിയിൽ എന്നെ സഭാജീവിതം
പരിശീലിപ്പിടച്ച വന്ദ്യരായ ഗുരുക്കൻമാർ, എന്നെ
സ്നേഹിക്കുകയും, കരുതുകയും പ്രോത്സാഹിപ്പിക്കുകയും
ചെയ്ത പ്രിയ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ തുടങ്ങി
എല്ലാവർക്കുമായി ഈ ഗ്രന്ഥം ഞാൻ സമർപ്പിക്കുന്നു.

# ഉള്ളടക്കം

(വാല്യം – 6)


| | |
|---|---|
| പ്രസ്താവന : ഫാ. സി. സി. ചെറിയാൻ. | 2 |
| അവതാരിക: "സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ | 4 |
| അവലോകനം: റവ.ഫാ. ഡോ. ഓ. തോമസ് | 7 |
| 76. ഇവരെല്ലാമാണ് എന്റെ അപ്പോസ്തോലന്മാരും അറിയിപ്പുകാരും. | 11 |
| 77. നല്ല കാര്യവിചാരകൻമാരെ എനിക്ക് ആവശ്യമുണ്ട്. | 21 |
| 78. മുന്തിരിത്തോപ്പിൽ നമുക്കൊന്നിച്ച്ജോലിചെയ്യാം. | 28 |
| 79. നിങ്ങൾ ദൈവദാസന്മാർ അല്ല;ദൈവമക്കൾ ആണ്. | 36 |
| 80. എന്റെ ഇടത്തും വലത്തും ഇരിക്കുവാൻ നിങ്ങൾക്കും ആഗ്രഹമില്ലേ? | 42 |
| 81. പാപിയായിരുന്ന സക്കായി വിശുദ്ധനായതെങ്ങനെ? | 49 |
| 82. ബഥന്യായിലെ ലാസറിനെ ഉയിർപ്പിക്കുന്നു. | 57 |
| 83. എനിക്കും ലാസറിനും ബഥന്യയിൽ വിരുന്ന് സൽക്കാരം. | 67 |
| 84. ഓശാന ജൈത്രയാത്രയും യെരുശലേം വരവേൽപ്പും. | 75 |
| 85. യെരുശലേം ദൈവാലയം ഞാൻ ശുദ്ധീകരിച്ചു. | 83 |
| 86. വീണ്ടും ചില ഉപമകളും ചോദ്യങ്ങളും ഉത്തരങ്ങളും. | 91 |
| 87. എന്നെ അന്വേഷിക്കുന്ന എല്ലാവരെയും ഞാൻ സ്നേഹത്തോടെ സ്വീകരിക്കും. | 100 |
| 88. പരീശന്മാരെ, ശാസ്ത്രിമാരെ നിങ്ങൾക്ക് അയ്യോ കഷ്ടം! | 109 |
| 89. യുഗാന്ത്യ പ്രവചനങ്ങൾ: ഭയപ്പെടാതെ, ജാഗ്രതയോടെ, കാത്തിരിക്കുക. | 120 |
| 90. ഞാൻ യാത്ര പറയുന്നു; നിങ്ങൾ ധൈര്യമായിരിക്കുക. | 129 |
| അനുബന്ധം 1 – ഉള്ളടക്കം (വാല്യം – 1) | 137 |
| അനുബന്ധം 2 – ഉള്ളടക്കം (വാല്യം – 2) | 138 |
| അനുബന്ധം 3 – ഉള്ളടക്കം (വാല്യം – 3) | 139 |
| അനുബന്ധം 4 – ഉള്ളടക്കം (വാല്യം – 4) | 140 |
| അനുബന്ധം 4 – ഉള്ളടക്കം (വാല്യം – 5) | 141 |
| അനുബന്ധം 5– About the Author | 142 |
| Books by the Author | 143 |

# പ്രസ്താവന

പരിശുദ്ധ ത്രീയേക ദൈവത്തിന്റെ വലിയ തിരു നാമത്തിന്സ്തുതി. യേശുവിന്റെ ആത്മകഥയുടെ ആറാം വാല്യം നിശ്ചിതസമയത്ത് തന്നെ എഴുതി പൂർത്തിയാക്കുവാൻ ബലഹീനനായ എനിക്ക് ദൈവം നൽകിയ വലിയ കൃപയ്ക്ക് വേണ്ടി ദൈവതിരുമുൻപാകെ അളവില്ലാത്ത സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ അവസാന ദിവസങ്ങളിലെ ഏതാനും വിവരണങ്ങളാണ് 15 അധ്യായങ്ങളിലായി ഇതിൽ നൽകിയിരിക്കുന്നത്. ശിഷ്യൻമാരോടുള്ള വ്യക്തിപരമായ അവസാന ഉപദേശങ്ങളും ആഹ്വാനങ്ങളും ഒഴികെ, കൂടുതൽ പരസ്യപ്രഭാഷണങ്ങളോ മരിച്ച ലാസറിനെ ഉയർപ്പിച്ച സംഭവം ഒഴികെ മറ്റ് അത്ഭുതപ്രവർത്തികളോ ഒന്നും ഈ വാല്യത്തിൽ വിവരിക്കുന്നില്ല. ഓശാന ജൈത്രയാത്ര, ദേവാലയ ശുദ്ധീകരണം, യഹൂദ മത നേതാക്കന്മാരുമായുള്ള തീവ്രമായ സംവാദങ്ങൾ, യുഗാന്ത്യ പ്രവചനങ്ങൾ എന്നിവയെല്ലാം വികാരസാന്ദ്രമായി ഈ വാല്യത്തിൽ ഭാവനാപൂർവ്വം വിവരിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ ഈലോക ജീവിതാവസാനം വിവരിക്കുന്ന അടുത്ത ഏഴാം വാല്യത്തോടെ ഈ ഗ്രന്ഥപരമ്പര അവസാനിപ്പിക്കുകയാണ്. അഞ്ചാം വാല്യം "വചനിപ്പ്" ദിനമായ ഇന്നലെ തന്നെ പ്രകാശനം ചെയ്തു. മാസംതോറും ഓരോ വാല്യം സമയബന്ധിതമായി പൂർത്തിയാക്കാൻ എന്നെ ശക്തനാക്കിയ പരിശുദ്ധാത്മ സഹായത്തിന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. ഓരോ ദിവസവും ഓരോ അധ്യായം എഴുതി ടൈപ്പ് ചെയ്ത് പൂർത്തിയാക്കു മായിരുന്നു. എന്നാൽ അവസാന വാല്യം പൂർത്തിയാകാൻ കൂടുതൽ സമയം വേണ്ടി വന്നു. രണ്ട് അധ്യായങ്ങൾ ടൈപ്പ് ചെയ്ത് പൂർത്തിയാക്കിയത്, ചില സാങ്കേതിക കാരണങ്ങളാൽ നഷ്ടപ്പെടുകയും വീണ്ടും ടൈപ്പ് ചെയ്യേണ്ടി വരികയും ചെയ്തു. ഏഴാം വാല്യം പൂർത്തിയാക്കാൻ കഴിയുമോ എന്നൊരു ആശങ്ക എനിക്കുണ്ടായിരുന്നു.അപ്പോഴൊക്കെ എനിക്ക് ദൈവത്തിന്റെഅദൃശ്യശക്തി ലഭിച്ചതുകൊണ്ടാണ് ഈ ഗ്രന്ഥം ക്ഷമയോടെ ഇന്നലെ പൂർത്തിയാക്കുവാൻ കഴിഞ്ഞത്.

മുൻ പതിവുപോലെ ഗ്രന്ഥരചനയ്ക്ക് നിരന്തരമായി പ്രചോദനം നൽകി കൊണ്ടിരിക്കുന്ന എന്റെ അഭിവന്ദ്യ ഗുരുഭ്രതൻ "സഭാ ഗുരുരത്നം" ഫാദർ ഡോക്ടർ ടി. ജെ. ജോഷ്വാ, എന്റെ സെമിനാരി പഠനകാലം മുതൽ എന്റെ സുഹൃത്തും കോട്ടയം വൈദിക സെമിനാരി മുൻ പ്രിൻസിപ്പാളുമായ ബഹുമാനപ്പെട്ട ഫാ. ഡോ. ഓ തോമസ് എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും ആദരവോടെ രേഖപ്പെടുത്തുന്നു. വായനക്കാരിൽ നിന്നും സ്നേഹിതരിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന എല്ലാ പ്രതികരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

മുൻ പതിവുപോലെ കവർ ഡിസൈൻ, പേജ് സെറ്റിംഗ്സ് തുടങ്ങിയ കാര്യങ്ങളിൽ ആരംഭംമുതൽ എന്നെ സഹായിച്ചു കൊണ്ടിരിക്കുന്ന എന്റെ മകൻ സിറിൽ ചെറിയാൻ, കൊച്ചുമകൻ ക്രിസ് സിറിൽ, ഡിജിറ്റൽ പ്രിൻറിംഗ് നടത്തുന്ന മണിപ്പാൽ ടെക്നോളജീസ്, പ്രസാധനം ഏറ്റെടുത്ത "സി സി ബുക്സ്" എന്നിവരോടും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

എല്ലാത്തിനും ഉപരിയായി എന്നെ ഈ സംരംഭത്തിൽ അനസ്യൂതം ശക്തിപ്പെടുത്തി ക്കൊണ്ടിരിക്കുന്ന കാരുണ്യവാനായ ദൈവത്തിനു സ്തുതിയും സ്തോത്രവും അർപ്പി ച്ചുകൊണ്ട് ഈ പ്രസ്താവന ഉപസംഹരിക്കുന്നു.

സ്നേഹാദരവുകളോടെ,

ഫാ. സി. സി. ചെറിയാൻ
ഗ്രന്ഥകർത്താവ്
26–03–2021 (നാല്പതാം വെള്ളി)
കോട്ടയം.

# അവതാരിക

"സഭാ ഗുരുരത്നം" റവ. ഫാ. ഡോ. T. J. ജോഷ്വാ

പല വാല്യങ്ങളിലായി എഴുതുന്ന യേശുവിന്റെ ആത്മകഥ എന്ന പുതുമനിറഞ്ഞ കൃതികളെ വിശ്വാസികൾക്ക് മുൻപിൽ അവതരിപ്പിക്കുവാനുള്ള ദൗത്യം എനിക്കുണ്ടായത് ഞാനും ഗ്രന്ഥകാരനും തമ്മിലുള്ള ഗാഢമായ ആത്മബന്ധത്തിന്റെ പ്രേരണയാലാണ്. അത്യന്തം സന്തോഷപ്രദമായ ഒരു പദവി യായി ഞാൻ ഇതിനെ കാണുന്നു.

യേശുക്രിസ്തുവിന്റെ പ്രവൃത്തികളും പ്രബോധനങ്ങളും ഉൾക്കൊള്ളുന്ന സുവിശേഷങ്ങൾ രചിക്കപ്പെട്ട കാലം മുതൽ അവയെ മനസ്സിലാക്കുന്നതിനും വിവക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ വ്യാപകമായി നടന്നുവരുന്നു. സുവിശേഷ സത്യങ്ങളെ അവയുടെ ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കുന്നതിന് മാത്രമല്ല, അവയ്ക്ക് സമകാലീന ജീവിതത്തിലുള്ള പ്രസക്തിയും സ്വാധീനവും കണ്ടെത്തുന്നതും ലക്ഷ്യമാണ്. സുവിശേഷ വ്യാഖ്യാതാക്കളും സുവിശേഷപ്രചാരകരും ചെയ്തുകൊണ്ടിരിക്കുന്നത് ഈ ദൗത്യമാണ്. മാറ്റമില്ലാത്തവനായ യേശുക്രിസ്തുവിന്റെ മാറ്റമില്ലാത്ത സുവിശേഷ സത്യങ്ങൾ കാലാനുയോജ്യമായി ലോകത്തിന് എത്തിച്ചു കൊടുക്കുന്നതാണ് സഭയുടെ മൗലിക കർത്തവ്യം.

ബ: ചെറിയാനച്ചൻ തികച്ചും പുതുമ നിറഞ്ഞ ശൈലിയിൽ സുവിശേഷ വ്യാഖ്യാനമാണ് നടത്തുന്നത്. വിമർശനാത്മകമായ സമീപനമല്ല, തികച്ചും ധ്യാനാത്മകമായ വീക്ഷണത്തോടെയാണ് വിഷയങ്ങളെ നോക്കിക്കാണുന്നത്. പ്രാർത്ഥനയുടെയും ജാഗരണത്തിന്റെയും ആത്മാവിൽ പരിശുദ്ധാത്മ പ്രചോദിതനായി വിഷയങ്ങൾ അവതരിപ്പിക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. കോവിഡ് ലോക്ക് ഡൗൺ കാലത്തു ഒരു തപസ്യയായി അദ്ദേഹം ഈ ശ്രേഷ്ഠദൗത്യം ഏറ്റെടുത്തു. ഗ്രന്ഥകർത്താവിന്റെ വീക്ഷണങ്ങളും ചിന്തകളും യേശുവിന്റേതായി അവതരിപ്പിക്കുകയല്ലേ ചെയ്തിരിക്കുന്നത് എന്ന വിമർശനമുണ്ടാകാം. സുവിശേഷപ്രസംഗകരും വ്യാഖ്യാതാക്കളും ചെയ്യുന്നതും മറ്റൊന്നല്ല. സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന യേശുവിന്റെ മനസ്സിനും വീക്ഷണത്തിനും പൊരുത്തപ്പെടുന്നതാണോ എന്ന് മാത്രം നോക്കിയാൽ മതി.

ഓരോ വാല്യത്തിലും 15 അധ്യായങ്ങൾ എന്ന ക്രമത്തിലാണ് രചിച്ചിട്ടുള്ളത്. കർത്താവിന്റെ ഉപമാ രൂപത്തിലുള്ള ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളിൽ ചിലതും എടുത്ത് അവയ്ക്ക് ഇന്നുള്ള പ്രസക്തിയും പ്രാധാന്യവും വളരെ ലളിതമായി അക്കമിട്ട് പ്രതിപാദിക്കുന്നു. പ്രസംഗകർക്കും അധ്യാപകർക്കും വളരെ സഹായകമായ സമീപനമാണ് അവലംബിച്ചിട്ടുള്ളത്.

12 അപ്പസ്തോലന്മാരെ ആദ്യഘട്ടത്തിൽ നിയോഗിക്കുന്നത് ഇസ്രായേൽ ജനത്തിന്റെ അടുക്കലേക്കാണ്. പിന്നീട് 70 പേരെ, അതേ നിയോഗം നൽകി അയയ്ക്കുന്നു. അന്നത്തെ സങ്കൽപം ജാതികൾ (ജനതകൾ Nations) 70 എന്നായിരുന്നു. അങ്ങനെയെങ്കിൽ ഇസ്രായേലിലേക്കും മറ്റ് ജനതകളുടെ അടുക്കലേക്കും നയിക്കുന്ന മിഷൻ പ്രവർത്തനം സൂചിപ്പിക്കുന്നു.

കാര്യവിചാരകത്വത്തെ സംബന്ധിച്ചുള്ള ഉപമയിലും മുന്തിരി തോട്ടത്തിലേക്ക് വേലക്കാരെ അയയ്ക്കുന്ന ഉപമയിലും സഭയിലെ ശുശ്രൂഷാ സ്ഥാനികൾക്കുള്ള സന്ദേശമാണുള്ളത്. സക്കായി യുടെ മാനസാന്തരം വ്യക്തി തലത്തിലുള്ള മാനസാന്തരത്തിനും അതുവഴി കുടുംബത്തിനു ണ്ടാകുന്ന രക്ഷയും പരാമർശിക്കുന്നു. ബഥാന്യയിലെ കുടുംബവുമായുള്ള യേശുവിന്റെ ബന്ധത്തിൽ നിന്ന് അനവധി ആത്മീയ സത്യങ്ങൾ ഉയർത്തിക്കാണിക്കുന്നു. തിരുവചനം പഠിക്കുവാനുള്ള തീക്ഷ്ണത, കർത്താവിന് നൽകുന്ന സ്വീകരണം ഭവനത്തിനു അനുഗ്രഹമാണെന്ന സന്ദേശം, അവിടുന്ന് ജീവനും ശക്തിയും പ്രദാനം ചെയ്യു മെന്നുള്ള ഉറപ്പ്, പ്രതിസന്ധികൾ വരുമ്പോൾ കരണീയമായത് എന്ത്? എന്നിങ്ങനെ പല സന്ദേശങ്ങളും നൽകുന്നു.

യെരുശലേമിലേക്കുള്ള മഹത്വ പ്രവേശനം ഉയർത്തുന്ന സന്ദേശങ്ങൾ പലതാണ്. സമാധാനത്തിന്റെ സന്ദേശവുമായി വരുന്ന രാജാവ്, ദൈവാലയത്തെ ക്കുറിച്ചുള്ള കർത്താവിന്റെ എരിവ്, പുരോഹിത പ്രധാനികൾ വിശുദ്ധ സ്ഥലത്തെ സ്വാർത്ഥ സംരക്ഷണത്തിനായി ദുരുപയോഗം ചെയ്യുന്നത് എന്നും മറ്റുമുള്ള വിഷയങ്ങൾ ആധുനിക സമൂഹത്തിന് ശക്തമായ സന്ദേശം നൽകാൻ ശ്രദ്ധിക്കുന്നു. തുടർന്നുള്ള മൂന്ന് ദിവസങ്ങളിൽ യേശു ദേവാലയത്തിൽ വന്ന് പ്രബോധനം നടത്തുന്നു. പെരുന്നാൾ കാലമായതുകൊണ്ട് ധാരാളമാളുകൾ ശ്രോതാക്കളായി അവിടെ എത്തുന്നു.

മതമേധാവികൾ യേശുവിനെ കുടുക്കുവാനുള്ള പല ചോദ്യങ്ങളും ചോദിക്കുന്നു. കർത്താവിന്റെ ഉത്തരങ്ങളിലും പ്രതികരണങ്ങളിലും അവർ ലജ്ജതരായിതീരുന്നു എന്ന് മാത്രമല്ല, തനിക്കെതിരായ ഗൂഢാലോചന നടത്തുവാൻ അവസരമാക്കുന്നു. പരീശ ന്മാരുടെ കാപട്യത്തെയും പ്രകടനപരമായ ജീവിതത്തെയും കർത്താവ് നിശിതമായി വിമർശിക്കുന്നു.

ഇങ്ങനെ സംഭവപരമ്പരകൾ കാല ക്രമമനുസരിച്ച് അവതരിപ്പിച്ചുകൊണ്ട് ശക്തമായ സന്ദേശം നൽകുവാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗദർശനവുമില്ലാതെ ഈ സംരംഭം ഒരിക്കലും സാധ്യമല്ല. ദൈവകൃപയാൽ ചെറിയാനച്ചന് അത് ധാരാളമായി ലഭിച്ചു. ഒരു വലിയ സംരംഭം ആത്മ പ്രേരിതമായി പൂർത്തീകരിക്കുവാൻ സാധിച്ചതിൽ ഏറെ സന്തോഷവും സ്തോത്രവും അച്ചനിൽ നിന്ന് ഉയരുന്നുണ്ടാവും.

ഈ സദ്ഉദ്യമത്തിൽ പ്രോത്സാഹനം നൽകുവാനും ഓരോ വാല്യവും അവതരിപ്പിക്കുവാനുമുള്ള ദൗത്യം നിറവേറ്റുവാൻ കഴിഞ്ഞതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. ഈ കൃതിക്ക് നല്ല അംഗീകരണം ലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് അവതരിപ്പിക്കുന്നു.

സചിവോത്തമപുരം, കോട്ടയം
മാർച്ച്, 2021.

# അവലോകനം

റവ. ഫാ. ഡോ. ഓ. തോമസ്

യേശുവിന്റെ ആത്മകഥയുടെ ആറാം വാല്യം വായിച്ച് തീർന്നപ്പോൾ മനസ്സിൽ ഓടിയെത്തിയ പദം വേദശാസ്ത്രജ്ഞൻമാർ ഉപയോഗിക്കുന്ന Paradigm Shift ആണ്. "മാതൃകാ മാറ്റം" എന്ന് മലയാളത്തിൽ മൊഴി മാറ്റിയിട്ടുണ്ടെങ്കിലും "പാരഡൈം ഷിഫ്റ്റ്" ന്റെ മുഴുവൻ അർത്ഥം കിട്ടുമെന്ന് തോന്നുന്നില്ല. ഏതാണ്ട് പരീശ മതത്തോട് അടുത്തുനിൽക്കുന്ന വ്യവസ്ഥാപിത സഭകളിലെ വിശ്വാസികളുടെ ശരാശരി ആധ്യാത്മിക നിലവാരത്തിൽ നിന്ന് സമൂലമായ ഒരു മാറ്റം ഈ "ആത്മകഥ" ലക്ഷ്യം വയ്ക്കുന്നു. വ്യവസ്ഥാപിത സഭകളുടെ നിയമങ്ങൾ കുറച്ചൊക്കെ പാലിച്ചാൽ അവർ ആത്മീയരായി. പള്ളിക്കുള്ള വരുമാനങ്ങൾ കൊടുക്കുക, ഓർത്തഡോക്സ് സഭയിലാണെങ്കിൽ ആണ്ടിലൊരിക്കൽ കുമ്പസാരിച്ച് വിശുദ്ധകുർബാന അനുഭവിക്കുക, പൗരോഹിത്യ സ്ഥാനികൾ കൽപ്പിക്കുന്നത് എന്തും മറു ചോദ്യം ചെയ്യാതെ അംഗീകരിക്കുക, കവർ പിരിവുകൾ നൽകുക, സഭാധ്യക്ഷനോടും ബിഷപ്പു മാരോടും കൂടെ കൂടെ കൂർ പ്രഖ്യാപിക്കുക തുടങ്ങിയവയൊക്കെ ചെയ്താൽ സഭാഭക്തരും ആത്മീയക്കാരുമായി. കൂടെ കുറച്ച് നേർച്ചകളും കാഴ്ചകളും തീർത്ഥാടന ങ്ങളും കൂടിയായാൽ എല്ലാം പൂർണമായി. യേശുക്രിസ്തു വചനത്തിൽ കൂടി വെളിപ്പെടുത്തിയ ദൈവരാജ്യവും ദൈവരാജ്യ പ്രമാണങ്ങളും പിന്തുടരുന്നതിനെക്കുറിച്ച് ആർക്കും ചിന്തയും വീണ്ടുവിചാരവും കാര്യമായി ഉണ്ടെന്ന് തോന്നുന്നില്ല. ഈ മാതൃകയെ തിരുത്തുന്നതിന്നാണ് ആത്മകഥയിലെ ഓരോ അധ്യായവും ആഹ്വാനം ചെയ്യുന്നത്.

ആ കൂട്ടത്തിൽ അതിശ്രദ്ധേയമായ ഒരു നിരീക്ഷണത്തെക്കുറിച്ച് സൂചിപ്പിക്കട്ടെ. " ശുശ്രൂഷാ ക്രമങ്ങൾ അല്ല, ശുശ്രൂഷാ മനോഭാവമാണ് നിങ്ങളെ എന്റെ ശിഷ്യന്മാരാക്കി രൂപാന്തരപ്പെടുന്നത്". തുടർന്ന് എഴുതുന്നു, "കാൽകഴുകൽ ശുശ്രൂഷ ആരാധനയുടെ ഭാഗമായി നടത്താനല്ല, മനുഷ്യസേവനത്തിന് ഒരു മാതൃകയായി രൂപാന്തരപ്പെടുത്താനാണ് എന്ന് ഓർക്കുക. പരസ്പരം ശുശ്രൂഷിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നതിന് പകരം പ്രധാന കാർമ്മികൻ മാത്രം കാൽകഴുകി, സിംഹാസനത്തിൽ ഇരുത്തി ഉയർത്തുന്ന ശുശ്രൂഷാ രീതി ഒന്നും ഞാൻ കാണിച്ചു തന്നിട്ടുള്ളതല്ല. എന്റെ ശുശ്രൂഷാ മനോഭാവം

ഇതുവരെ നിങ്ങൾ വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല എന്ന് ഓർത്തു ഞാൻ ദുഃഖിക്കുന്നു."


ബാല്യത്തിലെ കൗതുക മനസ്സിന് വിരാമം വന്നപ്പോൾ മുതൽ ഇന്നുള്ളത് അർത്ഥമില്ലാത്ത ചടങ്ങല്ലേ എന്ന ചിന്ത ഉടലെടുത്തിരുന്നു. ആരാധനാ പാരമ്പര്യത്തിൽ അവഗാഹം ഇല്ലാത്തതിനാൽ അഭിപ്രായം പറയുന്നില്ല എന്ന് മാത്രം. ഇവിടെ അത് പ്രകടിപ്പിച്ചു കണ്ടപ്പോൾ സാക്ഷാൽ നസ്രായൻ തന്നെ പറയുന്നതായി തോന്നി. പോരെങ്കിൽ കാൽ കഴുകുന്നതിന് ഫ്ലക്സും, ജനത്തെ വിളിച്ചുകൂട്ടി വിഭവസമൃദ്ധമായ കാപ്പി സൽക്കാരവും, സാമൂഹ്യമാധ്യമങ്ങളിൽ പ്രചരണവുമൊക്കെ നൽകി ആഘോഷപൂർവ്വം നടത്തപ്പെടുന്ന പ്രഹസന ത്തിന് കർത്താവു നടത്തിയ കാൽകഴുകലുമായി എന്ത് ബന്ധം എന്ന് ചിന്തിച്ചു പോകുന്നു. അല്ലെങ്കിൽ ഫ്രാൻസിസ് മാർപാപ്പയെ പോലെ തെരുവിലെ ബാലൻ മാരുടെയും വിശ്വാസികളുടെയും മുസ്ലിം യുവതിയുടെയും ഒക്കെ കാലുകൾ കഴുകിയപ്പോൾ അതിന് വ്യത്യസ്തമായ ഒരു മാനം ഉണ്ടായി എന്ന് പറയാം. ക്രിസ്തു കാണിച്ച ഈ മാതൃകയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് മഹാത്മാഗാന്ധിജി, മദർ തെരേസ തുടങ്ങിയ അനേകർ മനുഷ്യ സേവനരംഗത്ത് പ്രവർത്തിക്കുന്നത് കണ്ടുകൊണ്ട്,ശുശ്രൂഷാ ക്രമങ്ങളിലൂടെ മാത്രം സേവനം ചെയ്യുന്ന വ്യവസ്ഥാപിത സഭകളുടെ രീതിയെ നസ്രായൻ ഇവിടെ ചോദ്യം ചെയ്യുന്നു. ആ തരത്തിൽ വ്യവസ്ഥാപിത സഭകളിൽ "മാതൃകാമാറ്റം" ചെയ്യേണ്ടതായ അനേകം ചടങ്ങുകളില്ലേ എന്ന് ഈ വാല്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

"പരീശന്മാരെ ശാസ്ത്രിമാരെ നിങ്ങൾക്ക് അയ്യോ കഷ്ടം!" എന്ന അധ്യായ വിശകലനത്തിൽ ഇന്നത്തെ സഭകൾ പരീശമതത്തോട് എത്രമാത്രം ചേർന്ന് പോകുന്നു എന്ന് വ്യക്തമാക്കുന്നു. പെരുന്നാളുകളിൽ വന്നിട്ടുള്ള അധപതനത്തിന് പരിഹാരമെന്നോണം "യെരുശലേം ദേവാലയം ഞാൻ ശുദ്ധീകരിച്ചു" എന്നതിൽ ഭംഗിയായി ചിത്രീകരിച്ചു. യെരുശലേമിലേക്കുള്ള വരവേൽപ്പും ദേവാലയ ശുദ്ധീകരണവുമെല്ലാം മനസ്സിരുത്തി വായിക്കുമ്പോൾ നാമും ആ കൂട്ടത്തിൽ നിൽക്കുന്നു എന്ന് തന്നെ തോന്നിപ്പോകുന്നു. എന്റെ വായനയുടെ പരിമിതി കൊണ്ടാകാം, 72 അറിയിപ്പ്കാരെ വേദപുസ്തക റഫറൻസ് സഹിതം കണ്ടുമുട്ടുന്ന ആദ്യ ഗ്രന്ഥം ഇതാണെന്ന് സാക്ഷ്യപ്പെടുത്തട്ടെ. 3, 6, 9, 11 മണികളിലെ ജോലിക്കാരെ യഥാക്രമം സ്ലീഹന്മാർ, രക്തസാക്ഷികൾ, വേദവിപരീതികളോട് ഏറ്റുമുട്ടിയ വിശുദ്ധന്മാർ, ഇസ്ലാമിന്റെ ആവിർഭാവത്തിനു ശേഷം സഭകളിൽ തുടങ്ങിയ പിളർപ്പുകളിൽ ഉൾപ്പെട്ടവർ തുടങ്ങിയ വ്യാഖ്യാനം, പുതുമയുള്ളതും ചരിത്രത്തോട് നീതി പുലർത്തുന്നതുമായി തോന്നി. അതുപോലെതന്നെ കർത്താവിന്റെ യുഗാന്ത്യ വചനങ്ങളെ കുറിച്ചുള്ള

വ്യാഖ്യാനവും ഈ വിധത്തിൽ നവംനവങ്ങളായ അറിവുകൾ നൽകുന്നതിലുപരി, ഒരു "പാരഡൈം ഷിഫ്റ്റ് " ആണ് ഇതിലെ ഓരോ വരിയും വാക്കും ലക്ഷ്യം വെക്കുന്നത്. മാർട്ടിൻ ലൂഥറിന്റെ നവീകരണത്തോട് മുഴുവനായി യോജിക്കാനാവില്ല എങ്കിലും വിശ്വാസ സമൂഹത്തിന് പുനർജീവൻ ഉണ്ടാകാൻ അദ്ദേഹം അടിസ്ഥാനപരമായി സ്വീകരിച്ച ദൈവവചനത്തിന്റെ മർമ്മങ്ങളിലേക്ക് തിരിച്ചു വന്നേ മതിയാകൂ. ഈ വലിയ ദൗത്യമാണ് ഗ്രന്ഥകർത്താവി ലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിർവ്വഹിച്ചിരിക്കുന്നത്. ഇത് അനേകർക്ക് ഒരു "മാതൃകാ മാറ്റ"ത്തിന് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ചേപ്പാട്,

26-3-2021.



നസ്രായനായ യേശു

## അദ്ധ്യായം 76

# ഇവരെല്ലാമാണ് എന്റെ അപ്പോസ്തോലന്മാരും അറിയിപ്പുകാരും

**(മത്തായി10:1– 10; മർക്കോസ് 3:13–19; ലൂക്കോസ് 10:1–20.)**

എന്റെ ശിഷ്യഗണങ്ങളിൽ നേതൃത്വം നൽകിയിരുന്ന ചില സ്ത്രീകളെ ഞാൻ പരിചയപ്പെടുത്തിയത് ഓർക്കുന്നുണ്ടല്ലോ. സ്വർഗ്ഗരാജ്യസന്ദേശവുമായി ഞാൻ ചുമതലപ്പെടുത്തിയിരുന്നത് പ്രധാനമായും എന്റെ 12 അപ്പസ്തോലന്മാരെ ആയിരുന്നു. അതിനുപുറമേ എഴുപത് അറിയിപ്പ്കാരെ കൂടി ഞാൻ ചുമതലപ്പെടുത്തിയത് നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. അവരെയെല്ലാം ചുരുക്കമായി നിങ്ങളെ പരിചയപ്പെടുത്താം എന്ന് കരുതുന്നു. എന്നോട് കൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിനയക്കാനും ഭൂതങ്ങളെ പുറത്താക്കുന്നതിന് അധികാരം ഉണ്ടാകുവാനും അവരെ ഞാൻ നിയമിച്ചു. ഇവർക്ക് അയക്കപ്പെട്ടവർ എന്നർത്ഥമുള്ള "സ്ലീഹ" അഥവാ "അപ്പോസ്തോലൻ" എന്ന പേര് നൽകി. സ്വർഗ്ഗപിതാവിന്റെ സ്നേഹം ലോകത്തിൽ ജീവിച്ചു കാണിച്ചു കൊടുക്കുവാൻ ഞാനും പിതാവിനാൽ "അയക്കപ്പെട്ടവൻ" എന്ന നിലയിൽ ഒന്നാമത്തെ അപ്പോസ്തലൻ ആണ്. ഈ ലക്ഷ്യം നിറവേറ്റാനാണ് ശിഷ്യന്മാരായ എല്ലാവരെയും ഞാൻ നിയോഗിച്ചത്. എന്റെ സ്വന്തം ജനമായ യഹൂദന്മാർക്കിടയിൽ പ്രവർത്തിക്കാനാണ് 12പേരെ ആദ്യം തെരഞ്ഞെടുത്തത്.

പിന്നീട് പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം എത്തിക്കുവാൻ 70 സുവിശേഷ അറിയിപ്പ് കാരെയും"ഏവൻഗേലിസ്ഥ" പദവിയിൽ നിയമിച്ചു. (Evangelists). എന്റെ പുനരുത്ഥാനത്തിനുശേഷം ലോകം മുഴുവനും എന്റെ സാക്ഷികളായി ജീവിച്ച് അപ്പോസ്തോലദൗത്യം നിർവഹിക്കുവാൻ, വിശുദ്ധ മാമ്മോദീസാ സ്വീകരിച്ച് എന്റെ അനുയായികളായ എല്ലാവരെയും ഞാൻ നിയമിച്ചിരിക്കുന്നു എന്ന കാര്യംനിങ്ങൾക്കറിയാമോ? നിങ്ങൾ

ഓരോരുത്തരും നിങ്ങൾ ആയിരിക്കുന്ന സ്ഥലത്തിന്റെ അപ്പോസ്തലനായി സാക്ഷ്യ ജീവിതം നയിക്കുവാൻ ചുമതലയുള്ളവരാണെന്ന് മറക്കരുത്. വിശാലമായ അർത്ഥത്തിൽ എല്ലാ ക്രിസ്ത്യാനികളും എന്റെ ശിഷ്യന്മാരാണ്, "അപ്പോസ്തോലന്മാരും" ആണ്. എന്നിരുന്നാലും പൂർണസമയ സുവിശേഷ പ്രവർത്തകരായി എന്നോടൊപ്പം ആജീവനാന്തം പ്രവർത്തിച്ച 12 പേരാണ് യഥാർത്ഥ പ്രഥമ അപ്പോസ്തലന്മാർ. രണ്ടാംസ്ഥാനത്ത് പൗലോസ് ശ്ലീഹ തലവൻ ആയിട്ടുള്ള വിജാതിയർക്കുവേണ്ടി നിയോഗിക്കപ്പെട്ട സുവിശേഷ അറിയിപ്പുകാരും. ഇവരെയെല്ലാം ചുരുക്കമായി പരിചയപ്പെടുത്തുന്നത്, അവരെപ്പോലെ നിങ്ങളും ദൈവരാജ്യവളർച്ചയ്ക്കു മനസ്സറിഞ്ഞ് പ്രവർത്തിക്കാൻ വേണ്ടിയാണ്. ആദ്യം പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഓരോരുത്തരെയായി പരിചയപ്പെടാം.

## 1). പത്രോസ് (Peter)

യോനായുടെ പുത്രൻ ശീമോൻ, മീൻപിടുത്ത വിദഗ്ധൻ, വിവാഹിതൻ എന്ന് പൊതുവെ പറയാം. ഞാൻ ദൈവപുത്രനാണെന്ന സത്യവിശ്വാസം ഏറ്റു പറഞ്ഞതിനാൽ അവന്റെ പേര് മാറ്റി "പാറ" എന്നർത്ഥമുള്ള പത്രോസ് അഥവാ "കേഫ"എന്ന പുതിയ പേര് നൽകി. പക്ഷേ എന്റെ ദൈവികപദ്ധതിയെ സ്വീകരിക്കുവാൻ ആദ്യം തടസ്സം പറഞ്ഞപ്പോൾ ഞാൻ അവനെ "സാത്താൻ" എന്നും വിളിച്ചിട്ടുണ്ട്. എന്നിരുന്നാലും എന്റെ സ്വർഗ്ഗപിതാവിന് ഏറ്റവും വിശ്വസ്തനായിരുന്നതിനാൽ ഞാനവനെ അപ്പോസ്തലന്മാരുടെ ഗണത്തിൽ പ്രഥമസ്ഥാനം നൽകി നിയമിച്ചു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ പത്രോസിനെ ഏൽപ്പിച്ചത്, മറ്റു ശിഷ്യന്മാരെ മുഴുവനും കൂട്ടിച്ചേർത്ത് പ്രവർത്തിക്കുവാനുള്ള പ്രാപ്തി അവന് ഉണ്ടായിരുന്നതുകൊണ്ടാണ്.പത്രോസ് മൂന്നുപ്രാവശ്യം എന്നെ തള്ളി പറഞ്ഞതും അതിന് പരിഹാരമായി മൂന്നുപ്രാവശ്യം ഏറ്റു പറയിപ്പിച്ച് വിശ്വാസം ഉറപ്പിച്ച കാര്യങ്ങളൊക്കെ പിന്നീട് ഞാൻ പറഞ്ഞുതരാം. എന്റെ പരസ്യശുശ്രൂഷയിൽ ഞാൻ കൂടുതൽ വിശ്വാസമർപ്പിച്ച് കൂടെ കൊണ്ടുപോയിരുന്ന മൂന്നുപേരിൽ പ്രധാനി തന്നെയായിരുന്നു പത്രോസ്. യായീറോസിന്റെ ഭവനത്തിലും മറുരൂപ മലയിലും ഗത്സമന തോട്ടത്തിലും പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു പേരെ എന്നോടൊപ്പം ഞാൻ പ്രത്യേകം ചേർത്ത് പിടിച്ചിരുന്നു.

## 2). അന്ത്രയോസ് (Andrew)

പുരുഷത്വം ഉള്ളവൻ എന്നാണ് അർത്ഥം. എന്റെ പ്രഥമ ശിഷ്യനാണ്.

അതുകൊണ്ട് തന്നെ ആദ്യം വിളിക്കപ്പെട്ടവൻ ( Protocletos) എന്ന പേരും ഉണ്ടായിരുന്നു. പത്രോസിന്റെ സഹോദരനും സ്നാപകയോഹന്നാന്റെ ശിഷ്യനുമായിരുന്നു. പത്രോസിനെയും യവനൻമാരെയും എന്റെ അടുക്കൽ കൊണ്ടുവന്നത് അദ്ദേഹമായിരുന്നു.(യോഹന്നാൻ 12: 20– 22). തൊഴിൽ മീൻപിടുത്തം തന്നെ യായിരുന്നു. അഞ്ചപ്പം കൊണ്ട് അത്ഭുതം പ്രവർത്തിച്ചപ്പോൾ ആൾക്കൂട്ടത്തിൽ അന്വേഷണം നടത്തി ആ ബാലനെ എന്റെ അടുക്കൽ കൊണ്ടുവന്നത് ഇദ്ദേഹമായിരുന്നു. സ്വയം മാറി നിന്ന് മറ്റുള്ളവരെ മുന്നോട്ട് കയറ്റിവിടുന്ന ഒരു സൗമ്യസ്വഭാവക്കാരനായിരുന്നു അന്ത്രയോസ്.

**3) യാക്കോബ്(James)**

സെബദി പുത്രനായ ഇദ്ദേഹം വലിയ യാക്കോബ് എന്നും അറിയപ്പെടുന്നു. സഹോദരനായ യോഹന്നാനെയും കൂട്ടി ഒന്നാം സ്ഥാനത്തിനായി ഒരിക്കൽ ഇവർ എന്റെ അടുത്ത് വന്നിരുന്നു. ശമരിയ വഴിയായി പോകുമ്പോൾ അവിടെ തീയ് ഇറക്കി നശിപ്പിക്കണം എന്ന് എന്നോട് പറഞ്ഞതിനാൽ "ഇടിമക്കൾ"എന്ന പേരു കൂടി ഇവർക്ക് ഞാൻ കൊടുത്തു. എന്നിരുന്നാലും ഇവർ ഏറെ വിശ്വസ്തരും ശുഷ്കാന്തിയുള്ളവരും ആയിരുന്നതിനാൽ ഞാൻ അവരെ പത്രോസ്സിനെ പോലെതന്നെ ചേർത്തു പിടിച്ചിരുന്നു. എന്റെ അമ്മയുടെ സഹോദരി സലോമിയുടെ മക്കളാണ് ഇവർ രണ്ടുപേരും. പിതാവിനെയും വലയെയും വിട്ടു ഒരേസമയം സഹോദരന്മാരായി എന്നെ അനുഗമിച്ച ഈ രണ്ടുപേരോടും എനിക്ക് പ്രത്യേക താല്പര്യം ഉണ്ടായിരുന്നു.

**4) യോഹന്നാൻ (John)**

ദൈവകൃപ ഉള്ളവൻ എന്ന് അർത്ഥമുള്ള യോഹന്നാൻ യാക്കോബിന്റെ ഇളയ സഹോദരനായിരുന്നു. 12 പേരിൽ ഏറ്റവും പ്രായംകുറഞ്ഞവനും സ്നാപക യോഹന്നാന്റെ ശിഷ്യനുമായിരുന്നു. യോഹന്നാൻ സ്വയം വിശേഷിപ്പിച്ചിരുന്നത് "യേശു സ്നേഹിച്ച ശിഷ്യൻ" എന്നാണ്. എന്റെ ക്രൂശു മരണസമയത്ത് അടുത്തുതന്നെ ഉണ്ടായിരുന്നതിനാൽ എന്റെ പ്രിയ മാതാവിനെ സംരക്ഷിക്കുവാൻ ഇവനെയാണ് ഞാൻ ഏൽപ്പിച്ചത്. ആദ്യം കല്ലറയ്ക്കൽ ഓടി എത്തി പുനരുത്ഥാനത്തിൽ സാക്ഷിയായതും യോഹന്നാൻ തന്നെ. സുന്ദരം പടിവാതിൽക്കൽ വെച്ച് പത്രോസ് മുടന്തനെ സൗഖ്യമാക്കിയപ്പോഴും യോഹന്നാൻ കൂടെ ഉണ്ടായിരുന്നു.

**5) ഫിലിപ്പോസ് (Philip)**

ബത്സൈദകാരൻ, മീൻപിടുത്തം ആണ് ജോലി. പേരിന്റെ അർത്ഥം കുതിരയുടെ സ്നേഹിതൻ. "എന്റെ പിന്നാലെ വരിക" എന്ന് ആദ്യം ഞാൻ വിളിച്ച ശിഷ്യൻ ഫിലിപ്പോസ് തന്നെയാണ്. പത്രോസ്സിനുശേഷം മൂന്നാമത് എന്റെ അടുക്കൽ എത്തി. ഫിലിപ്പോസ് നഥാനിയേലിനെ എന്റെ അടുക്കൽ കൊണ്ടുവന്നു. "പിതാവിനെ കാണിച്ചു തരണം" എന്ന് എന്നോട് ആവശ്യപ്പെട്ടതും ഇദ്ദേഹം തന്നെയാണ്. "ഞാനും പിതാവും ഒന്നാണ്" എന്ന് അവനോട് ആണ് ഞാൻ ആദ്യം പറഞ്ഞത്.(യോഹന്നാൻ 14: 8). 5000 പേർക്ക് അപ്പം വാങ്ങാൻ 200 വെള്ളിക്കാശ് പോരാ എന്ന് പറഞ്ഞത് ഇവനാണ്. ഗ്രീക്ക് നാമം ആയതിനാൽ, എന്നെ കാണാൻ വന്ന ഗ്രീക്കുകാർ ഫിലിപ്പോസിനെ ആണ് ആദ്യം സമീപിച്ചത്.

**6) ബർതോല്മായി (Bartholomeo. നദാനിയേൽ)**

ഗലീലയിലെ കാനാവിൽ നിന്നും ഫിലിപോസ് വിളിച്ച് കൊണ്ടു വന്നതാണ്. തോൽമായുടെ (ടോളമിയുടെ) പുത്രൻ ആയ നഥാനിയേൽ,

"ഇവൻ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കളങ്കം ഇല്ല എന്നും, അത്തിയുടെ ചുവട്ടിൽ വെച്ച് ഞാൻ അവനെ കണ്ടു എന്നും പറഞ്ഞപ്പോൾ, അവനാണ് എന്നെ ആദ്യമായി ഞാൻ "ദൈവപുത്രനാണെന്നും ഇസ്രായേൽ രാജാവ്" ആണെന്നും വിളിച്ചത്. (യോഹന്നാൻ 1: 43–51).

**7) തോമസ് (Thomas Didimos = ഇരട്ട)**

തോമസ് എബ്രായ നാമവും ദിദിമോസ് ഗ്രീക്ക് നാമവും ആണ്. ഈ പേരുകളുടെ അർത്ഥം "ഇരട്ട" എന്നാണ്. ഇരട്ട സഹോദരന്മാരിൽ ഒരാൾ എന്ന അർത്ഥത്തിൽ ആകാം ഈ പേര് ലഭിച്ചത്. യോഹന്നാന്റെ സുവിശേഷത്തിൽ 3 സന്ദർഭങ്ങളിൽ തോമസിനെ പറ്റി പരാമർശിക്കുന്നുണ്ട്. യെരുശലേമിൽ എനിക്കെതിരായി ഗൂഢാലോചന നടക്കുന്നതിനാൽ അങ്ങോട്ട് പോകണ്ട എന്ന് മറ്റു ശിഷ്യന്മാർ പറഞ്ഞപ്പോൾ, എന്നോടുകൂടി മരിക്കേണ്ടതിനു പോകണം എന്ന് പറഞ്ഞ് ശിഷ്യന്മാരെ ധൈര്യപ്പെടുത്തിയതും (യോഹന്നാൻ 11: 16), ഞാൻ പോകുന്ന വഴി ഏതാണ് എന്ന് ചോദിച്ചപ്പോൾ "ഞാൻ തന്നെ വഴിയും സത്യവും ജീവനും" ആണെന്ന് പ്രസ്താവിച്ചതും (യോഹന്നാൻ 14: 5– 7), പുനരുത്ഥാനശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് ഉറക്കെ കരഞ്ഞു പറഞ്ഞതും (യോഹന്നാൻ 20: 27– 28) തോമസിന്റെ സ്വഭാവ വൈശിഷ്ട്യം വിളിച്ചറിയിക്കുന്നു. ധീരതയും

അന്വേഷണത്വരയും പൂർണ്ണസമർപ്പണവുമാണ് ഈ ശിഷ്യനിൽ ഞാൻ കണ്ട പ്രത്യേക ഗുണങ്ങൾ. ഞാൻ ആദ്യം പ്രത്യക്ഷപ്പെട്ടപ്പോൾ ആ മുറിക്കകത്ത് ഭയപ്പെട്ട് ഒളിച്ചിരുന്നവരുടെ കൂട്ടത്തിൽ തോമസ് ഇല്ലായിരുന്നു. അവൻ ധൈര്യമായി അവർക്ക് ആവശ്യമായ ഭക്ഷണം വാങ്ങിക്കുവാൻ പുറത്തു പോയതായിരുന്നു. ഞാൻ ആദ്യം പ്രത്യക്ഷപ്പെട്ടത് കണ്ടെങ്കിലും മറ്റു ശിഷ്യന്മാർക്ക് എന്നിൽ പൂർണ്ണ വിശ്വാസം വന്നത് തോമസിന് വേണ്ടി രണ്ടാമതും പ്രത്യക്ഷപ്പെട്ട ശേഷമായിരുന്നു, ഞാൻ ഭൂതമോ മായാവിയോ അല്ലെന്ന് ബോധ്യപ്പെട്ടതിനാൽ ആണ് അവർ വിശ്വസിച്ചത്. യഥാർത്ഥത്തിൽ എന്നെ നേരിൽ കാണണമെന്ന തോമസിന്റെ ആവശ്യം ന്യായം ആയിരുന്നതിനാലാണ് ഞാൻ വീണ്ടും പ്രത്യക്ഷപ്പെട്ടത്. ഇല്ലായിരുന്നെങ്കിൽ മറ്റു 10 പേരും സംശയാലുക്കൾ ആയിത്തന്നെ ഭയപ്പെട്ട് ഒളിച്ചു കഴിയുമായിരുന്നു. അവരുടെ സംശയവും ഭയവും മാറിയത് തോമസിന്റെ സാക്ഷ്യപ്രഖ്യാപനം മൂലമായിരുന്നു. എന്നിട്ടും നിങ്ങളിൽ പലരും അദ്ദേഹത്തെ "സംശയിക്കുന്ന തോമസ് "എന്ന് വിളിക്കുന്നത് തെറ്റാണ്. യഥാർത്ഥത്തിൽ എല്ലാവരുടെയും സംശയവും ഭയവും മാറ്റി കൊടുത്തത് തോമസ് ആണെന്ന് മറക്കരുത്.

### 8) മത്തായി (Mathew)

"ലേവി" എന്ന പേരിൽ ചുങ്കം പിരിവുകാരൻ ആയിരുന്നു. എൻറ വിളി കേട്ട ഉടനെ ജോലി ഉപേക്ഷിച്ചു എന്നെ അനുഗമിച്ച കാര്യം ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. അവന്റെ വീട്ടിൽ എനിക്ക് സ്വീകരണം നൽകിയ കാര്യവും ഞാൻ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ? (മത്തായി 5). അദ്ദേഹത്തിന്റെ പ്രവർത്തനം യഹൂദന്മാരുടെ ഇടയിൽ തന്നെയായിരുന്നു അദ്ദേഹം എഴുതിയ സുവിശേഷം യഹൂദ ക്രിസ്ത്യാനികളെ മുന്നിൽ കണ്ടുകൊണ്ടായിരുന്നു. ന്യായപ്രമാണവും പ്രവാചകന്മാരും പറഞ്ഞ കാര്യങ്ങൾ എന്നിലൂടെ നിറവേറി എന്ന് അദ്ദേഹം സമർത്ഥിച്ചു.

### 9) അൽഫായുടെ മകൻ യാക്കോബ്(Jacob)

2 യാക്കോബ് മാരിൽ ചെറിയ യാക്കോബ് ആണ് ഇദ്ദേഹം. അപ്പോസ്തോലന്മാരുടെ പട്ടികയിൽ പ്രത്യക്ഷപ്പെടുന്നതല്ലാതെ വേദപുസ്തകത്തിൽ മറ്റെങ്ങും ഇദ്ദേഹത്തെ പറ്റി ഒന്നും പറയുന്നില്ല. മത്തായിയുടെ പിതാവും ആൽഫായി ആയതിനാൽ അദ്ദേഹത്തിന്റെ സഹോദരനും കഫർന്നഹൂം സ്വദേശിയും ചുങ്കപ്പിരിവ്കാരനും ആണെന്ന് പറയപ്പെടുന്നു.(മത്തായി 9: 9; മർക്കോസ് 2:14).

### 10) യൂദ (തദ്ദേവൂസ് Jude)

"യൂദ –ലാബി"എന്ന് പേരിലും ഇദ്ദേഹം അറിയപ്പെടുന്നു. യാക്കോബിന്റെ സഹോദരനായ യൂദാ എന്നും വിളിക്കപ്പെടുന്നു. ഞാൻ ഇദ്ദേഹവുമായി സംഭാഷണം നടത്തുന്നുണ്ട്. സ്നേഹത്തെപ്പറ്റി ഞാൻ സംസാരിച്ചത് അവന് ഏറെ ഇഷ്ടമായിരുന്നു.(യോഹന്നാൻ 14: 22– 23).

### 11) എരിവ്കാരൻ ശീമോൻ (Simon the Zealot)

ഒന്നാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തിനെതിരയി പോരാട്ടുവാൻ സംഘടിപ്പിക്കപ്പെട്ട ഒരു കൂട്ടമാണ് ധീരരായ എരിവുകാർ"(Zelotes). ഇക്കാലത്തെ തീവ്രവാദികൾ, നക്സലുകൾ എന്നിവരെ പോലെയുള്ള ഒരു സംഘം ആയിരുന്നു അത്. എന്റെ കൂടെ വന്നത് ആ സംഘടനയിൽ നിന്നും രാജി വെച്ചശേഷം ആയിരുന്നെങ്കിലും "എരിവ് കാരൻ" എന്നാണ് അദ്ദേഹത്തെ മറ്റു ശിഷ്യന്മാർ വിളിച്ചിരുന്നത്. എന്റെ കൂടെ വന്നശേഷം സ്വർഗ്ഗരാജ്യത്തിന് വേണ്ടി ഒരു ആത്മീയ വിപ്ലവത്തിന് നേതൃത്വം കൊടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

### 12) യൂദാ സ്കറിയോത്ത (Jude Iscarioth)

എന്റെ 11 ശിഷ്യന്മാരും വടക്ക് ഗലീലയിൽ നിന്നുള്ളവരായിരുന്നു. ഇയാൾ മാത്രം തെക്ക് യഹൂദ്യ പ്രദേശത്ത് "കേരിയോത്ത്" കാരനായിരുന്നു. ഞങ്ങളുടെ കൂട്ടത്തിലെ പണസഞ്ചി സൂക്ഷിപ്പുകാരനായ ഇയാൾ ദ്രവ്യാഗ്രഹിയായിരുന്നു. 300വെള്ളിക്കാശ് സുഗന്ധ തൈലത്തിനും 30 വെള്ളിക്കാശ് എനിക്കും വിലയിട്ട ഇവന് മോഷണവും ഒരു ശീലമായിരുന്നു. അന്ത്യഅത്താഴത്തിന് എന്നോടൊപ്പം സംബന്ധിച്ചു എങ്കിലും, അത്താഴത്തിന് ശേഷം ഞാൻ നൽകിയ പുതിയനിയമ ഉടമ്പടി ആയ "എന്റെ ശരീരത്തിലും രക്തത്തിലും" അവൻ പങ്കെടുക്കുന്നതിന് മുൻപ് ഞാൻ അവനെ പറഞ്ഞു വിട്ടു. എന്നെ ചുംബനം കൊണ്ട് ഒറ്റി കൊടുക്കുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അവനെ ഞാൻ കൂടെ കൊണ്ടു നടന്നത്. ഒരു വിധത്തിൽ എന്നെ ഒറ്റി കൊടുക്കുന്നത് പ്രവചന പൂർത്തീകരണം തന്നെയായിരുന്നു. എന്റെ മരണം ഉറപ്പാക്കുവാൻ അവൻ വേണ്ടി വന്നു.അവൻ മാനസാന്തരപ്പെട്ടു വരാൻ ആകാത്ത വിധം ദ്രവ്യാഗ്രഹത്തിനും ഈ ലോക പ്രകാരമുള്ള അധികാര സ്ഥാനത്തിനും അടിമ ആയതിനാലാണ് എന്നെ അവൻ അനുഗമിച്ചത്. ഈ ലോകപ്രകാരമുള്ള ഒരു മഹാചക്രവർത്തിയായി അവസരം വരുമ്പോൾ ഞാൻ ഉണർന്ന് ശക്തി കാണിച്ച് പ്രവർത്തിക്കുമെന്ന് അവൻ കരുതിയിരുന്നു. അപ്പോൾ അവന് ഒരു പ്രധാന സ്ഥാനം ലഭിക്കുമെന്നും

അവൻ പ്രതീക്ഷിച്ചു. പക്ഷേ ഞാൻ കൊല്ലപ്പെടുമെന്ന് ഉറപ്പായപ്പോൾ അവൻ നിരാശനായി കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തു എന്ന ദുഃഖം ഉണ്ടായി.ഞാൻ മരിച്ച് ഉയർത്തെഴുന്നേറ്റ ശേഷം സ്വർഗ്ഗത്തിലേക്ക് അവനെയും കൊണ്ടുപോകുമെന്ന് ഞാൻ പറഞ്ഞതും പഠിപ്പിച്ചതും ഒന്നും അവൻ ഗ്രഹിച്ചില്ല, വിശ്വസിച്ചുമില്ല. അങ്ങനെ അവൻ 30 വെള്ളിക്കാശ് ദേവാലയത്തിൽ വലിച്ചെറിഞ്ഞ ശേഷം പ്രത്യാശയില്ലാതെ മരത്തിൽ തൂങ്ങി എങ്കിലും കയർ പൊട്ടി താഴെ വീണു വയർ പൊട്ടി മരിച്ചു. അവൻ പാതാളത്തിൽ കിടന്ന് ഒരുപക്ഷേ എന്റെ സുവിശേഷം കേട്ട് മാനസാന്തരപ്പെടുക തന്നെ ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നുണ്ട്.

## 13. ശവുൽ എന്ന പൗലോസ്.

യൂദാക്ക് പകരം ഞാൻ തെരഞ്ഞെടുപ്പ് നടത്തി നിയമിച്ച അപ്പോസ്തോലൻ പൗലോസ് ആണ്.അദ്ദേഹത്തെ ഞാൻ പുറ ജാതിക്കാരുടെ അപ്പോസ്തോലഗണത്തിന് തലവൻ ആക്കി വെച്ചു.

എന്റെ അപ്പസ്തോലന്മാരെപ്പോലെ തന്നെ സുവിശേഷവേല ചെയ്യുവാൻ അയ്ക്കപ്പെട്ട അറിയിപ്പ്കാരും ഒരുവിധത്തിൽ അപ്പോസ്തലന്മാർ തന്നെയാണ്. പ്രഥമ അപ്പസ്തോലന്മാർ എന്നോടൊപ്പം മുഴുവൻ സമയവും യഹൂദന്മാരുടെ ഇടയിൽ വേല ചെയ്തു. എന്നാൽ, എന്നിൽ നിന്നും അകലെ മാറി എന്റെ തന്നെ അപ്പോസ്തോലപ്രവൃത്തി ചെയ്തിരുന്ന സുവിശേഷകരും ഒട്ടുംതന്നെ കുറഞ്ഞവർ ആയിരുന്നില്ല. "ഏവൻഗേലിസ്ഥമാർ"(Evangelists) എന്നറിയപ്പെടുന്ന ഇവരുടെ സംഘത്തിന്റെ തലവൻ പൗലോസ് ശ്ലീഹ ആയിരുന്നു. ശിഷ്യന്മാരിൽ തലവൻമാരായ പത്രോസ് യഹൂദന്മാരുടെ ഇടയിലും, പൗലോസ് വിജാതീയരുടെ ഇടയിലും ദൈവരാജ്യം വളർത്തുന്നതിന് നേതൃത്വം നൽകി. പൗലോസ് ശ്ലീഹാ തലവനായുള്ള "അപ്പോസ്തലിക– ഏവൻഗേലിസ്ഥ" ഗണത്തിലെ ആളുകളെ നിങ്ങൾക്കറിയാമോ? വളരെ ചുരുക്കമായി പിന്നീട്പരിചയപ്പെടുത്താം

**പൗലോസ്.:–** ശവുൽ എന്ന എബ്രയ നാമം പോൾ എന്ന ഗ്രീക്ക് നാമമായി രൂപാന്തരം പ്രാപിച്ചതാണ് പൗലോസ് എന്ന പേര്. ഗലീലയിൽ നിന്നും തർശീശ് എന്ന റോമാ പട്ടണത്തിലേക്ക് പിതാവ് കുടിയേറിപ്പാർത്ത ശേഷമാണ് പൗലോസ് ജനിച്ചത് എന്നതുകൊണ്ട് അദ്ദേഹത്തിന് റോമൻ പൗരത്വം ഉണ്ടായിരുന്നു. യെരുശലേമിൽ എത്തി ഗമാലിയേലിന്റെ ശിഷ്യനായി യഹൂദ പ്രമാണങ്ങൾ മുഴുവൻ പഠിച്ച പണ്ഡിതനായി. സന്നദ്രിം സംഘത്തിലെ അംഗം കൂടിയായിരുന്നു. മതസഹിഷ്ണുത അതിതീവ്രമായിരുന്നു. എന്നാൽ എന്റെ ശിഷ്യന്മാരെ ഉപദ്രവിക്കാനും

കൊന്നു മുടിക്കാനുമുള്ള അതിയായ താല്പര്യം ദൈവ നിയോഗമായി കരുതിയിരുന്ന പൗലോസിനെ ഞാൻ മാനസാന്തരപ്പെടുത്തി ദൈവരാജ്യപ്രവർത്തനത്തിന് ഏൽപ്പിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മാനസാന്തരത്തെ പറ്റിയുള്ള സംഭവങ്ങൾ ഒക്കെ ലൂക്കോസ് എഴുതിയത് നിങ്ങൾ വായിച്ചു കാണുമല്ലോ. ഞാൻ സ്ഥാപിച്ച സഭയുടെ പ്രധാന ശിൽപിയായിഅതിനെവളർത്തിയത്പൗലോസ്ശ്ലീഹതന്നെയായിരുന്നു. എന്റെ ഉപദേശങ്ങളെ ഗ്രഹിക്കുവാനും പ്രചരിപ്പിക്കുവാനും അദ്ദേഹം ജീവിതം മുഴുവനും കഷ്ടപ്പാടുകൾ സഹിച്ചു എന്ന് മാത്രമല്ല അദ്ദേഹം സ്ഥാപിച്ച സഭകൾക്കായി 14 ലേഖനങ്ങൾ എഴുതുകയും ചെയ്തു.

## സുവിശേഷ അറിയിപ്പുകാർ,(Evangelists)

**(2) മത്തിയാസ്:–** ഒറ്റുകാരൻ ആയ യൂദായുടെ സ്ഥാനത്തേക്ക് സഭായോഗം കൂടി അപ്പോസ്തോല പദവി നൽകിയ മത്യാസ് എന്റെ അറിയിപ്പ്കാരിൽപെട്ട പ്രധാന ശിഷ്യനായിരുന്നു. പരിശുദ്ധാത്മാഭിഷേകം ലഭിക്കുതിന്ന് മുൻപ് നറുക്കെടുത്ത് ശ്ലീഹായെ തിരഞ്ഞെടുത്ത രീതി അത്ര ശരിയായില്ല. പെന്തകോസ്റ്റ് അനുഭവത്തിൽ പരിശുദ്ധാത്മ നിയോഗത്താൽഅദ്ദേഹത്തെ തിരഞ്ഞെടുക്കുന്ന കാര്യം നടപ്പാക്കിയാൽ മതിയായിരുന്നു. മാനുഷിക തീരുമാനമെടുത്തത് കൊണ്ടാകാം മത്തിയാസ് എന്തെങ്കിലും പ്രവർത്തിച്ചതായി എങ്ങും കാണുന്നില്ല. പൗലോസിനെ ആണ് പന്ത്രണ്ടാമത്തെ അപ്പോസ്തോലൻ ആയി ഞാൻ കണ്ടിരുന്നത്.

(അ. പ്ര. 1: 15– 26).

**(3) ബർണബാസ്:–** സൈപ്രസിലെ സമ്പന്ന ലേവ്യ കുടുംബത്തിൽ ജനനം. ശരിയായ പേര് ജോസഫ്. ഗമാലിയേലിന്റെ ശിഷ്യൻ. ഇദ്ദേഹമാണ് സ്വന്തം സ്ഥലം വിറ്റ് ആദ്യമായി അപ്പോസ്തോലന്മാരുടെ കാൽക്കൽ സമർപ്പിച്ചത്. (അ. പ്ര.4:36–37).പൗലോസിനെ ശിഷ്യന്മാർക്ക് പരിചയപ്പെടുത്തിയതും അന്ത്യോക്യയിലെ സഭയിലെ പ്രശ്നങ്ങൾ അന്വേഷിക്കാൻ നിയോഗിക്കപ്പെട്ടതും ഇദ്ദേഹമായിരുന്നു.(Acts 11:22). നേതൃത്വം പൗലോസിന് മാറി കൊടുക്കുന്നതിന് ഇദ്ദേഹം വിമുഖത കാണിച്ചില്ല.

**(5) സ്തേഫാനോസ് :–**

ശെമ്മാശന്മാരിൽ പ്രധാനിയായ ഇദ്ദേഹം ആദ്യത്തെ രക്തസാക്ഷി മരണം പ്രാപിച്ച കാര്യങ്ങൾ ലൂക്കോസ് വിവരിക്കുന്നത് കാണുക.(അ. പ്ര.6,7 അദ്ധ്യായങ്ങൾ).

(6) തീത്തൂസ്. (2കോരി12:18);
(7). തിമോത്തിയോസ് (റോമ 16: 21);
(8)  അറിസ്ഥർഹോസ്,(കൊലോ 4: 10);
(9) സോസ്ഥനോസ്.(1കൊരി1: 1)
(10) തിഹിക്കോസ്(എഫെ. 6:21).
(11) ശിമയോൻ (മത്താ 13: 55);
(12). അരിസ്റ്റോബുലോസ് (റോമ 16:11);
(13). അക്കായി കോസ് (1 കോരി 16: 17);
(14) അഗബോസ്(അ. പ്ര.11:28)
(15) അമ്പ്ലിയത്തോസ്.(റോമ:16: 8);
(16) അനന്യാസ് (അ. പ്ര. 9:10)
(17) ട്രോഫിമോസ് (അ.പ്ര.20:4)
(18) അന്തോണികോസ്. (റോമാ 16:7)
(19) അപ്പലേസ് (റോമ 16:10);
(20) ഉർബനോസ് (acts 16:9)
(21) അപ്പല്ലോസ്(acts 18:24)
(22) അക്വില്ലാസ്. (Acts18:22).
(23)അർഹിപ്പോസ്(കൊലോ.4: 17)
(24) അരിസ്റ്റർഹോസ് (Acts 19:29);
(25) അരിസ്റ്റോബുലോസ് (റോമാ16: 10)
(26). അർത്തേമാസ് (തീത്തൂസ് 3: 12).
(27). അസുഉം ക്രിസ്റ്റോസ് (റോമ 16: 14).
(28). ക്ലേമന്ത്. (ഫിലി 4: 3).
(29) ക്ലയൊപാവ്(ലൂക്കോ. 24: 18)
(30) ക്രേസ്കേവ് (2 തിമത്തി. 4: 10).
(31) ക്രിസ്പോസ് (acts 18:8)
(32) എപ്പപ്രസ്.(കൊലോ.1: 7)
(33) എപ്പഫ്രോദിതോസ് (ഫിലി.2:25).
(34) എപൈനട്ടോസ്(റോമാ 16: 5).
(35) എരസ്റ്റോസ്.(റോമ. 16: 23).
(36) യുവോധ്യ(ഫിലി. 4: 2).
(37). ഫോർത്തുനാത്തോസ്(1കോരി16:17).
(38) ഗായോസ്.(റോമ.16: 23).
(39). ഹെർമോസ് (റോമ 16: 14).
(40).  ഹെരോദിയോൺ.(റോമ 6: 11).
(41) യാക്കോബ് (acts 12:17).
(42) യാസോൺ(Acts.17:5–9).
(43). യുസ്റ്റോസ് (acts.1:23).
(44). ലിനോസ്(2 തിമോ 4: 21).
(45) ലൂക്കിയോസ്. (Acts 13:1).
(46) ലൂക്കോസ് സുവിശേഷകൻ.
(കൊലോ. 4: 14).
(47) മർക്കോസ് ഏവൻഗേലിസ്ഥൻ.
(കൊലോ. 4: 10)
(48). നർക്കിസോസ്.(റോമ 16:11).
(49).നിക്കോനോർ(acts6:5).
(50)ഒലുംപാസ്.(റോമ 16: 15).
(51) ഒനേസിമോസ്.(കൊലോ. 4: 9).
(52). ഒനേസിഫോറോസ് (2 തിമോ.1:16).
(53) പർമനാസ്(acts 6:5).
(54). പത്രോബാസ്.(റോമ 16:14).
(55). ഫിലേമോൻ. (ഫിലെ.1).
(56). ഫിലിപ്പോസ് ശെമ്മാശൻ.(Acts 6:5).
(57). ഫിലോലോഗോസ് .(റോമ 6:15).
(58). പ്രോക്കോരോസ്.(Acts 6:5).
(59). പൂദൻസ്.(2 തിമോ. 4: 21).
(60). ക്വാർടോസ്.(റോമ 16: 23).
(61). ശീലാസ്(acts15:22).
(62). റൂഫോസ്.(റോമ 16: 13).
(63)  ശീമോൻ. (മത്താ. 13: 55).
(64). സോസിപത്രോസ്.(റോമ 16: 21).
(65). പ്ലേഗോൺ. (റോമ 16: 14).
(66)  സോസ്ഥ് നോസ്.(1 കോരി 1:1)
(67). സ്ഥാക്കു (റോമാ16:9).
(68).തിമോൻ.(acts 6:5).
(69). തെർത്തോസ്. (റോമ 16: 22)
(70) തിമോത്തി. (Acts.16:9).
(71). തീത്തുസ്. (2 കൊരി.2: 13).
(72). ഉർബാനോസ് (റോമ 16: 9)

70 അറിയിപ്പുകാരും, പൗലോസ്, മത്തിയാസ് എന്നിവരുൾപ്പെടെ ആകെ 72 പേർ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് വേണ്ടി ആരംഭഘട്ടത്തിൽ അധ്വാനിച്ച് പ്രവർത്തിച്ചവരാണെന്ന് ഓർത്ത് അവരെ പോലെ നിങ്ങളും പ്രവർത്തിക്കാൻ ഉത്സാഹിക്കണം എന്ന് പ്രത്യേകം ആഹ്വാനം ചെയ്യുന്നു. ഓർക്കുക, നിങ്ങൾ എല്ലാവരും ഇവരെപ്പോലെ വിശ്വാസത്തിൽ ഉറച്ച് വരുന്നവരും മറ്റുള്ളവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നവരുമായി പ്രവർത്തിക്കണം. അപ്പോസ്തോലന്മാർ ആയിട്ടാണ് നിങ്ങൾ പ്രവർത്തിക്കേണ്ടത്."ദേമാസ്സിനെ" പോലെ(2 തിമോത്തി 4:10) ലോകത്തെ സ്നേഹിച്ച് വിശ്വാസത്യാഗികൾ (Apostates) ആകാതിരിക്കാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. പരിശുദ്ധാത്മാവിന്റെ നിയോഗം ലഭിക്കുവാൻ തക്കവിധം വിശുദ്ധജീവിതം നയിക്കുക.

## അദ്ധ്യായം 77

# നല്ല കാര്യവിചാരകൻമാരെ എനിക്ക് ആവശ്യമുണ്ട്.

( ലൂക്കോസ് 16 1 13)

എന്റെ കൂടെ പ്രവർത്തിച്ചുകൊണ്ടിരുന്ന അപ്പൊസ്തലൻമാരെ പറ്റിയും സുവിശേഷകരെ പറ്റിയും ഒക്കെ കുറെ കാര്യങ്ങൾ നിങ്ങൾക്ക് പറഞ്ഞു തന്നല്ലോ.യഥാർത്ഥത്തിൽ നിങ്ങളും ആ കൂട്ടത്തിൽ ചേർന്ന് പ്രവർത്തിക്കുന്നവരായി തന്നെയാണ് ഞാൻ കരുതുന്നത്. ശിഷ്യൻമാരുടെ പ്രത്യേക ചുമതലകൾ ബോധ്യപ്പെടുത്താനായി പല സന്ദർഭങ്ങളിൽ പല ഉപമകളും ഉദാഹരണങ്ങളും ഞാൻ പറഞ്ഞിട്ടുള്ളത് നിങ്ങൾക്കറിയാം. ഇന്ന് വിശ്വസ്തതയോടെ കാര്യവിചാരം നടത്തുവാൻ നിയമിക്കപ്പെട്ടിരിക്കുന്ന ശിഷ്യന്മാർ ശ്രദ്ധിക്കേണ്ട ചില സുപ്രധാന കാര്യങ്ങൾ ഞാൻ നിങ്ങളുടെ ശ്രദ്ധായിൽ കൊണ്ടു വരികയാണ്.

ധനികനായ ഒരു മനുഷ്യനുണ്ടായിരുന്നു. അയാളുടെ വസ്തുവകകളും കൃഷി കാര്യങ്ങളും സാമ്പത്തിക ഇടപാടുകളും എല്ലാം വേണ്ട വിധം കൈകാര്യം ചെയ്യാനായി അയാൾ ഒരു കാര്യസ്ഥനെ നിയമിച്ചു. ആദ്യമൊക്കെ അയാൾ വളരെ വിശ്വസ്തതയോടെയും കാര്യക്ഷമമായും ഉത്തരവാദിത്തങ്ങൾ നിറവേറ്റി. ആ ധനവാന് അയാളെ വിശ്വാസം ആയതിനാൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകി എന്ന് മാത്രമല്ല അയാളുടെ പ്രവർത്തനത്തെ പൂർണ്ണമായി വിശ്വസിച്ചു കൊണ്ട് സാധാരണ നടത്താറുണ്ടായിരുന്ന കണക്കെടുപ്പുകൾ പോലും വേണ്ടെന്നു വെച്ചു. എന്നാൽ ഈ കാര്യവിചാരകൻ വളരെ സമർഥനായതിനാൽ, തന്നെ പരിശോധിക്കുന്നില്ല എന്ന തക്കത്തിൽ, കുറെയേറെ വഞ്ചനയും കൃത്രിമവും കള്ളത്തരവും കാണിക്കാൻ തുടങ്ങി. ഈ കാര്യം അറിയാവുന്ന ചിലർ ഉടമസ്ഥനെ അറിയിച്ചു. അയാൾ അന്വേഷിച്ചപ്പോൾ ആരോപണം ശരിയാണെന്ന് തെളിഞ്ഞു. അവനെ പിരിച്ചുവിടാൻ തീരുമാനിച്ച കാര്യം അവനോട് പറഞ്ഞു. നിശ്ചിത തീയതിക്കകം അതുവരെയുള്ള കണക്ക് കൃത്യമായി സമർപ്പിക്കണമെന്നും പറഞ്ഞു.

സമർഥനായ ആ കാര്യവിചാരകൻ ഏറ്റവുമൊടുവിലായി പോകാൻ നേരത്ത് അവന്റെ സാമർത്ഥ്യം കാണിച്ചു. അവൻ സ്വയം ഇങ്ങനെ ചിന്തിച്ചു,"ഞാനെന്തു ചെയ്യേണ്ടു ? യജമാനൻ കാര്യവിചാരത്തിൽ നിന്നും എന്നെ നീക്കുവാൻ പോകുന്നു. കിളപ്പാൻ എനിക്ക് പ്രാപ്തി ഇല്ല, ഇരക്കുവാൻ ഞാൻ നാണിക്കുന്നു. എന്നെ കാര്യവിചാരത്തിൽ നിന്നും നീക്കിയാൽ അവർ എന്നെ തങ്ങളുടെ വീടുകളിൽ ചേർക്കുവാൻ തക്കവണ്ണം ഞാൻ ചെയ്യേണ്ടത് എന്ന് എനിക്ക് അറിയാം"(ലൂക്കോസ് 16: 3–4).

അവൻ യജമാനന്റെ കടക്കാരെ വിളിച്ച് പ്രമാണങ്ങൾ തിരുത്തി വലിയ ഇളവ് ചെയ്തു കൊടുത്തു. നൂറു കുടം എണ്ണ കടപെട്ടന്ന് 20 കുടം ഇളച്ചു കൊടുത്തു. നൂറു പറ ഗോതമ്പ് കടപ്പെട്ട വന്ന് 50 പറ ഇളച്ചുകൊടുത്തു. അത് പ്രകാരം പ്രമാണങ്ങളിൽ തിരുത്തൽ വരുത്തി യജമാനന് കൃത്യസമയത്ത് തന്നെ കണക്ക് നൽകി. ഇപ്രകാരം തിരുത്തൽ വരുത്തിയ കാര്യവും യജമാനൻ അറിഞ്ഞു. ആ യജമാനൻ അവന്റെ സാമർത്ഥ്യത്തെ പുകഴ്ത്തി.ലോകപ്രകാരം അത് സാമർത്ഥ്യമായി കരുതിയെങ്കിലും, ദൈവമുമ്പാകെ കണക്ക് കൊടുക്കേണ്ടി വരുമ്പോൾ ഇതുമൂലം അന്ധകാരത്തിലേക്ക് എറിയപ്പെടും എന്ന് നിങ്ങൾ ഓർത്തുകൊള്ളുക."വെളിച്ചമക്കൾ"സത്യസന്ധത പാലിക്കുമ്പോൾ ലോക പ്രകാരം വിഡ്ഢികളായി എണ്ണപ്പെടും എന്ന് നിങ്ങൾ ഓർക്കുക. ലോകപ്രകാരം ധനവാനായ ആ യജമാനൻ അനീതി പ്രവർത്തിച്ച കാര്യവിചാരകനെ പ്രകീർത്തിച്ചുവെങ്കിലും, സർവ്വശക്തനായ ദൈവം അവന്റെ കാപട്യത്തെയും സാമർത്ഥ്യത്തെയും അയോഗ്യതയായി കുറ്റപ്പെടുത്തി ശിക്ഷാവിധിയിൽ ഏൽപ്പിക്കും എന്ന് നിങ്ങൾ അറിഞ്ഞു കൊള്ളണം.

ഞാൻ ഈ കാര്യത്തിൽ നിങ്ങളോട് പറയുന്നത് ശ്രദ്ധിക്കുക."അനീതി ഉള്ള മാമോനെ കൊണ്ട് നിങ്ങൾക്ക് സ്നേഹിതരെ ഉണ്ടാക്കി കൊള്ളുവിൻ.... അത് ഇല്ലാതെയാകുമ്പോൾ അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊൾവാൻ ഇടയാകും. അത്യല്പത്തിൽ വിശ്വസ്തനായവൻ അധിക ത്തിലും വിശ്വസ്തൻ, അത്യല്പത്തിൽ നീതി കെട്ടവൻ അധികത്തിലും നീതി കെട്ടവൻ. നിങ്ങൾ അനീതി ഉള്ള മാമോനിൽ വിശ്വസ്തരായില്ലെങ്കിൽ സത്യമായത് നിങ്ങളെ ആര് ഏൽപ്പിക്കും? രണ്ട് യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയില്ല, അവൻ ഒരുവനെ പകച്ച് മറ്റവനെ സ്നേഹിക്കും, അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്ക് ദൈവത്തെയും മാമോനെയും ഒരുപോലെ സേവിപ്പാൻ കഴികയില്ല. (ലൂക്കോസ് 16: 9 –13).

ധനവാന്മാർ പൊതുവേ സാമർത്ഥ്യമുള്ള കാര്യ വിചാരകൻമാരെ ഏൽപ്പിക്കുക എക്കാലത്തെയും പതിവാണ്.

പണ്ട് ഫറവോ രാജാവിന്റെ വിശ്വസ്ത കാര്യവിചാരകനായ ജോസഫിന്റെ ചരിത്രം നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. വിശ്വസ്തത നേടിക്കഴിഞ്ഞാൽ സകല കാര്യത്തിലും അധികാരം ലഭിക്കും. എന്നാൽ എല്ലാത്തിലും, ചെറിയ കാര്യമായാലും വലുതായാലും, പൂർണ്ണ വിശ്വസ്തതയും സത്യസന്ധതയും പുലർത്തുന്നവൻ കഴിഞ്ഞില്ലെങ്കിൽ അധപതനം തീർച്ചയാണ്. എല്ലാകാലത്തും വിശ്വസ്തതയോടെ പ്രവർത്തിക്കേണ്ടവരായ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി അന്യായവും അനീതിയും പ്രവർത്തിക്കാൻ ഇടയാക്കുന്നത് സാധാരണ സംഭവം ആണല്ലോ. ഇതിന് കൂട്ടുനിൽക്കുന്ന ജനങ്ങളാണ് വലിയ കുറ്റക്കാർ. ന്യായമായ നിലയിൽ ലഭിക്കാൻ ഇടയില്ലാത്ത അവകാശങ്ങൾ കിട്ടുവാനായി അധികാരത്തിലിരിക്കുന്നവരെ പ്രീതിപ്പെടുത്തി സ്വാർത്ഥലാഭത്തിനായി പരിശ്രമിക്കുന്നവരെയാണ് യഥാർത്ഥ കുറ്റക്കാരായി ഞാൻ കാണുന്നത്. കൈക്കൂലി കൊടുത്ത് കാര്യസാധ്യം നടത്തുന്ന ആളുകൾ ഉള്ളതുകൊണ്ടാണ് ഈ അനീതി നിലനിൽക്കുന്നത്. ഇവിടെ നിങ്ങൾ കാണുന്ന ആ അനീതിയുള്ള കാര്യവിചാരകൻ സ്വയം ന്യായീകരിക്കുന്നത് ശ്രദ്ധിക്കുക."കിളക്കാൻ വശമില്ല, ഇരക്കുവാൻ നാണിക്കുന്നു". ഈ ചിന്താഗതിയാണ് സമൂഹത്തിൽ അനീതി വളരുവാൻ കാരണമാകുന്നത്. സ്വയം അധ്വാനിച്ച് ജീവിക്കുവാനും പരസ്പരം വാങ്ങിയും കൊടുത്തും സഹകരിക്കുവാനും തയ്യാറാകാത്ത വിധത്തിൽ മനുഷ്യർ സ്വാർത്ഥരായിത്തീരുകയും തൽഫലമായി മറ്റുള്ളവരോട് അകലം പാലിച്ച് സമൂഹത്തിൽ പലവിധ അനീതികൾ വർദ്ധിച്ചു വരികയും ചെയ്യുന്നു.

ഓരോരുത്തർക്കും വിവിധതരം കഴിവുകൾ ദൈവം നൽകിയിട്ടുണ്ട്. ആ കഴിവുകൾ തിരിച്ചറിഞ്ഞു അതിൽ പ്രാവീണ്യം നേടി മനുഷ്യജീവിതം സന്തോഷപ്രദമാക്കാൻ ഓരോരുത്തരും ശ്രമിക്കണം. താലന്തുകളെ പറ്റി പറഞ്ഞപ്പോൾ ഞാൻ ഈ കാര്യം നിങ്ങളെ ഓർമ്മിപ്പിച്ചിരുന്നു. എല്ലാവരുടെയും കഴിവുകൾ പൊതുവായ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ പരിശീലിച്ചാൽ എല്ലാവർക്കും സന്തോഷമായി, സമാധാനമായി ജീവിക്കുവാൻ ആവശ്യമായ വിഭവങ്ങൾ ദൈവപിതാവ് നൽകുന്നുണ്ടെന്ന് നിങ്ങൾ തിരിച്ചറിയണം. അവരവരുടെ സ്വാർത്ഥകാര്യങ്ങൾക്ക് വേണ്ടി ആവശ്യത്തിലധികം ശേഖരിച്ചു വയ്ക്കുന്നത് അനീതിയാണെന്ന് ദൈവമക്കൾ മറക്കരുത്. അതുപോലെതന്നെ ലഭിച്ച കഴിവുകൾ തീരെ ചെറുതാണെങ്കിലും അതിൽ വിശ്വസ്തതയോടെ അധ്വാനിച്ച് പ്രവർത്തിച്ചാൽ

അത് സമൂഹത്തിന് പ്രയോജനകരമാകും എന്ന് മാത്രമല്ല, മറ്റുള്ളവരുടെ കഴിവുകളുടെ ശരിയായ പ്രയോഗം വഴി ഉണ്ടായ സമൂഹത്തിന്റെ വളർച്ചയിലൂടെ എല്ലാവർക്കും ഒപ്പം നിങ്ങൾക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.(കൂടുതൽ വായനയ്ക്ക്: "യേശുവിന്റെ ആത്മകഥ" വാല്യം മൂന്ന്, അധ്യായം 42 "എന്റെ താലന്തുകൾ കൊണ്ട് നിങ്ങൾ എന്ത് ചെയ്തു?").

ഞാൻ ഈ കാര്യവിചാരകന്റെ കഥ പറഞ്ഞത് മറ്റൊരു കാര്യം കൂടി നിങ്ങളെ ഓർമ്മിപ്പിക്കാനാണ്. ദൈവം നിങ്ങൾക്ക് നൽകിയിട്ടുള്ള കാര്യവിചാരകത്വം മറന്നു കൊണ്ട് എല്ലാം സ്വന്തമാണെന്ന് കരുതി ജീവിച്ചാൽ എല്ലാത്തിനും കണക്ക് ചോദിക്കുന്ന ഒരു അന്ത്യന്യായവിധി നിങ്ങളെല്ലാവരും നേരിടേണ്ടത്തായിട്ടുണ്ട് എന്ന് മറന്നുപോകരുത്.

"വിശ്വസ്തത"നിങ്ങളിൽ കുറഞ്ഞു പോകുന്നത് നിങ്ങൾക്ക് വേണ്ടത്ര ദൈവവിശ്വാസം ഇല്ലാത്തതുകൊണ്ടാണ്. സ്രഷ്ടാവായ ദൈവം നിങ്ങളെ പോഷിപ്പിക്കും എന്ന ഉറച്ച വിശ്വാസം ഇല്ലാതെ വരുമ്പോഴാണ് ലോകപ്രകാരമുള്ള സമ്പാദ്യങ്ങൾ ആകുന്ന "മാമോനെ" സേവിക്കുവാനും ആശ്രയിക്കാനും ഇടയാകുന്നത്. സാക്ഷാൽ സ്വർഗ്ഗപിതാവാണ് നിങ്ങളെ നിലനിർത്തുന്നത് എന്ന വിശ്വാസം ഉണ്ടെങ്കിൽ നശിച്ചുപോകുന്ന മാമോനെ ആശ്രയിക്കാനും സേവിക്കുവാനും നിങ്ങൾക്ക് കഴിയുകയില്ല. മാമോനെ സേവിക്കുവാൻ മനസ്സ് വക്കുന്നവരാണ് എങ്കിൽ,

നിങ്ങൾക്ക് നിത്യജീവനിലും സ്വർഗ്ഗരാജ്യ അനുഭവത്തിലും വിശ്വാസമില്ലാത്തവർ ആണെന്ന് നിങ്ങൾ സ്വയം വെളിപ്പെടുത്തുകയാണ്. അനീതിയുള്ള മാമോനെ കൊണ്ട് സ്നേഹിതന്മാരെ ഉണ്ടാക്കി കൊൾവിൻ എന്ന് ഞാൻ പറഞ്ഞതിന്റെ അർത്ഥം നിങ്ങൾ ശരിയായി ഗ്രഹിക്കുക. ഭൗതിക സമ്പത്ത് ആകുന്ന മാമോൻ നിങ്ങൾ ശരിയായി ചെലവഴിച്ച് സ്നേഹിതന്മാരെ സമ്പാദിക്കണം. അതായത് നിങ്ങളുടെ "സമ്പത്ത്" സ്നേഹിതന്മാരെ നേടുവാനായി നിങ്ങൾക്ക് ദൈവം നൽകിയിട്ടുള്ളതാണ്. എന്നാൽ നിങ്ങൾ സമ്പത്തിന്റെ പേരിൽ പരസ്പരം ശത്രുക്കളായി മാറിക്കൊണ്ടിരിക്കുകയല്ലേ? നിങ്ങൾ ആലോചിച്ചു നോക്കുക. സമ്പത്തിന്റെ വിനിയോഗത്തിൽ വിശ്വസ്തത പാലിക്കാൻ കഴിയാതെ പോകുന്നവർ ആന്തരികമായി ദൈവവിശ്വാസത്തിൽ ഉറച്ച് വരുവാൻ പറ്റാത്തവരാണ്. സമ്പത്ത് മുഴുവനും ദൈവത്തിന്റെ ദാനമാണ് എന്നും അത് എല്ലാ മനുഷ്യർക്കും വേണ്ടി ചെലവഴിക്കപ്പെടേണ്ട താണെന്നും ആരെങ്കിലും സ്വാർത്ഥതയോടെ കൂടുതൽ സ്വന്തമാക്കാൻ പരിശ്രമിച്ചാൽ അത് ദൈവീകപദ്ധതിയെ തകർക്കുമെന്നും നിങ്ങൾ തിരിച്ചറിയുക.

ആകയാൽ ദൈവത്തിന്റെ ദാനമായ സമ്പത്ത് ഒരിക്കലും "യജമാന സ്ഥാനത്ത്" പ്രതിഷ്ഠിക്കപ്പെടുവാൻ ഇടയാകാതെ, ദൈവം മാത്രമാണ് ഏക യജമാനനെന്നും, "മാമോൻ" ദൈവത്തെ അനുസരിക്കാനും സേവിക്കാനുമായി നിങ്ങളെ സഹായിക്കുന്ന വെറും "ദാസൻ" ആണെന്ന് കരുതി ജീവിക്കുവാനും നിങ്ങൾക്ക് സാധിക്കണം. നിങ്ങൾ പണത്തിന്റെ പിറകെ പോകാതിരുന്നാൽ നിങ്ങളുടെ ആവശ്യത്തിനുള്ള പണം ദൈവം തക്കസമയത്ത് നിങ്ങൾക്ക് നൽകും എന്ന് വിശ്വസിച്ച് ജീവിക്കുക. പണമില്ലാത്തതിനാൽ എന്തെങ്കിലും കാര്യം നടക്കാതെ പോയാൽ അത് ദൈവഹിതം അല്ലെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് സാധിക്കണം. അങ്ങനെ സാധിക്കണമെങ്കിൽ നിങ്ങൾക്ക് ശരിയായ ദൈവവിശ്വാസം ഉണ്ടാകണം.

**ചില കാര്യങ്ങൾ ചുരുക്കമായി അക്കമിട്ട് പറയാം**

1) അനീതിയുള്ള കാര്യവിചാരകനെ അയാളുടെ യജമാനൻ പ്രകീർത്തിച്ചു എങ്കിലും, വെളിച്ചത്തിന്റെ മക്കളായ നിങ്ങൾ ഈ ലോകത്തിന്റെ സാമർത്ഥ്യമുള്ളവരെക്കാൾ ബുദ്ധിയുള്ളവർ ആയിരിക്കണം. എന്റെ ശിഷ്യരായ സത്യവിശ്വാസികളായ നിങ്ങൾ അവിശ്വാസികളെ നേടേണ്ടതിന് നിങ്ങളുടെ സ്വർഗ്ഗീയമൂല്യങ്ങൾ അവർക്ക് പകർന്നു കൊടുക്കുവാൻ പരമാവധി "ഇളവുകൾ" ചെയ്തുകൊടുക്കണം. മറ്റുള്ളവരിൽ ദൈവവിശ്വാസവും ആത്മീയ വെളിച്ചവും പകർന്നു കൊടുക്കുവാൻ നിങ്ങൾ എന്തെല്ലാം ലൗകിക കാര്യങ്ങൾ നഷ്ടപ്പെടുത്തിയാലും അത് നിങ്ങൾക്ക് അന്ത്യന്യായവിധിയിൽ നേട്ട മാണെന്ന് തിരിച്ചറിഞ്ഞു നിങ്ങൾ "ബുദ്ധിയോടെ" പ്രവർത്തിക്കുക.

2) **അനീതിയുള്ള മാമോൻ** എന്ന് ഞാൻ പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. ധനത്തിന്റെ വശീകരണശക്തി മൂലം ഇന്ന് ലോകത്തിൽ വളരെയേറെ അക്രമങ്ങളും അനീതികളും വഞ്ചനകളും മോഷണങ്ങളും കൊലപാതകങ്ങളും നടക്കുന്നുണ്ട്. അതുകൊണ്ട് അവയെല്ലാം നിങ്ങളെ സ്വാധീനിക്കുവാനും നിയന്ത്രിക്കുവാനും ഒരിക്കലും ഇടയാകാതെ, നിങ്ങളുടെ "ദാസനായി" മാത്രം ധനത്തെ "തരംതാഴ്ത്തി" കണക്കാക്കുക.ദൈവം മാത്രമേ യജമാനനും ഉടമസ്ഥനും ആയിട്ടുള്ളൂ എന്നും, ദൈവം നൽകുന്നത് എല്ലാം മനുഷ്യർക്കുവേണ്ടി ഉപയോഗിക്കപ്പെടുവാൻ തക്ക"ദാസരാണെന്ന" വിധം കൈകാര്യം ചെയ്യാൻ പഠിക്കുക. ശരാശരി ഒരാൾക്ക് ആവശ്യമായത് എത്രയെന്ന് കണക്കാക്കി, അതിനേക്കാൾ അധികം നിങ്ങളുടെ കൈവശം ഉണ്ടെങ്കിൽ

വിശ്വസ്ത കാര്യവിചാരം അനുസരിച്ച് മറ്റുള്ളവരുടെ ആവശ്യത്തിനായി ചെലവഴിക്കാനുള്ളതാണെന്ന് കരുതി വിശ്വസ്തതയോടെ കൈകാര്യം ചെയ്യുക.

3) **വിശ്വസ്തതയുടെ അടിസ്ഥാനം വിശ്വാസമാണ്.** ദൈവത്തോട് വിശ്വസ്തത പുലർത്തണമെങ്കിൽ ദൈവത്തിലുള്ള ശരിയായ വിശ്വാസം ഉണ്ടാകണം. സ്രഷ്ടാവായ ദൈവവും സൃഷ്ടിയായ മാമോനും ഒരുപോലെ യജമാനസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടാൽ ദൈവമുമ്പാകെ വിശ്വസ്തത പാലിക്കാൻ കഴിയാതെ വരും. ഈ കാര്യം നിങ്ങൾ ഗൗരവമായി പരിഗണിക്കാത്തത് ആണ് നിങ്ങളുടെ പരാജയത്തിന് കാരണം. (കൂടുതൽ വായനയ്ക്ക്:"യേശുവിന്റെ ആത്മകഥ" വാല്യം 3 അധ്യായം 38. "ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ.").

4) **അത്യല്പത്തിൽ വിശ്വസ്തൻ അധികത്തിലും വിശ്വസ്തൻ,** അത്യല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ"(ലൂക്കോസ് 16: 10).നിങ്ങൾ വലിയ കാര്യങ്ങളിൽ തെറ്റാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ടാകും. അത് നല്ലത് തന്നെ. എന്നാൽ നിങ്ങൾ കൂടുതലായി ശ്രദ്ധിക്കാതെ ഇരിക്കുന്നതും തെറ്റിപോകുന്നതും ചെറിയ കാര്യങ്ങളിൽ ആണ്. അതുകൊണ്ട് ആരും പെട്ടെന്ന് ശ്രദ്ധിക്കാൻ ഇടയില്ലാത്ത ചെറിയ നുണകൾ, ചെറിയ മോഷണങ്ങൾ,ചെറിയ പരദൂഷണങ്ങൾ, ചെറിയ അവഗണനകൾ, ചെറിയ വിട്ടുവീഴ്ച്ചകൾ, ചെറിയ കൈ കൂലികൾ, ചെറിയ എത്തിനോട്ടങ്ങൾ,ചെറിയ വഴക്കുകൾ അങ്ങനെ "അല്പം" എന്ന് കരുതുന്ന തെറ്റുകൾ വഴി വലിയ ആഴത്തിലേക്ക് വീഴും എന്നോർത്ത്, അവയെ തിരിച്ചറിഞ്ഞ് അവയിൽ നിന്നും എത്രയും വേഗം ഒഴിഞ്ഞുമാറുക. അല്ലെങ്കിൽ സകലത്തിലും നിങ്ങൾ അവിശ്വസ്തരും നീതികേട് പ്രവർത്തിക്കുന്നവരും ആയിത്തീരും.

5) **അനീതിയുള്ള മാമൊനിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായത് നിങ്ങളെ ആര് ഏൽപ്പിക്കും?** (ലൂക്കോ16: 11)

ഈ ലോകസമ്പത്ത് അഥവാ മാമൊൻ അനീതിയുള്ളതാണെന്ന് തിരിച്ചറിയുക.അതിനെ ആശ്രയിച്ച് കഴിയുന്നവരെല്ലാം ഒടുവിൽ അനീതി ഉള്ളവരായി വിധിക്കപ്പെടും എന്നും അറിയുക."സത്യമായത്"എന്താണെന്ന് തിരിച്ചറിയുവാൻ നിങ്ങൾ എന്നിലേക്ക് നോക്കുക. "ഞാൻ തന്നെയാണ് വഴിയും സത്യവും ജീവനും". എന്നെ ശരിയായി അറിയണമെങ്കിൽ നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും വസിക്കണം. (കൂടുതൽ വായനയ്ക്ക്:"യേശുവിന്റെ ആത്മകഥ"

വാല്യം 5, അധ്യായം 71"സത്യം നിങ്ങളെ സ്വതന്ത്രരാക്കിയാൽ ദുഷ്ടനു നിങ്ങളെ തൊടാൻ കഴിയില്ല".)

6) **അന്യായമായതിൽ വിശ്വസ്തരായില്ല എങ്കിൽ നിങ്ങൾക്ക് സ്വന്തമായത് ആർ തരും?** (ലൂക്കോ 16: 12)

മറ്റുള്ളവരുടെ സമ്പത്തുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിശ്വസ്തത പുലർത്തുവാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് സ്വന്തമായി കൂടുതൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കരുത്. നിങ്ങളിൽ പലരും ദരിദ്രരായിതീരുന്നത് നിങ്ങളുടെ അവിശ്വസ്തത മൂലമാണ് എന്ന് ഓർക്കുക.നിങ്ങൾ ജീവിക്കുന്ന കാലയളവിൽ നിങ്ങൾക്ക് ലഭിക്കുന്ന എല്ലാ സാഹചര്യങ്ങളും മറ്റുള്ളവരുടെ അധ്വാനഫലം ആണെന്ന് കൂടി ഓർക്കുക.നിങ്ങൾ കഴിക്കുന്ന ആഹാരം, ധരിക്കുന്ന വസ്ത്രം, ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും, വാഹനങ്ങളും മറ്റുള്ളവരുടെ പരിശ്രമഫലം ആണെന്ന് മറക്കാതിരിക്കുക.അങ്ങനെ മറ്റുള്ളവരുടെ അധ്വാനഫലമായി ലഭിച്ചിട്ടുള്ള കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തരായില്ലെങ്കിൽ നിങ്ങളുടെ എന്ന വിധത്തിൽ സമൂഹത്തിന് കൊടുക്കുവാൻ നിങ്ങളെ ആരും, ദൈവം പോലും, ഒന്നും ഏൽപ്പിക്കുകയില്ല എന്ന് മനസ്സിലാക്കുക.

7) **രണ്ട് യജമാനന്മാരെ സേവിക്കാൻ ഒരു ദാസനും കഴിയുകയില്ല** (ലൂക്കോ. 16: 13). പൂർണ്ണവിശ്വസ്തത പങ്കുവയ്ക്കുവാൻ കഴിയുന്നതല്ല. ദൈവത്തെ പൂർണ്ണ ശക്തിയോടും പൂർണ മനസ്സോടും പൂർണ ആത്മാവോടും കൂടെ സേവിക്കുവാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് ദൈവത്തോടുള്ള "പൂർണ്ണ വിശ്വാസം" തെളിയിക്കാൻ കഴിയില്ല. നിങ്ങൾ പലരും രണ്ടു തോണിയിൽ ഓരോ കാലു വച്ച് യാത്രചെയ്യുവാൻ ആഗ്രഹിക്കുന്നവരെ പോലെയാണ്. ആ പരിശ്രമം ഒരിക്കലും വിജയിക്കുകയില്ല. നിങ്ങൾക്ക് "കഴിയുകയില്ല" എന്ന് ഞാൻ പറഞ്ഞ കാര്യം "കഴിയും" എന്ന് പറഞ്ഞ് നിങ്ങളെ വശീകരിക്കുന്ന സാത്താന്റെ കെണികളിൽ നിങ്ങൾ വീണു പോകരുത്. ദൈവത്തെ ശരിയായ വിധത്തിൽ സേവിപ്പാൻ കഴിയണമെങ്കിൽ ദൈവത്തിൽ മാത്രം വിശ്വസിക്കുക.ഞാൻ ഒരിക്കൽ കൂടി നിങ്ങളോട് പറയുന്നു "അനീതിയുള്ള മാമോനെ കൊണ്ട് നിങ്ങൾ സ്നേഹിതന്മാരെ ഉണ്ടാക്കി കൊള്ളുവിൻ...... നിങ്ങൾക്ക് ദൈവത്തെയും സാത്താനെയും യജമാനന്മാർ ആക്കി സേവിക്കുവാൻ ഒരിക്കലും കഴിയില്ല". ഞാൻ പറയുന്നത് നിങ്ങൾ വിശ്വസിക്കുക, അനുസരിക്കുക.

25–1–2021

## അദ്ധ്യായം 78

# വരുവിൻ, മുന്തിരിത്തോപ്പിൽ നമുക്ക് ഒന്നിച്ച് ജോലി ചെയ്യാം

(മത്തായി 20: 1–16)

ലോകരാജ്യനിയമങ്ങളും ദൈവരാജ്യനിയമങ്ങളും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ നേരെ വിപരീതമായ ചില കാഴ്ചപ്പാടുകൾ ഉണ്ടെന്ന് നിങ്ങൾക്ക് മനസ്സിലാകും. യജമാനനും ദാസന്മാരും എന്നതിനുപകരം പിതാവും മക്കളും എന്ന ഒരു ബന്ധമാണ് ദൈവവും മനുഷ്യനും തമ്മിൽ ഉള്ളത് എന്ന സ്വർഗ്ഗരാജ്യ പ്രമാണം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. അതുപോലെയുള്ള മറ്റൊരു പ്രമാണമാണ് ഇന്ന് ഞാൻ നിങ്ങളോട് പറയുന്നത്. ദൈവരാജ്യത്തിൽ ആദ്യം മുതൽ പ്രവർത്തിച്ചവനും ഏറ്റവുമൊടുവിൽ പ്രവേശിക്കുന്നവനും ഒരുപോലെ തുല്യപ്രതിഫലം ലഭിക്കുന്ന ഒരു പ്രത്യേക പ്രമാണമാണ് ലോകനീതിക്ക് വിപരീതമായി സ്വർഗ്ഗരാജ്യത്തിൽ ദൈവപിതാവ് നടപ്പാക്കുന്നത്. എപ്പോൾ പ്രവേശിച്ചാലും തുല്യമായ പ്രതിഫലം ലഭിക്കുന്ന അനുഭവമാണ് ദൈവരാജ്യസംവിധാനത്തിന്റെ പ്രത്യേകത. ഈ കാര്യം വ്യക്തമാക്കാനായി ഞാനൊരു ഉപമ പറയാം.

വിശാലമായ ഒരു മുന്തിരിത്തോട്ടത്തിലെ ഉടമസ്ഥൻ ജോലിക്കാരെ അന്വേഷിച്ച് പുറപ്പെട്ടു, രാവിലെ ആറുമണിക്ക് കുറെ പേരെ തോട്ടത്തിൽ അയച്ചു. അവരോട് ഒരു ദിവസത്തെ പൂർണ്ണ ജോലിക്ക് ഒരു വെള്ളിക്കാശ് (ഏകദേശം ആയിരം രൂപ) കൂലി നിശ്ചയിച്ചിരുന്നു. രാവിലെ ആറുമുതൽ മുതൽ വൈകിട്ട് ആറു വരെ 12 മണിക്കൂർ ജോലി ആണെന്നോർക്കണം.

തോട്ടത്തിൽ വളരെ ഏറെ ജോലി ഉണ്ടായിരുന്നതിനാൽ കൂടുതൽ വേലക്കാരെ അന്വേഷിച്ച് 9 മണി, 12 മണി, 3 മണി എന്നിങ്ങനെ ഇടവിട്ട് ജോലിക്കാരെ കണ്ടെത്തി മുന്തിരി തോട്ടത്തിലേക്ക് പറഞ്ഞയച്ചു. അവരോടെല്ലാം "ന്യായമായ കൂലി തരാം" എന്ന് പറഞ്ഞത് സ്വീകരിച്ച് ആ വേലക്കാർ തോട്ടത്തിൽ വേലയ്ക്ക് പോയി. മുന്തിരിപ്പഴം പഴുത്ത്

പാകമായതിനാൽ എത്രയും വേഗം അത് പറിച്ചെടുത്ത് ശേഖരിച്ചില്ലെങ്കിൽ നശിച്ചു പോകും എന്ന ഭയം ഉണ്ടായിരുന്നതിനാൽ, കൂടുതൽ വേലക്കാരെ അന്വേഷിച്ചു 5 മണി നേരത്തും ജോലി അന്വേഷിച്ച് വേലക്കാർ സാധാരണയായി കാത്തു നിന്നിരുന്ന ചന്തസ്ഥലത്ത് ചെന്ന് കിട്ടിയ എല്ലാവരെയും വിളിച്ച് ജോലിചെയ്യാൻ തോട്ടത്തിലേക്ക് പറഞ്ഞയച്ചു. അവരോടും കൂലി എത്രയാണെന്ന് പറഞ്ഞിരുന്നില്ല. എല്ലാവരും ചേർന്ന് ജോലി പൂർത്തിയാക്കിയപ്പോൾ അവസാനം വന്ന ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവരെ വിളിച്ച് അവർക്ക് ഓരോ വെള്ളിക്കാശ്, അതായത് ദിവസത്തെ മുഴുവൻ കൂലി  കൊടുത്തു. അവർ അത് കിട്ടിയപ്പോൾ വളരെ ഏറെ സന്തോഷിച്ചു. നേരത്തെ മുതൽ ജോലി ചെയ്തവർ അധികം കൂലി ലഭിക്കുമെന്ന പ്രതീക്ഷയിൽ വന്നു. എന്നാൽ അവർക്കും ഓരോ വെള്ളിക്കാശ് വീതം മാത്രമേ നൽകിയുള്ളൂ. ജോലിയുടെ സമയം അനുസരിച്ച്കൂലി കിട്ടാത്തതിൽ അവർ നീരസം പ്രകടിപ്പിച്ചു. രാവിലെ വന്ന കുറെ പേർ ഇരട്ടി കൂലി ലഭിക്കുവാനായി തർക്കിച്ച് പിരിഞ്ഞു പോകാതെ കുറെ നേരം കാത്തു നിന്നു. അവരുടെ വാദം ന്യായം ഉള്ളതായിരുന്നു,"ഒരു മണിക്കൂർ മാത്രം വേല ചെയ്തിട്ടും നീ അവരെ പകലത്തെ ഭാരവും വെയിലും സഹിച്ച ഞങ്ങളോട് തുല്യരാക്കിയല്ലോ?"യജമാനൻ അവരുടെ നേതാവിനോട് ഇങ്ങനെ ന്യായമായ മറുപടി പറഞ്ഞു:"സ്നേഹിതാ,ഞാൻ നിന്നോട് അന്യായം ചെയ്യുന്നില്ല. എന്നോട് നീ ഒരു പണം വെള്ളിക്കാശ് ദിവസക്കൂലി പറഞ്ഞ് സമ്മതിച്ചത് ആണല്ലോ.  നിന്റെത് ഞാൻ കുറവ് ചെയ്യുന്നില്ല. അത് നീ വാങ്ങി പൊയ്ക്കൊള്ളുക. നിനക്ക് തന്നതുപോലെ എല്ലാ ജോലിക്കാർക്കും ഞാൻ കൊടുക്കുവാൻ മനസ്സുള്ളവനാകുന്നതിൽ നീ എന്തിന് വിഷമിക്കുന്നു? നിന്നെപ്പോലെ തന്നെ മറ്റ് വേലക്കാർക്കും കുടുംബവും പ്രാരാബ്ധങ്ങളും ഉണ്ടല്ലോ.ദിവസം മുഴുവൻ കാത്തുനിന്നിട്ടും അവർക്ക് ആരും ജോലി കൊടുത്തില്ല,അതുകൊണ്ടല്ലേ അവർ മെനക്കെട്ട് നിന്നത്? ഒരു ദിവസം മുഴുവൻ നിങ്ങൾ ചെയ്ത ജോലിയും ഇവർ ഒരു മണിക്കൂർ ചെയ്ത ജോലിയും അളവിൽ വ്യത്യാസം ഉണ്ടായിരുന്നെങ്കിലും അവരുടെ ആവശ്യം പരിഗണിച്ചു നോക്കിയപ്പോൾ കൂലി കുറയ്ക്കുവാൻ എനിക്ക് മനസ്സ് വന്നില്ല. ഞാൻ നല്ല മനസ്സുള്ളവനാകയാൽ നിങ്ങൾ അസൂയപ്പെടുന്നത് ശരിയാണോ? ഞാൻ പറഞ്ഞ ഉത്തരം കേട്ട് അവരെല്ലാം ഒരുവിധം ശാന്തരായി കൂലി വാങ്ങി പിരിഞ്ഞുപോയി.

ഈ ഉപമയിലൂടെ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ.

1) മുന്തിരിത്തോട്ടം എന്ന് ഉദ്ദേശിക്കുന്നത് നിങ്ങളുടെ ഈ

ലോകജീവിതം തന്നെയാണ്. ദൈവം തന്നെയാണ് ഉടമസ്ഥനും യജമാനനും. ലോകത്തിൽ ഫലം കായ്ക്കുവാൻ തക്കവണ്ണം മുന്തിരി ചെടികൾ ദൈവം തന്നെ കൃഷി ചെയ്യുന്നത് ആണെങ്കിലും, അതിനെ നട്ടുവാനും നനക്കുവാനും വളം ഇട്ടുവാനും വിളവെടുക്കാനും ആയി മനുഷ്യരായ നിങ്ങളെയാണ് ദൈവം ചുമതലപ്പെടുത്തിയിരിക്കുന്നത്. ചെടികളെ വളർത്തി വലുതാക്കുന്നതും ഫലം കായ്പ്പിക്കുന്നതും ദൈവം ആണെന്ന് ഓർക്കുക. അത് ദൈവത്തിന്റെ ആവശ്യത്തിനല്ല നിങ്ങൾക്കെല്ലാം വേണ്ടിയാണ് എന്നറിയാമല്ലോ.

തോട്ടം കാത്തുസൂക്ഷിക്കാനും അതിലെ കായ്കനികൾ ഭക്ഷിച്ച് ജീവിക്കുവാനും ആയിട്ടാണല്ലോ ആദ്യ മാതാപിതാക്കളെ ദൈവം തോട്ടത്തിൽ ആക്കിയത്. ഈ ലോക ജീവിതമാകുന്ന മുന്തിരിത്തോട്ടത്തിൽ ദൈവം നിങ്ങളെ ഓരോരുത്തരെയും, കാലാവധിയും ജോലിയും കൂലിയും ഒക്കെ നിശ്ചയിച്ച്, ഭൂമിയെ സംരക്ഷിക്കുവാൻ ആക്കിയത് ആണെന്ന് മറന്നുപോകരുത്. ഭൂമിയും തോട്ടവും കൃഷിയും എല്ലാം നിങ്ങളുടെ സ്വന്തം എന്ന് കരുതി ഭൂമി കൂട്ടുതൽ സമ്പാദിച്ച് വലിയ ഭൂഉടമകളായി തീരുന്ന ചിലരുടെ പ്രവണത ദൈവമുമ്പാകെ സ്വീകാര്യമല്ലെന്ന് എല്ലാവരും അറിയുക. ഭൂമിയുടെ പേരിൽ രാജ്യങ്ങൾ തമ്മിലും വ്യക്തികൾ തമ്മിലും തർക്കങ്ങൾ ഉണ്ടാകുന്നത്, മനുഷ്യരായ നിങ്ങളാണ് ഭൂമിയുടെ ഉടമസ്ഥർ എന്ന തെറ്റായ ധാരണ മൂലമാണ്.

നിങ്ങൾ എല്ലാമനുഷ്യരും ദൈവം അനുവദിക്കുന്ന കാലം മാത്രം ഇവിടെ ഭൂമിയിൽ വസിച്ച്,ഭൂമിയുടെ സംരക്ഷണം നടത്തി, കൃഷി ചെയ്ത് സന്തോഷമായി ദൈവം തരുന്ന കൂലി സ്വീകരിച്ച് ജീവിക്കുവാൻ വേണ്ടി നിയമിക്കപ്പെട്ടവരാണെന്ന ബോധ്യം ഉണ്ടാകണം. ഓരോ മനുഷ്യനും എത്ര മണിക്കൂറുകൾ അഥവാ വർഷങ്ങൾ ജീവിച്ചിരുന്ന് ജോലി ചെയ്യണം എന്ന് തീരുമാനിക്കുന്നത് സ്രഷ്ടാവായ ദൈവമാണെന്നും, ഒന്നും ചോദ്യം ചെയ്യാതെ ദൈവം അനുവദിക്കുന്നിടത്തോളം കാലം അവിടുന്ന് നിശ്ചയിച്ച ചുമതലകൾ മുഴുവൻ സന്തോഷമായി ചെയ്തു തീർത്തു, ജീവിതം പൂർത്തിയാക്കിയാൽ "ന്യായവിധി സന്ധ്യയിൽ"തക്ക പ്രതിഫലം നൽകുമെന്ന് നിങ്ങൾക്ക് ഉറപ്പായി വിശ്വസിക്കാം.പലരും പല സമയങ്ങളിലായി ജനിക്കുന്നതും മരിക്കുന്നതും ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്ന് നിങ്ങൾക്കറിയാമല്ലോ. എത്ര സമയം എന്നല്ല, ലഭിച്ച സമയം എപ്രകാരം വിശ്വസ്തതയോടെ ചെലവഴിച്ചു എന്നതാണ് ദൈവം നോക്കുന്നത്.

2) സഭയാകുന്ന മുന്തിരി തോപ്പിൽ ദൈവമക്കളായി ചേർക്കപ്പെടുന്നവർ, വേലക്കാർ അല്ല; പുത്രന്മാരായി കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുവാൻ കടപ്പെട്ടവരാണ് എന്ന് ഞാൻ നേരത്തെ പറഞ്ഞത് ഓർമയുണ്ടല്ലോ.യഥാർത്ഥ മാനസാന്തരത്തിലൂടെ ദൈവപിതാവിന്റെ മനസ്സറിഞ്ഞ് പ്രവർത്തിക്കുവാൻ പലരും പല സമയത്താണ് സഭയാകുന്ന മുന്തിരിത്തോപ്പിലേക്ക് വിളിക്കപ്പെട്ട് നിയമിക്കപ്പെടുന്നത്. ജനിച്ച നാൾ മുതൽ ഉത്തമ സഭജീവിതം നയിക്കുന്ന മാതാപിതാക്കളുടെയും ആത്മീയ പിതാക്കന്മാരുടെയും പരിശീലനത്തിലും പരിലാളനയിലും വീണ്ടുംജനനത്തിന്റെ അനുഭവത്തിലും വളർന്നുവരുന്ന നിങ്ങൾക്ക് പൂർണ്ണ പ്രതിഫലം ലഭിക്കുമെന്ന് ഉറപ്പാണ്. അതേസമയം സാത്താന്റെ പ്രലോഭനത്തിൽ അകപ്പെട്ടതിനാൽ ദൈവമക്കളായി തീരുവാൻ കഴിയാതെ മുന്തിരിത്തോപ്പ് ആകുന്ന സഭയിലെ ശുശ്രൂഷയിൽ പ്രവേശിക്കുവാൻ താമസിച്ച് പോയാലും, പരിശുദ്ധാത്മ സഹായത്താൽ ഏതു സമയത്ത് മാനസാന്തരപെട്ടു വരുന്നവരെയും സ്വീകരിച്ചു കൂലി തുല്യമായി നൽകുവാൻ സ്വർഗ്ഗപിതാവ് സന്നദ്ധനാണെന്ന കാര്യം കൂടി നിങ്ങൾ അറിഞ്ഞിരിക്കണം.

അറിവില്ലായ്മകൊണ്ട് ദൈവത്തിൽ നിന്നും അകലാൻ ഇടയായവരെയും കരുണയോടെ സ്വീകരിക്കുന്നവനാണ് നിങ്ങളുടെ സ്വർഗ്ഗപിതാവ് എന്ന് നിങ്ങൾ മറന്നു പോകരുത്."അറിയായ്മയുടെ കാലങ്ങളെ ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം മനുഷ്യരോട് കൽപ്പിക്കുന്നു. (അ.പ്ര.17:30). ഏതൊരു മനുഷ്യനും മാനസാന്തരപ്പെട്ടു എന്റെ അടുക്കൽ എപ്പോൾ, ഏത് പ്രായത്തിൽ വന്നാലും അവനെ സഭയാകുന്ന മുന്തിരിത്തോപ്പിലേക്ക് നിയമിക്കുകയും നിത്യജീവൻ ആകുന്ന തുല്യപ്രതിഫലം നൽകുകയും ചെയ്യും. ആകയാൽ മുന്തിരിതോപ്പിൽ വേല ചെയ്യാൻ ചേർക്കപ്പെട്ട വരായ നിങ്ങൾ എല്ലാവരും ഒട്ടും അലസതയുള്ളവരാകാതെ ലഭിച്ചിരിക്കുന്ന സമയം തീരുന്നതിനു മുൻപ് ഉത്സാഹത്തോടെ അധ്വാനിക്കുക.

3) ദൈവഹിതത്തിനു അനുസരിച്ച് ദൈവകൽപനകൾ സ്വീകരിച്ചു ജീവിക്കുക എന്നതാണ് നിങ്ങളുടെ ജോലി. നിങ്ങളുടെ വാക്കുകൾ, പ്രവൃത്തികൾ എന്നീ ബാഹ്യ ഇടപെടലുകൾ മറ്റു മനുഷ്യരെ സഭയിലേക്ക് ചേർക്കുവാൻ സഹായകമായി തീരണം. എന്നാൽ അതിനേക്കാളുപരി, നിങ്ങളുടെ വിശ്വാസം, ഉദ്ദേശം, മനോഭാവം, ലക്ഷ്യങ്ങൾ എന്നീ ആന്തരിക നിലപാടുകൾ ദൈവമുമ്പാകെ കുറ്റമില്ലാത്തവ തന്നെ ആയിരിക്കണം എന്ന്

പ്രത്യേകം ഓർക്കുക. ഹൃദയ രഹസ്യങ്ങൾ അറിയുന്ന ദൈവമുൻപാകെ നിങ്ങൾ കുറ്റക്കാരനാണെങ്കിൽ മനുഷ്യരുടെ മുമ്പാകെയുള്ള നിങ്ങളുടെ സാക്ഷ്യജീവിതം പരാജയമാകും എന്ന് അറിയുക. വീഴ്ചകളും കുറവുകളും നിങ്ങൾക്ക് ബോധ്യപ്പെട്ടാൽ ഒരിക്കലും നിരാശരായി പിന്മാറി പോകാതെ, മനസലിവോടെ വീണ്ടും വിളിച്ച് ജോലിയിൽ നിയമിക്കുന്ന നല്ല യജമാനൻ ആണ് സ്വർഗ്ഗപിതാവായ ദൈവം എന്ന് അറിയുക. ദൈവസന്നിധിയിൽ നിന്നും അറിവില്ലായ്മകൊണ്ട് അകന്നു കഴിയുന്നവരെ നിങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട്, നല്ല ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ നിങ്ങൾ ശ്രമിക്കണം.

4) പ്രഭാതത്തിൽ അയക്കപ്പെട്ട പ്രവാചകൻ മാർ(6am) പിന്നീട് വന്ന ശ്ലീഹന്മാർ(9am) തുടർന്നു ഏവൻഗേലിസ്ഥർ(12am), സഹദേന്മാർ(3pm) ഇടയൻമാരായ സഭാപിതാക്കന്മാർ(5pm) ഇങ്ങനെ മുന്തിരിത്തോപ്പിലേക്ക് അയക്കപ്പെട്ടവർ അനേകരുണ്ട്. അതുപോലെതന്നെ മുന്തിരിത്തോപ്പിലെ വേലയ്ക്കായി ജീവിതത്തിലെ പല പ്രായങ്ങളിൽ വിളിക്കപ്പെടുന്നവരും ഉണ്ടാകാം. ബാല്യം, കൗമാരം, യൗവനം വരെയുള്ളവർ ജീവിതത്തിലെ മധ്യാഹ്നം വരെ വിളിക്കപ്പെട്ടവരായി കരുതാം. കുടുംബ പ്രാരാബ്ദം, ഔദ്യോഗിക ഭാരങ്ങൾ, സാമൂഹ്യ ഉത്തരവാദിത്തങ്ങൾ, എന്നിവ കൂടുതൽ ആയിട്ടുള്ളവർ മൂന്ന് മണിക്ക് വിളിക്കപ്പെട്ടവരും ഉത്തരവാദിത്വങ്ങളിൽ നിന്നും വിടുതൽ നേടി വിശ്രമ ജീവിതം നയിക്കുന്നവർ അഞ്ചുമണിക്ക് വിളിക്കപ്പെടുന്നവരും അതിനു ശേഷമുള്ള സമയം എല്ലാവർക്കും കൂലി ലഭിക്കാനായി യജമാനന്റെ വരവ് കാത്തുനിൽക്കുന്നവരുമായി നിങ്ങൾ സ്വയം കരുതി ജാഗ്രതയോടെ ജീവിക്കുക. നിങ്ങൾ ഏത് പ്രായത്തിൽ ആണെങ്കിലും ദൈവരാജ്യ വളർച്ചയ്ക്കുവേണ്ടി നിങ്ങൾ നിയമിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അവസാനംവരെയും ശുഷ്കാന്തിയോടെ പ്രവർത്തിക്കുവാനും യജമാനൻ വരുമ്പോൾ ഉണർവ്വും ഉത്സാഹവും ഉള്ളവരായിരിക്കുവാനും പ്രത്യേകം ശ്രമിക്കുക. പ്രതിഫലത്തെപറ്റി ഒരിക്കലും ഭാരപെടേണ്ട. സ്വർഗ്ഗപിതാവ് നൽകുന്ന വിരുന്നിൽ ഞാൻ നിങ്ങളെ ശുശ്രൂഷിക്കുകയും പരിശുദ്ധാത്മാവ് "ജീവ കിരീടങ്ങൾ" നിങ്ങൾക്ക് നൽകുകയും ചെയ്യും.(ലൂക്കോസ് 12: 35 –37).

5) സ്വർഗ്ഗത്തിൽ എത്തുന്ന എല്ലാവർക്കും പ്രായഭേദമെന്യേ എപ്പോൾ എത്തിയാലും തുല്യമായ പ്രതിഫലം ലഭിക്കും. ദൈവരാജ്യശുശ്രൂഷയിൽ കൂടുതൽ കാലം എന്ന് നോക്കിയല്ല,എങ്ങനെ ഉത്തരവാദിത്വം നിർവഹിച്ചു എന്ന് പരിഗണിച്ചാണ് തുല്യ പ്രതിഫലം

നൽകുന്നത്. ദീർഘകാലം നല്ല ശുശ്രൂഷ ചെയ്താലും അവസാനം വരെ സഹിച്ച് നിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ വീണു പോകും എന്ന് അറിയുക. (മത്തായി 24: 13). അതേസമയം ജീവിതകാലം കൂടുതലും വഴിതെറ്റി ജീവിച്ചാലും അവസാന നിമിഷം വലതുഭാഗത്തെ കള്ളനെപ്പോലെ മാനസാന്തരപ്പെടുന്നവൻ രക്ഷിക്കപ്പെടുവാനും സാധ്യതയുണ്ട്. ആകയാൽ ആരും അഹങ്കരിച്ച് അശ്രദ്ധരാകാതിക്കാനും, രക്ഷയില്ലെന്ന് കരുതുന്നവർ നിരാശരാകാതെ പ്രത്യാശയിൽ വളരുവാനും ഇടയാകട്ടെ. ആത്മഹത്യ ചെയ്യുന്നവർ പലകാരണങ്ങളാൽ നിരാശരാകാമെങ്കിലും അവസാനനിമിഷത്തിൽ മാനസാന്തരപ്പെടുവാൻ സാധ്യതയുള്ളതിനാൽ അവർക്ക് വേണ്ടി നിങ്ങൾ പ്രാർത്ഥന മുടക്കരുത്.

6) യഹൂദൻമാരുടെ കൂട്ടത്തിൽ പരീശന്മാരും ശാസ്ത്രിമാരും പുരോഹിതരും രക്ഷിക്കപ്പെടും എന്നും, ചുങ്കക്കാരും പാപികളും ശിക്ഷിക്കപ്പെടുമെന്നും പൊതുവേ എല്ലാവരും വിശ്വസിച്ചിരുന്നു. അവർക്കുള്ള ഒരു താക്കീത് കൂടി ആയിട്ടാണ് ഞാൻ ഈ ഉപമ പറഞ്ഞത്. മാനസാന്തരപ്പെട്ട് ആർക്കുവേണമെങ്കിലും എപ്പോഴാണെങ്കിലും രക്ഷയിലേക്ക് പ്രവേശിക്കുവാൻ സ്വർഗ്ഗപിതാവ് അനുവദിക്കും. എന്നാൽ സ്വയം നീതികരിച്ച് ന്യായവിധിയെ ഭയപ്പെടാതെ ജീവിക്കുന്നവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ രക്ഷ നഷ്ടപ്പെടാനും ഇടയാകും. ആധുനികകാലത്ത് യഹൂദന്മാരും പുറജാതിക്കാരും രക്ഷപ്പെടില്ലെന്ന് വിധിക്കാനും "ക്രിസ്ത്യാനികൾ" എന്ന് പേര് പറയപ്പെടുന്നവർ എല്ലാം രക്ഷിക്കപ്പെടുമെന്ന് വിധിക്കാനും ആർക്കും അവകാശമില്ല. മാനസാന്തരപ്പെടാഞ്ഞാൽ എല്ലാവരും നശിച്ചുപോകും, മാനസാന്തരപ്പെട്ടാൽ എല്ലാവരും രക്ഷപ്പെടുകയും ചെയ്യും എന്ന് ഞാൻ ഒരിക്കൽ കൂടി നിങ്ങളോട് പറയുന്നു. ആകയാൽ ഞാൻ ചെയ്തതുപോലെ സർവ്വ മനുഷ്യരുടെയും മാനസാന്തര ജീവിതത്തിനായി എന്നെപ്പോലെ മാതൃക കാണിച്ചു ജീവിക്കുക. നിങ്ങളുടെ വാക്കുകളേക്കാൾ നിങ്ങളുടെ ജീവിതം കണ്ട് മറ്റുള്ളവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ ഇടയാകട്ടെ.

7) ദൈവരാജ്യപ്രവർത്തനം രണ്ടായിരം വർഷങ്ങൾക്കു മുൻപേ ഞാൻ ഭൂമിയിൽ ആരംഭിച്ചു. നൂറ്റാണ്ടുകൾ കണക്കാക്കുമ്പോൾ ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ സഭയാകുന്ന മുന്തിരിത്തോപ്പിൽ പ്രവർത്തിച്ചിരുന്നവരാണ് പുലർകാല പ്രവർത്തകർ.

A) **(6am)**. ഒന്നു മുതൽ രണ്ടു വരെയുള്ള നൂറ്റാണ്ടുകൾ. അപ്പോസ്തലന്മാർ,അറിയിപ്പു കാർ,രക്തസാക്ഷികൾ തുടങ്ങി ഒന്നാം

നൂറ്റാണ്ടിൽ സഭയുടെ വളർച്ചയ്ക്കുവേണ്ടി ജീവിതകാലം മുഴുവൻ കഷ്ടപ്പെട്ട് ദൈവശുശ്രൂഷ നിർവഹിച്ച എല്ലാവരും പൂർണ്ണ പ്രതിഫലത്തിന് അർഹരാകും. അവരെ കൂടാതെ രണ്ടാം നൂറ്റാണ്ടിലെ ഇഗ്നാത്തിയോസ്, പോളികാർപ്പോസ് തുടങ്ങിയ ആദ്യ സഭാപിതാക്കന്മാർ, രക്തസാക്ഷികൾ എന്നിവരടങ്ങിയ വലിയ സാക്ഷികളുടെ സമൂഹം കൂടി അവരോടൊപ്പം ഗണിക്കപ്പെടുന്നവരായിട്ടുണ്ട്.

B) **(9 am).** മൂന്നുമുതൽ ആറുവരെയുള്ള നൂറ്റാണ്ടുകൾ. മൂന്നാം നൂറ്റാണ്ട് പീഡന കാലഘട്ടമായിരുന്നു. വാളുകൊണ്ട് വെട്ടി, കുരിശിൽ തറച്ച്, കല്ലെറിഞ്ഞു, ജീവനോടെ തൊലിയുരിഞ്ഞു,എണ്ണയിൽ വറുത്ത് പലതരം പീഡനങ്ങൾ സഹിച്ച മുന്തിരിത്തോട്ടത്തിൽ വിശ്വസ്തരായി വേല ചെയ്തു രക്തസാക്ഷി മരണം പ്രാപിച്ച വലിയൊരു സമൂഹം ഉണ്ട്. കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്തോടെ പീഡന കാലഘട്ടം അവസാനിച്ചെങ്കിലും പിന്നീടും പല തരത്തിലുള്ള പ്രതിസന്ധികൾ നേരിട്ട് സത്യ വിശ്വാസ സംരക്ഷകരായി സഭയെ ശുശ്രൂഷിച്ചവർ അനേകരുണ്ട്.

C) **(12 am).** അഞ്ചും ആറും നൂറ്റാണ്ടുകൾ. പലതരം വേദവിപരീതങ്ങളുടെ തള്ളിക്കയറ്റം ഉണ്ടായപ്പോൾ സത്യവിശ്വാസത്തെ നിർവചിക്കുവാൻ ആയി സഭയിലെ നേതൃത്വം കൊടുത്തിരുന്നവർ രാജകീയ ശൈലിയിൽ ലോകപ്രകാരമുള്ള സമിതികൾ കൂടി വിശ്വാസപ്രമാണങ്ങൾ രൂപീകരിച്ചു. "അക്ഷര"രൂപത്തിൽ വിശ്വാസപ്രമാണങ്ങൾ ഉണ്ടായെങ്കിലും "ആത്മാവ്" നഷ്ടപ്പെട്ടതിനാൽ വിശ്വാസത്തിന്റെ തീക്ഷ്ണത കുറഞ്ഞു വന്നു. "സത്യവിശ്വാസം" തെറ്റാതെ ഏറ്റു പറയുന്നതാണ് ജീവിച്ചു കാണിക്കുന്നതിനേക്കാൾ പ്രധാനം എന്ന തെറ്റിദ്ധാരണ ജനങ്ങളിൽ സാവധാനം വളർന്നുവന്നു. സാക്ഷ്യജീവിതത്തിന് അതുമൂലം മങ്ങലേറ്റു. സഭ യെരുശലേമിന് പുറത്തേക്ക് വ്യാപിച്ചു എങ്കിലും, ആദിമസഭയുടെ ഐക്യവും വളർച്ചയും സാക്ഷ്യവും കുറഞ്ഞു പോയതിനാൽ, അംഗങ്ങളുടെ സംഖ്യ വർധിച്ചെങ്കിലും അർപ്പണബോധവും സാക്ഷ്യബോധവും കുറഞ്ഞതിനാൽ സമൂഹത്തിൽ ആത്മീയ സ്വാധീനം നഷ്ടപ്പെട്ടു തുടങ്ങി.

D) **(3pm.)** 7 മുതൽ 11 വരെയുള്ള നൂറ്റാണ്ടുകൾ. ഇസ്ലാം മതത്തിന്റെ ആവിർഭാവം മൂലവും മറ്റും ക്രിസ്തീയ സഭകളുടെ തളർച്ചയുടെ കാലഘട്ടമായിരുന്നു. സഭകൾ പല കാരണങ്ങൾ പറഞ്ഞ് വിഭജിക്കപ്പെട്ടു. പതിനൊന്നാം നൂറ്റാണ്ടിലെ സഭകളുടെ കിഴക്കും പടിഞ്ഞാറും ആയുള്ള വലിയ പിളർപ്പിനുശേഷം കുരിശുയുദ്ധം തുടങ്ങിയ പല പ്രതിസന്ധികൾ മൂലം സഭയുടെ ഐക്യവും വിശുദ്ധിയും ചോർന്നു തുടങ്ങി. പാശ്ചാത്യ സഭ

ഏക സഭയായി റോമാ പാപ്പായുടെ നേതൃത്വത്തിൽ തുടരാൻ ശ്രമിച്ചു. പൗരസ്ത്യ ദേശത്ത് പ്രാദേശിക തലവന്മാരുടെ കീഴിൽ സ്വതന്ത്രമായി പല ദേശീയ സഭകൾ നിലവിൽ വന്നു.

E. **(5pm)** പതിനാറാം നൂറ്റാണ്ടു മുതൽ ആധുനിക കാലം വരെ. പതിനാറാം നൂറ്റാണ്ടിൽ നവീകരണം, നവോത്ഥാനം തുടങ്ങിയ പ്രസ്ഥാനങ്ങൾ ഉടലെടുത്തു. നാലാം നൂറ്റാണ്ടുമുതൽ ആരംഭിച്ച സന്യാസ സമൂഹങ്ങൾ ആശ്രമ പ്രസ്ഥാനങ്ങൾ എന്നിവ സംഘടിതമായി വളർന്ന് സഭയുടെ വളർച്ചയെ സഹായിച്ചു. പലതരം ഉപദേശങ്ങളും വ്യാഖ്യാനങ്ങളും മൂലം സഭകൾ ലോകം മുഴുവനും വിവിധ പേരുകളിൽ അറിയപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിൽ സഭ ഐക്യശ്രമങ്ങൾ ആരംഭിച്ചുവെങ്കിലുംസഭയുടെ സാക്ഷ്യജീവിതം ശരിപെടണം എങ്കിൽ ആദ്യനൂറ്റാണ്ടുകളിലെ വിശ്വാസധീരതയും സ്നേഹവും പരസ്പര സഹകരണവും എല്ലാവരും "ദൈവമക്കൾ" ആകാൻ വിളിക്കപ്പെട്ടവരാണ് എന്നുള്ള വിശാല വീക്ഷണവും നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. അതിനുവേണ്ടി നിങ്ങളെല്ലാവരും എന്റെ ഉപദേശങ്ങളും ജീവിതവും ശരിയായി മനസ്സിലാക്കി എന്റെ സാക്ഷികളായി ജീവിക്കുക.

27-1-2021.

## അദ്ധ്യായം 79

# നിങ്ങൾ ദൈവദാസന്മാരല്ല, ദൈവമക്കളാണ്

(ലൂക്കോസ് 17: 7–10)

പഴയനിയമത്തിൽ യഹൂദജനം ദൈവത്തിന്റെ സ്വന്തമാണെന്നും യജമാനനായ ദൈവത്തിന്റെ ദാസന്മാരാണ് അവർ എന്നും പൊതുവേ ഒരു ധാരണയുണ്ടായിരുന്നു. "യജമാനനും ദാസനും" എന്ന കാഴ്ചപ്പാടാണ് പ്രധാനമായും യഹൂദന്മാർ വളർത്തിക്കൊണ്ടുവന്നത്. എന്നാൽ എന്റെ കാഴ്ചപ്പാടിൽ എല്ലാ ജനങ്ങളുടെയും ദൈവം പിതാവാണെന്നും എല്ലാ മനുഷ്യരും ദൈവമക്കൾ ആണെന്നും, അതിനാൽ തന്നെ പരസ്പരം സഹോദരങ്ങളാണ് എന്നുമുള്ള കാര്യം നിങ്ങൾ വിശ്വസിക്കണം. ദൈവമക്കൾ എന്ന നിലയിൽ എങ്ങനെ ജീവിക്കണമെന്ന് നിങ്ങൾക്ക് കാണിച്ചു തരുവാനാണ് ദൈവപുത്രനായ ഞാൻ മനുഷ്യപുത്രനായി ലോകത്തിൽ അവതരിച്ച് നിങ്ങളോടൊപ്പം ജീവിച്ചത് എന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഇതേപറ്റി കുറച്ചു കാര്യങ്ങൾ കൂടെ ഇന്ന് നിങ്ങളോട് പറയാം.

## "യജമാനന്മാരും ദാസന്മാരും" എന്ന വേർതിരിവ്

യഥാർത്ഥത്തിൽ ദൈവം നിങ്ങളെ ദാസന്മാർ ആയിട്ടല്ല മക്കൾ ആയിട്ടാണ് കരുതുന്നത് എന്ന് മറക്കരുത്. അപ്പന് വേണ്ടി ജോലി ചെയ്യുന്ന മക്കൾ കൂലിക്ക് വേണ്ടിയല്ലല്ലോ കാത്തിരിക്കുന്നത്. അപ്പനുള്ളതെല്ലാം മക്കൾക്ക് ഉള്ളതാണ്. ജോലിക്ക് പ്രതിഫലം പ്രതീക്ഷിച്ച് സമയം നിശ്ചയിച്ച് ജോലി ചെയ്യുന്ന കൂലിവേലക്കാരുടെ സ്ഥാനത്തുനിന്നും സ്വന്തം മക്കളുടെ സ്ഥാനത്തേക്ക് നിങ്ങളെ ദൈവം"ദത്ത് " എടുത്തിരിക്കുന്നു എന്ന കാര്യം നിങ്ങൾ മറന്നു പോകരുത്. ദൈവമക്കൾ

എന്നുള്ള നിലയിൽ, എന്തൊക്കെയാണ് ദൈവരാജ്യമാകുന്ന സ്വന്തം ഭവനത്തിനു വേണ്ടി ചെയ്യാനുള്ളത് എന്ന് നിങ്ങൾ തന്നെ കണ്ടുപിടിച്ച് ചെയ്യണം. പിതാവ് പറയാതെ തന്നെ പിതാവിന്റെ ആഗ്രഹങ്ങൾ അറിഞ്ഞ് പ്രവർത്തിക്കുവാൻ ദൈവമനസ്സുമായി നിങ്ങൾ എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഉറപ്പാക്കണം.

വ്യവസ്ഥകൾ വച്ചും സമയം ക്രമീകരിച്ചും ജോലി വിഭജനം നടത്തിയും ദൈവരാജ്യ പ്രവർത്തനം നടത്തിയാൽ നിങ്ങൾ പരസ്പരം കുറ്റപ്പെടുത്തിയും ഭാരമുള്ള ജോലികൾ മറ്റുള്ളവരെ ഏൽപ്പിച്ച് അലസതയുള്ള വേലക്കാരുടെ അവസ്ഥയിലേക്ക് സ്വയം വീണു പോകാൻ ഇടയാകും. അങ്ങനെയുള്ളവരെ സന്തോഷത്തോടെ സ്വീകരിക്കുവാൻ ദൈവരാജ്യത്തിന്റെ ശത്രുവായ സാത്താൻ കാത്തിരിക്കുന്നുണ്ട് എന്ന് മറക്കരുത്. അപ്രകാരം നിങ്ങൾ സാത്താന്റെ വശീകരണത്തിൽ പെട്ടു പോയാലും നിങ്ങൾ തെറ്റ് മനസ്സിലാക്കി തിരിച്ചു വരുമെങ്കിൽ വീണ്ടും മക്കളെപ്പോലെ നിങ്ങളെ സ്വീകരിക്കുവാൻ സ്വർഗ്ഗപിതാവ് കാത്തിരിക്കുന്നുണ്ട്. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാണ്, മാനസാന്തരപ്പെടുവിൻ " എന്ന സന്ദേശം ലോകം മുഴുവൻ ഫലപ്രദമായി പ്രചരിപ്പിക്കുവാൻ നിങ്ങൾക്ക് കഴിയണമെങ്കിൽ ഈ മാനസാന്തര അനുഭവം ആദ്യം നിങ്ങൾക്ക് തന്നെ ഉണ്ടാകണം. സ്നാപകയോഹന്നാനും ഞാനും പരസ്യ ശുശ്രൂഷ ആരംഭിച്ചതു തന്നെ ഈ മാനസാന്തര സന്ദേശം പറഞ്ഞുകൊണ്ട് ആയിരുന്നല്ലോ.

നിങ്ങളും ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. എന്താണ് യഥാർത്ഥ മാനസാന്തരം എന്നും എന്താണ് യഥാർത്ഥ ദൈവരാജ്യപ്രമാണങ്ങൾ എന്നും വേണ്ടതുപോലെ മനസ്സിലാക്കാതെയും അഥവാ മനസ്സിലാക്കിയ കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പ്രയോഗിക്കാതെയുമാണ് നിങ്ങൾ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് എങ്കിൽ ആർക്കും പ്രയോജനപ്പെടുകയില്ല എന്നു മാത്രമല്ല, ലോകത്തിനു "എതിർ സാക്ഷ്യം" നൽകുന്നതിനാൽ അതിനുള്ള ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും എന്ന് കൂടി ഓർത്തിരിക്കുക. ദൈവരാജ്യം എപ്പോൾ വരും എന്ന് ചോദിക്കുന്നവർ ഉണ്ടല്ലോ. ദൈവരാജ്യം വന്നുകഴിഞ്ഞു." ദൈവരാജ്യം കാണത്തക്കവണ്ണം അല്ലവരുന്നത്,ഇതാഇവിടെഎന്നുംഅതാഅവിടെഎന്നുംപറയുകയുമില്ല. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ" (ലൂക്കോസ് 17: 20–21). ദൈവരാജ്യസന്ദേശം ലോകം മുഴുവൻ വ്യാപിക്കണം എങ്കിൽ ആദ്യം അത് നിങ്ങളുടെ മനസ്സിലൂടെ ഹൃദയത്തിൽ പ്രവേശിക്കണം. ബാഹ്യമായ ലോക വ്യവസ്ഥിതികൾ ഇപ്പോൾ ലോകരാജാവായ സാത്താന്റെ

അധീനതയിലാണ് കിടക്കുന്നത്. അശുദ്ധാത്മാവ് ആകുന്ന ദുഷ്ടന്റെ അധീനതയിൽ ഇരിക്കുന്ന മനുഷ്യരാണ് ഈ ലോക വ്യവസ്ഥിതികളെ നിയന്ത്രിക്കുന്നത്. ആ സംവിധാനം മാറ്റി എടുക്കണമെങ്കിൽ പരിശുദ്ധാത്മാവ് ആകുന്ന ദൈവത്തിന്റെ നിയന്ത്രണത്തിൽ ജീവിക്കുന്ന മനുഷ്യർ ഈ ലോകത്തിന്റെ നിയന്ത്രണം പൂർണമായും ഏറ്റെടുക്കണം. അപ്പോൾ മാത്രമേ ദൈവരാജ്യം ഈ ഭൂമിയിൽ നിലവിൽ വരുകയുള്ളൂ. അതുകൊണ്ടാണ് ദൈവരാജ്യപ്രവർത്തനം വഴി മനുഷ്യമനസ്സുകളിൽ രൂപാന്തരം വരുത്തുവാൻ നിങ്ങൾ ദൈവരാജ്യ വളർച്ചയ്ക്കുവേണ്ടി കൂലിവേലക്കാരുടെ അലസമായ ജോലി പോലെ അല്ല, മക്കളെ പോലെ തന്നെ ഉത്സാഹത്തോടെ പ്രവർത്തിക്കണം എന്ന് ഞാൻ നിർബന്ധിക്കുന്നത്.

ദൈവരാജ്യപ്രവർത്തനത്തിൽ ഏർപ്പെടുന്നവർ "ലോകരാജ്യവും ദൈവരാജ്യവും" തമ്മിലുള്ള വ്യത്യാസം കൃത്യമായി അറിഞ്ഞിരിക്കണം. എന്റെ മനുഷ്യാവതാരത്തോടെ "ദൈവരാജ്യം" ഈ ലോകത്തിൽ ആരംഭിച്ചുവെങ്കിലും അതിന്റെ പൂർണ്ണരൂപമായ "സ്വർഗ്ഗരാജ്യയാഥാർഥ്യങ്ങൾ" നിങ്ങൾക്ക് അനുഭവിക്കുവാൻ, അന്ത്യന്യായവിധി കഴിഞ്ഞശേഷം സ്വർഗ്ഗത്തിൽ നിങ്ങൾ എത്തുമ്പോൾ മാത്രമേ സാധിക്കൂ. കണ്ണ് കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനസ്സുകൊണ്ട് സങ്കൽപ്പിക്കാൻ കഴിയാത്തതുമായ ആ സ്വർഗ്ഗരാജ്യ അനുഭവത്തിലേക്ക് ആണ് നിങ്ങളെ സ്വർഗ്ഗപിതാവ് സ്വീകരിക്കുവാൻ കാത്തിരിക്കുന്നത്. ലോകത്തിൽ സ്വീകാര്യമായ നന്മ ദൈവരാജ്യത്തിൽ അറപ്പാണ്.യഥാർത്ഥ ദൈവരാജ്യബോധമില്ലാതെ തന്നെ ലോകപ്രകാരമുള്ള നന്മ സ്വീകരിച്ചുകൊണ്ട് എന്റെ പേരിൽ വളരെയേറെ വ്യാജ സുവിശേഷകർ ലോകത്തിൽ പ്രവർത്തിക്കുന്നുണ്ട്. നല്ല വിത്തുകൾ വിതയ്ക്കുവാൻ പുറപ്പെട്ടപ്പോൾ ദുഷ്ടനായ സാത്താൻ വന്ന് കളകൾ വിതച്ച കാര്യം ഞാൻ നേരത്തെ നിങ്ങളോട് പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. (മത്തായി 13: 25). പരിശുദ്ധാത്മ സഹായത്താൽ മാത്രമേ യഥാർത്ഥമായതും വ്യാജമായതും തമ്മിൽ തിരിച്ചറിയാൻ കഴിയൂ. പരിശുദ്ധാത്മവരങ്ങൾ (Gifts.1cor.12:1–) എന്ന പേരിൽ പല അത്ഭുതങ്ങൾ പലരും കാണിക്കുമെങ്കിലും പരിശുദ്ധാത്മഫലങ്ങൾ (Fruits. Gal.5:22) പുറപ്പെടുവിക്കുന്നവരാണോ എന്ന് പരിശോധിച്ചാൽ വ്യാജപ്രവർത്തകരെ തിരിച്ചറിയാൻ കഴിയും.

വീണ്ടുംജനനത്തിൽ കൂടി അഥവാ വിശുദ്ധ മാമോദീസ വഴി നിങ്ങൾ പ്രാപിക്കുന്ന പരിശുദ്ധാത്മാവ് അനുദിനം നിങ്ങളിൽ ശക്തിപ്രാപിച്ച്

പ്രവർത്തിക്കുവാൻ തക്കവണ്ണം നിങ്ങൾ വിശുദ്ധിയിലും വിനയത്തിലും വിശ്വാസത്തിലും ജീവിക്കുന്നെങ്കിൽ വ്യാജ ആത്മാക്കളെ തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയും. ദൈവാത്മാവ് നിയന്ത്രിക്കുന്നവരാണ് നിങ്ങളെങ്കിൽ ദുഷ്ടന്റെ പ്രവൃത്തികളെ തിരിച്ചറിഞ്ഞ് നിരോധിക്കുവാൻ നിങ്ങൾക്ക് കഴിയും. അപ്രകാരമുള്ള കഴിവ് (Discernment) പരിശുദ്ധാത്മവ്യാപാരത്താൽ നിങ്ങൾ പ്രാപിച്ച് പ്രവർത്തിക്കുമ്പോൾ ദൈവരാജ്യം ലോകം മുഴുവൻ സ്ഥാപിതമാവുകയും ലോക വ്യവസ്ഥിതികൾ ദൈവരാജ്യപ്രമാണങ്ങൾക്ക് വഴിമാറുകയും, അങ്ങനെ "പുതിയ ആകാശവും പുതിയ ഭൂമിയും" രൂപാന്തരപ്പെട്ടു വരികയും ചെയ്യും.

ഞാൻ മനുഷ്യാവതാരം ചെയ്തു ദൈവരാജ്യ പ്രവർത്തനം ആരംഭിച്ചപ്പോൾ എന്റെ കൂടെയുണ്ടായിരുന്ന ശിഷ്യന്മാരെ ഞാൻ തന്നെ നേരിട്ട് പഠിപ്പിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അന്നത്തെ സാഹചര്യങ്ങൾക്കനുസരിച്ച് ഉള്ള നേതൃത്വ ശൈലിയും കാഴ്ചപ്പാടുകളും ആണ് ഞാൻ അവരോട് പറഞ്ഞിരുന്നത്. എന്നാൽ നിങ്ങളുടെ ഇന്നത്തെ സാഹചര്യങ്ങൾക്കും അത്യാധുനിക കാഴ്ചപ്പാടുകൾക്കും അനുസൃതമായ നേതൃത്വവും ഉൾക്കാഴ്ചയും ലഭിച്ച, എന്റെ തന്നെ അദൃശ്യസാന്നിധ്യമായ പരിശുദ്ധാത്മാവിന്റെ പൂർണ്ണനിയന്ത്രണത്തിന് നിങ്ങൾ വിധേയരായെങ്കിൽ മാത്രമേ നിങ്ങളുടെ പ്രവർത്തനങ്ങൾ വിജയിക്കുകയുള്ളൂ. ആയതിനാൽ പരിശുദ്ധാത്മാവ് വന്ന് വസിച്ച് നിങ്ങളെ നിയന്ത്രിക്കുവാൻ നിങ്ങൾ മനസ്സ് ശുദ്ധമാക്കി കൊടുക്കണം. വിശുദ്ധ മാമോദിസയിലൂടെ ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മ നൽവരം അനുദിനം ജ്വലിപ്പിക്കാൻ പ്രാർത്ഥനയിലൂടെ സ്വർഗ്ഗപിതാവിനോട് അപേക്ഷിക്കണം. നിങ്ങളുടെ മനുഷ്യ ആത്മാവ് "യാചിക്കുകയും", "മനസ്സ്"അന്വേഷിക്കുകയും," "ശരീരം"മുട്ടുകയും ചെയ്തുകൊണ്ടിരുന്നാൽ തന്നോട് ആവശ്യപ്പെടുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയോ അധികമായി ദൈവം നൽകിക്കൊണ്ടിരിക്കും എന്ന വാഗ്ദാനം ഓർക്കുക.(ലൂക്കോസ് 11:13).

ഈ പ്രാർത്ഥനാശീലം അനുദിനം നിരന്തരം പാലിച്ചാൽ മാത്രമേ പരിശുദ്ധാത്മാ സഹായത്താൽ ദൈവരാജ്യപ്രവർത്തനം ഫലപ്രദമായി നിർവ്വഹിക്കുവാൻ നിങ്ങൾക്ക് കഴിയൂ.പരിശുദ്ധാത്മനിറവും നടത്തിപ്പും നിങ്ങളിൽ ഉണ്ടെന്ന് അറിയണമെങ്കിൽ നിങ്ങളുടെ മനസ്സിന്റെ രൂപാന്തര ഭാവം എനിക്കും നിങ്ങൾക്കും അനുദിനജീവിതത്തിൽ ബോധ്യപ്പെടണം. ഞാൻ ലോകത്തിൽ ജീവിച്ച് കാണിച്ചത് പോലെ നിങ്ങൾക്കും

ജീവിക്കുവാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ ദൈവരാജ്യ പ്രവർത്തനത്തിന് യോഗ്യരായിട്ടില്ല എന്നറിഞ്ഞു, കൂടുതൽ ശുഷ്കാന്തിയോടെ, വിശുദ്ധിയോടെ, വിശ്വാസത്തോടെ, പരിശുദ്ധാത്മ സഹായത്തിനായി കാത്തിരിക്കുക.

നിരന്തരം മുട്ടിപ്പായി പ്രാർത്ഥിക്കുന്നതിന് ഒരു ഉദാഹരണം പറഞ്ഞുതരാം. മടുത്തു പോകാതെ എങ്ങനെ പ്രാർത്ഥിക്കണം എന്ന് ഒരു സ്ത്രീ നിങ്ങൾക്ക് കാണിച്ചു തരും. (ലൂക്കോസ്. 18: 1–8).വിധവയായ ആ സ്ത്രീയെ നിരന്തരം ശല്യപ്പെടുത്തി കൊണ്ടിരുന്ന ഒരുവനെതിരെ ആ സ്ഥലത്തെ ന്യായാധിപനെ സമീപിച്ച പരാതി കൊടുത്തെങ്കിലും, ആ സ്ത്രീയുടെ കാര്യത്തിൽ ന്യായാധിപൻ അവഗണന കാണിച്ചു. അവൾ നിരന്തരം ആവശ്യപ്പെട്ടപ്പോൾ  ന്യായാധിപൻ അവളെ പ്രതിക്രിയ നടത്തി രക്ഷിച്ചു.എന്നാൽ അതിനേക്കാൾ വളരെ വേഗത്തിൽ ദൈവം തന്നോട് അപേക്ഷിക്കുന്ന ഭക്തന്മാരെ സാത്താനെതിരെ  പ്രതിക്രിയ നടത്തി രക്ഷിക്കും എന്ന് നിങ്ങൾ വിശ്വസിക്കുക. പക്ഷേ നിങ്ങൾ രണ്ട് കാര്യത്തിൽ വീണു പോകാൻ സാധ്യതയുണ്ട്. ഒന്നാമത്തെ വീഴ്ച "മടുത്തു പോകും" എന്നതാണ്. ദൈവം തക്കസമയത്ത് ഉത്തരം നൽകും എന്ന് വിശ്വസിക്കാതെ നിങ്ങൾ പ്രാർത്ഥനയിൽ നിന്നും പിന്മാറുന്നു എന്നതാണ് നിങ്ങളുടെ പരാജയം. നിങ്ങൾക്ക് ആവശ്യമുള്ളത് ആണെങ്കിൽ  "ഉടനെ തരും", ആവശ്യമില്ലാത്തത് ആണെങ്കിൽ "ഒരിക്കലും തരില്ല", മറ്റൊരു സമയത്ത്  ആവശ്യമുള്ളതാണെങ്കിൽ ആ സമയം വരെ നിങ്ങൾ "കാത്തിരിക്കേണ്ടിവരും".Yes,No,Wait ഇതിൽ ഏതെങ്കിലും ഒരു ഉത്തരം നിങ്ങളുടെ എല്ലാ പ്രാർത്ഥനയ്ക്കും സ്വർഗ്ഗപിതാവ് നൽകുമെന്ന് ഉറപ്പാണ്.

നിങ്ങളുടെ രണ്ടാമത്തെ പരാജയം "നിങ്ങളുടെ വിശ്വാസം പോലും നഷ്ടമാകും" എന്നതാണ്. സ്വർഗ്ഗപിതാവിനോട് ചോദിച്ചിട്ട് ഒരു കാര്യവുമില്ല എന്ന ഒരു തോന്നൽ നിങ്ങൾക്ക് ഉണ്ടാകുന്നത്  സ്വർഗ്ഗപിതാവിന്റെ പരിശോധനയാണ് (Test).നിങ്ങൾ ചോദിച്ചത് തന്നില്ലെങ്കിലും ആവശ്യമുള്ളതെല്ലാം തക്കസമയത്ത് ദൈവ പിതാവ് നൽകും എന്ന ഉറച്ച വിശ്വാസത്തോടെ ആണോ നിങ്ങൾ പ്രാർത്ഥിക്കുന്നത്?അഥവാ നിങ്ങൾക്ക് നല്ലതെന്ന് തോന്നുന്ന കാര്യങ്ങൾ ചോദിച്ചത് പോലെ ഉടനെ ലഭിക്കണമെന്ന താല്പര്യത്തോടെയാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത് എങ്കിൽ, സ്വർഗ്ഗപിതാവിന്റെ കരുതലിലും നടത്തിപ്പിലും നിങ്ങൾക്ക് വിശ്വാസമില്ല എന്ന് ദൈവം മനസ്സിലാക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ല. അതായത്, എല്ലാ നല്ല കാര്യങ്ങളും സ്വന്തം മക്കളെ പോലെ കരുതി വാത്സല്യത്തോടെ ദൈവ പിതാവ് നൽകുന്നു എന്ന്

നിങ്ങൾ മറന്നു കൊണ്ടാണ്, ലഭിക്കാത്ത കാര്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നത്. അതായത് ദൈവപിതാവിന്റെ സ്നേഹവും കരുതലും നിങ്ങൾ തിരിച്ചറിയുന്നില്ല, യഥാർത്ഥ ദൈവവിശ്വാസം നിങ്ങൾക്ക് ഇല്ല എന്നാണ്, നിങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവപിതാവ് വിലയിരുത്തുന്നത്.

ചോദിക്കുന്നത് എല്ലാം തരാമെന്ന് സാത്താൻ എന്നോട് പറഞ്ഞതും ദൈവത്തെ മാത്രം ആരാധിച്ച് ലഭിക്കുന്നത് എനിക്ക് മതി എന്ന് പറഞ്ഞു ഞാൻ അവനെ ഓടിച്ചതും എല്ലാം നിങ്ങൾക്കറിയാമല്ലോ. (മത്തായി 4).നിങ്ങൾക്ക് ആവശ്യമുള്ളത് എന്തെല്ലാമാണെന്ന് നിങ്ങൾ യാചിക്കുന്നതിന് മുൻപേ നിങ്ങളുടെ പിതാവ് അറിയുന്നു.(മത്തായി 6: 8).ദൈവത്തെ വിശ്വസിച്ച് അനുസരിച്ച് ജീവിക്കുന്ന ദൈവമക്കളാണ് നിങ്ങൾ എങ്കിൽ,നിങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി നിങ്ങൾ ചോദിക്കേണ്ട ആവശ്യമില്ല എന്ന് നിങ്ങൾ വിശ്വസിക്കണം. നിങ്ങൾ ചോദിച്ചെങ്കിലും ആവശ്യമുള്ളതെല്ലാം നിങ്ങൾക്ക് ദൈവം തക്കസമയത്ത് നൽകിക്കൊണ്ടിരിക്കുകയാണ് എന്ന് വിശ്വസിക്കാത്തതു കൊണ്ട്, നിങ്ങൾ അങ്ങനെ വീണ്ടും വീണ്ടും ചോദിക്കുന്ന കാരണത്താൽ ദൈവത്തിലുള്ള നിങ്ങളുടെ "അവിശ്വാസമാണ്" വെളിപ്പെടുത്തുന്നത്. നിങ്ങൾക്ക് ആവശ്യമില്ലാത്തതാണ് നിങ്ങൾ ആവർത്തിച്ച ചോദിക്കുന്നത് എങ്കിലും, എത്ര പ്രാവശ്യം ചോദിച്ചാലും നിങ്ങളെ സ്നേഹിക്കുന്ന സ്വർഗ്ഗപിതാവ് അത് നിങ്ങൾക്ക് നൽകുകയില്ല എന്നത് ദൈവപിതാവിന്റെ കരുതലും വാത്സല്യവുമാണ് സൂചിപ്പിക്കുന്നത് എന്ന് നിങ്ങൾ തിരിച്ചറിയുക. ചുരുക്കത്തിൽ, നിങ്ങളുടെ പ്രാർത്ഥന വഴിയായി നിങ്ങളുടെ "ദൈവവിശ്വാസം" ആണോ അതോ "അവിശ്വാസം" ആണോ പുറത്തു വരുന്നത് എന്ന് നിങ്ങൾ ശരിയായി വിലയിരുത്തി മാത്രം ദൈവപിതാവിനോട് ചോദിക്കുക. ദാസന്മാരെ പോലെ കൂലിക്ക് വേണ്ടി ചോദിക്കാതെ ഇരിക്കുക. പ്രതിഫലം നോക്കാതെ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കാൻ മക്കളെപ്പോലെ ഉത്സാഹത്തോടെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രദ്ധിക്കുക. ശരിയായയി പ്രാർത്ഥിക്കുവാൻ നിങ്ങളെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. പ്രാർത്ഥനയിൽ മടുത്തു പോകാതിരിക്കാനും വിശ്വാസം കുറഞ്ഞുപോയി തീരെ നഷ്ടപ്പെടാതിരിക്കാനും പരിശുദ്ധാത്മസഹായം തേടികൊണ്ടിരിക്കുക.

26-1-2021

## അദ്ധ്യായം 80

# എന്റെ ഇടത്തും വലത്തും ഇരിക്കുവാൻ നിങ്ങൾക്കും ആഗ്രഹമില്ലേ?

**(മത്തായി 20:20–28;മർക്കോസ് 10:35–45)**

ദൈവരാജ്യമാകുന്ന മുന്തിരിത്തോപ്പിലെ വേല ചെയ്യുവാൻ നിയോഗിക്കപ്പെട്ടവർ പലപ്പോഴും നിയോഗവും ചുമതലയും ശരിയായി മനസ്സിലാക്കാതെ പ്രവർത്തിക്കുവാൻ ഇടയാകാറുണ്ട്. ശിഷ്യന്മാരോട് ഒരിക്കൽ ഞാൻ ഇങ്ങനെ പറഞ്ഞു: "എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ മരണാനന്തരജീവിതത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വസിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും 12 സിംഹാസനത്തിലിരുന്ന് ഇസ്രായേൽ ഗോത്രം 12നും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട്ടു പറയുന്നു"(മത്തായി 19: 28).

ശിഷ്യന്മാർ തമ്മിൽ സ്ഥാനവലിപ്പത്തെപറ്റി ചിലപ്പോഴൊക്കെ തർക്കം ഉണ്ടാകാറുണ്ട്. ഒരു ദിവസം എന്റെ അമ്മയുടെ സഹോദരി ശലോമി തന്റെ മക്കളായ യാക്കോബിനെയും യോഹന്നാനെയും കൂട്ടി എന്റെ അടുക്കൽ വന്നു. സേബദിമക്കളായ ഇവർ വളരെ മിടുക്കരായിരുന്നതിനാൽ ഞാൻ പത്രോസിനോപ്പം "ഇടിമക്കൾ" എന്നറിയപ്പെട്ടിരുന്ന ഇവരെയും എന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരായി പരിഗണിച്ചിരുന്നു. എന്റെ അടുക്കൽ വരുന്നത് കണ്ടപ്പോൾ തന്നെ അവരുടെ വരവിനന്റെഉദ്ദേശം എനിക്ക് മനസ്സിലായി. ശലോമി എന്നോട് പറഞ്ഞു: "എന്റെ ഈ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ വലത്തും ഒരുത്തൻ ഇടത്തും ഇരുത്താൻ അരുളി ചെയ്യണമേ".

മാനുഷിക കാഴ്ചപ്പാടിൽ ചിന്തിക്കുമ്പോൾ നിങ്ങൾ ഇതിൽ അപാകതയൊന്നും കാണാനിടയില്ല. ശിഷ്യന്മാർക്ക് എല്ലാവർക്കും സിംഹാസനം നൽകുമെന്ന് ഞാൻ നേരത്തെ പറഞ്ഞത് വിശ്വസിച്ചാണ് അവർ അമ്മയെയും കൂട്ടി ശുപാർശ ചെയ്യാൻ വന്നത്. എനിക്ക്

പ്രിയമുള്ളവരായിരുന്നതിനാൽ അവരുടെ ആഗ്രഹം നിറവേറ്റി തരുവാൻ തടസ്സം ഉണ്ടാകാനിടയില്ല എന്ന് മക്കൾ കരുതിക്കാണും. എന്നിരുന്നാലും മാതാവിന്റെ ശുപാർശ കൂടിയായാൽ കാര്യം ഉറപ്പാക്കാം എന്ന് ശിഷ്യന്മാർ ചിന്തിച്ചതും സാധാരണനിലയിൽ സ്വാഭാവികമാണ്. എന്നാൽ അവരുടെ സമീപനത്തിലെ വീഴ്ചകൾ ഞാൻ ചൂണ്ടിക്കാണിക്കട്ടെ.

1). ലൗകിക രീതിയിലുള്ള ഒരു രാജഭരണം അല്ല ദൈവരാജ്യത്തിൽ ഉള്ളത്. "ഭരണം" എന്നതിനുപകരം "ശുശ്രൂഷ"യാണ് പ്രധാനം. അതുകൊണ്ട് തന്നെയാണ് ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷ ചെയ്യാനാണ് ഞാൻ വന്നത് എന്ന് പലപ്രാവശ്യവും പറഞ്ഞത്.

2) ശുപാർശയും സ്വജനപക്ഷപാതവും സ്വർഗ്ഗരാജ്യപ്രമാണങ്ങൾക്ക് എതിരാണ്. സ്വന്തക്കാരായ അവരെ ഉന്നതസ്ഥാനങ്ങളിൽ നിയമിക്കാൻ ഒരിക്കലും ഞാൻ താല്പര്യം എടുക്കുകയില്ല.സ്വർഗ്ഗപിതാവിന്റെ നോട്ടത്തിൽ ഓരോരുത്തർക്കും ഓരോ സ്ഥാനങ്ങൾ ഏറ്റവുമൊടുവിൽ നൽകപ്പെടും എന്നതിനാൽ എന്റെ ഇഷ്ടപ്രകാരം എന്റെ പ്രിയപ്പെട്ടവർക്കും സ്വന്തക്കാർക്കും വേണ്ടി പ്രത്യേക സ്ഥാനങ്ങൾ നൽകുവാൻ ഞാൻ ഒരിക്കലും തയ്യാറാവുകയില്ല എന്ന കാര്യം, ഇത്രനാൾ എന്റെ കൂടെ നടന്നിട്ടും ഇവർക്ക് മനസ്സിലായില്ലല്ലോ എന്നോർത്ത് ഞാൻ അവരോട് സഹതപിച്ചു.

3) എന്നോട് നേരിട്ട് പറയാൻ സ്വാതന്ത്ര്യം ഉണ്ടായിട്ടും മധ്യസ്ഥനായി ശുപാർശ ചെയ്യുവാൻ അമ്മയെ കൂട്ടിക്കൊണ്ടുവന്നതിന്റെ അനൗചിത്യം എന്റെ ശിഷ്യർ തിരിച്ചറിയാതെ പോയി. ഞാൻ ശരിയായ ന്യായം വിധിച്ച് എല്ലാവർക്കും അവരവർ അർഹിക്കുന്ന സ്ഥാനം നൽകും എന്ന വിശ്വാസം അവർക്ക് എന്നിലില്ലാതെ പോയതിൽ ഞാൻ വീണ്ടും അവരോട് സഹതപിക്കുന്നു.

നിങ്ങളും മധ്യസ്ഥൻമാരിലൂടെ നിങ്ങളുടെ ആവശ്യങ്ങൾ സമർപ്പിക്കുമ്പോൾ ഇപ്രകാരം ഒരു അബദ്ധം പറ്റാതെ സൂക്ഷിക്കണം. ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുവാൻ തയ്യാറാകാതെ, സ്വന്തം ഇഷ്ടങ്ങളും ആഗ്രഹങ്ങളും ലൗകിക കാഴ്ചപ്പാടിൽ നേടിയെടുക്കാൻ മധ്യസ്ഥന്മാർ വഴി നിങ്ങൾ ശ്രമിച്ചാൽ നിങ്ങളോട് എനിക്ക് സഹതാപമേ തോന്നുകയുള്ളൂ.

കാനാവിലെ കല്യാണവീട്ടിൽ വച്ച് എന്റെ അമ്മ എന്നോട് "വീഞ്ഞു തീർന്നുപോയി" എന്നു മാത്രമേ പറഞ്ഞുള്ളൂ. ആ ഭവനത്തിലെ പ്രതിസന്ധി

എന്റെ ശ്രദ്ധയിൽപ്പെടുത്തി എന്ന് മാത്രം. അത് "ഉദ്ദിഷ്ടകാര്യം" സാധിക്കാൻ ആയിട്ടല്ലായിരുന്നു. ഇന്നത്പോലെ ചെയ്യണം എന്ന് എന്നോട് പറയാതെ,"ഞാൻ എന്തെങ്കിലും പറഞ്ഞാൽ അത് അപ്രകാരം ചെയ്യണമെന്ന് " അമ്മ വേലക്കാരോട് പറഞ്ഞു ഏൽപ്പിക്കുകയായിരുന്നു. ഞാൻ പറയുന്നതുപോലെ അനുസരിച്ച് ജീവിച്ച് കാണിച്ചവരും,അപ്രകാരം നിങ്ങളും ചെയ്യണമെന്നു ഉപദേശിക്കുന്നവരെയുമാണ് യഥാർത്ഥ മധ്യസ്ഥൻമാരായി ഞാൻ സ്വീകരിക്കുന്നത്. എന്റെ പിതാവിന്റെ ഇഷ്ടം പൂർണമായി അംഗീകരിച്ച് നടപ്പാക്കുന്ന എന്റെ സ്വഭാവം നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. മാനുഷികമായ എന്റെ എല്ലാ ഇഷ്ടങ്ങളും പൂർണമായി മാറ്റിവെച്ച് സ്വർഗ്ഗപിതാവിന്റെ ഇഷ്ടം മാത്രം പൂർത്തീകരിക്കുവാനാണ് ഞാൻ ഈ ലോകത്തിൽ വന്നത് എന്ന് ഞാൻ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത് ആണല്ലോ. (യോഹന്നാൻ 6: 38). അതുകൊണ്ട് തന്നെയാണ് ഞാൻ കാൽവരി ക്രൂശിൽ ബലിയായി മരിച്ചതും അത് മൂലം നിങ്ങൾക്കെല്ലാം രക്ഷ ലഭിക്കുന്നതും.

ഈ കാര്യങ്ങൾ ശരിയായി ഗ്രഹിക്കാതെ, ലോക പ്രകാരമുള്ള നേട്ടങ്ങൾക്കും സ്ഥാനമാനങ്ങൾക്കും സുഖസൗകര്യങ്ങൾക്കും വേണ്ടി എന്റെ അടുക്കൽ ശുപാർശയായി വരുന്നവർ നിരാശരാകേണ്ടിവരുമെന്ന് അറിയണം. എന്റെ പേരിൽ വ്യാജമായി പലതരം പ്രാർത്ഥനകളും പ്രകടനങ്ങളും നടക്കുന്നത് ഞാൻ കാണുന്നുണ്ട്. നിങ്ങളെന്നെ യഥാർത്ഥമായി അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ ആണെങ്കിൽ അപ്രകാരമുള്ള ചതിക്കുഴികളിലും പൈശാചിക കെണികളിലും അകപ്പെട്ട് പോകാതിരിക്കാൻ പരിശുദ്ധാത്മ ശക്തിയിൽ ആശ്രയിച്ചു അനുസരിച്ച് ജീവിക്കുവാൻ മനസ്സ് വയ്ക്കുക.

ശലോമിയും മക്കളും ഞാൻ എന്ത് ഉത്തരം പറയുന്നു എന്ന് കേൾക്കാൻ കാതോർത്ത് നിൽക്കുകയായിരുന്നു. ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുവാൻ ഇരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്ക് കഴിയുമോ?"."കഴിയും"എന്ന് അവർ ഉടനെ ഉത്തരം പറഞ്ഞു. അവർ പറഞ്ഞത് ഒരുവിധത്തിൽ ശരിയാണ്. ഞാൻ കുടിക്കുവാൻ ഇരിക്കുന്ന പാനപാത്രം എന്റെ "മരണക്കാസാ" തന്നെ ആയിരുന്നു. അവരും എന്നെ പോലെ, എനിക്ക് വേണ്ടി രക്തസാക്ഷി മരണം പ്രാപിക്കും എന്ന ഒരു യാഥാർത്ഥ്യമാണ് അവർ പറഞ്ഞത് എന്ന് എനിക്ക് മനസ്സിലായി. എന്റെ മരണം ഒരുവിധത്തിൽ ലോകത്തിന്റെ പാപത്തെ മുഴുവനും കഴുകി ശുചീകരിക്കുന്ന "മാമോദിസ" തന്നെയായിരുന്നു.

പാനപാത്രം കുടിപ്പാൻ കഴിയുമെന്ന് അവർ പറഞ്ഞപ്പോൾ, സലോമിയുടെ ശുപാർശ ഞാൻ അംഗീകരിച്ച് ആശീർവദിച്ച് അവരെ പറഞ്ഞയക്കും എന്ന വലിയ പ്രതീക്ഷയിലാണ് അവരുടെ നിൽപ്പ്. അവർ എന്റെ കൂടെ മരണംവരെ നിൽക്കും എന്ന കാര്യത്തിൽ എനിക്കും യാതൊരു സംശയവും ഉണ്ടായിരുന്നില്ല. എന്റെ ക്രൂശിന്റെ ചുവട്ടിൽ നിന്നിരുന്ന സലോമിയുടെ മുഖം ഞാൻ മറന്നിട്ടില്ല. അതുപോലെ യോഹന്നാൻ അവിടെ ഉണ്ടായിരുന്നതുകൊണ്ടാണ് എന്റെ അമ്മയെ അവന്റെ സംരക്ഷണയിൽ ഏൽപ്പിക്കുവാൻ കഴിഞ്ഞത്. എനിക്ക് സാക്ഷ്യം നിന്നത് കൊണ്ടാണ് യാക്കോബ് വാളുകൊണ്ട് കൊല്ലപ്പെട്ടത്. യോഹന്നാൻ എന്റെ അമ്മയുടെ സംരക്ഷണം ഏറ്റെടുത്തിരുന്നതിനാൽ അമ്മയുടെ നിര്യാണത്തിന് മുൻപ് അവൻ കൊല്ലപ്പെടാൻ ഇടയാകാതെ ഇരിപ്പാൻ പ്രത്യേക കരുതൽ സ്വർഗ്ഗപിതാവ് ഏർപ്പെടുത്തിയിരുന്നു. ഇക്കാരണത്താൽ ഒക്കെ ഇവരെ നിരാശരാക്കി മടക്കി അയക്കാൻ എനിക്ക് മനസ്സുവന്നില്ല. ഏതായാലും ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു: " എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം. എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നത് എന്റേതല്ല, പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും"(മത്തായി 20:23). എന്റെ മറുപടി കേട്ട് അവർ കുറെനേരം മൗനമായി ഞാൻ പറഞ്ഞ കാര്യത്തിന്റെ പൊരുൾ ഗ്രഹിപ്പാൻ ശ്രമിച്ചുകൊണ്ടിരുന്നത് ഞാൻ ശ്രദ്ധിച്ചു. ഞാൻ പറഞ്ഞത് മുഴുവനും വേണ്ട വിധം അവർക്ക് മനസ്സിലായില്ലെങ്കിലും കൂടുതൽ കാര്യങ്ങൾ പിന്നീട് ഗ്രഹിക്കാം എന്ന ആഗ്രഹത്തോടെ ശലോമി വീട്ടിലേക്ക് തിരിച്ചു പോയി.

മറ്റ് ശിഷ്യന്മാർ 10 പേരും "ഇടി മക്കളോട് " നീരസപ്പെട്ടു. നേരത്തെ മറുരൂപമലയിലേക്കും യായീറോസിന്റെ ഭവനത്തിലേക്കും പത്രോസ്സി നോടൊപ്പം ഇവരെ കൊണ്ടു പോയതിൽ ശിഷ്യന്മാർക്ക് അവരോട് അമർഷം ഉണ്ടായിരുന്നു. ഞാൻ എല്ലാ ശിഷ്യന്മാരെയും അരികെ വിളിച്ച് ഇങ്ങനെ പറഞ്ഞു: " ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം നടത്തുന്നു എന്നും മഹത്തുക്കൾ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങൾ അങ്ങനെ ആകരുത്. നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസൻആകണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യുവാൻ അല്ല ശുശ്രൂഷിക്കാനും അനേകർക്ക് വേണ്ടി ജീവൻ മറുവിലയായി കൊടുക്കുവാനും വന്നതുപോലെ തന്നെ"(മത്തായി 20:24– 28).

ദൈവരാജ്യപ്രമാണപ്രകാരം മഹത്വത്തിന് ഒരു പുതിയ നിർവചനം ഞാൻ നൽകുകയായിരുന്നു. ദൈവരാജ്യമാകുന്ന എന്റെ സഭയിലെ എല്ലാ സ്ഥാനങ്ങളും ചുമതലകളും ശുശ്രൂഷ മനോഭാവത്തോടെ മാത്രമേ ശരിയായി നടപ്പാക്കുവാൻ സാധിക്കുകയുള്ളൂ. ലോകപ്രകാരമുള്ള അധികാരത്തിന്റെയും ഭരണത്തിന്റെയും പ്രതീകങ്ങളായ "സിംഹാസനവും കിരീടവും ചെങ്കോലും"എല്ലാം സഭയിൽ കാണപ്പെടുന്നുണ്ടെങ്കിലും അവയൊന്നും ഈ ലോകജീവിതത്തിൽ പ്രസക്തമായി പ്രയോഗിക്കുവാൻ ഉള്ളതല്ല, പ്രത്യുത വരുവാനിരിക്കുന്ന നിത്യജീവിതത്തിലെ സ്വർഗ്ഗീയ അനുഭവത്തിന്റെ പ്രതീകങ്ങളായി കരുതേണ്ടതാണ്. ലോക പ്രകാരമുള്ള കാഴ്ചപ്പാടിൽ അവയെല്ലാം ആവശ്യമാണെങ്കിലും അതാണ് എന്റെ സഭയുടെ അധികാര പ്രതീകങ്ങൾ എന്ന് കരുതിയാൽ നിങ്ങൾക്ക് തെറ്റുപറ്റി.

എന്റെ ശിഷ്യന്മാർക്കും അപ്രകാരമുള്ള കാഴ്ചപ്പാട് ആദ്യം ഉണ്ടായിരുന്നെങ്കിലും, ഞാൻ പഠിപ്പിച്ച് ജീവിച്ച് കാണിച്ച് കൊടുത്തതനുസരിച്ച്, യഥാർത്ഥ മഹത്വം കഷ്ടതയിലും കുരിശിലും സേവനത്തിലും ശുശ്രൂഷയിലും അനുസരണത്തിലും ആണെന്ന് അവർ തിരിച്ചറിഞ്ഞു. എന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഇസ്കറിയോത്ത യൂദാ മാത്രമേ എന്നെ മനസ്സിലാക്കി പിൻതുടരുവാൻ പരാജയപ്പെട്ടുള്ളൂ. എന്നാൽ ഇന്നത്തെ എന്റെ പ്രധാന ശിഷ്യന്മാർ എന്നറിയപ്പെടുന്നവരിൽ വലിയ പങ്കും ലോകപ്രകാരമുള്ള ഭരണസംവിധാനമായി സിംഹാസനവും ചെങ്കോലും ഉയർത്തിക്കാട്ടി സ്ഥാനങ്ങൾക്കായി പോരാടുന്നത് കാണുമ്പോൾ എനിക്ക് ഏറെ വേദന തോന്നുന്നു. ഞാൻ സ്വയം എന്തുമാത്രം താഴ്ത്തി, ക്രൂശിലെ മരണത്തോളം തന്നെ താഴ്ത്തി. എന്നിട്ടും അതിന്റെ മഹത്വവും അർത്ഥവും ഗ്രഹിക്കാതെ ലോകഭരണാധികാരികളെ പോലെ ഭരിക്കുന്ന ഇടയന്മാരെ എന്റെ താഴ്മയുടെ മനോഭാവം പഠിപ്പിക്കുവാൻ ഞാൻ വളരെയേറെ ആഗ്രഹിക്കുന്നുണ്ട് എന്ന് അവർ തിരിച്ചറിയാത്ത കാര്യത്തിൽ ഞാൻ അതിയായി ഖേദിക്കുന്നു. *(അധികവായനയ്ക്ക്: "യേശുവിന്റെ ആത്മകഥ" വാല്യം 3 അദ്ധ്യായം 40."ഞാനാകുന്നു നിങ്ങളുടെ നല്ല ഇടയൻ").*

ദൈവരാജ്യത്തിൽ പ്രധാന സ്ഥാനം പ്രാപിക്കുവാൻ കുറുക്കുവഴികൾ ഒന്നുമില്ല. ശുപാർശകൾ ഒന്നും സ്വീകാര്യവുമല്ല. ലോകപ്രകാരം കേവലം നല്ലവനും ദൈവാശ്രയം ഉള്ളവനുമായ ഒരാൾ അധികാരത്തിലേറിയാൽ പെട്ടെന്ന് അയാളുടെ നല്ല പ്രകൃതം മാറി മറ്റുള്ളവരെ ചെറുതായി കണ്ടു, അവരെ ഭരിക്കാനുള്ള ഒരു മാനസിക അവസ്ഥ കൈവരുന്നതായി

കാണുന്നത് സാധാരണമാണ്. അധികാരം, സ്ഥാനമാനങ്ങൾ, സമ്പത്ത് എന്നിവ കൈവന്നാൽ, നല്ല മനുഷ്യൻ പോലും താമസിയാതെ അഹങ്കാരിയും ദുരഭിമാനിയും ആയി രൂപാന്തരപ്പെട്ട്, മറ്റുള്ളവരെ തരംതാഴ്ന്ന നിലയിൽ കണ്ടു, അവരുടെമേൽ അധികാരം പ്രയോഗിക്കുന്നവർ ആയിത്തീരും. പലരും സ്ഥാനമാനങ്ങൾക്ക് വേണ്ടി കൈക്കൂലി കൊടുത്തും ശുപാർശ ചെയ്യിപ്പിച്ചും ഭീഷണിപ്പെടുത്തിയും പ്രവർത്തിക്കുന്നുണ്ടെന്ന് ഞാനറിയുന്നു. എന്റെ പേരിലുള്ള പല സഭകളിലും ഇത്തരം പ്രവണതകൾ ഉണ്ടെന്നറിഞ്ഞ് ഞാനേറെ ദുഃഖിക്കുന്നു. എന്റെ ശുശ്രൂഷ മനോഭാവത്തിൽ എത്തിച്ചേർന്ന്, ജനങ്ങളെ സ്വർഗ്ഗപിതാവിലേക്ക് നയിക്കുവാൻ ഞാൻ നിങ്ങൾക്ക് കാണിച്ചു തന്ന താഴ്മയുടെ മാതൃക പിന്തുടരുക.

താഴെപ്പറയുന്ന ചെറിയ കാര്യങ്ങൾ വലിയ ശ്രദ്ധയോടെ പാലിക്കുവാൻ നിങ്ങൾ പരിശ്രമിക്കണം.

1) **മാനസാന്തരപ്പെടുക –** ലോകകാര്യങ്ങളിൽ നിന്നും അതിന്റെ വ്യവസ്ഥിതിയിൽ നിന്നും ദൈവരാജ്യപ്രമാണങ്ങളിലേക്ക് മനസ്സ് തിരിക്കണം. താൽക്കാലികമായ ലോകരാജ്യനീതികളെ വിട്ടു ശാശ്വതമായ സ്വർഗ്ഗരാജ്യ അനുഭവത്തിനായി കാത്തിരിക്കുക. നിങ്ങളുടെ പൗരത്വം സ്വർഗത്തിൽ ആണെന്ന് മറക്കരുത്.

2) **സ്വാർത്ഥതയെ കൊല്ലുക. –** തന്നെത്താൻ ഉയർത്തുന്നതിന് പകരം സ്വയം ത്യാഗം ചെയ്തു തന്നെത്താൻ താഴ്ത്തുന്നവർ ആയിത്തീരുക. മറ്റുള്ളവരുടെ മഹത്വം കണ്ട് അവരെ നിങ്ങളെക്കാൾ ശ്രേഷ്ഠർ എന്ന് കരുതി വിനയപൂർവ്വം പെരുമാറുക.

3) **നിങ്ങളുടെ സ്വന്തം ഇഷ്ടത്തെ (Self will) മാറ്റിവെച്ച് ദൈവഹിതത്തിന് പൂർണമായി കീഴടങ്ങി ജീവിക്കുക –** ഈ കാര്യം നടപ്പാക്കുന്നത് നിങ്ങൾ ചിന്തിക്കുന്നത് പോലെ അത്ര എളുപ്പമല്ല. ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞ് അതിനെ ഇഷ്ടപ്പെട്ടാൽ മാത്രമേ സ്വന്ത ഇഷ്ടത്തെ ഉപേക്ഷിക്കുവാൻ നിങ്ങൾക്ക് കഴിയുകയുള്ളൂ. ആയതിനാൽ ദൈവഹിതം എന്തെന്ന് അറിയാനായി മനസ്സ് പുതുക്കി രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുക.

4) **ഹൃദയശുദ്ധീകരണംപരിശീലിക്കുക –** അങ്ങനെ ദൈവത്തെ കാണുന്ന അനുഭവത്തിൽ എത്തിച്ചേരുക. ലോകപ്രകാരം ഉള്ള മോഹങ്ങളും പാപചിന്തകളും ജീവിതഭാരങ്ങളും ഹൃദയത്തിൽ നിറഞ്ഞു

വന്നാൽ ദൈവഹിതം തിരിച്ചറിയാൻ കഴിയാതെ പോകും. ആകയാൽ ഹൃദയം ശുദ്ധിയാക്കുക.

5) **ദൈവകൃപ ലഭിക്കേണ്ടതിന് താഴ്മ ശീലമാക്കുക** – ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു, താഴ്മ ഉള്ളവർക്ക് കൃപ നൽകുന്നു. ദൈവകൃപയിൽ നിലനിൽക്കുവാൻ പരിശുദ്ധാത്മനിറവ് പ്രാപിക്കണം. തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈകീഴ് താഴ്ന്നിരിപ്പിൻ.(1പത്രോസ്.5:5,6). സ്വർഗ്ഗരാജ്യത്തിൽ മഹത്വം ലഭിക്കണമെങ്കിൽ ഈ ലോകജീവിതത്തിൽ താഴ്മയും സ്നേഹവും ത്യാഗവും സ്വീകരിക്കുവാൻ എന്നെപ്പോലെ നിങ്ങളും തയ്യാറാകണം. ലോക പ്രകാരമുള്ള ശുപാർശകളോ മറ്റ് യോഗ്യതകളോ ഒന്നും തന്നെ ഒരു പ്രയോജനവും ചെയ്യുകയില്ല എന്ന് നിങ്ങൾക്ക് മനസ്സിലായി കാണുമെന്ന് കരുതുന്നു.

29–1–2021.

## അദ്ധ്യായം 81

# പാപി ആയിരുന്ന സഖായി വിശുദ്ധനായതെങ്ങനെ?

**(ലൂക്കോസ് 19:1– 10)**

ഒരിക്കൽ കഫർന്നഹൂമിൽ വെച്ച് ചുങ്കക്കാരനായ ലേവിയെ വിളിച്ച് മത്തായി എന്ന പേരു നൽകി ശിഷ്യനാക്കിയ കാര്യം നിങ്ങൾ ഓർക്കുന്നുണ്ടാവും. എന്നാൽ അവനെക്കാൾ കുപ്രസിദ്ധനായ സഖായി എന്ന് പേരുള്ള ഒരു ചുങ്കക്കാരൻ എന്നെ അന്വേഷിച്ചു വന്ന കാര്യം ഇന്ന് നിങ്ങളോട് പറയാം. യെരുശലേമിൽ നിന്ന് ഏകദേശം 12 മൈൽ ദൂരെയുള്ള യറിഹോ പട്ടണത്തിലെ ചുങ്കക്കാരിൽ പ്രധാനിയായിരുന്നു അയാൾ. ഞാൻ ആ പട്ടണത്തിലൂടെ കടന്നു പോകുമ്പോൾ ഇയാൾ പല പ്രാവശ്യം എന്നെ ശ്രദ്ധിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവന്റെ പേരിന്റെ അർത്ഥം നേരുള്ളവൻ, നിഷ്കളങ്കൻ എന്നൊക്കെയാണ്. പക്ഷേ നിർഭാഗ്യവശാൽ പരമ്പരാഗതമായ ചുങ്കം പിരിവ് തൊഴിലാക്കിയ കുടുംബത്തിലാണ് അവൻ ജനിച്ചത്. ചെറുപ്പംമുതൽ, പിതാവ് ചെയ്തുവന്നിരുന്ന ജോലിയുടെ ധാർമികതയെ പറ്റി ഒന്നും തിരിച്ചറിയാനാവാതെ, അയാളും ആ ജോലി ഏറ്റെടുത്തതാണ്. ധാരാളം സമ്പത്തും സുഖസൗകര്യങ്ങളും വേലക്കാരും എല്ലാം ഉണ്ടായിരുന്നു.

ആ പ്രദേശത്തെ ഒരു വലിയ ധനികൻ തന്നെ ആയിരുന്നു എങ്കിലും സമൂഹത്തിൽ പാപികളുടെയും വേശ്യകളുടെയും കൂട്ടത്തിൽ മാത്രമേ യഹൂദന്മാർ ഇയാളെ പരിഗണിച്ചിരുന്നുള്ളൂ. യഹോവയ്ക്ക് മാത്രം വിധേയത്വം കൽപ്പിക്കണം എന്ന യഹൂദ ന്യായപ്രമാണത്തെ ലംഘിച്ചുകൊണ്ട് റോമാ ചക്രവർത്തിക്ക് വിധേയ സൂചകമായ നികുതി നിർബന്ധമായി റോമസൈന്യ സഹായത്തോടെ പിടിച്ചുവാങ്ങി കൊടുക്കുന്ന ഇത്തരം യഹൂദ ഉദ്യോഗസ്ഥരെ യഹൂദ സമൂഹം ഒറ്റപ്പെടുത്തുക മാത്രമല്ല അവസരം കിട്ടുമ്പോഴെല്ലാം കളിയാക്കുകയും ചിലപ്പോൾ ചീത്തവിളിക്കുകയും ചെയ്യുമായിരുന്നു. അതുകൊണ്ടുതന്നെ ചുങ്കക്കാർ പൊതുവേ ദേവാലയങ്ങളിലും കുടുംബ സമ്മേളനങ്ങളിലും

നടക്കുന്ന പൊതുപരിപാടികളിൽ ഒന്നും പങ്കെടുക്കാറില്ല. സഖായി ആ പ്രദേശത്തെ ചുങ്കക്കാരിൽ പ്രധാനി ആയിരുന്നെങ്കിലും പൊക്കം തീരെ കുറഞ്ഞവൻ ആയിരുന്നതിനാൽ അവനെ ചില വിളിപ്പേരുകൾ ചേർത്ത് കുട്ടികൾ പോലും കളിയാക്കുമായിരുന്നു. അതുകൊണ്ട് സക്കായി എല്ലാ നിലയിലും ദുഃഖിതനും നിരാശനായിരുന്നു. അവൻ തന്റെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നതായി എനിക്ക് തോന്നി.

സക്കായിയെപറ്റി പൊതുജനം പാപിയായി കരുതിയിരുന്നെങ്കിലും അവനും അബ്രഹാമിന്റെ മകൻ ആകയാൽ സത്യവിശ്വാസം ഉള്ളിൽ സൂക്ഷിക്കുന്നവനായിരുന്നു എന്ന് എനിക്ക് മനസ്സിലായി. ധനവാൻ ആയിരുന്നെങ്കിലും അത് അന്യായമായി ഉണ്ടാക്കുന്നത് ആണെന്ന കുറ്റബോധം എപ്പോഴും അവനെ വേട്ടയാടിയിരുന്നു എന്ന് എനിക്ക് തോന്നി. കാരണം അവന്റെ നിർമ്മല മനസാക്ഷി തന്നെ പിന്നീട് പുറത്തുവന്നു. അവന്റെ സമ്പന്നതയിൽ അവൻ ഒരിക്കൽ പോലും സന്തോഷിക്കുകയോ അഹങ്കരിക്കുകയോ ചെയ്തിരുന്നില്ല. അവൻ ഹൃദയശുദ്ധി പാലിക്കുവാൻ ശ്രമിച്ചത്കൊണ്ട് പരിശുദ്ധാത്മപ്രേരണ ലഭിക്കുവാൻ സഹായകമായിരുന്നു. ജീവിതത്തിന്റെ അർത്ഥമെന്തെന്ന് അവൻ ആലോചിച്ചുകൊണ്ടിരുന്നു. അവന്റെ മനസ്സിന്റെ മ്ലാനത നീക്കുവാൻ അവൻ ദൈവിക ഇടപെടൽ കാത്തിരിക്കുന്നവ നായിരുന്നു. സാക്ഷാൽ ദൈവപുത്രനായ എന്നെപ്പറ്റി മറ്റ് പലരിൽ നിന്നും അവൻ പലപ്പോഴായി പല കാര്യങ്ങൾ കേട്ടറിഞ്ഞിരുന്നു. ഞാൻ പാപികളെ സഹായിക്കാനും ആശ്വസിപ്പിക്കാനും രക്ഷിക്കുവാനും ആയിട്ടാണ് വന്നത് എന്ന കാര്യം അവനേ വല്ലാതെ ആകർഷിച്ചു. ചുങ്കക്കാരും പാപികളും സ്വർഗ്ഗരാജ്യത്തിൽ പരീശന്മാരെക്കാൾ മുൻപേ പ്രവേശിക്കും എന്ന് ഞാൻ പ്രസംഗിച്ചത് അവൻ എങ്ങനെയോ കേട്ടറിഞ്ഞു. എന്നെ ഒന്ന് അടുത്ത് കാണുവാനുള്ള അവന്റെ ആഗ്രഹം ഞാൻ മനസ്സിലാക്കി അതിനു തക്കവിധം യാത്ര ക്രമീകരിച്ചു.

ഞാനും ശിഷ്യന്മാരും എന്നെ കേൾക്കാനായി പിന്തുടരുന്ന ഒരുകൂട്ടം ജനങ്ങളുമായി പട്ടണത്തിലേക്ക് കയറി വരുന്നത് കണ്ടയുടനെ സക്കായി തന്റെ ഓഫീസിലെ ജോലിക്കാരോട് കാര്യങ്ങൾ പറഞ്ഞ്ഏൽപ്പിച്ചു, വഴിയിലിറങ്ങി നിന്ന് എന്നെ കാണാൻ ശ്രമിക്കുന്നത് ഞാൻ ദൂരെ നിന്നു തന്നെ ശ്രദ്ധിച്ചു. ഞാനും ജനക്കൂട്ടവും അടുത്ത് എത്തിയിട്ടും അവൻ എന്നെ കാണാൻ കഴിയാത്തവിധം എന്റെ കൂടെ നടന്നവർ എന്റെ ചുറ്റിലുമായി എന്നെ അവന്റെ കാഴ്ചയിൽ നിന്നും മറച്ചു കളഞ്ഞു.

തന്നെയല്ല, അവനെ ജനങ്ങൾ കാണാതിരിക്കുവാൻ അവനും മറഞ്ഞു നിന്നാണ് ഒളിഞ്ഞു നോക്കിയത്. പൊക്കം കുറഞ്ഞവൻ ആയതുകൊണ്ട് അവന് എന്നെ കാണാൻ കഴിഞ്ഞില്ലെങ്കിലും ഞാൻ അവന്റെ മുഖത്തെ പരിഭ്രമം കണ്ടിരുന്നു. സാധാരണ നിലയിൽ അത്തരം പ്രതിസന്ധികൾ നിറഞ്ഞ സാഹചര്യത്തിൽ നിങ്ങൾ ആണെങ്കിൽ എന്നെ കാണാനുള്ള ശ്രമം ഉപേക്ഷിക്കുമായിരുന്നില്ലേ?. ദൈവത്തെ കാണാൻ ശ്രമിക്കുമ്പോൾ തടസ്സങ്ങൾ ഉണ്ടാകുക സ്വാഭാവികമാണല്ലോ. പരിശ്രമിക്കാത്ത കുറവല്ല, എന്റെ കൂടെ നടന്ന മറ്റുള്ളവർ എന്നെ മറച്ചിരുന്നതിനാലും പൊക്കം ഇല്ലാത്തതിനാലും മറ്റുള്ളവരെ കുറ്റപ്പെടുത്തികൊണ്ടും സ്വന്തം കഴിവില്ലായ്മയിൽ നിരാശ തോന്നികൊണ്ടും ദൈവദർശനം സാധ്യമല്ലെന്ന നിഗമനത്തിൽ തിരിച്ചു പോകുന്നവരാണ് നിങ്ങളിൽ അധികം പേരും എന്നെനിക്കറിയാം. എന്നാൽ സക്കായി അങ്ങനെയല്ല ചിന്തിച്ചത്. അവൻ മറ്റുള്ളവരെ കുറ്റപ്പെടുത്താതെ സ്വന്തം കുറവ് കണ്ടുപിടിച്ച് അതിനുള്ള പരിഹാരത്തിന് ശ്രമിക്കുകയായിരുന്നു.

ഒരു കാര്യം ഞാൻ ഇവിടെ എടുത്ത് പറയട്ടെ: എന്നെ അനുഗമിക്കുന്നവരാണെന്ന് നടിച്ചുകൊണ്ട് എന്റെ കൂടെ മുൻനിരയിൽ നടക്കുന്നവർ സ്വയം പ്രദർശിപ്പിക്കുന്നതിൽ താല്പര്യം ഉള്ളവരും എന്നെ കാണാൻ ആഗ്രഹിക്കുന്നവർക്ക് തടസ്സം നിൽക്കുന്നവരും ആണെന്ന് നിങ്ങൾ തിരിച്ചറിയണം. എന്റെ കൂട്ടത്തിൽ പൊക്കം കാണിച്ച് നടക്കുന്നവർ പൊക്കമില്ലാത്ത സക്കായിയെ പോലുള്ളവർക്ക് എന്നെ കാണുവാൻ തടസ്സവും ഇടർച്ചയും ഉണ്ടാക്കുന്ന കാര്യം തിരിച്ചറിഞ്ഞു പിന്മാറി നടക്കണം. മുന്നിൽ നടക്കുന്ന എന്റെ പിന്നിൽ അനുഗമിക്കുന്നവരാകണം നിങ്ങൾ. എന്നെക്കാൾ അധികം നിങ്ങളെ കാണിക്കുവാൻ വേണ്ടി എന്റെ കൂടെ നടക്കുന്നവരെ അധികകാലം ഞാൻ കൂടെ നിർത്തുക ഇല്ല എന്ന് ഓർക്കുക. എന്നെ അന്വേഷിക്കുന്നപാപികളെയും രോഗികളെയും നിരാശ്രയരെയും കാണുമ്പോൾ, ഞാൻ അവരെ അന്വേഷിച്ചു കണ്ടെത്തി രക്ഷിക്കുമെന്ന് പഠിപ്പിക്കുവാനാണ് ഞാൻ ഇവിടെ സക്കായിയുടെ അനുഭവം വിവരിക്കുന്നത്. സക്കായി പാപി ആയിരുന്നു എന്ന കുറ്റബോധം അവനുണ്ടായി എന്ന് എനിക്ക് മനസ്സിലായി. ഞാനത് ക്ഷമിക്കും എന്നും അവൻ വിശ്വസിച്ചു. അതനുസരിച്ച് എന്റെ മുൻപാകെയും ജനത്തിന് മുൻപാകെയും അവന്റെ തെറ്റുകൾ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുവാൻ ഞാൻ അവന് ഒരു അവസരം ഉണ്ടാക്കുകയായിരുന്നു.

ഞാൻ മുന്നോട്ട് തന്നെ നടന്നു. സക്കായി പിന്മാറാതെ തന്റെ ആഗ്രഹം പൂർത്തിയാക്കുന്നതിനായി ഞങ്ങൾ കാണാതെ മറുവശത്തുകൂടി

വേഗത്തിലോടി. അവൻ എന്റെ കൂടെ തടസ്സം ഉണ്ടാക്കിയിരുന്ന ജനങ്ങളെ കുറ്റപ്പെടുത്തുന്നതിനു പകരം സ്വന്തം പൊക്കക്കുറവ് മനസ്സിലാക്കി പരിഹാരമാർഗ്ഗം ആലോചിച്ചു കണ്ടെത്തുകയായിരുന്നു. അങ്ങ് ദൂരെ ഒരു അത്തിവൃക്ഷം കണ്ടു, നിറയെഇലകൾ ഉണ്ടായിരുന്നതിനാൽ അതിന്മേൽ കയറി ഏതെങ്കിലും ഉയർന്ന കൊമ്പിന്മേൽ ഇലകൾക്കിടയിൽ ഒളിച്ചിരുന്ന്, കടന്നുപോകുന്ന എന്നെ കാണാം എന്ന് അവൻ കണക്കുകൂട്ടി. സത്യത്തിൽ അവന്റെ ചെറിയ കാലും കൈയും ഉപയോഗിച്ച് ആ മരത്തിൽ കയറുന്നത് അത്ര എളുപ്പമല്ല എന്ന് അറിയാമെങ്കിലും, അവന്റെ മനസ്സിന്റെ തീരുമാനം നടപ്പാക്കുവാൻ ശരീരം വഴങ്ങി കൊടുത്തു. ദൈവത്തെ കാണാനുള്ള അവന്റെ പരിശ്രമത്തിന്റെ തീവ്രത നിങ്ങളും ശ്രദ്ധിച്ച് മനസ്സിലാക്കി നിങ്ങളുടെ ആത്മീയ ഓട്ടത്തിൽ അപ്രകാരം പരിശീലിക്കണം. അതായത് മറ്റുള്ളവരെ കുറ്റപ്പെടുത്താതെ സ്വർഗത്തിലേക്ക് നോക്കി സ്വന്തം കുറവുകൾ കണ്ടെത്തി, അതിന് പരിഹാരം ഉണ്ടാക്കുവാൻ എന്ത് ചെയ്യണമെന്ന് ദൈവാത്മാവുമായി ആലോചിക്കണം. പാപത്തെ പറ്റിയുള്ള വ്യക്തമായ ചിത്രം മനസ്സിൽ ലഭിക്കുവാനും അവ എത്രയും വേഗം ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും ഏറ്റു പറയുവാനും ന്യായപ്രമാണം നിർദ്ദേശിക്കുന്ന പ്രായശ്ചിത്തം ചെയ്യുവാനും സാധിക്കണം എന്ന വലിയ ഒരു ഗുണപാഠമാണ് സക്കായി കാണിച്ചുതന്നത്.

സക്കായിയുടെ ആത്മീയ അന്വേഷണത്തിൽ അവൻ എടുത്ത വിവിധഘട്ടങ്ങൾ ഞാൻ അക്കമിട്ടു പറയാം.

1) സമ്പത്തിലും സുഖസൗകര്യങ്ങളിലും അഹങ്കരിച്ചില്ല, സന്തോഷിച്ചില്ല.

2) ജീവിതത്തിൽ പാപം ചെയ്യുവാൻ ഇടയാക്കുന്നു എന്ന് തിരിച്ചറിയാൻ തക്ക മാനസാന്തര അനുഭവം പരിശുദ്ധാത്മ സഹായത്തോടെ ലഭിക്കുവാനായി വിശ്വാസവും വിനയവും നിറഞ്ഞ ഒരു വിശുദ്ധ ഹൃദയം കാത്തുസൂക്ഷിച്ചു.

3) ദൈവത്തെ നേരിട്ട് കണ്ട് മാപ്പപേക്ഷിച്ച് ദൈവജനസമൂഹത്തിൽ പങ്കുചേർന്ന് ജീവിക്കുവാൻ ആഗ്രഹിച്ചു.

4) അപ്രകാരമുള്ള ആഗ്രഹം നടപ്പാക്കാൻ ശ്രമിക്കുമ്പോൾ എന്തെല്ലാം തടസ്സങ്ങൾ നേരിട്ടാലും, മറ്റാരെയും കുറ്റപ്പെടുത്താതെ സ്വന്തം പൊക്കകുറവ് കണ്ടെത്തി അതിനുള്ള പരിഹാരത്തിനായി ഉയരം തേടി ഓടാൻ തുടങ്ങി.

5) ലക്ഷ്യം കണ്ടെത്തിയാൽ അതിലേക്ക് നിരന്തരമായി കഷ്ടപ്പെട്ടു ഓടി എത്തുക എന്ന ആത്മീയ ശിക്ഷണക്രമമുള്ള ജീവിതത്തിൽ നിന്നും പിന്മാറാതെ മുന്നോട്ടു പോകുവാൻ അവൻ അധ്വാനിച്ചു.

6) അത്തിമരത്തിൻമേൽ കയറുന്ന അനുഭവമാണ് ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിങ്ങനെയുള്ള സുകൃതങ്ങൾ വഴി നടപ്പാക്കാൻ ശ്രമിക്കേണ്ടത്. ദൈവത്തെ കാണുവാൻ തക്ക "ഉയരം" എത്തുന്നതുവരെയും ആത്മീയ അധ്വാനം മടുത്തു പോകാതെ തുടരണം.

7) നിങ്ങൾ ചെയ്യുന്ന ഈ ആത്മീയ അഭ്യാസമുറകളും, നിങ്ങൾ ദൈവത്തെ കണ്ടുകൊണ്ട് മുകളിൽ കയറി ഇരിക്കുന്ന അനുഭവവും രഹസ്യത്തിൽ തന്നെ ചെയ്യണം. രഹസ്യത്തിൽ കാണുന്ന പിതാവ് നിങ്ങൾക്ക് പ്രതിഫലം തരും. (മത്തായി ആറാം അധ്യായം)

സക്കായി ഓടിക്കയറിയ "അത്തി" വൃക്ഷത്തെപറ്റി ചില കാര്യങ്ങൾ കൂടി മനസ്സിലാക്കുക. ദൈവീക ദർശനവുമായി ബന്ധപ്പെട്ട് പല സന്ദർഭങ്ങളിലും അത്തി വൃക്ഷംപ്രാധാന്യമർഹിക്കുന്നു.ഏദൻ തോട്ടത്തിൽ ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ അവർ നാണം മറയ്ക്കുവാൻ ആശ്രയിച്ചത് അത്തിയുടെ ഇലകളെയാണ്.(ഉല്പത്തി 3:7)

അത്തിപ്പഴത്തിന് രോഗ സൗഖ്യ ശേഷിയുണ്ട്. (2 രാജ: 20: 7). എന്റെ ശിഷ്യൻ നദാനിയേൽ അത്തിയുടെ ചുവട്ടിലിരുന്നത് കണ്ടിട്ടാണ് അവൻ കളങ്കമില്ലാത്ത ഇസ്രായേല്യൻ എന്ന് ഞാൻ പറഞ്ഞത്. അത്തി വൃക്ഷത്തെ ശപിച്ചു ഉണക്കിയ കാര്യം നിങ്ങൾക്ക് അറിയാമല്ലോ.(മത്തായി 21:19). കായകൾ ഇല്ലാതെ ഇലകൾ മാത്രം തഴച്ചുവളരുന്ന പ്രവണത മനുഷ്യരെ വഞ്ചിക്കുന്നതാണ്. ഇലകൾ മാത്രമായി നിന്നിരുന്ന യഹൂദ ജനതയ്ക്ക് ഒരു മുന്നറിയിപ്പ് നൽകാനാണ് ഞാൻ അന്ന് അത്തി വൃക്ഷത്തെ ഉണക്കി കളഞ്ഞത്. "കപടഭക്തി"എനിക്ക് ഒരിക്കലും സഹിക്കാൻ കഴിയില്ല എന്ന് നിങ്ങൾ മനസ്സിലാക്കുക.

സക്കായിയെ സംബന്ധിച്ച് അവന്റെ ഭാഗത്തുനിന്നും എന്നെ നേരിട്ട് കണ്ട് മനസ്സിലാക്കാനുള്ള പൂർണ്ണ പരിശ്രമം പൂർത്തിയാക്കി. എന്നെ ഒന്ന് കണ്ടു മനസ്സിലാക്കിയാൽ പിന്നീട് ആരും കാണാതെ വിശദമായി എന്നോട് സംസാരിക്കണം എന്ന് അവൻ ആഗ്രഹിച്ചിരുന്നത് എനിക്കറിയാം. നേരത്തെ നിക്കോദിമോസ് എന്നെ രാത്രിയിൽ കാണാൻ വന്നിരുന്നില്ലേ, അതുപോലെ. ആത്മീയ ജീവിതത്തിൽ മനുഷ്യൻ എന്ന നിലയിൽ സക്കായി ചെയ്യാനുള്ള കാര്യങ്ങളെല്ലാം പരമാവധി ചെയ്തു

എന്ന് ഞാൻ മനസ്സിലാക്കി. തുടർന്നുള്ള കാര്യങ്ങൾ ദൈവത്തിന്റെ ഭാഗത്തുനിന്നുമാണ് ഉണ്ടാകേണ്ടത്. ഞാൻ നേരത്തെ പലപ്രാവശ്യം പറഞ്ഞതുപോലെ, മനുഷ്യന്റെ വിശ്വാസപൂർവ്വമായ പരിശ്രമവും ദൈവത്തിന്റെ സ്നേഹപൂർവമായ ഇടപെടലുമാണ് എല്ലാ അനുഗ്രഹങ്ങളും അത്ഭുത പ്രവൃത്തികളും സാധ്യമാക്കി തീർക്കുന്നത്. ഇവിടെയും സംഭവിച്ചത് അത് തന്നെയാണ്.

ഞാനും ശിഷ്യന്മാരും കൂടെയുണ്ടായിരുന്ന ജനക്കൂട്ടവും സക്കായി കയറിയിരുന്ന അത്തി മരത്തിന്റെ നേരെ ചുവട്ടിൽ എത്തി. ഞാൻ അവിടെ നിന്നപ്പോൾ ജനക്കൂട്ടവും നിന്ന് കാര്യം അന്വേഷിക്കാൻ തുടങ്ങി. ഞാൻ സാവധാനം മുകളിലേക്ക് നോക്കി, കുറച്ചു ഇലകൾ ഇളകുന്നത് കണ്ടു. ഞങ്ങളെ കണ്ടപ്പോൾ സക്കായി പരിഭ്രമിച്ച് ഒളിച്ചിരിക്കാൻ ശ്രമിച്ചത് കൊണ്ടാണ് ഇലകൾ ഇളകിയത്. സമയം കളയാതെ ഞാൻ ഉറക്കെ ഇങ്ങനെ വിളിച്ചു പറഞ്ഞു:

"സക്കായിയെ, നീ വേഗം ഇറങ്ങി വാ. ഞാൻ ഇന്ന് നിന്റെ വീട്ടിൽ താമസിക്കുവാൻ വന്നതാണ്." പേരുവിളിച്ച് പറയുന്നത് കേട്ട് അവൻ ആകെ പരിഭ്രമിച്ചു. ജനം കാണാതിരിക്കാനും കളിയാക്കാതിരിക്കാനുമായിട്ടാണ് ഇത്രയും കഷ്ടപ്പെട്ട് രഹസ്യമായി ഇങ്ങനെയൊക്കെ ചെയ്തത്. അത് ഞാൻ വെളിപ്പെടുത്തിയതിന്റെ നാണത്തിനു പകരം, അവൻ എന്റെ വിളികേട്ട് ധൈര്യം സമ്പാദിച്ച് ഉടനെ ഇറങ്ങിവന്ന് എന്റെ മുമ്പിൽ കൈകൂപ്പി നിന്നു. കണ്ടുനിന്നവരെല്ലാം എന്നെ പറ്റി ഇങ്ങനെ പിറുപിറുത്തു: "ഇവൻ പാപിയായ ഒരു മനുഷ്യനോട് കൂടി പാർക്കുവാൻ പോകുന്നല്ലോ".

വളരെ ധൈര്യത്തോടെ സക്കായി ജനക്കൂട്ടത്തിന്റെ മുൻപാകെ ഇങ്ങനെ ഒരു പരസ്യ കുമ്പസാരം അഥവാ പാപം ഏറ്റുപറച്ചിൽ നടത്തി. "കർത്താവേ എന്റെ വസ്തുവകകളിൽ പകുതി ഞാൻ ദരിദ്രന്മാർക്ക് കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ 4 ഇരട്ടി തിരിച്ചു കൊടുക്കുന്നതാണ്."

പരസ്യമായി ഇപ്രകാരമൊരു കുറ്റസമ്മതവും പ്രായശ്ചിത്തകാര്യവും പറഞ്ഞപ്പോൾ അവന്റെ മനസ്സിന്റെ മഹാത്മ്യം എനിക്ക് മാത്രമല്ല അവിടെ കൂടിയിരുന്ന എല്ലാവർക്കും ബോധ്യമായി.

## അവന്റെ പ്രസ്താവനയിൽ വ്യക്തമാകുന്ന ചില കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കണം.

1) അവൻ തന്റെ ജോലിയിൽ കൂടി സമ്പാദിച്ചിരുന്ന രീതികൾ തെറ്റാണെന്ന് അവനു ബോധ്യം വന്നതിന് പ്രധാനകാരണം, അവൻ ദൈവത്തെയും ന്യായ പ്രമാണത്തെയും അറിഞ്ഞു ജീവിക്കുന്നവൻ ആയിരുന്നു എന്നതാണ്. ബാഹ്യമായ നോട്ടത്തിൽ ജനം പാപിയാണ് എന്ന് എണ്ണി അവനെ ബഹിഷ്കരിച്ചിരുന്നു എങ്കിലും ദൈവത്തിന് അവന്റെ മനസ്സിൽ സ്ഥാനം ഉണ്ടായിരുന്നു.

2) അവന്റെ തെറ്റുകൾ കൃത്യമായി മനസ്സിലാക്കുവാനും, തക്ക പ്രായശ്ചിത്തം ന്യായപ്രമാണപ്രകാരം പരസ്യമായി പറയുവാനും ആവശ്യമായ വേദപരിജ്ഞാനം അവനുണ്ടായിരുന്നു. സാധാരണ മോഷണം ആണെങ്കിൽ ഇരട്ടിയും പിടിച്ചുപറിച്ച് ആണെങ്കിൽ നാലിരട്ടിയും തിരിച്ചു നൽകണമെന്നായിരുന്നു മോശ കൽപിച്ചിരുന്നത്. (പുറപ്പാട് 22: 1– 4). സാധാരണ നിലയിൽ ചെയ്യുന്ന മറ്റ് ദ്രോഹങ്ങൾക്ക് പാപം ഏറ്റു പറഞ്ഞ് ക്ഷമ ചോദിക്കുകയും തങ്ങളുടെ അകൃത്യത്തിന് പ്രതിശാന്തിയായി മുതലും അതിൽ അഞ്ചിലൊന്നും (20 ശതമാനം) കൂട്ടി തിരിച്ചുകൊടുക്കണം എന്നുമായിരുന്നു നിയമം. (ലേവ്യാ 5: 5 –7).

3) ഇതിനും പുറമേ സക്കായി സ്വമേധയാ ജീവകാരുണ്യ പ്രവർത്തനം നടത്തിയിരുന്നതായും ഇവിടെ പരസ്യമായി പറയുന്നുണ്ട്. വസ്തുവകയിൽ പകുതി ദരിദ്രർക്ക് കൊടുക്കുന്ന മനസ്സലിവുള്ളവനായിരുന്നു സക്കായി. പൊതുജനം പാപിയായി മുദ്രകുത്തി അകറ്റി നിർത്തിയിരുന്ന സക്കായിയോടു ഞാൻ പരസ്യമായി ക്ഷമിക്കുക മാത്രമല്ല, അഭിനന്ദിക്കുകയും അവന്റെ ഭവനത്തിൽ ഭക്ഷണത്തിനു പോവുകയും ചെയ്തു. സാധാരണ നിലയിൽ ഞങ്ങളെ ക്ഷണിക്കാതെ ഞങ്ങൾ ആരുടെയും വീട്ടിൽ ഭക്ഷണത്തിന് പോകുന്ന പതിവില്ലായിരുന്നു. എന്നാൽ സഖായിയുടെ കാര്യത്തിൽ അവന്റെ മനസ്സിന് പൂർണ്ണ സൗഖ്യം ലഭിക്കേണ്ടത് ആവശ്യമായതിനാൽ ഞാൻ അവന്റെ ഭവനത്തിൽ പോയി അത്താഴം കഴിച്ചു അവനും അവന്റെ കുടുംബാംഗങ്ങൾക്കും സമാധാനം നൽകി. ഞങ്ങൾ അവന്റെ ഭവനത്തിലേക്ക് കയറിച്ചെല്ലുമ്പോൾ അവന്റെ മാതാപിതാക്കളും ഭാര്യയും മക്കളും എന്നെ കണ്ടു വളരെ ഭക്തിപൂർവ്വം സ്വീകരിച്ചു. അവിടങ്ങളിൽ താമസിച്ചിരുന്ന ആൾക്കാരൊക്കെ അവിടെ വന്നുകൂടി. എല്ലാവരും കേൾക്കെ ഞാൻ ഇങ്ങനെ പറഞ്ഞു:" ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ ഭവനത്തിന് രക്ഷ വന്നു.

കാണാതെ പോയതിനെ തിരഞ്ഞ് രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്"

(ലൂക്കോസ് 19: 1– 10). അവിടെ എന്നെ കേട്ടുകൊണ്ട് നിന്നിരുന്ന മറ്റു കുടുംബാംഗങ്ങൾ എല്ലാവരും ദൈവിക സമാധാനം നിറഞ്ഞവരായി മാറിയ കാഴ്ച അവരുടെ മുഖങ്ങളിൽ കണ്ട് ഞാൻ സ്വർഗ്ഗപിതാവിനെ മഹത്വപ്പെടുത്തി. ഞാൻ നൽകുന്ന സന്തോഷവും സമാധാനവും പാപമോചനവും മനുഷ്യഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്നു എന്നതാണ് വലിയ അത്ഭുതമായി എനിക്ക് തോന്നുന്നത്.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക. സഖായി എന്ന ഏക വ്യക്തിയുടെ മാനസാന്തരം അവന്റെ കുടുംബത്തിന് മുഴുവൻ രക്ഷയ്ക്ക് കാരണമായി. ആദാം എന്ന ഏക മനുഷ്യന്റെ ലംഘനം മൂലം മനുഷ്യവംശം മുഴുവനും മരണത്തിനും പാപത്തിനും അടിമകളായി. "രണ്ടാം ആദം" ആകുന്ന എന്റെ അനുസരണം മൂലം മനുഷ്യവംശം മുഴുവനും രക്ഷ ലഭിക്കുവാൻ മുഖാന്തരമായി എന്ന വലിയ കാര്യം നിങ്ങൾ ഒരിക്കലും മറക്കരുത്. ഒരു വ്യക്തി എന്ന നിലയിൽ ഓരോരുത്തരും ചെയ്യുന്ന തിൻമകളുടെ ഫലം എല്ലാവരെയും ബാധിക്കുന്നു എന്നോർക്കുക. നിങ്ങൾ ചെയ്യുന്ന "തിരുത്തലുകൾ"സഖായിയുടെ കുടുംബത്തിനെന്നപോലെ

നിങ്ങളുടെ വിശാലകുടുംബത്തിനും പിൻ തലമുറകൾക്കും അനുഗ്രഹമാകും എന്ന് ഓർക്കുക. ആയതിനാൽ എത്രയും വേഗം മാനസാന്തര അനുഭവത്തിൽ എത്തി എന്നോടൊപ്പം സന്തോഷ ജീവിതം നയിക്കുവാൻ ആഗ്രഹിച്ച് സക്കായി ചെയ്തതുപോലെ പരമാവധി പരിശ്രമിക്കുക. ഞാൻ നിങ്ങളുടെ പരിശ്രമം കണ്ട് വിലയിരുത്തി നിങ്ങളുടെ ഭവനത്തിന് മുഴുവൻ രക്ഷ നൽകും. നിങ്ങൾ എന്നെ ശരിയായി അന്വേഷിക്കുമെങ്കിൽ നമ്മൾ തമ്മിൽ കണ്ടുമുട്ടും നിശ്ചയം.

30–1–2021.

## അദ്ധ്യായം 82

# ബഥന്യായിലെ ലാസറിനെ ഞാൻ ഉയിർപ്പിക്കുന്നു

**(യോഹന്നാൻ 11: 1–57)**

യറീഹോവിൽ നിന്ന് ഗലീലയിലേക്ക് ഞങ്ങൾ യാത്ര തുടർന്ന് ജോർദാൻ നദീതീരത്ത് എത്തിയപ്പോൾ അവിടെ കുറച്ചു ദിവസങ്ങൾ ചെലവഴിക്കണം എന്ന് തോന്നി. എന്റെ അവസാനത്തെ സന്ദർശനമായിരുന്നു അത്. അവിടെവെച്ച് ഉണ്ടായ എന്റെ പഴയ അനുഭവങ്ങൾ ഞാൻ അയവിറക്കി. യോഹന്നാൻ സ്നാനം നൽകിയതും ഞാൻ ദൈവപുത്രനാണെന്ന പരസ്യപ്രഖ്യാപനം നടന്നതും ഞാൻ "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന യോഹന്നാന്റെ സാക്ഷ്യവും അതുകേട്ട് വിശ്വസിച്ച എന്റെ ആദ്യശിഷ്യന്മാർ എന്നെ അനുഗമിക്കാൻ അന്വേഷിച്ചു വന്നതും എല്ലാം ഞാൻ അവിടെ ഇരുന്നു ഓർക്കുകയായിരുന്നു.

അതിന് അടുത്തുതന്നെയുള്ള മരുഭൂമിയിൽ വച്ചുണ്ടായ പ്രലോഭനങ്ങൾ, പ്രതികരണങ്ങൾ, എന്റെ തീരുമാനങ്ങൾ ഇവയെല്ലാം എന്റെ മനോമുകുരത്തിൽ തെളിഞ്ഞു വന്നപ്പോൾ സമയം കഴിഞ്ഞു പോയത് അറിഞ്ഞില്ല. ഞാൻ ശിഷ്യന്മാരുമായി കുറേ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്, ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ ഉണ്ടാകാനിരുന്ന സംഭവങ്ങളിലേക്കുള്ള നല്ല ഒരു തയ്യാറെടുപ്പ് ആയിരുന്നു.

അങ്ങനെ ഞങ്ങൾ ഇരിക്കുമ്പോൾ ബദാന്യയിൽ നിന്നും ലാസറിന്റെ രോഗവിവരം അറിയിച്ചുകൊണ്ട് ഒരാൾ എന്റെ അടുക്കൽ വന്നു പറഞ്ഞു,:"കർത്താവേ നിനക്ക് പ്രിയനായവൻ ദീനമായി കിടക്കുന്നു". ഞാൻ മറുപടി പറഞ്ഞു :" ഈ ദീനം മരണത്തിന് ആയിട്ടല്ല, ദൈവത്തിന്റെ മഹത്വത്തിനായിട്ടാണ് ". ദൂതൻ അത് കേട്ട് തിരിച്ചു പോയി. ഞാനും ശിഷ്യന്മാരും യോർദാൻ പ്രദേശത്ത് തന്നെ രണ്ടുദിവസം കൂടി താമസിച്ചു.

ഒരു ഗൃഹാതുരത്വം പോലെ എനിക്ക് യോർദ്ദാൻ പ്രദേശത്തോട് യാത്ര പറയാൻ മനസ്സ് അനുവദിക്കുന്നുണ്ടായിരുന്നില്ല. 30 വയസ്സിൽ എന്റെ പരസ്യപ്രവർത്തനം ആരംഭിച്ച ആ പ്രദേശം ഇനിയും കാണാൻ കഴിയില്ലെന്ന ചിന്ത എന്നെ അല്പമായി അലട്ടിയിരുന്നു. എന്റെ ശുശ്രൂഷയുടെ അവസാന ഘട്ടത്തിൽ കൂടുതൽ ഊർജ്ജം ലഭിക്കുന്നതിനായി ഈ യോർദാൻ സന്ദർശനം ഏറെ സഹായിച്ചു.

ഒടുവിൽ ഞാൻ ശിഷ്യന്മാരോട് , വീണ്ടും നാം യഹൂദ്യയിലേക്ക് പോകണം എന്ന് പറഞ്ഞു. എന്നാൽ അവർ ഭയപ്പെട്ട് എന്നോട് ഇങ്ങനെ പറഞ്ഞു,: " ഗുരുവേ, യഹൂദന്മാർ ഇപ്പോൾ തന്നെ നിന്നെ കല്ലെറിയാൻ ശ്രമിച്ചുവല്ലോ, നീ പിന്നെയും അവിടെ പോകുന്നുവോ?". ഞാൻ പറഞ്ഞു,"പകലിന് 12 മണിക്കൂർ നേരം ഇല്ലയോ? പകൽസമയത്ത് നടക്കുന്നവൻ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നതുകൊണ്ട് ഇടറുന്നില്ല, രാത്രിയിൽ നടക്കുന്നവനോ വെളിച്ചം ഇല്ലാത്തതുകൊണ്ട് ഇടറുന്നു"

ശിഷ്യന്മാർ പരിശ്രമിച്ചുകൊണ്ട് എന്നെ മൗനമായി നോക്കിനിന്നു. ഞാൻ കുറച്ചുകൂടി ഗൗരവമായി ഇങ്ങനെ പറഞ്ഞു, "നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു. എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു". ശിഷ്യന്മാർ അല്പം ആശ്വാസത്തോടെ പറഞ്ഞു, "കർത്താവേ, അവൻ നിദ്ര കൊള്ളുന്നു എങ്കിൽ അവന് സൗഖ്യം വരും". അതുകൊണ്ട് ഇപ്പോൾ യഹൂദ്യയിലേക്ക് ഉടനെ പോകേണ്ടതില്ലല്ലോ എന്നാണ് അവർ സൂചിപ്പിച്ചത്.

ഞാൻ അവരോട് സ്പഷ്ടമായി പറഞ്ഞു: " ലാസർ മരിച്ചുപോയി. ഞാനവിടെ ഇല്ലാത്തതുകൊണ്ട് നിങ്ങളെ വിചാരിച്ച് സന്തോഷിക്കുന്നു. നിങ്ങൾ വിശ്വസിക്കാൻ ഇടയാകുമല്ലോ. എന്നാൽ നാം അവരുടെ അടുക്കൽ പോകാം". അതുകേട്ട് ശിഷ്യന്മാർ എല്ലാവരും തന്നെ പരസ്പരം നോക്കി ഭയം പ്രകടിപ്പിച്ചപ്പോൾ തോമസ് എല്ലാവരോടുമായി ഇങ്ങനെ പറഞ്ഞു:" അവനോടു കൂടി മരിക്കേണ്ടതിന് നമുക്കും പോകാം". അങ്ങനെ ഞങ്ങൾ ഒട്ടും താമസിയാതെ ലാസറിന്റെ ഭവനം ലക്ഷ്യമാക്കി യാത്ര തുടങ്ങി. മലമ്പ്രദേശം ആയതിനാൽ കയറ്റ യാത്രയിൽ വളരെ സാവധാനമായിട്ടാണ് നടക്കുവാൻ കഴിഞ്ഞത്.

ഞങ്ങൾ അവിടെ എത്തിയപ്പോൾ ലാസറിനെ കല്ലറയിൽ വച്ചിട്ട് നാല് ദിവസമായി എന്നറിഞ്ഞു. അവിടെയുള്ള ആളുകൾക്ക് പുറമേ മൂന്നു മൈൽ അകലെയുള്ള യെരുശലേമിൽ നിന്നും കുറെ ബന്ധുക്കളും

സ്നേഹിതരും ആ ഗ്രാമത്തിൽ എത്തിയിരുന്നു. യഹൂദന്മാരുടെ വിലാപ കാലം 30 ദിവസം നീണ്ടു നിൽക്കുന്നതിനാൽ മരണവീട്ടിൽ എപ്പോഴും ഗായകസംഘം വിലാപം നടത്തുമായിരുന്നു. അങ്ങനെ കരയുന്നവരുടെ ശബ്ദം ഞങ്ങൾ അകലെനിന്ന് കേട്ടിരുന്നു. അവരുടെ കണ്ണീർ കപ്പിൽ ശേഖരിച്ച് മൃതദേഹത്തിന് അടുത്തുതന്നെ ഖബറിൽ വയ്ക്കുമായിരുന്നു. കണ്ണുനീർ നിറഞ്ഞ കപ്പുകളുടെ എണ്ണം അനുസരിച്ചാണ് പലപ്പോഴും പരേതന്റെ പ്രാധാന്യം നിശ്ചയിച്ചിരുന്നത്.

ഞങ്ങൾ ചെന്നയുടനെ ഭവനത്തിലേക്ക് പോകാതെ ഗ്രാമത്തിന്റെ പ്രവേശന അതിർത്തിയിൽ തന്നെ നിന്ന് ലാസറിന്റെ സഹോദരിമാരെ വിവരം അറിയിക്കുവാൻ ഒരാളെ പറഞ്ഞയച്ചു. ഞാൻ എത്തി എന്ന് കേട്ടയുടനെ മാർത്ത ഓടിവന്ന് ദുഃഖത്തോടെ പരിഭവം പറഞ്ഞു,:" കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു.". ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു:" നിന്റെ സഹോദരൻ ഉയർത്തെഴുന്നേൽക്കും" അവളുടെ മറുപടിഇങ്ങനെയായിരുന്നു, "ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് ഞാൻ അറിയുന്നു". ഞാനവളോട് ഇങ്ങനെ പ്രഖ്യാപിച്ചു പറഞ്ഞു:" ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. ഇത് നീ വിശ്വസിക്കുന്നുവോ?"

എന്റെ ചോദ്യത്തിന് അവളുടെ ഉറച്ച മറുപടി ഇങ്ങനെയായിരുന്നു:"ഉവ്വ് കർത്താവേ,ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു". അങ്ങനെ പറഞ്ഞിട്ട് അവൾ ഓടിപ്പോയി സഹോദരി മറിയയെ വിളിച്ചു. അവർ രണ്ടുപേരും ധൃതിയിൽ പുറപ്പെടുന്നത് കണ്ടു, അവർ കല്ലറയിൽ കരയുവാൻ പോവുകയാണെന്ന് മറ്റുള്ളവർ കരുതി. അവർ എന്റെ അടുക്കൽ എത്തുന്നത് വരെ ഞാൻ ഗ്രാമത്തിൽ പ്രവേശിക്കാതെ നിൽക്കുകയായിരുന്നു. മാർത്ത പറഞ്ഞ അതേ വാചകം തന്നെ മറിയയും എന്റെ കാൽക്കൽവീണ് പറഞ്ഞു,:

"കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു". അവർ കരയുന്നതും കൂടെ ഉണ്ടായിരുന്ന എല്ലാവരും കരയുന്നതും കണ്ടപ്പോൾ എന്റെ ഉള്ളം നൊന്തു കലങ്ങി."അവനെ വെച്ച സ്ഥലം എവിടെ?" എന്ന് ഞാൻ

ചോദിച്ചു."കർത്താവേ വന്നു കാൺക" എന്നു പറഞ്ഞ് അവർ കല്ലറയുടെ അടുക്കലേക്ക് നടന്നു. എനിക്ക് അവരോട് കഠിനമായ മനസ്സലിവ് തോന്നി. എന്റെ കണ്ണിൽ നിന്നും കണ്ണീരൊഴുകുന്നത് ഞാനറിഞ്ഞു. എന്റെ ജീവിതത്തിൽ ആദ്യമായി കരഞ്ഞ ഒരു അവസരം ആയിരുന്നു അത്. പിന്നീട് ഒരിക്കൽ കൂടി യെരുശലേമിന്റെ നാശത്തെ മുൻകൂട്ടിക്കണ്ട് കരഞ്ഞതും ഞാൻ ഓർക്കുന്നു. ഞാൻ കരയുന്നത് കണ്ട് അവിടെയുണ്ടായിരുന്ന ചില യഹൂദന്മാർ എന്റെ സ്നേഹഭാവത്തെ പ്രശംസിച്ചപ്പോൾ, മറ്റുചിലർ,"കുരുടന്റെ കണ്ണുതുറന്നവന് ഇവനെയും മരിക്കാതിരിക്കാൻ കഴിഞ്ഞില്ലല്ലോ"എന്ന് പറഞ്ഞ് വിമർശിക്കുന്നതും ഞാൻ കേട്ടു. ഗലീല പ്രദേശത്ത് വെച്ച് യായിറോസിന്റെ മകളെ ഉയർപ്പിച്ചതും നയിൻ പട്ടണത്തിലെ വിധവയുടെ മകനെ ഉയർപ്പിച്ചതും യഹൂദ പ്രദേശത്തുള്ള ഇവർ അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. അഥവാ അറിഞ്ഞവർ ഉണ്ടെങ്കിൽ തന്നെ അവർ അത് വിശ്വസിച്ചിട്ടില്ലായിരിക്കും.

കല്ലറക്കൽ വെച്ചിരുന്ന കല്ല് നീക്കുവാൻ ഞാൻ പറഞ്ഞു. മാർത്ത ഇങ്ങനെ തടസ്സം പറഞ്ഞു,:"കർത്താവേ, നാറ്റം വെച്ച് തുടങ്ങി, നാല് ദിവസം ആയല്ലോ."ഞാനവളോട്,"നീ വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണും"എന്ന് പറഞ്ഞു. അവർ കല്ല് നീക്കിയപ്പോൾ ഞാൻ മേലോട്ട് നോക്കി ഇങ്ങനെ പറഞ്ഞു:"പിതാവേ നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ പുകഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്ന് ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും നീ എന്നെ അയച്ചു എന്ന് ചുറ്റും നിൽക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നു."ഇങ്ങനെ പറഞ്ഞിട്ട്,ലാസറെ പുറത്തുവരികഎന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. എല്ലാവരും ഇത് കേട്ട് അത്ഭുതപ്പെട്ടു നിൽക്കുകയായിരുന്നു. സാവധാനം എല്ലാവരെയും പരിഭ്രമിപ്പിച്ചുകൊണ്ട്, ശീലയിൽ പൊതിഞ്ഞ, ബന്ധിക്കപ്പെട്ട അവസ്ഥയിൽ തന്നെ ലാസർ കബറിൽ നിന്ന് പുറത്തേക്ക് വന്നു. കണ്ടവരെല്ലാം സ്തംഭിച്ച്, അമ്പരന്ന് ഒന്നും മിണ്ടാൻ കഴിയാതെ നിന്നു. ലാസറിന്റെ കൈയും കാലും ശീലകൊണ്ട് കെട്ടിയും മുഖം റുമാൽ കൊണ്ട് മൂടിയു മിരുന്നു. ഞാൻ അവരോട് പറഞ്ഞു:" അവന്റെ കെട്ടഴി ക്കുവിൻ, അവൻ പോകട്ടെ".

ഇത് കണ്ടുനിന്ന യഹൂദന്മാർ പലരും എന്നിൽ വിശ്വസിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. മാർത്തയുടെയും മറിയയുടേയും സന്തോഷത്തിന് അതിരില്ലായിരുന്നു. എന്റെ ശിഷ്യന്മാരും പരസ്പരം നോക്കി അഭിമാനത്തോടെ ആഹ്ലാദം പങ്കിടുന്നുണ്ടായിരുന്നു.

എന്നാൽ ഈ വാർത്ത കേട്ട് മഹാപുരോഹിതന്മാരും പരീശന്മാരും സംഘം കൂടി എനിക്കെതിരെ ഗൂഢാലോചന നടത്തി. അവർ ഇങ്ങനെ ചിന്തിച്ചു "നാം എന്ത് ചെയ്യണം? ഈ മനുഷ്യൻ വളരെ അടയാളങ്ങൾ ചെയ്യുന്നുവല്ലോ. അവനെ ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. റോമാക്കാരും വന്ന് നമ്മുടെ സ്ഥലത്തെയും ജനത്തെയും എടുത്തുകളയും" എന്ന് പറഞ്ഞു. മഹാപുരോഹിതനായ കയ്യാഫ ഇങ്ങനെ എന്റെ മരണത്തെപ്പറ്റി ഒരു പ്രവചനം പറഞ്ഞു,:" നിങ്ങൾ ഒന്നും അറിയുന്നില്ല. ജനം മുഴുവനും നശിച്ചുപോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്ക് വേണ്ടി മരിക്കുന്നത് നന്ന് എന്ന് ഓർക്കുന്നുമില്ല". യഥാർത്ഥത്തിൽ ലോകപ്രകാരമുള്ള സ്ഥലവും സ്ഥാനങ്ങളും നഷ്ടപ്പെടുന്ന കാര്യം മാത്രമേ അദ്ദേഹം മനസ്സിൽ കരുതിയുള്ളൂ. സ്വർഗ്ഗരാജ്യത്തിലെ നിത്യജീവന്റെ അനുഭവത്തിലേക്ക് നയിക്കുവാൻ എന്റെ മരണം മുഖാന്തരം ആയിതീരുമെന്ന പ്രതീക്ഷ ഒന്നും അദ്ദേഹത്തിന് ഇല്ലായിരുന്നു.

ഏതായാലും അവർ എന്നെ കൊല്ലുവാൻ തീരുമാനിച്ചു കഴിഞ്ഞു എന്ന് എനിക്ക് മനസ്സിലായി. പിന്നീട് ഞാൻ അവർക്ക് പരസ്യമായി ഒറ്റയ്ക്ക് പ്രത്യക്ഷപ്പെടാതെ, യെരുശലേമിൽ നിന്നും കുറെ ദൂരെ എഫ്രയിം എന്ന പ്രദേശത്ത് പോയി ശിഷ്യന്മാരോടൊപ്പം രഹസ്യമായി താമസിച്ചു.

യെരുശലേമിൽ "പെസഹ" പെരുന്നാൾ അടുത്ത് വരികയാണ്. നാനാ ദിക്കുകളിൽ നിന്നും യഹൂദന്മാർ പെരുന്നാളിന് യെരുശലേമിൽ എത്തും.ദേവാലയത്തിലും പരിസരപ്രദേശങ്ങളിലും എന്നെ കണ്ടെത്തിയാൽ പിടിച്ചുകെട്ടികൊണ്ട് ചെല്ലുവാൻ പ്രത്യേകം ആളുകളെ മഹാപുരോഹിതൻ ചുമതലപ്പെടുത്തിയിരുന്നത് ഞാൻ മനസ്സിലാക്കി. ഞാൻ ഇരിക്കുന്ന സ്ഥലം ആരെങ്കിലും അറിഞ്ഞാൽ അറിവ് നൽകുന്നവർക്ക് പാരിതോഷികം നൽകുന്നതാണെന്ന അറിയിപ്പ് സന്നദ്രിംസംഘം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

എന്റെ ഈ ലോകപ്രവർത്തനത്തിന് അന്ത്യം അടുത്തു എന്ന് എനിക്ക് അറിയാമായിരുന്നെങ്കിലും എന്റെ സ്വർഗ്ഗപിതാവ് നിർദ്ദേശിക്കുന്ന സമയത്തിനായി ഞാൻ കാത്തിരിക്കുകയായിരുന്നു.

ഞാൻ ഭയപ്പെട്ട് ഒളിച്ചിരിക്കുകയായിരുന്നു എന്നാണ് യഹൂദ പ്രമാണിമാർ ചിന്തിച്ചിരുന്നത്. എന്നാൽ മരിക്കാൻ തന്നെ തയ്യാറായി വന്ന ഞാൻ എന്റെ സമയത്തിനായി കാത്തിരിക്കുകയായിരുന്നു.

**ലാസറിനെ ഉയർപ്പിച്ച സംഭവം ആയി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ.**

1) മോശ ദൈവത്തോട് പേര് ചോദിച്ചപ്പോൾ "ഞാൻ ആകുന്നു എന്നവൻ ഞാൻ ആകുന്നു" എന്ന് പറഞ്ഞതിന്റെ വിശദീകരണമായി, ഞാൻ ഈ ലോകത്തിൽ വന്നു പല പ്രഖ്യാപനങ്ങൾ നടത്തി, സ്വർഗ്ഗപിതാവിനെ വെളിപ്പെടുത്തി പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. ആ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രഖ്യാപനം നടത്തി തെളിയിക്കുവാൻ ആണ് ഞാൻ ലാസറിനെ ഉയർപ്പിച്ചത്."ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു"–ഈ കാര്യം നിങ്ങൾ എല്ലാവരും നന്നായി ഗ്രഹിക്കണം എന്നും അങ്ങനെ വിശ്വസിച്ചുകൊണ്ട് എന്റെ അടുക്കൽ എത്തി എല്ലാവരും നിത്യജീവൻ പ്രാപിക്കണം എന്നുമാണ് എന്റെ മനുഷ്യാവതാര ജീവിതലക്ഷ്യം.

2) ഗലീല പ്രദേശത്ത് വച്ച് നയിൻ ഗ്രാമത്തിലെ വിധവയുടെ മകനെ ഉയർപ്പിച്ചതും യായിറോസിന്റെ മകളെ ഉയർപ്പിച്ചതും പലരും വിശ്വസിച്ചു എങ്കിലും, അതിനെ വിമർശിച്ചു തള്ളിക്കളഞ്ഞവരും ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ മരിക്കാത്തവരെയാണ് ഞാൻ ഉയർപ്പിച്ചത് എന്നാണ് അവരുടെ വാദം. "നിദ്ര കൊള്ളുകയാണ്," "ഉറങ്ങുകയാണ് " എന്നീ പ്രയോഗങ്ങൾ ഞാൻ മരണത്തെ പറ്റി പറഞ്ഞത് അവർ അക്ഷരാർത്ഥത്തിൽ എടുത്തുകാണും. യഹൂദന്മാരുടെ കാഴ്ചപ്പാടിൽ മൂന്നു ദിവസം വരെ മനുഷ്യാത്മാവ് മൃതശരീരത്തിൽ പ്രവേശിക്കാൻ ആഗ്രഹിച്ചുകൊണ്ട് വിട്ടുപോകാതെ അവിടെത്തന്നെ കഴിയുന്നതിനാൽ യഥാർത്ഥ മരണം സംഭവിച്ചില്ല എന്ന് അവർ വിമർശിച്ചിരുന്നു. മസ്തിഷ്കമരണം, "കോമ" എന്ന പേരിലുള്ള ദീർഘകാല അബോധാവസ്ഥഎന്നിങ്ങനെ ആധുനികവൈദ്യശാസ്ത്രം പറയുന്ന അവസ്ഥയായിരുന്നു എന്ന് വാദിച്ചവർ ഗലീലയിലെ മരിച്ചവരെ ഉയർപ്പിച്ച സംഭവങ്ങൾ വിശ്വസിച്ചില്ല. അതുകൊണ്ടുതന്നെ യഹൂദാ പ്രദേശത്തുള്ളവർ അത് കേട്ടുകാണില്ല. അതിനാലാണ് 4 ദിവസം വരെ ലാസറിനെ ഉയിർപ്പിക്കുവാൻ ഞാൻ കാത്തിരുന്നത്.

3) ജോർദാൻ പ്രദേശത്തുനിന്നും യെരുശലേം ഭാഗത്തേക്ക് വരുവാൻ ശിഷ്യന്മാർ ഭയപ്പെട്ടിരുന്നപ്പോൾ, ധൈര്യശാലിയായി തോമസാണ് എന്നോട് കൂടി മരിക്കാൻ തന്നെ തയ്യാറായി വരുവാൻ മറ്റു ശിഷ്യന്മാരെ തയാറാക്കിയത്. ആ കാര്യത്തിൽ ഞാൻ തോമസിനെ അഭിനന്ദിക്കുന്നു

4) ബദാന്യ ഗ്രാമത്തിൽ കടക്കാതെ ലാസറിന്റെ സഹോദരിമാരെ വിളിക്കാൻ ദൂതനെ വിട്ടതിന് പ്രത്യേക ഉദ്ദേശ്യമുണ്ടായിരുന്നു. പെട്ടെന്ന് എന്നെ കാണുമ്പോൾ ഉണ്ടാകാനിടയുള്ള വൈകാരിക പ്രശ്നം ഒഴിവാക്കാനും, അതേസമയം ഞാൻ മരിച്ചവർക്ക് പുനർജീവൻ കൊടുക്കുവാൻ കഴിവുള്ളവൻ ആണെന്ന അവരുടെ വിശ്വാസം ഏറ്റുപറയുവാനും ഞാൻ ഞാൻ അവർക്ക് അവസരം ഉണ്ടാക്കുകയായിരുന്നു. രണ്ടുപേരും എന്റെ മുമ്പിൽ വന്ന് എന്നിലുള്ള വിശ്വാസം ഏറ്റു പറഞ്ഞത് എനിക്ക് ബോധ്യമായി. എന്റെ സാന്നിധ്യം നഷ്ടപ്പെടുമ്പോഴാണ് ആത്മീയ മരണം സംഭവിക്കുന്നത് എന്ന കാര്യമാണ് അവർ തിരിച്ചറിയാതെ പോയത്. ഒരു മനുഷ്യനിലെ "ആത്മാവ്, മനസ്സ്,ശരീരം" എന്നീ മൂന്ന് ഘടകങ്ങളിൽ ലാസർ "ആത്മാവും" മറിയ "മനസ്സും"മാർത്ത "ശരീരവും" എന്നിങ്ങനെ വിവരിച്ച് പറഞ്ഞ കാര്യം നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. നിങ്ങളോടൊപ്പം എപ്പോഴും ഇടപെട്ടുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവ് നേരിട്ട് മനുഷ്യാത്മാവുമായിട്ടാണ് ബന്ധം പുലർത്തുന്നത്. അങ്ങനെയുള്ള മനുഷ്യാത്മാവ് നിയന്ത്രിക്കുന്ന മനസ്സ് ശരീരത്തെ നിയന്ത്രിക്കുമ്പോഴാണ് ആത്മീയ ജീവൻ നിങ്ങളിൽ നിലനിൽക്കുന്നത്. എന്നാൽ മനസ്സ് ആത്മാവിന്റെ നിർദേശങ്ങൾ അവഗണിച്ച് ശരീരത്തിലെ ഇന്ദ്രിയങ്ങൾക്ക് വഴങ്ങി ജീവിക്കുവാൻ ഇടയാകുമ്പോൾ മനുഷ്യാത്മാവ് നിർജീവമായി പോകുന്നു. (റോമ 6: 23).അതിൽ നിന്നും മോചനം ലഭിക്കുവാൻ മാനസാന്തരം പ്രാപിച്ച് ദൈവത്തിങ്കലേക്ക് തിരിക്കാനാണ് ഞാൻ എപ്പോഴും നിരന്തരം നിങ്ങളെ മാനസാന്തരത്തിലേക്ക് ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നത്.

5) "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" എന്ന് അവരോട് പറഞ്ഞു, അവരുടെ വിശ്വാസം ബോധ്യപ്പെടുത്തേണ്ടത് എന്റെ കൂടെ ആവശ്യമായിരുന്നു. നേരത്തെ പലപ്രാവശ്യം പറഞ്ഞതുപോലെ മനുഷ്യന്റെ വിശ്വാസവും ദൈവത്തിന്റെ അംഗീകാരവും ചേർന്ന് പ്രവർത്തിക്കുന്നതാണ് യഥാർത്ഥ ദൈവശക്തി വെളിപ്പെട്ടുവരുന്നതിന് കാരണം. എല്ലാ അത്ഭുതങ്ങളുടെയും പിറകിൽ ഈ രണ്ട് ഘടകങ്ങളുണ്ട്. കല്ലറയുടെ അടുക്കൽ നിന്നിരുന്ന ജനങ്ങളുടെ വിശ്വാസം അറിയുവാനായി ഞാൻ അവരോട് ആവശ്യപ്പെട്ട രണ്ട് കാര്യങ്ങളും അവർ ഉത്സാഹത്തോടെ ചെയ്തു.1, കല്ലറയുടെ മൂടികല്ല് ഉരുട്ടി മാറ്റി.2). ലാസറിന്റെ കെട്ടുകൾ അഴിച്ച് അവനെ ഒരുക്കി എടുത്തു. അതുകൊണ്ട് അവിടെ അത്ഭുതം പ്രവർത്തിക്കുവാൻ എനിക്ക് എളുപ്പമായി. ചില സ്ഥലങ്ങളിൽ ചിലരുടെ അവിശ്വാസം നിമിത്തം ഒന്നും ചെയ്യാൻ കഴിയാതെ വന്ന സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. (മർക്കോ 6:6; മത്താ. 13: 58).

വിശ്വാസം ഉറച്ചുകഴിഞ്ഞാൽ പിന്നെ അത്ഭുതങ്ങൾ കാണാതെ തന്നെ ദൈവത്തെ പൂർണമായി അനുസരിക്കുവാൻ ആളുകൾ തയ്യാറാകും. അതുകൊണ്ടാണ് "അവിശ്വാസവും കോട്ടവും ഉള്ള തലമുറയാണ് അത്ഭുതങ്ങൾ അന്വേഷിച്ച് പോകുന്നത്" എന്ന് ഞാൻ പറയുന്നത്. ദൈവശക്തി പൂർണ്ണമായി ബോധ്യപ്പെട്ടവർ അത്ഭുതങ്ങളുടെ പുറകെ പോവുകയില്ല."എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്ന് അവിടെ കൂടിയിരുന്ന അവിശ്വാസികൾക്ക് അടയാളമായിട്ടാണ് ഞാൻ ലാസറിനെ ഉയർപ്പിച്ചത്.

6) ലാസറിന്റെ ഖബറിന് അരികെ ഞാൻ സ്വർഗ്ഗപിതാവിനോട് സംസാരിച്ചത് നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ. പിതാവിന്റെ ഹിതം മനസ്സിലാക്കി ഞാൻ അത് പരസ്യമായി നടപ്പാക്കുകയായിരുന്നു. എന്റെ ചുറ്റും നിന്നിരുന്നവർ വിശ്വസിക്കുവാൻ അത് കാരണമാകുമെന്നും ഞാനറിഞ്ഞു. ഞാൻ പ്രാർത്ഥിച്ചത്"കേൾക്കണമേ" എന്നല്ല "കേട്ടതിനാൽ ദൈവത്തെ സ്തുതിക്കുന്നു" എന്നാണ് ഞാൻ പറഞ്ഞത്. അതുപോലെ പിതാവായ ദൈവത്തിൽ പൂർണമായ വിശ്വസിച്ച്, ദൈവനാമ മഹത്വത്തിനായി മാത്രം പ്രവർത്തിക്കാൻ മനസ്സുവെച്ചാൽ,നിങ്ങൾക്കും അപ്രകാരം "ലഭിച്ചു"എന്ന് വിശ്വസിച്ചു കൊണ്ട് പ്രാർത്ഥിക്കാൻ കഴിയും. നിങ്ങൾ യാചിക്കുന്നത് ദൈവഹിതം ആണെന്നും അത് സ്വർഗ്ഗപിതാവ് നിരസിക്കുക ഇല്ല എന്നും പൂർണ്ണ വിശ്വാസത്തോടെ പ്രാർത്ഥിക്കാൻ നിങ്ങൾക്കും കഴിയണം. വിശ്വസിക്കുന്നത നുസരിച്ച് സംഭവിക്കും എന്ന് നിങ്ങൾ അറിഞ്ഞിരിക്കുക. (മത്തായി 9:29 ; 8:13). ദൈവഹിതം ആണ് നിങ്ങൾ ചോദിക്കുന്നത് എങ്കിൽ അത് ലഭിച്ചു എന്ന് തന്നെ വിശ്വസിക്കുക.

7) കബറിങ്കൽ നിന്ന് ഞാൻ ഉറക്കെ ലാസറിനെ വിളിച്ചപ്പോൾ അവൻ വിളികേട്ടു പുറത്തുവന്നു. മനുഷ്യാത്മാവ് ശരീരത്തിൽ നിന്നും വേർപെടുന്നതിനെയാണ് നിങ്ങൾ മരണം എന്ന് പറയുന്നത്. യഥാർത്ഥത്തിൽ ആത്മാവിന് മരണമില്ല. ശരീരമാകുന്ന മൺ കൂടാരങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതാണ് മരണം. മുട്ട വിരിഞ്ഞ് കോഴി കുഞ്ഞ് പുറത്ത് വരുന്നതുപോലെ ശരീര പേടകത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് പോകാനുള്ള ഒരു ഇടത്താവളമാണ് "പറുദീസ" അല്ലെങ്കിൽ "പാതാളം". എന്നെ വിശ്വസിച്ച് മരിച്ചുപോകുന്നവരുടെ ആത്മാക്കൾ എന്നോടൊപ്പം പറുദീസയിലും എന്നെ അറിയാനും വിശ്വസിക്കാനും കഴിയാതെ മരിച്ചു പോകുന്നവർ പാതാളത്തിലും, എന്റെ രണ്ടാമത്തെ വരവുവരെയും സജീവമായി വിശ്രമിക്കുന്ന അവസ്ഥയാണെന്ന് അറിഞ്ഞു കൊള്ളുക. എന്റെ വിളി കേൾക്കുവാനും

തിരിച്ചറിയുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും ശരീരം വേർപെട്ടുകഴിഞ്ഞാലും ആത്മാക്കൾക്ക് കഴിവുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ശരീരത്തോട് കൂടിയായാലും ശരീരം വിട്ടാലും നിങ്ങൾക്ക് ദൈവത്തെ പ്രസാദിപ്പിക്കാനോ പ്രസാദിപ്പി ക്കാതെ ഇരിക്കുവാനോ സാധ്യതയുണ്ടെന്ന് അറിഞ്ഞു ജാഗ്രതയോടെ കഴിയണം. (2 കൊരി 5:9). ആകയാൽ ജീവനോടെ ഇരിക്കുന്നവർ പരസ്പരം ദൈവസഹായം ലഭിക്കുവാനായി ദൈവത്തോട് പ്രാർത്ഥിക്കുന്നത്പോലെ ശരീരം വിട്ടുപോയ പരേതാത്മാക്കൾ ദൈവത്തെ സ്തുതിക്കുന്നവരായി വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വസിക്കുന്നതിനാൽ അവർക്കുവേണ്ടി പ്രാർഥന മുടക്കാതെ നടത്തണം. കാരുണ്യവാനായ ദൈവം ഈ ലോകത്തിലും പരലോകത്തിലും ദൈവവിശ്വാസത്തിൽ നിലനിൽക്കുന്ന എല്ലാ മനുഷ്യമക്കളോടും ഒരുപോലെ കരുണ ചെയ്യും എന്ന് അറിയുക. സ്വർഗ്ഗപിതാവ് ന്യായവിധി നടത്തുവാൻ എന്നെ അധികാരപ്പെടുത്തിയത്, ഞാൻ മനുഷ്യനായി നിങ്ങളുടെ ജീവിതം അനുഭവിച്ചറിഞ്ഞതിനാലാണ്."ഇതിൽ ആശ്ചര്യപ്പെടരുത്. കല്ലറകളിൽ ഉള്ളവർ എല്ലാവരും എന്റെ ശബ്ദം കേട്ട്, നൻമ ചെയ്തവർ ജീവന് ആയികൊണ്ടും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുദ്ധാനം ചെയ്യാനുള്ള നാഴിക വരുന്നു"(യോഹന്നാൻ 5:27– 29).

8) ഞാൻ ഉയർപ്പിച്ച മൂന്നുപേരും ശരീരപ്രകാരം കുറച്ചുകാലം കൂടി ജീവിച്ച ശേഷം വീണ്ടും മരണം പ്രാപിച്ചവരാണ്. ഞാൻ പുനരുദ്ധാനം ചെയ്തപ്പോൾ "ശവക്കച്ച" കല്ലറയിൽ ഉപേക്ഷിച്ചതും ലാസർ കെട്ടപെട്ടവൻ ആയി പുറത്തുവന്നതും തമ്മിലുള്ള വ്യത്യാസം നിങ്ങൾ തിരിച്ചറിയണം. എന്റെ മരണസമയത്തും നിരവധിപേർ കല്ലറകൾ തുറന്ന് പുറത്തു വന്നതായി നിങ്ങൾ വായിക്കുന്നുണ്ടല്ലോ. (മത്തായി 27: 52– 53). അവരെല്ലാം വീണ്ടും മരിച്ചുപോയി എന്റെ രണ്ടാമത്തെ വരവിൽ പുനരുദ്ധാനത്തിനായി കാത്തിരിക്കുന്നവരാണ്.

9) റോമാ ചക്രവർത്തി തങ്ങളെ കീഴടക്കുമെന്ന ഭയമായിരുന്നു യഹൂദ നേതാക്കന്മാർക്ക് ഉണ്ടായിരുന്നത്. അതുകൊണ്ടു തന്നെയാണ് എന്നെ പീലാത്തോസിന്റെ മുൻപിൽ, ഞാൻ റോമാസാമ്രാജ്യത്തിന് എതിരായ രാജാവാണെന്ന് തെറ്റിദ്ധരിപ്പിക്കുവാൻ അവർ ശ്രമിച്ചത്. മതപരം എന്നതിനേക്കാൾ രാഷ്ട്രീയ കരുനീക്കങ്ങളാണ് യഹൂദ പ്രമാണികൾ എനിക്കെതിരെ പ്രയോഗിച്ചത്. എന്നിൽ കുറ്റം ഒന്നും കാണുന്നില്ലെന്ന് പറഞ്ഞു എന്നെ വിട്ടയക്കാൻ ആഗ്രഹിച്ച പീലാത്തോസിനെ, കൈസരിനെതിരെ പ്രവർത്തിക്കുന്ന യേശുവിനെ

പിന്തുണയ്ക്കുന്ന എതിരാളി ആണ് എന്ന റിപ്പോർട്ട് യഹൂദ പ്രമാണിമാർ പീലാത്തോസിനെതിരെ നൽകുമെന്ന് ഭയപ്പെട്ടാണ് എനിക്കെതിരെ നീതിയില്ലാത്ത ന്യായവിധി പീലാത്തോസ് നടത്തിയത്. അതിനെപ്പറ്റി വിശദമായി പിന്നീട് പറയാം. ഇന്നും രാഷ്ട്രീയമായ ഇടപെടലുകളാണ് സത്യവിശ്വാസത്തെ ഇല്ലാതാക്കുവാൻ ഇടയാക്കുന്നതെന്ന് നിങ്ങൾ തിരിച്ചറിയണം.

10) "കയാഫ" മഹാപുരോഹിതസ്ഥാനത്ത് പ്രഖ്യാപിച്ച തീരുമാനം ഒരു പ്രവചനം തന്നെയായിരുന്നു. ഈ പ്രവചനം എന്റെ മരണം മൂലം റോമാക്കാരുടെ കയ്യിൽ നിന്നുള്ള മോചനമായി മാത്രമേ യഹൂദന്മാർ കരുതിയുള്ളൂ. എന്നാൽ ഒരുവന്റെ അനുസരണക്കേട് മൂലം പാപവും മരണവും ലോകത്തിൽ വന്നത് നീങ്ങി പോകുവാനും നിത്യമായ സ്വർഗ്ഗരാജ്യത്തിൽ ദൈവ മക്കളെ പോലെ ജീവിക്കുവാനുമുള്ള അവസരമാണ് ഏക മനുഷ്യനായ എന്റെ അനുസരണത്തോടെയുള്ള മരണം മൂലം എല്ലാവർക്കും ലഭിക്കുന്ന പാപമോചനവും നിത്യജീവനും എന്ന വസ്തുത യഹൂദന്മാർ തിരിച്ചറിയാതെ പോയി. ഹന്നാസും കയ്യാഫാവും റോമാസാമ്രാജ്യത്തിന്റെ അംഗീകാരത്തോടെ നിയമിക്കപ്പെട്ടവർ ആയതിനാൽ അവർക്ക് ജനഹിതം ഒരു പ്രശ്നമല്ലായിരുന്നു. ജനത്തെപ്പറ്റിയുള്ള ദൈവഹിതം അറിഞ്ഞ് പ്രവർത്തിക്കാനും അവർക്ക് താല്പര്യം ഇല്ലായിരുന്നു. ആധുനികകാലത്തും അധികാരസ്ഥാനം നിലനിർത്തുവാൻ രാഷ്ട്രീയ ശക്തികളെ ആശ്രയിക്കുന്ന മതനേതാക്കൾ ജനത്തെ ദൈവത്തിൽ നിന്നും അകറ്റി കൊണ്ടിരിക്കുന്നു എന്ന് ഓർത്തു ഞാൻ ദുഃഖിക്കുന്നു.

3-2-2021.

## അദ്ധ്യായം 83

# എനിക്കും ലാസറിനും ബഥാന്യയിൽ വിരുന്നു സൽക്കാരം

**(മത്തായി 26:6– 13; മർക്കോസ് 14: 3– 9; യോഹന്നാൻ 12: 1 –8)**

ലാസറിനെ ഉയർപ്പിച്ച സംഭവത്തിൽ യഹൂദ നേതാക്കന്മാരും പുരോഹിതൻമാരും വളരെയേറെ അസ്വസ്ഥരായി. ശിഷ്യന്മാരോടൊപ്പം ഞാൻ യെരുശലേമിൽ നിന്നും കുറച്ചകലെയുള്ള യഹൂദ ഗ്രാമങ്ങളിലേക്ക് പോയി ദൈവരാജ്യ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. യഹൂദന്മാർ ലാസറിനെയും സഹോദരിമാരെയും വിസ്തരിക്കുവാൻ സാധ്യതയുണ്ടെന്ന് അറിഞ്ഞതിനാൽ അവരും പ്രതിസന്ധി ഒഴിവാക്കുവാൻ ദൂരെ പോയി ഫിലാഡൽഫിയായിൽ ഉണ്ടായിരുന്ന ഒരു ബന്ധുവിന്റെ വീട്ടിലേക്ക് താമസം മാറ്റി. രണ്ടാഴ്ചക്കാലം പ്രത്യേകിച്ച് വിശേഷങ്ങൾ ഒന്നും കൂടാതെ കടന്നു പോയി.

യെരുശലേമിൽ പെസഹ പെരുന്നാളിന് ആറു ദിവസം മുൻപ് ഒരു വെള്ളിയാഴ്ച സന്ധ്യയോടെ ഞാനും ശിഷ്യന്മാരും ബഥാനിയായിൽ ധനവാനായ ശിമോന്റെ ഭവനത്തിൽ ഒരു വിരുന്നിന് ചെല്ലണമെന്ന് അദ്ദേഹം ഞങ്ങളെ നേരത്തെ അറിയിച്ചിരുന്നു. കുഷ്ഠരോഗിയായിരുന്ന ശീമോൻ നേരത്തെ സമൂഹത്തിൽനിന്നും പുറംതള്ളപ്പെട്ട് കഴിഞ്ഞിരുന്നപ്പോൾ ഞാൻ അയാളെ സൗഖ്യമാക്കിയതിന്റെ നന്ദിസൂചകമായിട്ടാണ് എനിക്ക് ഒരു വിരുന്ന് ഒരുക്കിയത്. ലാസറിനെയും സഹോദരിമാരെയും അവൻ വിരുന്നിന് ക്ഷണിച്ചിരുന്നു. ഞങ്ങൾ അവന്റെ വീട്ടിൽ എത്തിയപ്പോൾ യഹൂദപ്രമാണിമാർ രണ്ട് ചാരന്മാരെ അയച്ചിരുന്നത് കണ്ടു എന്റെ ശിഷ്യന്മാർ വളരെ ഭയപ്പെട്ടു. അത്താഴം കഴിഞ്ഞ് ഞാൻ ഉറങ്ങുമ്പോഴും ശിഷ്യന്മാർ രണ്ടു പേർ വീതം ആയുധസമേതം എനിക്ക് കാവലിരുന്നു. ഏതായാലും അന്ന് രാത്രി ഒന്നും സംഭവിച്ചില്ല. ശനിയാഴ്ച രാവിലെ മുതൽ തന്നെ ചുറ്റുപാടു നിന്നും ജനങ്ങൾ എന്നെ കാണാനും ലാസറിനെ കാണാനുമായി അവിടേക്ക് വന്നു തുടങ്ങി. എന്റെ ആരാധകരായ അവരെ കണ്ടപ്പോൾ ശിഷ്യന്മാർക്ക്

സന്തോഷമായി. ജനങ്ങൾ ഞങ്ങളെ കണ്ടതിലുള്ള സന്തോഷവും അത്ഭുതവും നിറഞ്ഞവരായി പരസ്പരം കുശലം പറഞ്ഞു കൊണ്ടിരുന്നത് കണ്ടപ്പോൾ ശിഷ്യന്മാരുടെ ഭയം കുറേശ്ശെ മാറി തുടങ്ങി. ഏതായാലും ഇത്രയും ജനങ്ങൾ ഉള്ളതുകൊണ്ട് യഹൂദപ്രമാണിമാർ എന്നെ അറസ്റ്റ് ചെയ്യാൻ ധൈര്യപ്പെടുകയില്ല എന്ന ഒരു വിശ്വാസവും ശിഷ്യന്മാർക്ക് ഉണ്ടായിരുന്നു. എന്നിരുന്നാലും അവരുടെ മുഖം വാടിയിരുന്നു.

വിരുന്നിന് സമയമായപ്പോൾ ശിമോൻ വന്ന് ഞങ്ങളെ ആദരവോടെ വിരുന്നുശാലയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഞാനും ശിഷ്യന്മാരും ലാസറും പ്രത്യേകം ഒരുക്കിയിരുന്ന ഇരിപ്പിടങ്ങളിൽ ഇരുന്നു. ശിമോനും അദ്ദേഹത്തിന്റെ ചുരുക്കം ചില സ്നേഹിതരും സഹോദരന്മാരും ഞങ്ങൾക്ക് അഭിമുഖമായി ഇരുന്നു. യഹൂദാ രീതിയനുസരിച്ച് പുരുഷന്മാരോടൊപ്പം സ്ത്രീകൾ ഇരിക്കുക പതിവില്ല. മാർത്തയും മറിയയും മറ്റു ചില സ്ത്രീകളും ഭക്ഷണം വിളമ്പുന്നതിൽ വ്യാപൃതരായിരുന്നു.

ഭക്ഷണം കഴിക്കുമ്പോഴും പൊതുവേ എല്ലാവർക്കും ദുഃഖഭാവമായിരുന്നതിനാൽ അധികം വൈകാതെ വിരുന്ന് ഒരുവിധം അവസാനിക്കാറായി.

ഞാൻ ഈ വിരുന്നിൽ സംബന്ധിക്കുന്നതിന് മുൻകൂട്ടി ഒരു കാരണം കണ്ടെത്തിയിരുന്നു. എന്റെ മരണം അടുത്തിരിക്കുന്ന കാര്യം വളരെ ഗൗരവമായി തന്നെ എന്റെ ചിന്തയിൽ ഉണ്ട്. ഒരുപക്ഷേ എന്റെ മനസ്സറിഞ്ഞുകൊണ്ട് തന്നെയായിരിക്കണം, മാർത്തയുടെ സഹോദരിയായ മറിയ അവിടെ വലിയ ഒരു കാര്യം ചെയ്തു. വളരെയേറെ വിലയുള്ള പരിമളതൈലം നിറഞ്ഞ ഒരു വെൺകൽഭരണി എടുത്തുകൊണ്ട് എന്റെ അടുക്കൽ വന്നു, അവൾ അത് എന്റെ തലയിലൊഴിച്ചു. ആ മുറി മുഴുവനും സുഗന്ധം കൊണ്ട് നിറഞ്ഞു. പുറത്ത് കാത്തു നിൽക്കുന്നവർക്കും അതിന്റെ നറുമണം ആസ്വദിക്കാമായിരുന്നു. ഞാൻ അൽപസമയം എന്നെ തന്നെ മറന്നു–കാൽവറി ക്രൂശിൽ മുൾക്കിരീടം ധരിച്ച് മരണത്തിനായി വേദനിക്കുമ്പോഴും ഈ സുഗന്ധം ഞാൻ ആസ്വദിക്കുന്നതായി ഭാവനയിൽ കണ്ടു. എന്റെ വസ്ത്രത്തിലേക്ക് ഒഴുകിയ ആ സുഗന്ധം, വസ്ത്രം പങ്കിട്ട് എടുത്ത പട്ടാളക്കാർ ക്രൂശിൻ ചുവട്ടിലിരുന്ന് ആസ്വദിക്കുന്നത് ഞാൻ എന്റെ മനോമുകുരത്തിൽ കണ്ടു.– ഞാൻ ഓർമ്മകളിൽനിന്നും ഉണർന്നുനോക്കുമ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവരും വളരെ മൂകമായി അത്ഭുതപ്പെട്ട് നിൽക്കുകയായിരുന്നു. ഞാൻ വീണ്ടും തലകുനിച്ച് തൈലം എന്റെ മുഖത്തും കഴുത്തിലും വസ്ത്രങ്ങളിലും കൂടി

ഒഴുകി ഇറങ്ങുന്നത് നോക്കിയിന്നു. എന്നോടുള്ള മറിയയുടെ ഭക്തിയും സ്നേഹവും ആദരവും എന്തുമാത്രമാണെന്ന് ഞാനോർത്തു. ഒരു മനുഷ്യന്റെ ഒരുവർഷത്തെ അധ്വാനത്തിന് മുഴുവൻ ലഭിക്കുന്ന കൂലിയെക്കാളും കൂടിയതായിരുന്നു ആ പരിമളതൈലത്തിന്റെ വില.

മറിയ ഗുരുവിന് നൽകിയ അന്ത്യ പ്രണാമത്തിന്റെ പ്രതീകമായിരുന്നു ആ സുഗന്ധതൈലം. പക്ഷേ, യൂദാസായിരുന്നു പാവനമായ അന്തരീക്ഷത്തെ കളങ്കപ്പെടുത്തിയത്. അവൻ വളരെ ധിക്കാരത്തോടെ ഇങ്ങനെ പറഞ്ഞു,:" ഈ തൈലം 300 വെള്ളിക്കാശിന് വിറ്റ് ദരിദ്രൻമാർക്ക് കൊടുക്കാഞ്ഞത് എന്ത്?"

ഞങ്ങളുടെ പണസഞ്ചി സൂക്ഷിപ്പുകാരനായ അവൻ ഇങ്ങനെ പറഞ്ഞതു പാവപ്പെട്ടവരോടുള്ള അനുകമ്പ കൊണ്ടൊന്നുമല്ല കള്ളനാകകൊണ്ടും, പണസഞ്ചിയിൽ ആ തുക കൂടി വന്നാൽ അതിൽ നല്ലൊരു പങ്ക് മോഷ്ടിക്കാമെന്ന് കരുതികൊണ്ടുമായിരുന്നു എന്ന് എനിക്ക് നല്ലവണ്ണം അറിയാം. ഞാൻ അവനെ ശാസിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു,:" അവളെ വിടുക, എന്റെ ശവസംസ്കാര ദിനത്തിനായി അവൾ സൂക്ഷിച്ചുവെച്ചു എന്നിരിക്കട്ടെ. ദരിദ്രന്മാർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ, ഞാൻ എല്ലായ്പോഴും അടുക്കെ ഇല്ലതാനും."(യോഹന്നാൻ 12: 1– 8). യുദയ്ക്ക് അത് ശരിക്കും ഒരു മുന്നറിയിപ്പായിരുന്നു. അവൻ ഈ പരിമളതൈലത്തിന് 300 വെള്ളിക്കാശ് വിലയി ട്ടപ്പോൾ,എനിക്ക് വെറും 30 വെള്ളിക്കാശ് മാത്രം വിലയിട്ടാണ് എന്നെ ഒറ്റി കൊടുക്കാൻ പോകുന്നത് എന്ന് എനിക്കറിയാം.

ദ്രവ്യാഗ്രഹമാണ് യൂദായെ ഒറ്റു കാരനും ദുഷ്കർമ്മയുമാക്കി ആത്മഹത്യയിലേക്ക് നയിച്ചത്. പണ്ട് യോശുവ "ഹായ്" പട്ടണം പിടിക്കുവാൻ പോയി പരാജയപ്പെട്ടത് ഒരുവന്റെ ദുരാഗ്രഹം മൂലം ആയിരുന്നല്ലോ. (യോശുവ.7:1– 26). യൂദായുടെ ഹൃദയം തിന്മ നിറഞ്ഞതായിരുന്നു എന്ന് ആദ്യം മുതൽ തന്നെ എനിക്ക് അറിയാമായിരുന്നു. എന്റെ മരണത്തിന് മുഖാന്തരമാക്കാൻ അവനും ആവശ്യം എന്ന് കരുതിയാണ് ഞാൻ അവനെ എന്റെ കൂട്ടത്തിൽ കൊണ്ടുനടന്നത്. ലോകസ്നേഹം വിട്ട് ദൈവരാജ്യപ്രമാണങ്ങൾ സ്വീകരിക്കുവാൻ ഞാൻ അവനു പലവട്ടം അവസരം കൊടുത്തെങ്കിലും, അവന്റെ മനസ്സ് ദ്രവ്യാഗ്രഹം മൂലം മലിനമായിരുന്നതിനാൽ മാനസാന്തരപ്പെട്ടു എന്നെ വിശ്വസിക്കുവാൻ അവനു കഴിഞ്ഞില്ല. നിങ്ങളോടും ഞാൻ പറയുകയാണ്:

"ദൈവാലയകാര്യങ്ങളിൽ താൽപര്യം കാണിച്ച് എന്റെ ശിഷ്യനാണ് എന്ന് നടിച്ച ദ്രവ്യാഗ്രഹം മൂത്ത് മോഷണം നടത്തിയാൽ യൂദായെ പോലെ നശിച്ചുപോകും എന്ന് ഓർക്കുക."ഭക്തി നടിക്കുവാൻ എളുപ്പമാണ്, പക്ഷേ അത്തരം ജീവിതത്തിന്റെ അന്ത്യം വളരെ ദയനീയമാണ് എന്ന് ഓർക്കുക.

യൂദായോട് പരസ്യമായി ശാസിച്ച് പറഞ്ഞത് അവനെ വളരെയേറെ കോപിപ്പിച്ചു. അവൻ തൽക്കാലം ഒന്നും പറഞ്ഞില്ലെങ്കിലും പിന്നീട് അവൻ ഞങ്ങളുടെ കൂട്ടത്തിൽ നിന്നും സാവകാശം അകന്നു തുടങ്ങി. അവിടെ കൂടിയിരുന്നവരോടായി ഒരിക്കൽ കൂടി ഞാൻ പറഞ്ഞു ,"ദരിദ്രന്മാർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ. ഇച്ഛിക്കുമ്പോൾ അവർക്ക് നന്മ ചെയ്യുവാൻ നിങ്ങൾക്ക് കഴിയും. ഞാനോ എല്ലായിപ്പോഴും നിങ്ങളോടുകൂടെ ഇരിക്കയില്ല.

മറിയ തന്നാലാവുന്നത് ചെയ്തു . കല്ലറയിലെ എന്റെ അടക്കത്തിനായി എന്റെ ദേഹത്തിന് മുൻകൂട്ടി തൈലം തേച്ചു. സുവിശേഷം ലോകത്തിൽ ഒക്കെ പ്രസംഗിക്കുന്ന എല്ലായിടത്തും അവൾ ചെയ്തതും അവളുടെ ഓർമയ്ക്കായി പ്രസ്താവിക്കും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു.(മർക്കോ14:6 –9).

മൃതശരീരം ആദരവോടെ തൈലം പൂശി അടക്കം ചെയ്യുന്ന കാര്യത്തിൽ നിങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. ജീവനോടെ ഇരിക്കുമ്പോൾ ദൈവഹിതം നടപ്പാക്കാനായി ദൈവം നിങ്ങൾക്ക് നൽകിയ ശരീരത്തെ, മരണശേഷം ഒരിക്കലും അവഗണിക്കപ്പെടാൻ ഇടയാക്കരുത്. ദൈവകല്പനകൾ ചിട്ടയോടെ അനുസരിച്ച് നിത്യജീവനെ പ്രാപിക്കുവാൻ നിങ്ങളെ അർഹിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ചത് നിങ്ങളുടെ ശരീരം ആണെന്ന് ഓർക്കണം. ഞാൻ തന്നെ ശരീരം എടുത്ത് ഭൂമിയിൽ ജീവിച്ചത് ദൈവഹിതം അനുസരിച്ച് കാണിക്കുവാൻ ആയിരുന്നല്ലോ. തന്നെയല്ല അന്ത്യന്യായവിധിയിൽ പുനരുദ്ധാനം ചെയ്യുമ്പോൾ ശരീരവും ആത്മാവും ഒന്നിച്ചുചേർന്ന് ദൈവസിംഹാസനത്തിന് മുൻപാകെ പ്രത്യക്ഷപ്പെടാനുള്ളതാണെന്ന് മറക്കരുത്. സാധുക്കളോട് കരുണ കാണിക്കണമെന്ന ആവശ്യം പറഞ്ഞ് മൃതദേഹം സംസ്കരിക്കുന്നതിൽ ഒരിക്കലും അവഗണന കാണിക്കരുത്. സാധുജന സംരക്ഷണം എന്ന പേരിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നത് ആവശ്യം തന്നെയാണ്. എന്നാൽ അതിന്റെ മറവിൽ പലപ്പോഴും ചൂഷണവും മോഷണവും നടക്കുന്നത് എന്റെ ശ്രദ്ധയിൽ പെടുന്നുണ്ടെന്ന് എല്ലാവരും ഓർത്തിരിക്കണം. ജീവകാരുണ്യ പ്രവർത്തനങ്ങൾ അർഹിക്കുന്നവരെ

കണ്ടെത്തി പരസ്യപ്പെടുത്താതെയും പ്രശംസ ആഗ്രഹിക്കാതെയും ചെയ്യുന്നില്ലെങ്കിൽ പ്രതിഫലം കിട്ടുകയില്ലെന്ന് മാത്രമല്ല തക്കതായ ശിക്ഷയും ലഭിക്കുമെന്ന് സാന്ദർഭികമായി പറയുകയാണ്.

പരസ്യമായി ഞാൻ യൂദായെ വഴക്ക് പറഞ്ഞത് അവനു മാത്രമല്ല മറ്റു ശിഷ്യന്മാർക്കും ഇടർച്ച ഉണ്ടാക്കിയതായി എനിക്ക് തോന്നി. ശീമോന്റെ വീട്ടിൽ നിന്നും ഇറങ്ങി ഞങ്ങൾ ലാസറിന്റെ ഭവനത്തിലേക്ക് നടന്നുതുടങ്ങി. ഞാൻ മുൻപിൽ നടന്നെങ്കിലും ശിഷ്യന്മാരുടെ സംസാരം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്തൊക്കെയോ ആശങ്കകൾ അവർ പങ്കുവയ്ക്കുന്നുണ്ട്. എന്റെ മരണം താമസിയാതെ സംഭവിക്കുമെന്ന കാര്യത്തിൽ അവർ എല്ലാവരും പരിഭ്രാന്തരായിരുന്നു.എന്റെ അടുത്ത പരിപാടികൾ എന്തെല്ലാം ആണെന്ന് അവർക്ക് അറിയാൻ താല്പര്യം ഉള്ളതായി എനിക്ക് തോന്നി. ഞാൻ പൊതുവായി ഒന്നും പറയാതെ, ഓരോരുത്തരും ആയി മാറ്റി നിർത്തി മനസ്സ് തുറന്ന് സംസാരിക്കാൻ തീരുമാനിച്ചു.

അന്ത്രയോസ്സിനെ തന്നെയാണ് ഞാൻ ആദ്യം സമീപിച്ചത്. മറ്റ് ശിഷ്യൻമാരുടെ വൈകാരിക സമീപനങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന കാര്യത്തിൽ അവൻ വളരെ ഭാരപെട്ടിരുന്നതായി എന്നോട് പറഞ്ഞു. അവരിൽ തീവ്രവാദികളായ പലരെപറ്റിയും, അവന്റെ സഹോദരൻ പത്രോസ് പോലും വാളും കൊണ്ടാണ് നടക്കുന്നത് എന്നതിനെപറ്റിയും അവന് വളരെ ആശങ്കയുണ്ടായിരുന്നു.

പിന്നീട് ഞാൻ പത്രോസിനെ കണ്ട് സംസാരിച്ചു. ഞാൻ എന്തൊക്കെയാണ് ചെയ്യാൻ പോകുന്നത് എന്ന് അറിയാൻ അവനു തിടുക്കമായിരുന്നു. ലാസറിന്റെ കല്ലറയ്ക്കൽ കൂടിവന്ന ജനങ്ങളോട് എന്തെങ്കിലും പ്രഖ്യാപനങ്ങൾ നടത്താതെ ഞാൻ മൗനമായി തിരിച്ചു പോയതിൽ അവന്റെ വിഷമവും പ്രതിഷേധവുമറിയിച്ചു. പത്രോസിനു തന്നെ എന്തെങ്കിലും ജനത്തോട് പറയണമെന്ന ആഗ്രഹം ഉണ്ടായിരുന്നെങ്കിലും, അതിനുള്ള അവസരം നിഷേധിച്ചതിലും അവന് നിരാശയുണ്ട്.

സെബദി പുത്രനായ യാക്കോബിനെയാണ് ഞാൻ പിന്നീട് കണ്ടത്. ജനങ്ങളെ വേണ്ടവിധം കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി സ്വന്തം വശത്താക്കണമെന്ന് ആയിരുന്നു അവന്റെ നിർദ്ദേശം. ഇനിയുള്ള ദിവസങ്ങളിൽ പെരുന്നാളിനോട് ചേർന്ന് നാനാദിക്കുകളിൽ നിന്നും യഹൂദന്മാർ യെരുശലേമിലേക്ക് എത്തുമെന്നും,ആ സന്ദർഭം വിനിയോഗിച്ചു ദൈവരാജ്യസന്ദേശം പ്രഘോഷിച്ചുകൊണ്ട് ജനങ്ങളെ

ബോധവൽക്കരിക്കുകയും വശത്താക്കുകയും ചെയ്യണമെന്നും അവൻ എന്നോട് പറഞ്ഞു.

അവന്റെ സഹോദരൻ യോഹന്നാനേയാണ് ഞാൻ പിന്നെ കണ്ടത്. ജനങ്ങളുടെ മുൻപാകെ ദൈവപുത്രൻ എന്ന നിലയിൽ എന്തെങ്കിലുമൊക്കെ ചെയ്തു, സ്വർഗ്ഗ വാഗ്ദാനങ്ങൾ പ്രസ്താവിച്ച ജനങ്ങളെ കയ്യിലെടുത്ത ശേഷം "ദൈവരാജ്യപ്രഖ്യാപനം" പരസ്യമായി നടത്തണമെന്ന നിർദ്ദേശമാണ് അവൻ നൽകിയത്. രാജാവായി വരുന്ന വരവേൽപ്പ് സൂചിപ്പിച്ചുകൊണ്ട് പ്രവാചകന്മാർ നൽകിയ വേദഭാഗങ്ങളൊക്കെ അവൻ എന്നോട് പറയുകയുണ്ടായി. ആത്മീയമായി ആഴത്തിൽ ഉൾക്കാഴ്ചയുള്ള ശിഷ്യനായിരുന്നു യോഹന്നാൻ. അവന്റെ സംസാരത്തിൽ പ്രത്യാശയുടേയും ആത്മീയ വിജയത്തിന്റെയും ധ്വനി ഉണ്ടായതിൽ ഞാൻ സന്തോഷിച്ചു.

ഞാൻ അടുക്കൽ ചെല്ലുന്നതും നോക്കി ഫിലിപ്പോസ് ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു. എനിക്ക് എന്തെങ്കിലും സംഭവിച്ചാൽ ശിഷ്യന്മാരായ അവരുടെ കാര്യങ്ങളെല്ലാം പ്രയാസത്തിൽ ആകുമെന്ന ആശങ്ക അവനെ വളരെയേറെ അലട്ടിയിരുന്നു. എന്നാലും, സംസാരിച്ചു വന്നപ്പോൾ അവന് എന്റെ സ്നേഹവും കരുതലും എക്കാലവും ലഭിക്കുമെന്ന വിശ്വാസമുണ്ടായിരുന്നു എന്ന് എനിക്ക് ബോധ്യമായി.

നാഥാനിയേലിനെയാണ് പിന്നെ ഞാൻ കണ്ടത്. തീർത്ഥാടകരുമായി വരുന്നവരെ ദേവാലയത്തിൽവച്ച് പഠിപ്പിക്കുവാനും അങ്ങനെ അവരുടെ പിന്തുണ നേടുവാനും അവനും ഉപദേശിച്ചു. ഒരുപക്ഷേ ഞാൻ അറസ്റ്റ് ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ എപ്പോഴും ജനക്കൂട്ടത്തെ കൂടെ നിർത്തണമെന്നും അവൻ പ്രത്യേകം പറഞ്ഞു.

മത്തായി ഒരു പ്രത്യേക നിർദ്ദേശവുമായി കാത്തു നിൽക്കുകയായിരുന്നു തീർത്ഥാടകരുമായി വരുന്നവരോട് ദൈവാലയത്തിൽവച്ച് നിർദേശങ്ങൾ നൽകി യെരുശലേമിലെ പട്ടണത്തിൽ ഒരു വരവേൽപ്പ് സംഘടിപ്പിക്കുവാനും, ദൈവരാജ്യസംബന്ധമായ ഒരു സംക്ഷിപ്ത വിവരണം അവതരിപ്പിക്കുവാനും അവൻ ആവശ്യപ്പെട്ടു. അങ്ങനെ ചെയ്താൽ ജനപിന്തുണ ലഭിക്കുക മാത്രമല്ല, എന്നെ അറസ്റ്റ് ചെയ്ത് ശിക്ഷിക്കുന്നതിനു യഹൂദപ്രമാണിമാർ ധൈര്യപ്പെടുകയില്ല എന്നും അവൻ പ്രത്യാശ പ്രകടിപ്പിച്ചു.

പന്ത്രണ്ട് പേരിലും വെച്ച് ഏറ്റവും കൂടുതൽ അസ്വസ്ഥനായിരുന്നത്

തോമസ് ആയിരുന്നു. ഒരു പൊതു വരവേല്പ്പ് ക്രമീകരിക്കാൻ ജനങ്ങളെ എങ്ങനെ സംഘടിപ്പിക്കണമെന്ന് ആയിരുന്നു അവന്റെ മുഖ്യ ചിന്താവിഷയം. മത്തായി പറഞ്ഞതുപോലെ തന്നെ അവനും യഹൂദപുരോഹിതന്മാരെ ഭയപ്പെടുത്തി എന്റെ മരണം ഒഴിവാക്കുവാൻ നല്ലൊരു പരിപാടിയായി ഈ കാര്യം എന്നോട് വീണ്ടും പറഞ്ഞു.

എരിവ്കാരൻ ശീമോൻ എന്നെ കണ്ടു തുറന്നു സംസാരിക്കാൻ അക്ഷമനായി കാത്തിരിക്കുകയായിരുന്നു. ഉടൻതന്നെ മിശിഹായുടെ രാജകീയസിംഹാസനം സ്ഥാപിതമാകും എന്നും പന്ത്രണ്ട് ശിഷ്യന്മാരും സിംഹാസനങ്ങളിൽ മന്ത്രിമാരായി സ്ഥാനമേൽക്കും എന്നും അയാൾ സ്വപ്നം കണ്ടതായി എന്നോട്പറഞ്ഞു. ആഭ്യന്തരമന്ത്രി സ്ഥാനത്തിരുന്ന് റോമസൈന്യങ്ങളെ തുരത്തി ഓടിക്കുന്ന രംഗം ഒക്കെ അവൻ സ്വപ്നം കണ്ടു അത്രേ. സന്നദ്രിം സംഘാംഗങ്ങളെ എല്ലാവരെയും കൊന്നൊടുക്കി എന്നും അവൻ പറയുന്നുണ്ടായിരുന്നു. അവന്റെ ദിവാസ്വപ്നം പൊലിഞ്ഞു പോകുമ്പോൾ അവനുണ്ടാകുന്ന നിരാശയെപറ്റി ഓർത്ത് ഞാൻ ദുഃഖിച്ചു.

അൽഫായിയുടെ മക്കളായ യാക്കോബും യോഹന്നാനും ചേർന്നിരുന്ന് എന്തൊക്കെയോ കാര്യമായി ചർച്ച ചെയ്യുന്നുണ്ടായിരുന്നു.

സ്വർഗ്ഗം ഭൂമിയിൽ സ്ഥാപിതം ആക്കാൻ അധികം താമസമില്ല എന്ന വിധത്തിലായിരുന്നു അവർ സംസാരിച്ചത്. ഞാൻ സാക്ഷാൽ ദൈവത്തിന്റെ പുത്രൻ ആണെങ്കിൽ ലോകത്തിലെ ഒരു ശക്തിക്കും എന്നെ തോൽപ്പിക്കാൻ ആവില്ല എന്നും, ഞാൻ അറസ്റ്റ് ചെയ്യപ്പെടുന്ന നിമിഷംതന്നെ ദൈവപുത്രൻ എന്ന നിലയിൽ ശക്തി പ്രയോഗിച്ച് ശത്രുക്കളെ ആട്ടിയോടിച്ചു ദൈവരാജ്യം സ്ഥാപിക്കുമെന്നും അവർ ചിന്തിക്കുന്നത് ആയി എന്നോട് പറഞ്ഞു. ദൈവരാജ്യത്തെപറ്റി ഞാൻ പഠിപ്പിച്ച കാര്യങ്ങൾ ഒന്നും അവർക്ക് വേണ്ടവിധം മനസ്സിലായിട്ടില്ല എന്ന് എനിക്ക് തോന്നി.

യൂദാ സ്കറിയോത്ത കുറച്ചു ദൂരെ മാറി എന്നോട് പിണക്കം ഭാവിച്ചു തന്നെ മുഖം തിരിഞ്ഞു നിൽക്കുകയായിരുന്നു. വിരുന്നു ശാലയിൽ വച്ച് പരസ്യമായി ഞാൻ അവനെ അപമാനിച്ചതായി അവൻ കരുതി. അന്നേരം തന്നെ പണസഞ്ചി അന്ത്രയോസിനെ ഏൽപ്പിച്ച് സ്ഥലം വിടാനായി അവനൊരുങ്ങിയെങ്കിലും എന്നെ കണ്ടു പറഞ്ഞശേഷം അപ്രകാരം ചെയ്താൽ മതി എന്ന് കരുതിയാണ് കാത്തു നിൽക്കുന്നത് എന്നും അവൻ എന്നോട് പറഞ്ഞു. എന്നെ മരണത്തിന് ഏൽപ്പിച്ചു കൊടുക്കുവാൻ അവൻ യഹൂദ പുരോഹിതന്മാരുമായി ചർച്ച നടത്തിയ

കാര്യം ഞാൻ അറിഞ്ഞത് അവൻ അറിഞ്ഞില്ല;ഞാൻ പറഞ്ഞുമില്ല. യഹൂദന്മാർക്ക് എന്നെ പിടിച്ചു കൊടുത്താൽ അവസാന നിമിഷത്തിൽ ശിംശോൻ ചെയ്തതുപോലെ, ഞാൻ ദൈവികശക്തി ഉപയോഗിച്ച് രക്ഷപ്പെടുമെന്നും ശത്രുക്കളെ നിഗ്രഹിച്ച് ദൈവരാജ്യസാമ്രാജ്യം സ്ഥാപിക്കുമെന്നും അവസാന നിമിഷംവരെ ചിന്തിച്ചിരുന്നു. ലാസറിനെ ഉയർപ്പിച്ചതുൾപ്പെടെ അനേകം അത്ഭുതങ്ങൾ ചെയ്ത ഞാൻ ഒരിക്കലും പിടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുകയില്ല എന്ന് തന്നെയായിരുന്നു യൂദായുടെ പ്രതീക്ഷ. ഇതിനുമുൻപും പല പ്രാവശ്യം അപ്രകാരം ഞാൻ പിടികൊടുക്കാതെ മാറിപ്പോയിട്ടുണ്ടെന്ന് അവനറിയാം. ഒരുപക്ഷേ എന്റെ കഴിവിലുള്ള അമിത വിശ്വാസം മൂലമായിരിക്കാം അവൻ എന്നെ ഒറ്റിക്കൊടുത്തത്. ഏതായാലും ഞാൻ അവന്റെയും കൂടി രക്ഷകൻ ആണെന്ന വിശ്വാസമില്ലാത്തത് മൂലമാണ് എന്നിൽ പ്രത്യാശ ഇല്ലാതെ ആത്മഹത്യ ചെയ്യുവാൻ ഇടയായത്. ദ്രവ്യാഗ്രഹവും സ്ഥാനമോഹവുമാണ് അവനെ ആ വലിയ ദുരന്തത്തിലേക്ക് എത്തിച്ചത്.

ശിഷ്യന്മാരോട് യെരുശലേമിലേക്കു പോകരുതെന്ന് ഞാൻ പറഞ്ഞിരുന്നെങ്കിലും, അത് അനുസരിക്കാതെ അവൻ സദൂക്യ കുടുംബത്തിൽപ്പെട്ട ഒരു സ്നേഹിതനുമായി എനിക്കെതിരെ കൂടിയാലോചന നടത്തി കഴിഞ്ഞ കാര്യം ഞാൻ അപ്പോഴേ അറിഞ്ഞിരുന്നു.

ശിഷ്യന്മാരുമായി വ്യക്തിപരമായി നടത്തിയ കൂടിക്കാഴ്ചയുടെ പശ്ചാത്തലത്തിൽ അടുത്തദിവസം അവരെ പ്രോത്സാഹിപ്പിക്കുവാൻ തക്കവിധത്തിൽ പ്രവചനപൂർത്തീകരണം എന്ന നിലയിൽ ഒരു ജൈത്രയാത്ര യെരുശലേം ദേവാലയത്തിലേക്ക് സംഘടിപ്പിക്കുവാൻ ഞാൻ തീരുമാനിച്ചു.

9-2-2021.

## അദ്ധ്യായം 84

# ഓശാന ജൈത്രയാത്രയും യെരുശലേം വരവേൽപ്പും

**(മത്തായി 21: 1 –11; മർക്കോസ് 11: 1 –11; ലൂക്കോസ് 19: 29 –44; യോഹന്നാൻ 12:12–19)**

ബദനി ഗ്രാമത്തോട് എനിക്ക് പ്രത്യേക സ്നേഹം ഉണ്ടായിരുന്നു. നസ്രേത്ത് തുടങ്ങിയ ഗലീല പ്രദേശങ്ങളിലായി ഞാൻ കൂടുതൽ പ്രവർത്തിച്ചെങ്കിലും, ബദനിയിലെ ആളുകൾ കൂടുതൽ നിഷ്കളങ്കരായതിനാൽ, എന്റെ ഏറ്റവും വലിയ അത്ഭുതം– ലാസറിനെ ഉയർപ്പിച്ചത്– അവിടെവച്ച് നടത്തുവാനും അനേകർ എന്നിൽ വിശ്വസിക്കുവാനും ഇടയായി.

എന്റെ ഈ ലോകശുശ്രൂഷ അവസാനിപ്പിക്കുന്നതിനു മുൻപ് എന്നെ പ്രസിദ്ധപ്പെടുത്തുവാൻ സമയമായി എന്ന് സ്വർഗ്ഗപിതാവ് എന്നോട് പറഞ്ഞു. ശിഷ്യന്മാരുമായുള്ള വ്യക്തിപരമായ എന്റെ സംസാരത്തിൽ അവർക്ക് കൂടുതൽ ഊർജ്ജം പകരേണ്ടത് ആവശ്യമാണെന്നും എനിക്ക് തോന്നി. ഞാൻ രാജാധിരാജാവു തന്നെയാണെന്ന യാഥാർത്ഥ്യം അവർക്ക് ബോധ്യമാകുംവണ്ണം ഞാൻ പ്രതീകാത്മകമായി ഒരു ജൈത്രയാത്ര തന്നെ നടത്തുവാൻ തീരുമാനിച്ചു. മുൻപൊക്കെ രഹസ്യമായി യാത്രചെയ്യാനും പരസ്യപ്രകടനങ്ങൾ ഒഴിവാക്കാനുമാണ് ഞാൻ ഇഷ്ടപ്പെട്ടിരുന്നത്. എന്നാൽ എന്നെ പറ്റിയുള്ള പ്രവചനങ്ങൾ പൂർത്തീകരിക്കുവാൻ കൂടിയാണ് ഞാനിപ്പോൾ ഒരു പരസ്യയാത്രയ്ക്ക് തയ്യാറായത്. കഴുതപ്പുറത്തു കയറിയുള്ള എന്റെ യാത്രയെയും യെരുശലേമിൽ നിന്ന് കുതിരകളെയും രഥങ്ങളെയും നീക്കം ചെയ്തു സമാധാനം വരുത്തി ഭൂമിയുടെ അറ്റത്തോളം ആധിപത്യം ഏറ്റെടുക്കുകയും ചെയ്യും എന്ന സക്കറിയ പ്രവാചകന്റെ വാക്കുകളെയും ഞാനോർത്തു."സീയോൻ പുത്രിയെ ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക. യെരുശലേം പുത്രിയെ ആർപ്പിടുക! ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു. അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുത പുറത്തും പെൺകഴുതയുടെ കുട്ടിയായ

ചെറുകഴുതപ്പുറത്ത് കയറി വരുന്നു. ഞാൻ എഫ്രയിമിൽ നിന്ന് രഥത്തെയും യെരുശലേമിൽ നിന്ന് കുതിരയേയും ഛേദിച്ചുകളയും. പടവില്ലും ഒടിഞ്ഞു പോകും. അവൻ ജാതികളോടു സമാധാനം കൽപ്പിക്കും. അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റത്തോള വുമായിരിക്കും."(സഖ.9:9,10).

യഥാർത്ഥ രാജ്യത്വവും സമാധാനവും എന്താണെന്ന് മനുഷ്യർക്ക് കാണിച്ചുകൊടുക്കാനുള്ള സമയമായി എന്ന് എനിക്ക് ബോധ്യമായി. ഉച്ചഭക്ഷണം കഴിഞ്ഞ് പത്രോസിനെയും യോഹന്നാനെയും വിളിച്ച് അവരോട് ഇങ്ങനെ പറഞ്ഞു,

"അടുത്ത ഗ്രാമമായ ബത്ഫാഗയിലേക്ക് പോയി അവിടുത്തെ കവലയിലുള്ള വീട്ടിൽ ചെന്ന് അന്വേഷിക്കുക. അവിടെ ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നത് കാണും. നിങ്ങൾ അതിനെ അഴിക്കുവാൻ തുടങ്ങുമ്പോൾ ഉടമസ്ഥൻ വന്ന് കാര്യം തിരക്കിയാൽ "യേശുവിന് ഇതിനെ ആവശ്യമുണ്ട്" എന്ന് പറയണം. ഉടനെ അയാൾ കഴുതക്കുട്ടിയെ വിട്ടുതരും."ഞാൻ പറഞ്ഞത് കേട്ട് അവർ പോയി കഴുതക്കുട്ടിയെ കൊണ്ടുവന്നു. കഴുതക്കുട്ടിയെ തെരഞ്ഞെടുക്കുവാൻ രണ്ട് കാരണങ്ങളുണ്ട്. ഒന്നാമത് പ്രവചന പൂർത്തീകരണം. രണ്ടാമത് കഴുതപ്പുറത്ത് പോകുന്നവർ സമാധാനത്തിന്റെയും ലാളിത്യത്തിന്റെയും താഴ്മയുടെയും പ്രതീകമായിരുന്നു. യുദ്ധത്തിനും ആക്രമണത്തിനുമായി കുതിരപ്പുറത്താണ് രാജാവിന്റെ പട്ടാളക്കാർ വന്നിരുന്നത്. സൗമ്യതയും സമാധാനവും പ്രസംഗിച്ച ഞാൻ എന്റെ ജീവിത അന്ത്യത്തിലും ശാന്തിയുടെ പ്രതീകമായ കഴുത പുറത്തുള്ള യാത്ര ചെയ്യുന്നത് ഉചിതം തന്നെ എന്ന് തോന്നി.

കഴുതക്കുട്ടിയെ കൊണ്ടുവന്നു കഴിഞ്ഞു എന്റെ നിർദ്ദേശങ്ങൾക്കായി ശിഷ്യന്മാർ കാത്തുനിന്നു. യെരുശലേമിലേക്ക് ഏകദേശം മൂന്ന് കിലോമീറ്റർ ദൂരം ഉണ്ടായിരുന്നു. പെസഹാ പെരുന്നാൾ പ്രമാണിച്ച് കുറെയേറെ തീർഥാടകർ നാനാദിക്കുകളിൽ നിന്നും വന്നു കൊണ്ടിരുന്നു. എന്നെ കാണാനും കേൾക്കാനും എന്റെ അത്ഭുതങ്ങൾ കാണാനും ഒക്കെയായി ദൂരെനിന്ന് വന്നവരെല്ലാം എന്റെ ചുറ്റുംകൂടി. യാക്കോബും യോഹന്നാനും യെരുശലേമിൽ ചെന്ന് പറഞ്ഞതനുസരിച്ച്, എന്നെ മാത്രമല്ല ലാസറിനെ കൂടി കാണുവാൻ അനേകമാളുകൾ ബഥാന്യയിലേക്ക് വന്നു. അങ്ങനെ ഒരു വലിയ പുരുഷാരം തന്നെ അവിടെ വന്നുകൂടി.

ജറുസലേം ദേവാലയത്തിലേക്ക് ഒരു രാജകീയ വരവേൽപ്പ് തന്നെ ശിഷ്യന്മാർ ക്രമീകരിച്ചു. അവരുടെ ഉത്സാഹം ഉണർത്തേണ്ടത്

ആവശ്യമായിരുന്നതിനാൽ ഞാൻ അതിനു തടസ്സം പറഞ്ഞില്ല. ശിഷ്യന്മാർ തന്നെ യാത്രയുടെ ക്രമീകരണങ്ങൾ ചെയ്തു . ഏറ്റവും മുൻപിൽ കുട്ടികളെ അണികളായി നിർത്തി. അതിന് പിന്നിൽ കൈകുഞ്ഞുങ്ങൾ ഉള്ള അമ്മമാരെയും അതിനും പിറകിലായി സ്ത്രീകളെയും ക്രമീകരിച്ചു." നീ ശിശുക്കളുടെയും മുലകുടിക്കുന്നവരുടേയും വായിൽ നിന്നും ബലം നിയമിച്ചിരിക്കുന്നു" എന്ന പ്രവചനം നിറവേറ്റുന്നതിനായി അപ്രകാരം ചെയ്തതാണ്.(സങ്കീർത്തനം 8:2). സ്ത്രീകളുടെ അണികളെ നയിക്കുന്നതിനായി മാർത്ത,മറിയ, ശലോമി, യോഹന്ന തുടങ്ങിയ എന്റെ ശിഷ്യരായ സ്ത്രീകൾ നേതൃത്വം നൽകി. കുരുത്തോലകളും ഒലിവ് ഇല കൊമ്പുകളും എല്ലാവർക്കും അവർ വിതരണം ചെയ്യുന്നുണ്ടായിരുന്നു.

കഴുതക്കുട്ടിയുടെ പുറത്ത് ശിഷ്യന്മാർ തങ്ങളുടെ മേൽകുപ്പായം വിരിച്ച് എന്നെ അതിന്മേൽ കയറ്റി ഇരുത്തി. സ്ത്രീകളും പുരുഷന്മാരും തങ്ങളുടെ പുതപ്പുകളും മേൽ വസ്ത്രങ്ങളും വഴിയിൽ വിരിച്ച് എനിക്ക് രാജകീയ പാതയൊരുക്കി. യെരുശലേമിൽ പെരുന്നാളിന് വന്നിരുന്നവർ ഈത്തപ്പനയുടെ കൊമ്പുകളും വീശിക്കൊണ്ട് എന്നെ വരവേൽക്കാനായി താഴെ നിന്നും ഒലിവ് മലയുടെ മുകളിലേക്ക് കയറി വരുന്നുണ്ടായിരുന്നു. "ഓശാന, ഇസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ" എന്ന് ആർത്തുവിളിച്ചു കൊണ്ടാണ് അവർ കൂട്ടമായി വന്നിരുന്നത്. "സീയോൻ പുത്രി ഭയപ്പെടേണ്ട, ഇതാ നിന്റെ രാജാവ് കഴുതക്കുട്ടി പുറത്ത് കയറി വരുന്നു" എന്ന സക്കറിയ പ്രവാചകന്റെ പ്രവചനം അങ്ങനെ പൂർത്തിയായി. യാത്ര ഒലിവ് മലയുടെ ഇറക്കത്തോട് അടുത്തപ്പോൾ പുരുഷാരത്തിന്റെ ആരവം വർദ്ധിച്ചുകൊണ്ടിരുന്നു. എല്ലാവരും ആവേശത്തോടെ ആർപ്പുവിളിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു."ഓശാന, കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ. സ്വർഗത്തിൽ സമാധാനം, ഉന്നതങ്ങളിൽ മഹത്വം!"

(ലൂക്കോസ് 19: 37,38; സങ്കീർത്തനം 118:26). എന്റെ അത്ഭുത പ്രവൃത്തികളെപറ്റിയുള്ള ഓർമ്മകൾ ആയിരുന്നു അവരുടെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നത്. തന്നെയല്ല അവർ നൂറ്റാണ്ടുകളായി കാത്തിരുന്ന വാഗ്ദത്ത മിശിഹാ ആയ ഞാൻ ഉടനെ തന്നെ റോമാചക്രവർത്തിയെ തോൽപ്പിച്ച് യഹൂദന്മാർക്ക് പൂർണസ്വാതന്ത്ര്യം നൽകുമെന്നും അവർ തെറ്റിദ്ധരിച്ചിരുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ എനിക്ക് ഓശാന പാടുന്ന ജനം എന്നെ ക്രൂശിക്കുവാൻ ആർത്തു വിളിക്കുമെന്ന് ഞാൻ അറിഞ്ഞു ഞാൻ അവരോട് സഹതപിച്ചു. പണ്ട് യേഹു എന്ന് പേരുള്ള രാജാവിന് വേണ്ടി യഹൂദന്മാർ ജയ് വിളിച്ച് കാത്തിരുന്ന കാര്യം അവർ ഓർത്തു കാണും. (1 രാജ. 9: 1–). യഹൂദന്മാരുടെ സ്വത്വബോധവും ദേശീയ

കാഴ്ചപ്പാടും വംശീയ താൽപര്യങ്ങളും സ്വാതന്ത്ര്യ ബോധവും അങ്ങേയറ്റം സ്വാധീനിച്ചിരുന്നത്അവരുടെമുദ്രാവാക്യവിളികളിൽനിറഞ്ഞുനിന്നിരുന്നു. "യഹോവേരക്ഷിക്കേണമേ"എന്നർത്ഥമുള്ള"hosanna"(ഓശാന) എന്ന പദം യഹൂദൻമാരുടെ കൂടാരപെരുന്നാൾ(സൂകോത്ത് ) ആഘോഷങ്ങളിലും പലപ്രാവശ്യം മുഴങ്ങി കേൾക്കുന്ന പതിവായതിനാൽ ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ ഈ മുദ്രാവാക്യം വളരെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞതിന്റെ മാറ്റൊലികൾ അങ്ങ് ദൂരെ യെരുശലേം ദേവാലയം വരെ കേൾക്കാമായിരുന്നു. യെരുശലേമിൽ നിന്നും വന്നവരുടെ കൂട്ടത്തിൽ പ്രത്യേകം നിരീക്ഷകരായി, യഹൂദ പുരോഹിതന്മാർ അയച്ചിരുന്നവരും ഉണ്ടായിരുന്നു. അവർ എന്റെ അടുക്കൽ വന്ന് ഇങ്ങനെ പരാതി പറഞ്ഞു," ഗുരുവേ, നിന്റെ ശിഷ്യന്മാരെ വിലക്കുക."ഞാൻ വളരെ ശാന്തമായി അവരോട് മറുപടി പറഞ്ഞു: "ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും" (ഹബക്കുക്ക് 2: 11).

യെരുശലേം പട്ടണത്തോട് അടുത്തപ്പോൾ എന്റെ മനസ്സ് വളരെ അസ്വസ്ഥമായി തുടങ്ങി. എന്റെ മരണത്തെക്കുറിച്ചല്ല, യെരുശലേമിന്റെ നാശത്തെക്കുറിച്ച് ഓർത്ത് ഞാൻ കരഞ്ഞു." ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളാമായിരുന്നു. ഇപ്പോഴോ അത് നിന്റെ കണ്ണിന് മറഞ്ഞിരിക്കുന്നു. നിന്റെ സന്ദർശനകാലം നീ അറിയാത്തതുകൊണ്ട് നിന്റെ ശത്രുക്കൾ നിനക്ക് ചുറ്റും വാടകോരി നിന്നെ വളഞ്ഞ് നാല് പുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്ത് തള്ളിയിട്ട് നിങ്കൽ കല്ലിന്മേൽ കല്ല് ശേഷിക്കാതിരിക്കുന്ന കാലം നിനക്ക് വരും."(ലൂക്കോസ് 19: 41–44)

"യെരുശലേമെ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ ചേർത്ത് കൊള്ളുവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു. നിങ്ങൾക്കോ മനസ്സ് ആയില്ല. നിങ്ങളുടെ ഭവനം ശൂന്യമായ് തീരും. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്ന് നിങ്ങൾ പറയുവോളം ഇനി എന്നെ കാണുകയില്ല എന്ന് ഞാൻ നിങ്ങളോട് പറയുന്നു".(മത്തായി 23: 37– 39).

യെരുശലേം പട്ടണം പല കാലഘട്ടങ്ങളിലും ആക്രമിക്കപ്പെട്ട് നശിക്കാൻ ഇടയായിട്ടുണ്ടെങ്കിലും എനിക്ക് അതിനോട് എന്നും സ്നേഹം തന്നെയായിരുന്നു. പലപ്രാവശ്യം യെരുശലേമിനെ ഓർത്ത് ഞാൻ ദുഃഖിച്ചിട്ടുണ്ട്. എങ്കിലും എന്റെ ജീവൻ ബലിയർപ്പിച്ച ലോകത്തിന് മുഴുവൻ രക്ഷ ഏകുവാൻ തക്ക പുണ്യസ്ഥലമായി തീർന്നതിനാൽ അത് എന്നും നിലനിൽക്കും. യെരുശലേമിലെ എന്റെ ക്രൂശുമരണം മൂലം ലോകത്തിനുമുഴുവൻ ശാശ്വതസമാധാനം ഭൂമിയിൽ സംജാതമാകുന്ന

കാലം വിദൂരമല്ല. യെരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കാൻ ദാവീദ് ആഹ്വാനം ചെയ്യുന്നുണ്ടല്ലോ.

(സങ്കീർത്ത. 122: 6). അബ്രഹാമിന്റെ സന്തതികൾ ആയ യഹൂദൻമാരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഒത്തൊരുമിച്ച് പ്രതീകാത്മകമായി സമാധാനത്തോടെ കഴിയുന്ന അനുഭവം ലോകം മുഴുവനും സംജാതമാകും എന്ന് തന്നെ പ്രതീക്ഷിച്ച ഞാനും കാത്തിരിക്കുകയാണ്. (സഖ. 14:16; ഏശയ.2:2–4).ഞാൻ പുരോഹിതനായും പ്രവാചകനായും അറിയപ്പെടുന്നത് പോലെ രാജാവായി വരവേൽപ്പ് നൽകിയ യെരുശലേമിനെ ഒരിക്കലും എനിക്ക് മറക്കാൻ ആവില്ല. താഴ്മയുടെയും സേവനത്തിന്റെയും പ്രതീകമായ "കഴുത" ഓശാന ദിനത്തിലെ പ്രധാന സൂചനയാണെന്ന് നിങ്ങൾ മറക്കരുത്. എന്നെ ചുമന്നുകൊണ്ട് നടക്കുമ്പോൾ കഴുതയ്ക്ക് ലഭിച്ചതുപോലെ നിങ്ങൾക്കും മാന്യത ലഭിക്കും എന്നുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. നിങ്ങൾ മാന്യത ആഗ്രഹിക്കുന്നവർ ആണെങ്കിൽ ഞാൻ ഇറങ്ങിപ്പോവുകയും ജനങ്ങൾ നിങ്ങളെ ആട്ടിയോടിക്കുകയും ചെയ്യും എന്നും ഓർക്കുക. എപ്പോഴും താഴ്മയുടെ സ്വഭാവം നിങ്ങൾക്ക് ഉണ്ടായിരിക്കട്ടെ. മറ്റുള്ളവരുടെ ഭാരം ചുമക്കാനും കഴുത നിങ്ങൾക്ക് ഒരു മാതൃകയാണ്. സേവനമാണ് ഭരണമല്ല ദൈവ രാജ്യത്തിന്റെ അടയാളം എന്ന് ഓർക്കുക.

## വിധവയുടെ ചില്ലി കാശ് (ലൂക്കോസ് 21:1–4)

ഓശാനയുടെ ജൈത്രയാത്ര ദൈവാലയത്തിലെത്തിയപ്പോൾ സന്നദ്രിം സംഘം കൂടി, എന്നെ പിടികൂടുന്നത് പെരുന്നാൾ കഴിഞ്ഞു മതി എന്ന് തീരുമാനിച്ചതിനാൽ, എല്ലാ യഹൂദ പ്രമാണിമാരും സ്നേഹം അഭിനയിച്ച് തന്നെയാണ് എന്നോട് പെരുമാറിയത്. അല്ലെങ്കിൽ ജനക്കൂട്ടം അവർക്കെതിരെ തിരിയും എന്ന് അവർ ഭയപ്പെട്ടിരുന്നു.

ഞങ്ങൾ ദൈവാലയത്തിൽ കുറച്ച് സമയം വിശ്രമിച്ചും ധ്യാനിച്ചും കൊണ്ടിരുന്നു. ദൈവാലയത്തിന് പുറത്തെ പ്രകാരത്തിൽ വലിയ ബഹളം ആയതിനാൽ ജനങ്ങൾക്ക് ശ്രദ്ധയോടെ പ്രാർത്ഥിക്കുവാൻ സാധിക്കുന്നില്ലായിരുന്നു. ജനനത്തോട് കുറെ ദൈവരാജ്യമർമങ്ങൾ പറഞ്ഞു കൊടുക്കണം എന്ന് എനിക്ക് ആഗ്രഹം ഉണ്ടായിരുന്നു. ശിഷ്യന്മാർ ആ കാര്യം പ്രത്യേകം എന്നെ ഓർമിപ്പിക്കുകയും ചെയ്തിരുന്നല്ലോ. പക്ഷേ യാതൊരുതരത്തിലും ആരാധനയ്ക്കും പ്രഭാഷണത്തിനും പറ്റിയ അന്തരീക്ഷം ഇല്ലാതിരുന്നതിനാൽ ഞാൻ മുന്നോട്ടു കയറി നേർച്ച

ഇടുന്നവരെശ്രദ്ധിച്ചു. പുരോഹിതൻമാരും പരീശന്മാരും പ്രമാണിമാരും ഒക്കെ പുറത്തെ പ്രകാരത്തിൽ കച്ചവടക്കാരു മായി സല്ലാപം നടത്തി നിൽക്കുകയായിരുന്നു. അവരോട് നേരിട്ട് ചെന്ന് പരാതി പറയണം എന്ന് ആദ്യം തോന്നി. പിന്നീട് എന്റെ ധാർമികരോഷം ഉള്ളിലൊതുക്കി ഞാനാരോടും ഒന്നും പറഞ്ഞില്ല.

ജനങ്ങൾ ഓരോരുത്തരായി ഭണ്ടാരത്തിൽ വഴിപാട് ഇടുന്നത് നോക്കിക്കൊണ്ട് ഞാൻ അവിടെ അടുത്തു തന്നെ ഇരുന്നു. പലരും തങ്ങളുടെ പ്രൗഡിക്ക് അനുസരിച്ച് വലിയ തുകകൾ നിക്ഷേപിച്ചു കൊണ്ടിരുന്നു. എന്നാൽ വളരെ ദരിദ്രയായ ഒരു സാധു വിധവ തന്റെ കയ്യിൽ ആകെ ഉണ്ടായിരുന്ന രണ്ട് ചെറിയ ചില്ലിക്കാശ് മുഴുവനും വഴിപാട് നൽകിയ കാര്യം ഞാൻ പിന്നീട് ശിഷ്യന്മാരോട് പറഞ്ഞു. എത്ര കുറഞ്ഞത് ആണെങ്കിലും ഭാഗികമായിട്ടല്ല പൂർണമായിത്തന്നെ, നിങ്ങളുടെ സമയവും സമ്പാദ്യങ്ങളും കഴിവുകളും ദൈവത്തിന് സമർപ്പിക്കുന്നതിന്റെ പ്രാധാന്യം ഞാൻ അവരോട് വിവരിച്ചു പറഞ്ഞു. സന്ധ്യ മയങ്ങിയപ്പോൾ ഞാൻ ശിഷ്യന്മാരെയും കൂട്ടി വിശ്രമിക്കുവാൻ ബദാന്യയിലേക്ക് പോയി. കഴുതയെ ഉടമസ്ഥന് തിരികെ കൊടുക്കുവാൻ "ഇടിമക്കൾ" നേരത്തെ പോയിരുന്നു.

പകൽ സമയത്തെ ക്ഷീണം നിമിത്തം ശിഷ്യന്മാർ വിശ്രമിക്കാൻ ഒരുങ്ങി. ജൈത്രയാത്ര വൻവിജയം ആയിരുന്നെങ്കിലും ദൈവാലയത്തിലെത്തി അതിന്റെ പരിസമാപ്തി വേണ്ടത്ര വിജയിച്ചില്ല എന്ന കാര്യത്തിൽ ശിഷ്യന്മാർ എല്ലാവരും നിരാശരായിരുന്നു. പ്രഭാഷണം നടത്തി ജനത്തെ ബോധവൽക്കരിക്കാൻ ഞാൻ ശ്രമിച്ചില്ലെന്ന പരാതി അവർ വീണ്ടും എന്നോട് പറഞ്ഞു. ഞാൻ അവരോട് മറുപടി ഒന്നും പറഞ്ഞില്ല. ദൈവാലയത്തിലെ അന്തരീക്ഷം അതിനു സഹായകമായതായിരുന്നില്ല എന്ന് അവർക്കും അറിയാമായിരുന്നല്ലോ.

## ഞാൻ അത്തി വൃക്ഷത്തെ ശപിച്ചു

## (മർക്കോസ് 11:12–14)

പിറ്റേദിവസം രാവിലെ ഞങ്ങൾ യെരുശലേം പട്ടണത്തിലേക്ക് നടന്നു കൊണ്ടിരുന്നപ്പോൾ എനിക്ക് വല്ലാതെ വിശന്നു. വഴിയരുകിൽ നല്ല ഒരു അത്തിവൃക്ഷം വളർന്ന് പടർന്ന് പന്തലിച്ച് നിൽപ്പുണ്ടായിരുന്നു. തൽക്കാലത്തേക്ക് ഏതാനും അത്തിപ്പഴം തിന്ന് വിശപ്പകറ്റാൻ അവിടെ

ചെന്ന് നോക്കിയപ്പോൾ ഇല അല്ലാതെ ഒരു അത്തിപ്പഴം പോലും അതിൽ ഇല്ലായിരുന്നു. ശിഷ്യൻമാരെ അതിലൂടെ ഒരു ഗുണപാഠം പഠിപ്പിക്കുവാനായി "ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ" എന്ന് അത്തിയോട് പറഞ്ഞു. ഉടൻതന്നെ അത്തിമരം ഉണങ്ങി പോകുന്നത് കണ്ട് ശിഷ്യന്മാർ ആശ്ചര്യപ്പെട്ടു. അത്തിയെ ശപിച്ച് ഉണക്കിയ തിന്റെ അർത്ഥം അവർക്ക് ഞാൻ വിവരിച്ചു കൊടുത്തു. ഇലയുള്ളപ്പോൾ ഫലവും കൂടെ കാണേണ്ടതായിരുന്നു. ഫലമില്ലാതെ ഇല മാത്രം കാണിച്ച് ജനങ്ങളെ വഞ്ചിക്കുന്ന "കപട ഭക്തിയുള്ള" സ്വഭാവമായിരുന്നു യഹൂദ പ്രമാണിമാർക്ക് ഉണ്ടായിരുന്നത്. അങ്ങനെയുള്ള പരീശമനോഭാവം ഉള്ളവർ അതുപോലെ നശിച്ചുപോകും എന്നൊരു മുന്നറിയിപ്പ് ഞാൻ നൽകുകയായിരുന്നു. തന്നെയല്ല, വിശ്വാസത്തോടുകൂടി നിങ്ങൾ കല്പിച്ചാൽ വൃക്ഷങ്ങൾ മാത്രമല്ല, മല പോലും കടലിലേക്ക് മാറിപ്പോകും എന്ന് ഞാൻ അവരെ പഠിപ്പിക്കുകയായിരുന്നു. (മർക്കോസ് 11:12– 26). മനുഷ്യരാകുന്ന നിങ്ങളെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുവാൻ പ്രകൃതിയിലെ സസ്യങ്ങളെയും ജന്തുക്കളെയും പ്രതീകങ്ങൾ ആക്കുന്നതിന്റെ രഹസ്യം നിങ്ങൾ മനസ്സിലാക്കണം. നേരത്തെ ഭൂതബാധ സൗഖ്യം ആക്കുവാനായി പന്നി കൂട്ടത്തെ നശിപ്പിച്ച കാര്യം നിങ്ങൾ ഓർക്കുന്നുണ്ടല്ലോ.

യഹൂദന്മാരുടെ മതജീവിതത്തിൽ ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾ വളരെ വിപുലമായും ആകർഷകമായും നടത്തിവന്നിരുന്നു, എങ്കിലും അവമൂലം മനുഷ്യർക്കുണ്ടാകേണ്ട ആന്തരിക നന്മകൾ ആകുന്ന ഫലങ്ങൾ പുറപ്പെടുവിക്കാൻ അവർ പരാജയപ്പെട്ടു. ഇപ്രകാരമുള്ള പരീശമനോഭാവമുള്ളവർക്ക്, ഏതു മതത്തിലും പ്രായത്തിലും പെട്ടവരായാലും ദൈവപിതാവിനെ പ്രസാദിപ്പിക്കുവാൻ കഴിയാതെ വരുന്നതിനാൽ ഒരിക്കലും ഫലം പുറപ്പെടുവിക്കാൻ കഴിയാത്ത വിധത്തിൽ ഇപ്രകാരം ഉണങ്ങി പോകുമെന്ന് ഓർത്തിരിക്കുക. യഹൂദജനതയെ സ്വന്തം ജനമായി കരുതി അവർക്ക് എല്ലാവിധ സംരക്ഷണവും ആചാരാനുഷ്ഠാനങ്ങളും പ്രമാണങ്ങളും നൽകിയിട്ടും നന്മപ്രവൃത്തികൾ ആകുന്ന സൽഫലങ്ങൾ പുറപ്പെടുവിക്കുവാൻ അവർ ശ്രമിച്ചില്ല.

സാക്ഷാൽ ദൈവപുത്രനായ ഞാൻ തന്നെ മനുഷ്യനായി അവരുടെ ഇടയിൽ വസിച്ചു ദൈവപിതാവിന്റെ കാഴ്ചപ്പാടുകളും സ്വർഗ്ഗീയ മൂല്യങ്ങളും ജീവിച്ചു കാണിച്ചു കൊടുക്കാൻ അങ്ങേയറ്റം പരിശ്രമിച്ചു. അവർക്ക് വേണ്ടി ഉപവസിച്ചു, പ്രാർത്ഥിച്ചു, അവരുടെ രോഗികളെ സൗഖ്യമാക്കി, മരിച്ചവരെ ഉയർപ്പിച്ചു. എന്നിട്ടും അവർ എന്നെ തിരിച്ചറിയാതെ കപടഭക്തി കാണിച്ച്

ദൈവനാമത്തെ ദുഷിച്ചു കളഞ്ഞു. ഒടുവിലത്തെ വലിയ ന്യായവിധിയിൽ സംഭവിക്കാനിരിക്കുന്ന ദുരന്തത്തിന്റെ സൂചന ആയിട്ടാണ് ഞാൻ ആ അത്തിയെ ഉണക്കി കളഞ്ഞത്. എന്റെ പ്രിയ ശിഷ്യരായ നിങ്ങളും ഈ കാര്യം നല്ലവണ്ണം കരുതിയിരിക്കണം. ഓശാന യാത്രയിൽ എനിക്ക് വരവേൽപ്പ് നൽകി ആർത്തുവിളിച്ച ജനം എന്നെയും എന്റെ ദൈവരാജ്യസന്ദേശത്തെയും വേണ്ടതുപോലെ ഗ്രഹിച്ചില്ല. നിങ്ങൾക്കും അപ്രകാരം തെറ്റ പറ്റാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പരിശുദ്ധാത്മ സഹായത്തോടെ നല്ല ഫലങ്ങൾ കായ്ക്കുന്നവർ ആയിത്തീരുക. അതാണ് നിങ്ങളിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നത്. അതില്ലാതെ "ഓശാന" മാത്രം പാടുന്നത് കൊണ്ട് ഒരു പ്രയോജനവുമില്ല എന്നോർക്കുക.

9-2-2021.

## അദ്ധ്യായം 85

# യെരുശലേം ദൈവാലയം ഞാൻ ശുദ്ധീകരിച്ചു

**(മത്തായി 21:12 –13; മർക്കോസ് 11:15–17; ലൂക്കോസ് 19: 45–46; യോഹന്നാൻ 2:15–17)**

ഓശാന വരവേല്പ് ജെറുസലേം ദേവാലയത്തിൽ എത്തിക്കഴിഞ്ഞ് എനിക്ക് ജനങ്ങളെ അഭിസംബോധന ചെയ്യുവാൻ കഴിയാത്ത സാഹചര്യം നിങ്ങൾ മനസ്സിലാക്കിയല്ലോ. പിറ്റേദിവസം രാവിലെ പ്രഭാത ഭക്ഷണത്തിന് ശേഷം ഞങ്ങൾ ബദാന്യയിൽ നിന്നും പുറപ്പെട്ടു ഒമ്പതുമണിയോടെ ദേവാലയത്തിലെത്തി. പെരുന്നാൾ പ്രമാണിച്ച് ധാരാളമാളുകൾ അവിടെ എത്തിയിരുന്നു. എന്റെ പ്രഭാഷണം കേൾക്കാനായി അവർ പ്രതീക്ഷയോടെ കാത്തിരിക്കുന്നതിനാൽ ഞാൻ നേരെ പീഠത്തിൽ കയറി പ്രസംഗം ആരംഭിച്ചു.

തലേദിവസത്തെ പോലെ പുറത്ത് പ്രകാരത്തിൽ മൃഗങ്ങളുടെയും പക്ഷികളുടെയും ശബ്ദങ്ങൾ ശല്യം ചെയ്തുകൊണ്ടിരുന്നെങ്കിലും ഞാൻ സംയമനം പാലിച്ച് പ്രഭാഷണം തുടർന്നു. ഞങ്ങൾ ഇരുന്നിരുന്ന ശലമോന്റെ മണ്ഡപത്തിനരികിലൂടെ മൃഗങ്ങളെ നടത്തിക്കൊണ്ടുപോകുന്നത് കണ്ടു എനിക്ക് വളരെ പ്രയാസം തോന്നി. പെട്ടെന്നാണ് രണ്ടുപേർ തമ്മിൽ നാണയം മാറുന്നതിനെ ചൊല്ലി ഉച്ചത്തിൽ വഴക്ക് ആരംഭിച്ചത്. യഹൂദന്യായപ്രമാണം അനുസരിച്ച് യാതൊരു രൂപവും മുദ്രയുമുള്ള നാണയങ്ങൾ ദൈവാലയത്തിൽ വഴിപാട് നൽകാൻ പാടില്ലായിരുന്നു. (പുറ. 20: 4; ആവ. 4:16– 18).

അതുപോലെതന്നെ ബലിയർപ്പിക്കാൻ ജനങ്ങൾ കൊണ്ടുവരുന്ന മൃഗങ്ങളും പക്ഷികളും ഊനമില്ലാത്തതായിരിക്കണമെന്ന് നിർബന്ധമായിരുന്നു.(ലേവ്യ. 1:3;10–14). വീണ്ടെടുപ്പ് വിലയായി അര ശേക്കെൽ വെള്ളിക്കാശ് വീതം എല്ലാവരും ദൈവാലയത്തിൽ വഴിപാട് നൽകണമെന്നും (പുറ. 30:12)

12 വയസ്സ് പൂർത്തിയായ എല്ലാവരും തലവരിപ്പണം കൊടുക്കണമെന്നും നിയമമുണ്ടായിരുന്നു. അതിനാൽ ജനങ്ങൾ കൊണ്ടുവരുന്ന റോമൻ മുദ്രയുള്ള നാണയങ്ങൾ മാറി യഹൂദ നാണയമായ ശേക്കൽ മേശപ്പുറത്ത് നിരത്തിവെച്ച് വിൽക്കുന്ന വ്യാപാരികൾ പലരും അവിടെ ഉണ്ടായിരുന്നു. അവർ പുരോഹിതന്മാരുടെ ഏജൻറ്മാർ തന്നെയായിരുന്നതുകൊണ്ട് അവരുടെ ശബ്ദകോലാഹലങ്ങൾ നിയന്ത്രിക്കാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. അവരിൽ നിന്ന് ലഭിക്കുന്ന കമ്മീഷൻ പുരോഹിതന്മാരുടെ ഒരു നല്ല വരുമാനമാർഗ്ഗമായിരുന്നു. ഞാൻ കുറച്ചുനേരം ഈ ബഹളം എല്ലാം കണ്ടു ക്ഷമിച്ചു. ദൈവാലയത്തെപ്പറ്റി പ്രവാചകന്മാർ പറഞ്ഞ കാര്യങ്ങൾ എന്റെ ഓർമ്മയിൽ വന്നു." ഞാൻ എന്റെ വിശുദ്ധ പർവ്വതത്തിലേക്ക് കൊണ്ടുവന്ന എന്റെ പ്രാർത്ഥന ആലയത്തിൽ അവരെ സന്തോഷിപ്പിക്കും. അവരുടെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും എന്റെ യാഗപീഠത്തിന്മേൽ പ്രസാദകരമായിരിക്കും. എന്റെ ആലയം സകല ജാതികൾക്കും പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും. (യേശയ. 56: 7). ദൈവാലയത്തിലെ മ്ലേച്ഛതകൾ കണ്ടുകൊണ്ട് യഹോവയുടെ അരുളപ്പാട് പ്രവാചകൻ എഴുതിയിരിക്കുന്നതും അപ്പോൾ എന്റെ ഓർമ്മയിൽ വന്നു. " എന്റെ നാമം വിളിച്ചിരിക്കുന്ന ഈ ആലയം കള്ളന്മാരുടെ ഗുഹ എന്ന് നിങ്ങൾക്ക് തോന്നുന്നുവോ? എനിക്കും അത് അങ്ങനെ തന്നെ എന്ന് തോന്നുന്നു"(യിരമ്യ 7: 11). ദാവീദ് രാജാവിന്റെ ആത്മഗതം എന്റെ മനസ്സിൽ ധാർമിക രോഷത്തിന്റെ തിരമാലകളുയർത്തി, "നിന്റെ ആലയത്തെ കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു. നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണിരിക്കുന്നു".(സങ്കീ. 69:9).

എന്റെ ക്ഷമ ധാർമികരോഷത്തിന് വഴിമാറി. ഞാൻ നേരെ നാണയം വിൽക്കുന്നവരുടെ മേശയുടെ അടുക്കലെത്തി, വഴക്കടിച്ചു നിൽക്കുന്നവരെ ശാന്തമാക്കാൻ ശ്രമിച്ചെങ്കിലും അവർ പൂർവാധികം ഉച്ചത്തിൽ എന്നോട് കയർത്തു സംസാരിക്കാൻ തുടങ്ങി. ദൈവാലയം പ്രാർത്ഥനയ്ക്ക് ഉള്ളതാണെന്നും കച്ചവടം നടത്താൻ പാടില്ലാത്തതാണെന്നുള്ള പ്രവചനങ്ങൾ ഞാൻ ചൂണ്ടിക്കാട്ടിയെങ്കിലും അതൊന്നും അവർ കേൾക്കാൻ തയ്യാറല്ലായിരുന്നു. പുരോഹിതന്മാരുടെ പൂർണ്ണ പിന്തുണയുണ്ടെന്ന ധൈര്യത്തിൽ അവർ എന്നെ എതിർത്തു ഉച്ചത്തിൽ എന്തൊക്കെയോ പറഞ്ഞു കൊണ്ടിരുന്നു. എന്റെ ഭക്തിയുടെ തീക്ഷ്ണത വർദ്ധിച്ചു. പണ്ട് മോശ 'നിയമ പലകകൾ' ഇസ്രായേൽ മക്കളുടെ നേരെ എറിഞ്ഞ് ഉടയ്ക്കുന്ന ചിത്രമാണ് എന്റെ മനസ്സിൽ അപ്പോൾ ഉയർന്നുവന്നത്. എന്റെ ധാർമികരോഷം ആളിക്കത്തി. ഉപദേശം

കൊണ്ടൊന്നും പ്രയോജനമില്ലെന്ന് എനിക്ക് ബോധ്യമായി. പെട്ടെന്ന്, നാണയങ്ങൾ തരംതിരിച്ച് അടുക്കി വച്ചിരുന്ന കച്ചവടക്കാരുടെ മേശകൾ ഞാൻ തട്ടി മറിച്ചിട്ടു. നാണയങ്ങൾ മുഴുവൻ താഴെ വീണു ചിതറി പോയി. പലരുടെയും നാണയങ്ങൾ കൂടിക്കലർന്നതുകൊണ്ട് കച്ചവടക്കാർ എല്ലാം നാണയങ്ങൾ പെറുക്കിയെടുക്കാൻ ധൃതി കൂട്ടുന്നത് കണ്ടു. പ്രകാരത്തിന്റെ പുറത്ത് പക്ഷികളെ വിൽക്കുന്ന അനേകം വ്യാപാരികൾ ഉണ്ടായിരുന്നു. ഞാൻ അവിടെ ചെന്ന് എല്ലാ കൂടുകളും തുറന്നുവിട്ടു, പക്ഷികളെല്ലാം പറന്നുപോയി. വിൽപ്പനക്കാർ എല്ലാം പരസ്പരം നോക്കി അന്തംവിട്ടു നിന്നു. ആരെങ്കിലുമൊക്കെ എന്നെ തടയുമെന്ന് ഞാൻ കരുതിയെങ്കിലും ആരും തന്നെ അതിനു മുതിർന്നില്ല. ഞാൻ കുറച്ചു കൂടെ മുന്നോട്ടു നീങ്ങി ആടുകളെയും കന്നുകാലികളെയും കെട്ടിയിരുന്ന സ്ഥലത്ത് ചെന്നു. മൃഗങ്ങളുടെ കഴുത്തിലെ കയറുകൾ കെട്ടിയിരുന്ന കുറ്റികളൊക്കെ ഞാൻ ഇളക്കിമറിച്ചു. അവിടെ കിടന്നിരുന്ന ഒരു ചാട്ടവാർ എടുത്തു ചുഴറ്റിയപ്പോൾ മൃഗങ്ങളെല്ലാം ദൈവാലയ പരിസരത്തുനിന്നും പുറത്തേക്ക് ഓടിപ്പോയി.

അന്യായമായി വ്യാപാരം ചെയ്തിരുന്നവർ ആയിരുന്നതിനാൽ അവരുടെ കുറ്റബോധം നിമിത്തമാണ് ആരും എന്നെ തടഞ്ഞ് എതിർത്തു പറയാതിരുന്നത് എന്ന് എനിക്ക് തോന്നി. ജനങ്ങൾ കൊണ്ടുവന്നിരുന്ന മൃഗങ്ങൾക്ക് വ്യാപാരികൾ"ഊനം" കണ്ടെത്തി വളരെ ചുരുങ്ങിയ വിലകൊടുത്ത് വാങ്ങിക്കുകയും, മറ്റൊരു സ്ഥലത്ത് എത്തിച്ചു അതേ മൃഗങ്ങളെ തന്നെ"ഊനമില്ലാത്തവ" എന്ന് പറഞ്ഞു ഇരട്ടി വിലയ്ക്ക് വിൽക്കുകയും ചെയ്യുന്ന വഞ്ചകർ ആയിരുന്നു വ്യാപാരികൾ. ലാഭത്തിൽ നിന്നും വലിയ ഒരു ഓഹരി പുരോഹിതന്മാർക്ക് ലഭിക്കുമായിരുന്നതിനാൽ അവർ ഈ വഞ്ചന തിരിച്ചറിഞ്ഞിട്ടും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. വഞ്ചനയും തട്ടിപ്പും ഒക്കെ ആണെന്ന് അറിഞ്ഞിട്ടും എളുപ്പത്തിൽ വഴിപാട് നടത്തി തിരിച്ചു പോകണം എന്ന് കരുതി ജനങ്ങളും എതിർത്തു പറയാറില്ല. എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചാൽ വഴിപാട് കർമ്മങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ, ദിവസങ്ങളോളം യെരുശലേമിൽ താമസിക്കേണ്ടിവരുമെന്നതിനാൽ എത്രയുംവേഗം തിരിച്ചു പോകണം എന്ന് കരുതി വഞ്ചനകൾ കണ്ടില്ലെന്ന് നടിച്ചു. അതിനാൽ ഓരോ വർഷം കഴിയുന്തോറും ഈ വ്യാപാരങ്ങൾ ദേവാലയത്തിൽ ശക്തിപ്രാപിച്ചു വളർന്നു. ആരെങ്കിലും ദൈവാലയത്തിൽ ബഹളത്തിന് ഒരുങ്ങിയാൽ സുരക്ഷ കാവൽക്കാർ അല്ലെങ്കിൽ ഭടന്മാർ ഇടപെട്ട് സന്നിദ്രിം സംഘമുമ്പാകെ വിസ്തരിക്ക പെടുകയും പ്രായശ്ചിത്തമോ, പിഴയോ, ജയിൽവാസമൊ ലഭിക്കുമെന്ന ഭയവും ജനങ്ങൾക്ക് ഉണ്ടായിരുന്നു. ഈ ദുഷിപ്പ് യഹൂദ വംശത്തിന് തന്നെ ശാശ്വത നാശത്തിനു

കാരണമായി. അത് ഞാൻ മനസ്സിലാക്കിയാണ് അതിനൊരു അറുതി വരുത്തുവാൻ ഞാൻ ചാട്ടവാർ എടുത്തത്. ഈ പ്രവൃത്തി എന്റെ പുതിയ നിയമസഭയിലെ ജനങ്ങൾക്കും നേതാക്കന്മാർക്കും ശ്രദ്ധിക്കാൻ ഉള്ളതാണെന്ന് സന്ദർഭവശാൽ ഓർമിപ്പിക്കട്ടെ.

എന്റെ ഈ പ്രവൃത്തിയിൽ ജനസമൂഹം സന്തോഷിച്ച് എന്നെ അഭിനന്ദിക്കുന്നുണ്ടായിരുന്നു. എന്റെ ശിഷ്യന്മാർക്കും വളരെ സന്തോഷമായി. അവർ അഭിമാനത്തോടെ വിജയാഹ്ലാദം പ്രകടിപ്പിച്ചു. ദൈവാലയ അന്തരീക്ഷം തൽക്കാലത്തേക്ക് ശാന്തമായി എങ്കിലും അധികം താമസിയാതെ, ജനങ്ങളുടെ തിരക്ക് കുറഞ്ഞ സമയം നോക്കിക്കൊണ്ട് പുരോഹിതന്മാരും ശാസ്ത്രിമാരും പരീശന്മാരും എന്നെ അന്വേഷിച്ചു ദൈവാലയത്തിൽ വന്നു. ദൈവാലയത്തിൽ അപ്പോഴുണ്ടായിരുന്ന ജനങ്ങൾ ഓശാന പാടി കൊണ്ട് ആർപ്പുവിളി തുടങ്ങി. പുരോഹിതന്മാർ അവരോട് ശാന്തമാകാൻ ആവശ്യപ്പെട്ടെങ്കിലും അവർ പൂർവ്വാധികം ഉച്ചത്തിൽ എനിക്ക് ജയ് വിളിച്ചു കൊണ്ടിരുന്നു. എന്നെ ചോദ്യം ചെയ്യാൻ വന്നവർക്ക് ഒന്നും പറയാനാവാതെ വിഷമിച്ചു, എന്നോട് ജനത്തെ ശാന്തമാക്കാൻ ആവശ്യപ്പെട്ടു. ഞാൻ അവരോടും ഇങ്ങനെ പറഞ്ഞു," എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും, നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹ ആക്കിത്തീർത്തു എന്ന് പ്രവാചകൻ പറഞ്ഞത് നിങ്ങൾക്ക് അറിഞ്ഞുകൂടെ?". അവർക്ക് ഉത്തരം മുട്ടി. ഒന്നും പറയാനാവാതെ കോപിച്ചു നിന്നു. ഞാൻ കൈവീശി ആംഗ്യം കാണിച്ചപ്പോൾ ജനങ്ങൾ നിശബ്ദരായി. അപ്പോൾ പരീശപ്രമാണികൾ വളരെ കോപത്തോടെ എന്നോട് ഇങ്ങനെ ചോദിച്ചു , "നീ എന്ത് അധികാരം കൊണ്ട് ഇത് ചെയ്യുന്നു? ഈ അധികാരം നിനക്ക് തന്നത് ആരാണ്?". ഞാനും വിട്ടു കൊടുത്തില്ല.

ഞാൻ ഉത്തരമായി ഇങ്ങനെ പറഞ്ഞു," ഞാൻ നിങ്ങളോട് ഒരു വാക്ക് ചോദിക്കും. അതിന് മറുപടി നിങ്ങൾ പറഞ്ഞാൽ എന്ത് അധികാരം കൊണ്ട് ഞാൻ ഇത് ചെയ്യുന്നു എന്നുള്ളത് ഞാനും നിങ്ങളോട് പറയും. യോഹന്നാന്റെ സ്നാനം എവിടെ നിന്ന്? സ്വർഗ്ഗത്തിൽനിന്നോ, മനുഷ്യരിൽനിന്നോ?. അവർ തമ്മിൽ ആലോചിച്ചു: 'സ്വർഗ്ഗത്തിൽനിന്ന് എന്ന് പറഞ്ഞാൽ, പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞത് എന്ത് എന്ന് അവൻ നമ്മോട് ചോദിക്കും. മനുഷ്യരിൽനിന്ന് എന്ന് പറഞ്ഞാലോ, എല്ലാവരും യോഹന്നാനെ പ്രവാചകൻ എന്നല്ലോ എണ്ണുന്നത്'എന്ന് പരസ്പരം പറഞ്ഞു. അങ്ങനെ, "ഞങ്ങൾക്ക് അറിഞ്ഞുകൂടാ" എന്ന് അവർ എന്നോട് പറഞ്ഞു. എനിക്ക് ഉത്തരം പറയാൻ എളുപ്പമായി, ഞാൻ

അവരോട് ഇങ്ങനെ പറഞ്ഞു,:" നിങ്ങൾ ഉത്തരം പറയുന്നില്ലെങ്കിൽ എന്ത് അധികാരം കൊണ്ട് ഞാൻ ചെയ്യുന്നു എന്ന നിങ്ങളുടെ ചോദ്യത്തിന് ഞാനും ഉത്തരം പറയുന്നില്ല"(മത്തായി 21: 23– 27). യഹൂദൻമാരുടെ ചട്ടപ്രകാരം "റബ്ബി" എന്ന പേരിൽ സന്നദ്രിം സംഘത്തിൽനിന്ന് സർട്ടിഫിക്കറ്റ്ലഭിച്ചവർക്കുമാത്രമേ പരസ്യമായി ജനങ്ങളെ പഠിപ്പിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. എനിക്ക് അപ്രകാരം സർട്ടിഫിക്കറ്റ് ഇല്ല എന്നുള്ളത് അവർക്ക് അറിയാമായിരുന്നു. അതുകൊണ്ടാണല്ലോ നികുതി പിരിക്കാനായി നേരത്തെ പത്രോസിനെ സമീപിച്ചതും ഞാൻ നികുതി കൊടുത്തതും. സർട്ടിഫിക്കറ്റ് ഉള്ള "റാബി" ആയിരുന്നെങ്കിൽ നികുതി ഇല്ലായിരുന്നു. എനിക്ക് റബി എന്ന നിലയിൽ ജനത്തെ പഠിപ്പിക്കുവാൻ അധികാരമില്ല എന്ന്, എന്നെ മാത്രമല്ല എന്നെ കേൾക്കുന്ന ജനങ്ങളെയും ഒരിക്കൽ കൂടി ബോധ്യപ്പെടുത്താനും അതിൻപ്രകാരം ഞാൻ കുറ്റം ചെയ്തു എന്ന് സന്നദ്രിം സംഘത്തെ ബോധ്യപ്പെടുത്താനും ആയിരുന്നു യഹൂദ പ്രമാണിമാർ പരസ്യമായി എന്നെ ചോദ്യം ചെയ്തത്. പക്ഷേ എന്റെ ഉത്തരം കേട്ട് അവർ കോപിച്ചാണ് മടങ്ങിപ്പോയത്. എന്നെ എങ്ങനെയെങ്കിലും കുറ്റംചുമത്തി കൊലപ്പെടുത്തുക എന്ന അവരുടെ തീരുമാനം നടപ്പാക്കാൻ അധികം താമസമില്ലെന്ന് എനിക്ക് ഒന്നുകൂടി വ്യക്തമായി. ഈ പെസഹ ദിനത്തിൽ തന്നെ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടായ ഞാൻ ബലിയർപ്പിക്ക പെടണം എന്ന സ്വർഗ്ഗപിതാവിന്റെ തീരുമാനത്തിന് വിധേയപ്പെട്ടുവാൻ ഞാൻ മനസ്സ് കൊണ്ട് ഒരുങ്ങി.

യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയെയും അധികാരത്തെയും യഹൂദ പ്രമാണിമാരോ സന്നദ്ധാദ്രിം സംഘമോ, റബി എന്ന സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ അംഗീകരിച്ചിരുന്നില്ല. എന്റെ അധികാരം യോഹന്നാൻ നൽകിയതുമല്ല. "ദൈവപുത്രൻ" എന്ന നിലയിൽ പിതാവാം ദൈവത്തിന്റെ തന്നെ അധികാരം ഭൂമിയിൽ നടപ്പാക്കാൻ വന്ന എന്നെയും എന്റെ അധികാരത്തെയും കുരുടന്മാരായ യഹൂദ പ്രമാണിമാർക്ക് കാണാൻ കഴിയാതെ പോയത് അവരുടെ ലൗകീക കാഴ്ചപ്പാട് മൂലമായിരുന്നു. തിരുവെഴുത്തുകളിൽ മുഴുവൻ നിറഞ്ഞുനിന്നിരുന്ന "വാഗ്ദത്ത മിശിഹാ" ആയ എന്നെ അവർ തിരിച്ചറിയാതെ പോയതിൽ എനിക്ക് ഏറെ ദുഃഖമുണ്ട്. എന്റെ ശക്തിയും അധികാരവും എല്ലാം പിശാചിന്റെ തലവനായ ബെൽസ്ബൂബ്ബിൽ നിന്നുള്ളത് എന്നാണ് അവർ ധരിച്ചിരുന്നത്. സന്നദ്രിം സംഘത്തിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഞാൻ പഠിപ്പിക്കുന്നതും പ്രവർത്തിക്കുന്നതും എല്ലാം യഹൂദ ന്യായപ്രമാണത്തിന് വിരുദ്ധമാണെന്ന് തെളിയിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

പക്ഷേ എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഉപദേശങ്ങൾക്കും തിരുവെഴുത്തുകളുടെ അടിസ്ഥാനം എടുത്തു കാണിച്ചിരുന്നതിനാൽ അവർക്ക് എന്നെ തോൽപ്പിക്കാൻ കഴിയില്ല എന്ന നിരാശയിൽ ആണ് എന്നെ എത്രയുംവേഗം കൊല്ലണമെന്ന തീരുമാനത്തിലെത്തിയത്. യഹൂദന്മാരുടെ ഇടയിൽ തന്നെ ശക്തമായി ചേരിതിരിഞ്ഞ് നിന്നിരുന്ന പരീശന്മാരും സദുക്ക്യരും എന്നെ ഒരു പൊതു ശത്രുവായി കണ്ടു കൊല്ലുവാൻ, തൽക്കാലത്തേക്ക് അവർ ഒന്നായി ചേർന്നു വന്നതിനു ദേവാലയ ശുദ്ധീകരണം വഴിതെളിച്ചു എന്ന് പറയാം. സന്നദ്രിം സംഘത്തിൽ ഭൂരിഭാഗവും സദുക്ക്യർ ആയിരുന്നു എങ്കിലും, അവരുടെ ആലോചനകളെ കാര്യകാരണസഹിതം എതിർത്തിരുന്ന പരീശന്മാരിൽ ഒരാളായിരുന്ന നിക്കോദിമോസ് എനിക്ക് വേണ്ടി പലപ്പോഴും വാദിക്കാൻ ഉണ്ടായിരുന്നതിനാൽ എന്നെപ്പറ്റി കാര്യമായ കുറ്റാരോപണം നടത്താൻ അവർക്ക് കഴിയാതെ ഇരിക്കുകയായിരുന്നു. ഏതായാലും ദേവാലയ ശുദ്ധീകരണപ്രക്രിയ വഴി, സന്നദ്രിംസംഘത്തിൽ എനിക്കെതിരെ എന്ത് ആരോപണവും പാസാക്കിയെടുക്കാൻ എളുപ്പമായി എന്നത് ദൈവപിതാവിന്റെ പദ്ധതി തന്നെയായിരുന്നു.

**ദേവാലയ ശുദ്ധീകരണവുമായി ബന്ധപ്പെടുത്തി ചില ചിന്തകൾ കൂടി നിങ്ങളോട് ഞാൻ പറയട്ടെ.**

1) യഥാർത്ഥ ദൈവാലയം നിങ്ങളോരോരുത്തരുമാണ്.

നിങ്ങളുടെ ആത്മ, ശരീര, മനസ്സുകളുടെ ശുദ്ധീകരണമാണ് ഞാൻ നടത്തുവാൻ ലക്ഷ്യമിടുന്നത്. നിങ്ങളുടെ ശരീരം കുളിച്ച് ശുദ്ധിയായി സംരക്ഷിച്ച് സൂക്ഷിക്കുവാൻ നിങ്ങൾ ഏറെ പരിശ്രമിക്കുന്നുണ്ട് എന്ന് ഞാൻ അറിയുന്നു. എന്നാൽ ആന്തരികമായി ഹൃദയ ശുദ്ധീകരണം നടത്തുവാൻ നിങ്ങൾ കാര്യമായി ശ്രദ്ധിക്കാത്തതിൽ എനിക്ക് ദുഃഖമുണ്ട്. ഭൗതിക കാര്യങ്ങളിൽ താൽപര്യകൂടുതൽ മൂലം ആത്മീയ കാര്യങ്ങൾ അവഗണിക്കപ്പെടുന്ന അനുഭവം ഉണ്ടാകുന്നത് നിങ്ങളുടെ നിത്യനാശത്തിന് കാരണമാകും എന്ന് അറിയുക.

2) ദൈവം വസിക്കുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന അനുഭവം നിങ്ങളിൽ എല്ലായിപ്പോഴും നിറഞ്ഞ് നിൽക്കട്ടെ. യെരുശലേം ദേവാലയത്തിൽ ആരാധനയ്ക്ക് തടസ്സമായിരുന്ന വാദ കോലാഹലങ്ങളും വ്യാപാര ഇടപാടുകളും നിങ്ങളുടെ മനസ്സാകുന്ന ദൈവാലയത്തിൽ ഉണ്ടാകാതിരിക്കാൻ, ജാഗ്രതയോടെ എന്നെകേട്ട് അനുസരിച്ച് ജീവിക്കാൻ പരിശുദ്ധാത്മസഹായം തേടി കൊണ്ടിരിക്കുക. ആത്മാവിനെ

അനുസരിച്ച് നടന്നാൽ ജഡത്തിന്റെ മോഹത്തിൽ നിന്നും വിടുതൽ ലഭിക്കും. യഹൂദ ന്യായപ്രമാണത്തിന്റെ അടിമത്വത്തിൽ നിന്നും നിങ്ങൾക്ക് വിടുതൽ നൽകിയത്, ഞാൻ കാണിച്ചു തന്ന സ്നേഹമാർഗത്തിൽ കൂടി വളരുവാൻ വേണ്ടിയാണ്. ജഡത്തിന്റെ പ്രവൃത്തികൾ ആയ ദുർനടപ്പ്, അശുദ്ധി, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക,ക്രോധം,ശാഠ്യം, അസൂയ, മദ്യപാനം, വെറികൂത്ത് എന്നിവയെ ചാട്ടവാർ എടുത്തു മനസ്സിൽ നിന്നും ആട്ടി പുറത്താക്കി, മനസ്സും ഹൃദയവും ശുദ്ധീകരിക്കണം. അതിനുശേഷം, പരിശുദ്ധാത്മ ഫലങ്ങൾ ആയ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, എന്നിവയ്ക്കുപുറമേ വിനയം, വിശുദ്ധി, വിശ്വാസം, വിജ്ഞാനം, വിവേകം, വിമോചനം, വിരക്തി, വിമുക്തി,വിശ്രാന്തി തുടങ്ങിയ സദ്ഗുണങ്ങൾകൊണ്ട് മനസ്സ് നിറയ്ക്കാനായി പരിശുദ്ധാത്മാവിന്റെ സഹായം തേടി കൊണ്ടിരിക്കണം.

3) എന്റെ ആലയം സകല ജാതികൾക്കുമുള്ള പ്രാർത്ഥനാലയമാണ്. എന്നിൽ വിശ്വസിക്കുന്നവരുടെ എല്ലാ ദൈവാലയങ്ങളിലും എല്ലാവർക്കും കടന്നുവന്ന് ദൈവാരാധന നടത്തുവാനുള്ള അവസരം ഉണ്ടാകണം എന്നാണ് എന്റെ ആഗ്രഹം. എല്ലാവരും സത്യദൈവത്തെ അറിഞ്ഞും വിശ്വസിച്ചും ആരാധിച്ചുകഴിയുന്ന ഒരു "പുതിയ ആകാശവും പുതിയ ഭൂമിയും" നിർമ്മിക്കുവാൻ എന്റെ പ്രിയശിഷ്യരായ നിങ്ങളോട് ഞാൻ ആവശ്യപ്പെടുകയാണ്.

ജാതി, മത, വർഗ്ഗ,വർണ്ണ വ്യത്യാസങ്ങൾക്ക് ഉപരി സ്നേഹമെന്ന ഏക ചരടിൽ കോർത്തിണക്കിയ ദൈവമക്കളായി എല്ലാവരെയും രൂപാന്തരപ്പെടുത്താൻ തക്ക ഉൾകാഴ്ച നിങ്ങൾക്കെല്ലാവർക്കും ലഭിക്കുവാൻ, എല്ലാ മനുഷ്യർക്കും വേണ്ടി ഞാൻ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ മധ്യസ്ഥത നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ നിങ്ങളെ സഹോദരന്മാരെന്നും സ്നേഹിതരെന്നും കരുതുന്നത് പോലെ നിങ്ങളും പരസ്പരം സ്നേഹത്തിലും സമാധാനത്തിലും ഐക്യത്തിലും ജീവിക്കണം എന്ന് ഹൃദയപൂർവ്വം ആവശ്യപ്പെടുന്നത് നിങ്ങൾ ഗൗരവമായി കാണണം.

എന്റെ നാമത്തിൽ "ക്രിസ്തീയ ദൈവാലയങ്ങൾ" സ്ഥാപിച്ച് പ്രവർത്തിക്കുമ്പോൾ, യെരുശലേം ദേവാലയത്തിൽ കാണപ്പെട്ടിരുന്ന കുറവുകളും വീഴ്ചകളും ഉണ്ടാകാതെ നിങ്ങൾ ശുചിയായി സൂക്ഷിക്കണം. അഥവാ സാത്താന്റെ വശീകരണത്തിൽ അകപ്പെട്ട്

ഏതെങ്കിലും ദുഷിപ്പുകൾ കടന്നുകൂടി എന്നറിഞ്ഞാൽ അവയെ പരിശുദ്ധാത്മ ശക്തിയാൽ ആട്ടി അകറ്റാൻ നിങ്ങൾക്ക് കഴിയണം. ദൈവഹിതത്തിനു നിരക്കാത്ത ഒരു കാര്യവും ദൈവവുമായി ബന്ധത്തിൽ ജീവിക്കുന്ന ആരും തന്നെ ചെയ്യാൻ ഇടയാകരുത്. കലഹവും വെറുപ്പും വൈരാഗ്യവും ഉണ്ടെങ്കിൽ അവയെല്ലാം പറഞ്ഞുതീർത്തു, പരസ്പരം രമ്യമായി മാത്രം ദൈവമുൻപാകെ ബലി അർപ്പിക്കുവാനും വഴിപാട് നൽകുവാനും പ്രാർത്ഥിക്കുവാനും വരിക. അങ്ങനെയല്ലാതെയാണ് നിങ്ങൾ ആരാധിക്കാൻ വരുന്നതെങ്കിൽ, എന്നെയും സ്വർഗ്ഗപിതാവിനെയും പരിശുദ്ധാത്മാവിനെയും അനുസരിക്കാത്തവരും നിഷേധിക്കുന്നവരുമായി കണക്കാക്കി നിങ്ങളെയും ഞാൻ ചാട്ടവാർ എടുത്തു പുറത്താക്കുമെന്ന് ഓർത്തുകൊള്ളുക. ഇതൊരു ഭയപ്പെടുത്തൽ അല്ല, നിങ്ങളുടെ ജാഗ്രതയ്ക്ക് വേണ്ടിയുള്ള ഒരു മുന്നറിയിപ്പാണ്.

10-2-2021.

## അദ്ധ്യായം 86

# വീണ്ടും ചില ഉപമകളും ചോദ്യങ്ങളും ഉത്തരങ്ങളും

യെരുശലേം ദൈവാലയശുദ്ധീകരണം മൂലം ജനങ്ങൾ എന്നെ കേൾക്കുവാൻ കൂടുതൽ താല്പര്യം കാണിച്ചു. എന്നോട് പല കാര്യങ്ങൾ ചോദിക്കുന്നത് അനുസരിച്ച് ഞാൻ അവരോട് സംഭാഷണം തുടർന്നു. രണ്ട് മൂന്ന് ദിവസത്തിനകം എന്നെ യഹൂദന്മാർ അറസ്റ്റ് ചെയ്യുമെന്ന് ഉറപ്പായി. എന്റെ പ്രഭാഷണങ്ങൾ കേട്ട് കുറ്റം കണ്ടുപിടിക്കാനും വാക്കിൽ കുടുക്കുവാനും ആയി പലരെയും യഹൂദ നേതാക്കന്മാർ പ്രത്യേകം പ്രത്യേകം ചോദ്യങ്ങളുമായി എന്റെ അടുക്കൽ അയച്ചിരുന്നു. അവരോടെല്ലാം സംസാരിക്കാൻ എനിക്ക് പ്രത്യേക താൽപര്യമുണ്ടായിരുന്നു. കാരണം, അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയുമ്പോൾ അവർ ശ്രദ്ധയോടെ കേൾക്കുമെന്നും അങ്ങനെ എന്നെയും എന്റെ ചിന്തകളെയും യഹൂദപ്രമാണിമാർ കൂടുതൽ ശരിയായി ഗ്രഹിക്കുമെന്നും ഞാൻ പ്രതീക്ഷിച്ചു. അതിൻപ്രകാരം ഞാൻ ഓരോരോ കാര്യങ്ങൾ ഉപമകൾ വഴിയായും കഥകൾ വഴിയായും അവരോട് പറയാൻ തുടങ്ങി.

A) **ശരിയായി അനുസരിക്കാത്ത രണ്ട് മക്കളുടെ ഉപമ** (മത്തായി 21: 28–32).

ഒരു മനുഷ്യനു രണ്ട് പുത്രന്മാർ ഉണ്ടായിരുന്നു. മൂത്ത മകനോട് മുന്തിരിത്തോപ്പിൽ വേല ചെയ്യാൻ പറഞ്ഞപ്പോൾ ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് പോയി ജോലി ചെയ്തു. രണ്ടാമത്തെ മകനോട് പറഞ്ഞ ഉടനെ പോകാം എന്ന് സമ്മതിച്ചെങ്കിലും അവൻ പോയില്ല. ഈ ഉപമ വിശദമായി പറഞ്ഞപ്പോൾ ജനങ്ങൾ ശ്രദ്ധയോടെ കേട്ടിരുന്നു. ഒടുവിൽ ഞാൻ അവരോട് ചോദിച്ചു,:" ഈ രണ്ടു പേരിൽ ആരാകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്?" "ഒന്നാമത്തെവൻ" എന്ന് അവർ ഉത്തരം പറഞ്ഞു. ഞാൻ അവരോട് ഉപമയുടെ പൊരുൾ ഇങ്ങനെ പറഞ്ഞു കൊടുത്തു, " ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ

കടക്കുമെന്ന് സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു.

യോഹന്നാൻ നീതി മാർഗ്ഗം ഉപദേശിച്ചു കൊണ്ട് നിങ്ങളുടെ അടുക്കൽ വന്നു, നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനെ വിശ്വസിച്ചു. അത് കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിക്കാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല."

ഇസ്രായേൽ മക്കളിൽ രണ്ടു വിഭാഗം ആളുകളെയാണ് ഈ രണ്ട് മക്കൾ പ്രതിനിധാനം ചെയ്തത് എന്ന് അവർക്ക് ഞാൻ വിശദീകരിച്ചു കൊടുക്കേണ്ടി വന്നു. ന്യായപ്രമാണം ബാഹ്യമായി ആചരിക്കുന്ന പരീശപ്രമാണിമാരും യഹൂദ വരേണ്യവർഗവും മാത്രമേ സ്വർഗ്ഗത്തിലേക്ക് പോവുകയുള്ളൂ എന്നും, ചുങ്കക്കാരും പാപികളും എന്ന ഗണത്തിൽ പെടുന്ന സാധാരണ യഹൂദന്മാർ തള്ളപെട്ടവരായി തീരുമെന്നും കണക്കാക്കിയിരുന്ന സമൂഹത്തിന് ഞാൻ ഒരു മുന്നറിയിപ്പ് നൽകുകയായിരുന്നു. യോഹന്നാൻ സ്നാപകൻ മാനസാന്തരത്തെപറ്റി പറഞ്ഞപ്പോൾ യഥാർത്ഥ ദൈവരാജ്യസന്ദേശം ഉൾക്കൊണ്ട് ആന്തരികമായി സ്വർഗ്ഗപിതാവിനെ വിശ്വസിച്ചു ആശ്രയിച്ചു അനുസരിച്ചു ജീവിച്ചവർ മുന്നമേ സത്യദൈവത്തെ ആരാധിക്കുന്നവരായിതീരും എന്ന് ഞാൻ പരസ്യമായി പഠിപ്പിക്കുകയായിരുന്നു. മതത്തിന്റെ പ്രമാണങ്ങൾ അറിയാമെന്ന അഹങ്കാരത്തിൽ, അവയെ ശരിയായി ആചരിക്കുകയും അനുസരിക്കുകയും ചെയ്യാൻ പ്രമാണിമാർക്ക് കഴിയാതെപോയി. യഥാർഥ മഹത്വം താഴ്മയിലും വിനയഭാവത്തിലും ആണെന്ന് നിങ്ങളും മറന്നു പോകരുത്.

"ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു, താഴ്മയുള്ളവർക്ക് കൃപ നൽകുന്നു" എന്ന് പത്രോസ് എഴുതിയ കാര്യം ശ്രദ്ധിക്കുക. സ്വയം നീതികരണമാണ് നിങ്ങളുടെ രക്ഷയ്ക്ക് തടസ്സമായിരിക്കുന്നത്. മഗ്ദലനമറിയം, സക്കായി, മത്തായി എന്നിവരെ പോലെ യഥാർത്ഥ മാനസാന്തരത്തിൽ എത്തുവാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യം അവകാശിക്കുവാൻ പ്രയാസമാകും എന്നറിയുക. ഈ ഉപമയിൽ പറഞ്ഞ രണ്ടു മക്കളും പൂർണമായി പിതാവിനെ അനുസരിച്ചവരല്ല. ഒരുത്തൻ പോകില്ല എന്ന് പറഞ്ഞ് പിതാവിനെ ആദ്യം വേദനിപ്പിച്ചു. മറ്റവൻ പോകാം എന്ന് പറഞ്ഞ് പിതാവിനെ കളിപ്പിച്ചു. എന്റെ ശിഷ്യന്മാരായ നിങ്ങൾ സ്വർഗ്ഗ പിതാവ് പറയുന്നതിന് മുൻപ് തന്നെ പിതാവിന്റെ ഇഷ്ടം മുൻകൂട്ടി അറിഞ്ഞു അനുസരിക്കുന്നവരാകാൻ ശ്രമിക്കണം.

B) **പുത്രനെ കൊലചെയ്ത കുടിയാന്മാർ** (മത്തായി 21: 33–41)

മുന്തിരിത്തോട്ടത്തിലെ ഈ ഉപമയിലൂടെ ഇസ്രായേൽ പ്രമാണിമാരെ ശ്രദ്ധേയമായ ഒരു പാഠം പഠിപ്പിക്കാൻ ഞാൻ ശ്രമിച്ചു. മുന്തിരിത്തോപ്പിലെ ഉടമസ്ഥൻ കൃഷിചെയ്യുക, വിളവ് ശേഖരിച്ച കണക്ക് ബോധിപ്പിക്കുക, എന്നിവ ചെയ്യുവാനായി പാട്ടക്കാരെ, (കുടിയാന്മാർ) ഏൽപ്പിച്ച് ദൂരദേശത്ത് പോയി. വിളവ് ശേഖരിക്കുവാൻ കാലമായപ്പോൾ ഉടമസ്ഥൻ വില വാങ്ങാനായി തന്റെ ദാസന്മാരെ പലപ്രാവശ്യമായി അയച്ചെങ്കിലും അവർ പ്രതിഫലം കൊടുത്തില്ല,എന്ന് മാത്രമല്ല ദാസൻമാരിൽ ആദ്യം പോയവനെ പിടിച്ചുകെട്ടി, രണ്ടാമത്തെവനെ അടിച്ചു, പിന്നീട് അയച്ചവനെ കൊന്നു. പിന്നീടും, അയച്ച ദാസന്മാരെ എല്ലാം അവർ ഉപദ്രവിച്ച് ഓടിച്ചു കളഞ്ഞു. ഒടുവിൽ യജമാനൻ സ്വന്തം മകനെ തന്നെ അയച്ചു. മകൻ എന്ന നിലയിൽ കുടിയാന്മാർ ബഹുമാനിക്കും എന്ന് കരുതിയെങ്കിലും, അവകാശി എന്ന് കണ്ടു അവനെയും തോട്ടത്തിൽ നിന്നും പുറത്താക്കി കൊന്നുകളഞ്ഞു."

ഞാൻ ഈ ഉപമ പറഞ്ഞപ്പോൾ എല്ലാവരും ശ്രദ്ധിച്ചു കേട്ടിരുന്നു. അവിടെയുണ്ടായിരുന്നപ്രമാണിമാർക്ക്ഉപമയുടെഅർത്ഥംമനസ്സിലായി. എങ്കിലും അവിടെ കേട്ടുകൊണ്ടിരുന്ന സാധാരണക്കാർക്കായി ഞാൻ അല്പം കൂടി വിശദീകരിച്ചു ഇങ്ങനെ പറയേണ്ടിവന്നു. "ആകയാൽ മുന്തിരിത്തോട്ടത്തിലെ ഉടയവൻ വരുമ്പോൾ ആ കുടിയാന്മാരോട് എന്ത് ചെയ്യും ?" അവർ മറുപടി പറഞ്ഞു,"അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ച് തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്ക് തോട്ടം ഏൽപ്പിക്കും". അപ്പോൾ കുറച്ചുകൂടി വ്യക്തമാക്കി ഞാൻ അവരോട് പറഞ്ഞു,

"ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന പുറജാതികൾക്ക് കൊടുക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു ". കേട്ടുനിന്ന പുരോഹിതന്മാരും പ്രമാണിമാരും പരീശന്മാരും , തങ്ങളെ പറ്റിയാണ് ഈ ഉപമ പറഞ്ഞത് എന്ന് മനസ്സിലാക്കി കൂടുതൽ കോപാകുലരായി കാണപ്പെട്ടു. സങ്കീർത്തനം ഉദ്ധരിച്ചുകൊണ്ട് ഞാൻ അവരോട് ഇങ്ങനെ പറഞ്ഞു,:" നിങ്ങൾ തള്ളിക്കളഞ്ഞ മൂലക്കല്ല് ആകുന്ന എന്റെ മേൽ വരുന്നവർ തകർന്നുപോകും. അത് ആരുടെയെങ്കിലും മീതെ വീണാൽ അവനെ പൊടിയാക്കി കളയും."(സങ്കീ.118:22,23). അവർ കോപിച്ച് അപ്പോൾ തന്നെ എന്നെ പിടിക്കാൻ ആഗ്രഹിച്ചെങ്കിലും പുരുഷാരം എന്നെ അംഗീകരിച്ചത്കൊണ്ട് അറസ്റ്റ് ചെയ്തില്ല.

ഇസ്രായേൽ ജനതയെ ദൈവം നട്ടുവളർത്തി പരിപാലിക്കുന്ന മുന്തിരിത്തോപ്പ് ആയി പരിഗണിച്ച് വളർത്തി സംരക്ഷിച്ചു എങ്കിലും, കാട്ടുമുന്തിരിങ്ങകൾ കായ്ച്ചതിനാൽ ഇസ്രായേലിനെ നശിപ്പിച്ചു കളയും എന്ന പ്രവചനം ഞാൻ അവരോട് പറഞ്ഞപ്പോൾ അവർക്ക് ഉത്തരം മുട്ടി. (ഏശയ. 5: 1– 9). യഹൂദജനതയെ ദൈവം സംരക്ഷിച്ച ചരിത്രം ഞാനവരെ ഓർമിപ്പിച്ചു. ന്യായപ്രമാണങ്ങൾ ആകുന്ന ചുറ്റുമതിലും ആരാധനാലയം ആകുന്ന കാവൽമാടവും പണിതു കൊടുത്തെങ്കിലും വിഗ്രഹാരാധനയും അധാർമികതയും കപടഭക്തിയുമാകുന്ന"കാട്ടു മുന്തിരിങ്ങകൾ"കായ്ച്ചതിനാൽ, അതിനെ നശിപ്പിക്കാൻ അസീറിയകാരെയും ബാബിലോൺകാരെയും യഹോവ അനുവദിച്ചത് പോലെ, സാക്ഷാൽ ദൈവപുത്രനായ എന്നെപ്പോലും ഉപദ്രവിച്ച് കൊല്ലുന്നതിന് ഇടയായതിനാൽ, പുതിയ ഇസ്രായേൽ ആകുന്ന എന്റെ സഭയെ പണിയാനായി അപ്പോസ്തോലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കൾ, എപ്പിസ്കോപ്പമാർ, കാശിശന്മാർ, ശെമ്മാശൻമാർ എന്നിങ്ങനെയുള്ളവരെ വേലക്കായി ഞാൻ നിയമിച്ചിട്ടുണ്ട്. അവർ സ്വർഗ്ഗപിതാവിന്റെ ഇഷ്ടപ്രകാരം സഭയെ ശുശ്രൂഷിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**C) കൈസർക്ക് കരം കൊടുക്കേണ്ടതുണ്ടോ?** (മത്തായി 22: 15– 22).

ഞാൻ ദൈവാലയത്തിൽ സംഭാഷണം നടത്തി കൊണ്ടിരുന്നപ്പോൾ എന്നെ കുടുക്കിൽ പിടിക്കുവാനായി പരീശൻമാരുടെ ശിഷ്യന്മാർ ഹെരോദ്യരുടെ കൂടെ വന്ന് എന്നോട് ചോദിച്ചു,:" ഗുരുവേ, നീ സത്യവാനും ദൈവത്തിന്റെ വഴി നേരായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാത്തവനുമാകയാൽ ആരെയും ശങ്ക ഇല്ലാത്തവനും ആകുന്നു എന്ന് ഞങ്ങൾ അറിയുന്നു. നിനക്ക് എന്ത് തോന്നുന്നു?

കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ അല്ലയോ?" ഞാൻ അവരുടെ മനസ്സിലെ ദുഷ്ടലാക്ക് മനസ്സിലാക്കി. അവർ ആദ്യം എന്നെ പ്രശംസിച്ച് പറഞ്ഞു എന്റെ അനുയായികളായി അഭിനയിക്കുകയാണെന്ന് ഞാൻ മനസ്സിലാക്കുകയില്ല എന്നവർ കരുതി. ഞാൻ അവരുടെ മുഖത്ത് നോക്കി ഇങ്ങനെ പറഞ്ഞു,:" കപടഭക്തിക്കാരെ എന്നെ പരീക്ഷിക്കുന്നത് എന്ത്? കരത്തിനുള്ള നാണയം കാണിക്കുവിൻ."അവർ എന്റെ അടുക്കൽ ഒരു റോമൻ നാണയം കൊണ്ടുവന്നു."ഈ സ്വരൂപവും മേലെഴുത്തും ആരുടേത് " എന്ന് ഞാൻ ചോദിച്ചു. "കൈസരുടേത് "എന്ന് അവർ ഉത്തരം പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു,: " കൈസർ ക്കുള്ളത് കൈസർക്കും,

ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക".അവർ എന്റെ മറുപടി കേട്ട് ആശ്ചര്യപ്പെട്ടു. ഉടൻതന്നെ അവിടെനിന്നും തലകുനിച്ച് ഇറങ്ങിപ്പോയി.

റോമാ ചക്രവർത്തിയുടെ കൂടുതൽ അടുപ്പവും കൂറും പുലർത്തുന്ന ചില യഹൂദന്മാർ ആയിരുന്നു ഹെരോദ്യർ. സാധാരണ നിലയിൽ തീവ്രവാദികളായ പരീശന്മാർ ഇവരോട് കൂട്ട് കൂടാറില്ല. എന്നാൽ ചക്രവർത്തിക്കെതിരെ ഞാനെന്തെങ്കിലും പറഞ്ഞാൽ അത് ഹേറോദ്യർ വഴിയായി റോമാചക്രവർത്തി അറിഞ്ഞാൽ,എനിക്കെതിരെ ചക്രവർത്തി തന്നെ നേരിട്ട് നടപടിയെടുക്കുമെന്ന കണക്കുകൂട്ടലിലാണ് പരീശന്മാർ അവരെ കൂട്ടികൊണ്ട് എന്നെ ചോദ്യം ചെയ്തത്. മനുഷ്യരുടെ മനസ്സ് വായിച്ചറിയുവാൻ എനിക്ക് കഴിഞ്ഞിരുന്നത് പരിശുദ്ധാത്മ സഹായത്തോടെയാണ്. പരിശുദ്ധാത്മാവ് നിങ്ങളിൽ വസിച്ച് നിങ്ങളെ നയിക്കുവാൻ അനുവദിച്ചാൽ നിങ്ങൾക്കും മനുഷ്യരുടെ മനസ്സ് അറിയുവാനും അവർക്ക് തക്കതായ ഉത്തരം നൽകാനും സാധിക്കും.

റോമൻ നാണയത്തിന്മേൽ കൈസറിന്റെ രൂപം പതിച്ചത് അതിന്റെ ഉടമസ്ഥാവകാശം കാണിക്കാൻ ആയിരുന്നു. റോമാ ചക്രവർത്തിയാണ് അവർക്ക് ധനസമ്പാദ്യങ്ങൾ നൽകുന്നത് എന്ന സന്ദേശമാണ് അത് നൽകിയത്. അതുകൊണ്ടാണ് ചക്രവർത്തിക്ക് കരം കൊടുക്കുവാൻ അങ്ങനെ പറഞ്ഞത്. നിങ്ങൾ രാജാക്കൻമാർക്ക് കീഴടങ്ങി നിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടവരാണ്. അതുകൊണ്ടുതന്നെ ഞാനും കരം കൊടുത്ത കാര്യം നിങ്ങൾക്കറിയാമല്ലോ. അതേസമയം മനുഷ്യരായ നിങ്ങളിലും ദൈവത്തിന്റെ സ്വരൂപം ഉള്ളതിനാൽ നിങ്ങൾ കൈസർക്കുള്ളവരല്ല, നിങ്ങൾ മുഴുവനുമായി ദൈവത്തിനുള്ളവരാണ് എന്ന് പ്രത്യേകം ഓർക്കണം. ദൈവസ്വരൂപത്തിലും സാദൃശ്യത്തിലുമാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം മറന്നു പോകരുത്. (ഉല്പത്തി 1:27). ലോകപ്രകാരം നിങ്ങളുടെ രാജ്യത്തിന്റെ നിയമമനുസരിച്ച് ജീവിക്കുമ്പോഴും,നിങ്ങളുടെ സ്ഥിരപൗരത്വം സ്വർഗത്തിൽ ആണെന്നും അവിടേക്ക് പ്രവേശനം നഷ്ടപ്പെടാതിരിക്കാൻ നിങ്ങളിലുള്ള ദൈവസ്വരൂപം ദൈവസാദൃശ്യത്തിലേക്ക് വളർന്നുകൊണ്ടിരിക്കണം എന്ന് ഓർത്തിരിക്കുക. ദൈവപുത്രൻ എന്ന നിലയിൽ ഞാൻ നിങ്ങളുടെ മുമ്പാകെ ജീവിച്ചു കാണിച്ചു തന്ന "ദൈവസാദൃശ്യം" നിങ്ങളും സ്വായത്തമാക്കാനുള്ള അവസരമായിട്ടാണ് ഈ ലോക ജീവിതകാലം ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്നത്. ഞാൻ രണ്ടാമത് വരുമ്പോൾ നിങ്ങൾ എന്നോട് സദൃശ്യന്മാരായിത്തീരും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഞാൻ വീണ്ടും വരുമെന്നും അപ്പോൾ നിങ്ങൾ എന്നോട്

സാദൃശ്യന്മാർ ആകുമെന്നും പ്രത്യാശയോടെ കാത്തിരിക്കുന്നവർ, ഞാൻ നിർമ്മലൻ ആയിരിക്കുന്നതുപോലെ നിർമ്മലരായി ജീവിക്കുവാൻ പരിശ്രമിക്കണം.(1യോഹന്നാൻ 3: 1– 3).

**D) സ്വർഗത്തിൽ വിവാഹമില്ല, സ്നേഹബന്ധം മാത്രം.**
(മത്തായി 22: 23– 33).

പുനരുദ്ധാനം ഇല്ല എന്ന് പഠിപ്പിക്കുന്ന സദുക്ക്യർ എന്നെ കുടുക്കുവാനായി ഇങ്ങനെ ചോദിച്ചു,"ഗുരുവേ, ഒരുത്തൻ മക്കളില്ലാതെ മരിച്ചാൽ അവന്റെ സഹോദരന്റെ ഭാര്യയെ വിവാഹം കഴിച്ച് തന്റെ സഹോദരന് സന്തതിയെ ജനിക്കണമെന്ന് മോശ കല്പിച്ചിട്ടുണ്ടല്ലോ.(ആവർത്തനം25:5).ഞങ്ങളുടെ ഇടയിൽ 7 സഹോദരന്മാർ ഒന്നിനുപിറകെ ഒന്നായി ഈ സ്ത്രീയെ ഭാര്യ ആക്കിയെങ്കിലും മക്കളില്ലാതെ ഒടുവിൽ സ്ത്രീ മരിച്ചു. പുനരുത്ഥാനത്തിൽ ഏഴ് പേരിൽ ഇവൾ ആർക്ക് ഭാര്യയാകും?"

ഞാൻ അവരോട് ഇങ്ങനെ ഉത്തരം പറഞ്ഞു, "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയേയും അറിയാത്തതുകൊണ്ട് തെറ്റിപ്പോകുന്നു. പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല വിവാഹത്തിന് കൊടുക്കുന്നുമില്ല. സ്വർഗ്ഗത്തിലെ മാലാഖമാരെപ്പോലെയത്രേയാകുന്നു."എന്റെ ഉത്തരം അവർക്ക് തൃപ്തിയായില്ല എന്ന് എനിക്ക് തോന്നി. അല്പം കൂടി വിശദമായി ഞാൻ പറഞ്ഞു, ആദമിന്റെ പാപഫലമായി മരണം ലോകത്തിൽ വന്നു. ദൈവ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ നിത്യമായി നശിക്കാൻ സ്വർഗ്ഗപിതാവ് ഇഷ്ടപ്പെടാതെയിരുന്നതിനാൽ നിങ്ങളെ പാപത്തിൽനിന്നും മരണത്തിൽ നിന്നും രക്ഷിക്കുവാൻ ആയിട്ടാണ് ഞാൻ മനുഷ്യാവതാരം ചെയ്തു, മരിച്ചുയർത്ത് നിങ്ങളെയെല്ലാം സ്വർഗ്ഗത്തിൽ കയറ്റുവാൻ പദ്ധതിയിട്ടിരിക്കുന്നത്. അങ്ങനെ സ്വർഗത്തിൽ എത്തിയാൽ അവിടെ മരണമില്ല, അതുകൊണ്ടുതന്നെ ജനനവും ഇല്ല. ജനനം ഇല്ലാത്തതിനാൽ വിവാഹബന്ധവുമില്ല. പരസ്പരം തിരിച്ചറിയാവുന്ന ദിവ്യമായ സ്നേഹബന്ധം മാത്രമേ സ്വർഗ്ഗത്തിൽ നിലനിൽക്കുന്നുള്ളൂ.

മരിച്ചവരുടെ പുനരുത്ഥാനത്തെപറ്റി വിശ്വസിക്കാത്ത സാദുക്യരെ നോക്കിക്കൊണ്ട് ഞാൻ പറഞ്ഞു," മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി ദൈവം അരുളിചെയ്തത് നിങ്ങൾ വായിച്ചിട്ടില്ലയൊ?

ഞാൻ അബ്രഹാമിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും

യാക്കോബിന്റെ ദൈവം ആകുന്നു എന്ന് അവൻ അരുളി ചെയ്യുന്നു."(പുറ.3: 6). എന്നാൽ അവൻ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമത്രേ." എന്റെ ഉത്തരം കേട്ട് പുരുഷാരം വിസ്മയിച്ചു. സാദൂക്യർ ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി.(മരണാനന്തര ജീവിതത്തെ പറ്റി കൂടുതൽ അറിയുവാൻ"യേശുവിന്റെ ആത്മകഥ" വാല്യം 2, അധ്യായം 28"ഞാൻ മരിച്ചവരെ ഉയർപ്പിച്ച 2 രണ്ട് അനുഭവങ്ങൾ"കൂടി വായിക്കുക).

**E). ഏറ്റവും വലിയ കല്പന ഏത്?** (മത്തായി 22: 34– 40).

മോശ നൽകിയ പത്ത് കല്പനകളെ പരീശന്മാർ വളരെയേറെ വിപുലപ്പെടുത്തി. ആകെ 613 കല്പനകൾ ഉള്ളതായി യഹൂദ റബ്ബിമാർ വ്യാഖ്യാനിച്ചു പറഞ്ഞു. ആ സാഹചര്യത്തിൽ ഒരു പുരോഹിതന്റെ ഈ ഒരു ചോദ്യം പ്രസക്തമായിരുന്നു. "ഗുരുവേ, ന്യായപ്രമാണത്തിൽ ഏത് കല്പനയാണ് വലിയത്?" കൽപ്പനയെപ്പറ്റി ഞാൻ എന്തെങ്കിലും തെറ്റായി പഠിപ്പിക്കും എന്ന് കരുതിയാണ് എന്നോട് അങ്ങനെ ചോദിച്ചത്. ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു:

"നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതും ആയ കൽപ്പന. രണ്ടാമത്തേത് അതിനോട് സമം; കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു"(മത്തായി 22: 34– 40). തിരുവെഴുത്തുകളിൽ പ്രത്യേകം എടുത്ത് പറയുന്നത് ഇങ്ങനെയാണ്,"നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം. ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെഹൃദയത്തിൽ ഇരിക്കണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കുകയും, നീ വീട്ടിൽ ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം. അവ നിന്റെ കണ്ണുകൾക്ക് മധ്യേ പട്ടമായി ഇരിക്കണം. അവയെ നിന്റെ വീടിന്റെ കട്ടിളകൾമേലും പടിവാതിലുകളിലും എഴുതണം.(ആവർത്തനം 6: 5). അതുപോലെതന്നെ "നിന്റെ ജനത്തിന്റെ മക്കളോട് പക വയ്ക്കരുത്. കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം"(ലേവ്യ. 19: 18).

ന്യായപ്രമാണത്തിൽ ഇപ്രകാരം സ്നേഹത്തിന്റെ പ്രാധാന്യം പറഞ്ഞിട്ടുള്ളതിനാൽ എന്റെ ഉത്തരം അവർക്ക് തൃപ്തികരമായി തോന്നി.

അതുകൊണ്ട് അതേപ്പറ്റി അവർ പിന്നീട് തർക്കിച്ചില്ല. യഹൂദന്മാർ ന്യായപ്രമാണം അക്ഷരംപ്രതി ബാഹ്യമായി ആചരിക്കുവാൻ ശ്രദ്ധിച്ചിരുന്നെങ്കിലും ആന്തരികമായി ഉണ്ടാകേണ്ട സ്നേഹഭാവത്തോടെ പ്രവർത്തിക്കുവാൻ അവർ പരാജയപ്പെട്ടിരുന്നു. സ്നേഹത്തോടെ അല്ലാതെ എന്ത് ചെയ്താലും അത് പ്രയോജനരഹിതമാണെന്ന് നിങ്ങൾ പ്രത്യേകം ഓർക്കുക.

സ്നേഹത്തിന്റെ പ്രത്യേകതകളെപറ്റി പൗലോസ് ശ്ലീഹ വർണിക്കുന്നത് നിങ്ങൾ നല്ലപോലെ വായിച്ച് ഗ്രഹിച്ച് ജീവിതത്തിൽ പ്രയോഗിക്കണം.(1കോരി അധ്യായം13.)."അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടം പെട്ടിരിക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നവല്ലോ. ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ"(റോമ 13: 8– 10).

**F) ക്രിസ്തുവിനെകുറിച്ച് എന്ത് കരുതുന്നു?** (മത്തായി 22: 41– 44).

ഞങ്ങൾ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ ഒരുകൂട്ടം പരീശന്മാർ തമ്മിൽ തമ്മിൽ എന്തോ ആലോചിക്കുന്നത് കണ്ടു ഞാൻ അവരോട് അങ്ങോട്ട് ചോദിച്ചു,"ക്രിസ്തുവിനെ കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു? അവൻ ആരുടെ പുത്രനാണ്?" ഉടനെ അവർ ഉത്തരം പറഞ്ഞു"ദാവീദിന്റെ പുത്രൻ". ഞാനവരോട്, "എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്ന് വിളിക്കുന്നത് എങ്ങനെ?"അവർ പരസ്പരം നോക്കി ഉത്തരം പറയാതെ വിഷമിച്ചു നിന്നു. സങ്കീർത്തനത്തിൽ ദാവീദ് തന്നെ ഇങ്ങനെ പറയുന്നു,

"യഹോവ എന്റെ കർത്താവിനോട് അരുളി ചെയ്യുന്നത്, 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്ക".(സങ്കീർത്തനം 110: 1). ദാവീദ് രാജാവ് ഭൂമിയിലുള്ള ആരെയും "എന്റെ കർത്താവ്" എന്ന് സംബോധന ചെയ്യുകയില്ല. യഹോവയായ ദൈവത്തെ മാത്രമേ കർത്താവ് (Adonai) എന്ന പേരു വിളിക്കുകയുള്ളൂ.

അതായത്, യഹോവയായ ദൈവം പുത്രനായ ദൈവത്തോട് അഥവാ 'മശിഹാ' ആയി അവതരിച്ച എന്നോട് അരുളിചെയ്യുന്നത് ആയിട്ടാണ് അപ്രകാരം പറഞ്ഞത് എന്ന് അവർക്ക് ബോധ്യമായി. സ്വർഗ്ഗപിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്ന ദൈവപുത്രൻ ഞാൻ തന്നെയാണെന്ന് അംഗീകരിക്കാൻ അവർ വിഷമിക്കുന്നതായി

കണ്ടു. ഏകദൈവമായ പിതാവായ ദൈവത്തോട് കൂടി പുത്രനും പരിശുദ്ധാത്മാവും ഉണ്ടെന്ന "ത്രീയേക ദൈവവിശ്വാസം" യഹൂദന്മാർക്ക് അംഗീകരിക്കുവാൻ ഇപ്പോഴും പ്രയാസം തന്നെയാണ്. ഇക്കാര്യം അവർക്ക് ആശയക്കുഴപ്പമുണ്ടാക്കി. അതിനാൽ ഞാൻ പറയുന്നത് മുഴുവൻ കേൾക്കാൻ അവർ നിന്നില്ല. ഞാൻ ദൈവത്തോട് സമൻ ആക്കാൻ ശ്രമിക്കുന്നു എന്ന വലിയ ഒരു കുറ്റം കണ്ടെത്തിയതിന്റെ സന്തോഷത്തോടെയാണ് അവർ കൂട്ടമായി തിരിച്ചുപോയത്. തിരുവെഴുത്തുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയായി ഗ്രഹിക്കുവാൻ കഴിയാതെ പോയത് ആയിരുന്നു അവരുടെ പരാജയകാരണം. എന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഞാൻ ഇരുന്നത് പോലെ, നിങ്ങളെപ്പറ്റി വ്യാജമായ ആരോപണങ്ങൾ ഉണ്ടാകുമ്പോൾ കൂടുതൽ തർക്കത്തിന് പോകാതെ പിതാവിന്റെ സന്നിധിയിൽ കാത്തിരിക്കുക. ദൈവപിതാവ് തക്കസമയത്ത് വേണ്ടതുപോലെ പ്രവർത്തിച്ചുകൊള്ളും.

12-2-2021.

## അദ്ധ്യായം 87

# എന്നെ അന്വേഷിക്കുന്ന എല്ലാവരെയും ഞാൻ സ്നേഹത്തോടെ സ്വീകരിക്കും

ഞാൻ യഹൂദനായി ജനിച്ചത് കൊണ്ട് യഹൂദന്മാരെ മാത്രമേ രക്ഷിക്കുകയുള്ളൂ എന്ന തെറ്റായ ധാരണ യഹൂദ പ്രമാണിമാർക്ക് ഉണ്ടായിരുന്നു. എന്നാൽ എല്ലാ മനുഷ്യരും സ്വർഗ്ഗപിതാവിന്റെ മക്കൾ എന്ന നിലയിൽ രക്ഷിക്കർഹരാണെന്ന സത്യം ലോകത്തിനു മുഴുവനും വെളിപ്പെടുത്തുവാനാണ് ഞാൻ മനുഷ്യാവതാരം ചെയ്തത്. അതുകൊണ്ടുതന്നെ എന്നെ അന്വേഷിച്ച് വരുന്ന എല്ലാവർക്കുമായിട്ടും ഞാൻ കാത്തിരിക്കുകയാണ്. അതേപറ്റി കുറച്ചു കാര്യങ്ങൾ കൂടി വ്യക്തമാക്കി പറയേണ്ടിയിരി ക്കുന്നു.

**A) എന്നെ അന്വേഷിച്ച് വരുന്നവർ ഉണ്ടോ?**
(യോഹന്നാൻ 12: 20– 22)

പെസഹാ പെരുന്നാളിന് നാനാദിക്കുകളിൽ നിന്നും ധാരാളം ആളുകൾ യെരുശലേമിലേക്ക് വന്നു തുടങ്ങിയിരുന്നു. ഗ്രീക്ക് പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുറെ യഹൂദന്മാർ എന്നെപറ്റി കേട്ടറിഞ്ഞ് എന്നെ നേരിട്ട് കാണുവാൻ ആഗ്രഹിച്ചു, ആദ്യം ശിഷ്യന്മാരെ സമീപിച്ചു.

എന്റെ ഉപദേശങ്ങളും പ്രവൃത്തികളും പ്രത്യേകിച്ച് ലാസറിനെ ഉയർപ്പിച്ച കാര്യങ്ങളെല്ലാം അവർ കേട്ടറിഞ്ഞിരുന്നു. കഴിഞ്ഞ വർഷങ്ങളിൽ പെരുന്നാളിന് വന്നവരിൽ നിന്നും കേട്ടിരുന്ന കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടാൻ തന്നെ വന്നവരായിരുന്നു അവർ. ഗ്രീക്ക് പേരുകാരനായ ഫിലിപ്പോസിനെയാണ് അവർ ആദ്യം കണ്ടത്. യഹൂദന്മാർ എന്നെ കൊല്ലും എന്ന ഭയം അവർക്ക് ഉണ്ടായിരുന്നതിനാൽ,

ഗ്രീക്ക് പ്രദേശത്ത് രഹസ്യമായ സുരക്ഷിതസ്ഥാനത്തേക്ക് എന്നെ കൊണ്ടുപോകാൻ വേണ്ടിയാണ് അവർ വന്നത്.

ജാതികളുടെ അടുക്കൽ പോകരുതെന്ന് ഞാൻ പറഞ്ഞിരുന്നതിനാൽ ഭയമാ യതിനാലാണ് ഫിലിപ്പോസ് അന്ത്രയോസിനെയും കൂട്ടി എന്റെ അടുക്കൽ വന്നത്. എന്നെപ്പറ്റി കേട്ടറിഞ്ഞ അനേകം ആളുകൾ അങ്ങനെ എന്നെ അന്വേഷിച്ച് വരുമെന്ന് എനിക്കറിയാമായിരുന്നു. എന്നെ ശരിയായി അറിഞ്ഞവർ എന്നെപ്പറ്റി മറ്റുള്ളവരുമായി പറയുമെന്ന് ഞാൻ അറിഞ്ഞു കൊണ്ട് തന്നെയാണ് 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്നും ലോകത്തിന്റെ വെളിച്ചം ആണെന്നും' നിങ്ങളോട് നേരത്തെ പറഞ്ഞത്. എന്നിൽ നിന്ന് നിങ്ങളിലേക്കും നിങ്ങളിൽനിന്ന് മറ്റുള്ളവരിലേക്കും അങ്ങനെ അങ്ങനെ എല്ലാവരിലേക്കും പകർന്നു കൊടുക്കേണ്ട "ജീവ പ്രകാശം" ആണ് ഞാൻ എന്ന കാര്യം നിങ്ങളെല്ലാവരും നല്ലതുപോലെ തിരിച്ചറിയണം. എന്നിൽ നിന്നുള്ള സത്യവെളിച്ചം സ്വീകരിക്കുവാനും മറ്റുള്ളവരിലേക്ക് പ്രതിഫലിപ്പിക്കുവാനുമുള്ള നിങ്ങളുടെ കഴിവ്, പാപം മൂലം നഷ്ടപ്പെടുവാൻ ഇടയാകാതെ വിശുദ്ധ ജീവിതം വഴി നിങ്ങൾ സംരക്ഷിക്കണം.

ഫിലിപ്പോസ്ന്റെ ദൗത്യബോധം എനിക്ക് നേരത്തെ മനസ്സിലായതാണ്. അവനാണ് നദാനിയേലിനെ എന്റെ അടുക്കൽ ആദ്യം കൊണ്ടുവന്നത്. ഗ്രീക്കു യഹൂദന്മാരെ എന്റെ അടുക്കൽ എത്തിക്കുവാനുള്ള നിയോഗവും അവനുണ്ടായി. ഗ്രീക്ക് പ്രദേശത്തു നിന്നും അനേകം പേർ എന്നിൽ വിശ്വസിച്ച് വരുവാൻ ഇടയായതും അവരിൽനിന്ന് അനേകർ എന്റെ നിമിത്തമായി രക്തസാക്ഷികളായതിന്റെ ഫലമായി നിരവധി ഗ്രീക്ക് സ്ത്രീകൾ വിധവകളായതും അവരെ ആദിമസഭയിലെ ശിഷ്യന്മാർ സംരക്ഷിച്ചു വന്നതും എല്ലാം ലൂക്കോസ് പ്രത്യേകം എഴുതി വച്ചിട്ടുണ്ട്. (അ. പ്ര.6: 1). അക്കാലത്ത് അവിടെ സഭയിൽ ചില പ്രശ്നങ്ങൾ ഒക്കെ ഉണ്ടായപ്പോൾ അതിന്റെ ശരിയായ നടത്തിപ്പിന്റെ പ്രധാന ചുമതല ഏൽപ്പിച്ചത് ഗ്രീക്ക് നാമധാരിയായ മറ്റൊരു ഫിലിപ്പോസിനെ ആയിരുന്നു. അവൻ ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ളവനായി ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ചതിന്റെ ഭാഗമായി പ്രദേശം മുഴുവനും എന്റെ സന്ദേശം പ്രചരിപ്പിച്ച് സഭയെ വളർത്തുവാൻ ഇടയായതും ഞാനോർക്കുന്നു. (അ. പ്ര.8: 4–25). അവിടെനിന്നും ഗാസയിൽ എത്തി എത്തിയോപ്യൻ ഉദ്യോഗസ്ഥനെ തിരുവെഴുത്ത് വ്യാഖ്യാനിച്ച് മാനസാന്തരപ്പെടു ത്തുകയും സ്നാനം നൽകുകയും ചെയ്തു. .(അ. പ്ര.21:8–9). അദ്ദേഹത്തിന്റെ നാല് പെൺമക്കളും പരിശുദ്ധാത്മാവ്

നിറഞ്ഞവരും പ്രവചനവരമുള്ളവരുമായിരുന്നു. കുടുംബം മുഴുവനുമായി പരിശുദ്ധാത്മനിയോഗം പ്രാപിച്ചശേഷം ദൈവരാജ്യപ്രവർത്തനം നടത്തിയത് പോലെ, എന്നെ അറിഞ്ഞ എല്ലാവരും ഇപ്രകാരം ദൈവരാജ്യ വളർച്ചക്കായി പ്രവർത്തിക്കണമെന്ന് ഞാൻ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

ഫിലിപ്പോസിനെ പോലെ മറ്റു ശിഷ്യന്മാരും എന്റെ സ്വർഗ്ഗരാജ്യസന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുവാൻ അധ്വാനിച്ചതിന്റെ ഫലമായി ദൈവരാജ്യം വളരുന്നത് കണ്ട് ഞാൻ സന്തോഷിച്ചു. പൗലോസ് ആയിരുന്നു ആ കാര്യത്തിൽ മുൻപന്തിയിൽ പ്രവർത്തിച്ചത്. വിജാതീയരുടെ അപ്പസ്തോലഗണത്തിന്റെ തലവനായി അവൻ പ്രവർത്തിച്ച കാര്യങ്ങളെല്ലാം ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത് നിങ്ങൾക്കും പ്രചോദനം ആയിരിക്കണം. ഞാനും ഗ്രീക്കുകാരുടെ അടുക്കൽ പോയി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിച്ച ചില യഹൂദ പ്രമാണിമാരും ഉണ്ടായിരുന്നു. ഒരിക്കൽ അവർ ഇങ്ങനെ പറഞ്ഞു," നാം കണ്ടെത്താതെയിരിക്കാൻ ഇവൻ എവിടേക്ക് പോകുവാൻ ഭവിക്കുന്നു? ഗ്രീക്കുകാരുടെ അടുക്കൽ പോയി ഉപദേശിക്കുവാൻ ഭാവമോ?"

(യോഹന്നാൻ 7: 35). ഭൂമിയിലെ എല്ലാവരെയും എന്റെ നാമത്തിൽ ഒന്നിച്ചു ചേർക്കണം എന്ന പ്രവചനം പൂർത്തിയാക്കേണ്ടത് തന്നെയാണ്. "ഇസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും യഹൂദയുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാല് ദിക്കുകളിൽ നിന്നും ഒന്നിച്ചു കൂട്ടുകയും ചെയ്യും"(ഏശയ. 11: 12). ഈ ഒരു ദൗത്യ ബോധം നിങ്ങൾക്കും നിങ്ങളുമായി ബന്ധപ്പെടുന്നവർക്കും ഉണ്ടായി ലോകം മുഴുവനും സുവിശേഷ വെളിച്ചം പകർത്തുവാൻ വിശ്വാസപൂർവ്വം എന്നെ അനുഗമിക്കുന്നവർ ആയ എല്ലാവരോടുമായി ഞാൻ ആവശ്യപ്പെടുകയാണ്. അവരെ "മതം" മാറ്റുന്നതിന് പകരം "മനം" മാറ്റുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മതം മാറിയിട്ടും പേര് മാറിയിട്ടും മനസ്സ് മാറാതിരുന്നാൽ ഒരു പ്രയോജനവുമില്ല. അതുകൊണ്ട് മാനസാന്തര മാണ് ദൈവരാജ്യ പ്രവേശത്തിനുള്ള അടിസ്ഥാന യോഗ്യത എന്ന് നിങ്ങൾ മറക്കരുത്.

### B. എന്നെ സ്നേഹിക്കുന്നവരെ എന്റെ പിതാവ് മാനിക്കും
(യോഹന്നാൻ 12: 23– 26)

എന്നെ കേട്ടിരുന്നവരോട് ഞാൻ പറഞ്ഞു,: "മനുഷ്യപുത്രൻ തേജസ്കരിക്കപെടാനുള്ള സമയം വന്നിരിക്കുന്നു. ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല

എങ്കിൽ അത് തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകക്കുന്നവൻ അതിനെ നിത്യജീവന്നായി സൂക്ഷിക്കും. എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും".(യോഹന്നാൻ 12: 23– 26).

മനുഷ്യവർഗ്ഗത്തിന്റെ രക്ഷ നടപ്പാക്കാനുള്ള സമയമായിരിക്കുന്നു എന്ന് ഞാൻ അവരോട് പറഞ്ഞു. അതിനുവേണ്ടി ഞാൻ മരിക്കേണ്ട സമയം അടുത്തു.

കൃഷിക്കാരായ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ ആണ് ഞാൻ എന്റെ മരണത്തെ അവതരിപ്പിച്ചത്. ഗോതമ്പുമണി അറയിൽ ശേഖരിച്ചു വെച്ചാൽ എപ്പോഴെങ്കിലും ഭക്ഷിക്കാൻ ഇടയാകും. അപ്പോൾ "ഒരു" മണിയുടെ പ്രയോജനം മാത്രമേ ഉണ്ടാകുകയുള്ളൂ.

എന്നാൽ വിത്ത് മുളച്ച് 100 ഇരട്ടിയായി പെരുകണം എങ്കിൽ ഗോതമ്പുമണി വിതക്കപ്പെടാനും പൊട്ടിക്കീറി മണ്ണിൽ മുളപുറപ്പെടുവിച്ച് വളരാനും സ്വയം വിട്ടുകൊടുക്കണം. ഈ സ്വയപരിത്യാഗത്തിന്റെ അനുഭവം ഇല്ലാതെ ആർക്കും ഒരു നന്മയും സമൂഹത്തിന് നൽകി ബഹുമാനിതനാകാൻ കഴിയുകയില്ല. എല്ലാ വിജയത്തിനും നേട്ടത്തിനും പിന്നിൽ സ്വയപരിത്യാഗത്തിന്റെ അനുഭവം ഉണ്ടാകണം. മാനവകുലത്തിന് രക്ഷ നൽകാൻ ഞാൻ മരിക്കണം എന്ന ദൈവിക പദ്ധതി എനിക്ക് വളരെ വ്യക്തമായി ബോധ്യപ്പെട്ടിരുന്നു. എന്നെ ശരിയായി മനസ്സിലാക്കുന്നവരെല്ലാം അപ്രകാരം സ്വയം ത്യാഗത്തിനും വേണ്ടിവന്നാൽ രക്തസാക്ഷി മരണത്തിനുവരെ തയ്യാറാകണമെന്ന ഒരു വലിയ സത്യം ഞാൻ എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരെയും പഠിപ്പിക്കുകയായിരുന്നു.

റോമാസാമ്രാജ്യത്തെ തകർത്തു കീഴടക്കി "ഭൂലോക ചക്രവർത്തി" ആയ ഒരു മശിഹായെ ആണ് അവർ പ്രതീക്ഷിച്ചിരുന്നത്. എനിക്ക് അപ്രകാരം ഒരു ലോക ചക്രവർത്തിയായി ജനങ്ങളെ കുറച്ചുകാലത്തേക്ക് "ശരീര പ്രകാരം" രക്ഷിച്ച് ഭരിക്കാമായിരുന്നു. എന്നാൽ "നിത്യരക്ഷ" എന്ന വലിയ കാര്യം മനുഷ്യവംശത്തിന് മുഴുവൻ ലഭിക്കുവാൻ അത് ഇടയാക്കുകയില്ല. പാപവും മരണവും ലോകത്തിൽ കൊണ്ടുവന്ന സാത്താൻ എന്ന ഈ ലോകത്തിന്റെ അധിപതിയോടാണ് ഞാൻ യുദ്ധം ചെയ്തു തോൽപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. "പാപവും

മരണവും"എന്നേക്കുമായി മനുഷ്യവർഗ്ഗത്തിൽ നിന്നും നീക്കം ചെയ്തു, എന്റെ സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് അവരെ തിരിച്ചു കൊണ്ടുപോയി അവർക്ക് നഷ്ടപ്പെട്ട സ്വർഗ്ഗസന്തോഷം അനശ്വരമായി നൽകുവാനാണ് ഞാൻ മനുഷ്യാവതാരം ചെയ്തത് എന്ന് ഞാൻ അവരോട് പറഞ്ഞു ബോധ്യപ്പെടുത്തി. ദൈവത്തെ വിശ്വസിക്കാതെയും അനുസരിക്കാതെയും ആദം ഏതൻ തോട്ടത്തിൽ വച്ച് സാത്താനെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തതിന്റെ ഫലമായാണ് പാപവും മരണവും മനുഷ്യവംശത്തിലേക്ക് കടന്നുവന്നത്. അതിനെ തിരുത്തി ദൈവത്തെ മാത്രം പൂർണമായി വിശ്വസിച്ചും അനുസരിച്ചും ഞാൻ മരണം സ്വീകരിക്കുന്നതാണ്, മനുഷ്യർക്ക് "നിത്യജീവൻ" ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗം എന്ന് ഞാൻ അവരോട് പറഞ്ഞത് അവർ ഗ്രഹിച്ചു കാണും എന്ന് ഞാൻ കരുതുന്നു. സാത്താന്റെ വശീകരണത്താൽ, ആദം "മരിക്കുകയില്ല" എന്ന സാത്താന്റെ വാക്ക് വിശ്വസിച്ചു ദൈവത്തെ അനുസരിക്കാതെ പോയതിനാൽ ആദം മരിച്ചുവെന്നും, അതിനുപകരമായി മനുഷ്യരെല്ലാം മരിച്ചു പോകാതെ നിത്യമായി ജീവിക്കണമെങ്കിൽ, എന്റെ ക്രൂശുമരണം മുഖാന്തരം ആയതുപോലെ, നിങ്ങളും നിങ്ങളുടെ സ്വാർത്ഥതയെ ക്രൂശിച്ചു, എന്നെപ്പോലെ മറ്റുള്ളവർക്കുവേണ്ടി സ്വയം മരിക്കുന്നതിന് തയ്യാറാകണമെന്നു ഞാൻ ഒരിക്കൽക്കൂടി നിങ്ങളോട് എല്ലാവരോടുമായി പറയുന്നു.

ലോകപ്രകാരമുള്ള ജീവനെ സംരക്ഷിക്കാൻ നിങ്ങൾ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളും യഥാർത്ഥത്തിൽ നിങ്ങളുടെ നിത്യജീവനെ നഷ്ടപ്പെടുത്തുമെന്നറിയുക.

അതുകൊണ്ടാണ് "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും" എന്ന് ഞാൻ പറയുന്നത്. അതേസമയം, ഈ ലോകജീവിതം നശ്വരമാണ് എന്നും ഇവിടത്തെ സന്തോഷങ്ങൾ താൽക്കാലികവും ദുഃഖത്തിൽ കലാശിക്കുന്നവയും ആണെന്ന് നിങ്ങൾ തിരിച്ചറിഞ്ഞ് ജീവിക്കുവാൻ ശ്രമിക്കുക. അതിനുവേണ്ടിയാണ് "ഇഹലോകത്തിൽ തന്റെ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും" എന്ന് ഞാൻ പറഞ്ഞത്.(യോഹന്നാൻ 12: 25). ഈ കാര്യം മറ്റ് പല സന്ദർഭങ്ങളിലും ഞാൻ പറഞ്ഞിട്ടുള്ളതാണ്. (ലൂക്കോസ് 14: 26; മത്തായി 10: 39; മർക്കോസ് 8: 39). ഈ കാര്യം ശരിയായി മനസ്സിലാക്കാതെ ആർക്കും എന്റെ ശിഷ്യരായിരിപ്പാൻ കഴിയുകയില്ല. ശരിയായി എന്നെ അനുഗമിക്കുന്ന ശിഷ്യന്മാർക്ക് ഈ ഒരു "ശുശ്രൂഷ മനോഭാവം" അത്യാവശ്യമാണ്. അതില്ലാത്തവർ എല്ലാം എന്നെ വിട്ടു പോകാറുണ്ട്.

യൂദാ ഒഴികെ എന്റെ എല്ലാ അപ്പോസ്തോലന്മാരും ഈ കാര്യങ്ങൾ ഗ്രഹിച്ച് എന്നെ അനുഭവിച്ചവരും എനിക്ക് വേണ്ടി രക്തസാക്ഷികളായവരും ആണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. എന്റെ പ്രിയ ശിഷ്യനായ പത്രോസ് തന്റെ അനുഭവം എഴുതി വച്ചത് ശ്രദ്ധിക്കുക." ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവർ ആകുംതോറും സന്തോഷിച്ചു കൊള്ളുവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാനിടവരും."(1പത്രോ 4: 11– 12). സ്വയത്തെ ക്രൂശിക്കുക എന്നത് എളുപ്പമല്ല. സ്വന്ത ഇഷ്ടത്തെ പൂർണ്ണമായി മാറ്റിവെച്ചു ദൈവഇഷ്ടം മാത്രം നടപ്പാക്കുവാൻ തീരുമാനിക്കുക എന്നതാണ് ആദ്യപടിയായി ചെയ്യേണ്ടത്.

ഞാൻ മനുഷ്യാവതാരം ചെയ്തതു തന്നെ ആ തീരുമാനം നടപ്പാക്കാൻ വേണ്ടിയായിരുന്നു എന്ന് നിങ്ങൾക്ക് അറിയാമല്ലോ. (യോഹന്നാൻ 6: 38). സ്വന്തം ഇഷ്ടം നടപ്പാക്കാനും സ്വയം മഹാനായി തീരുവാനും ആഗ്രഹിക്കുന്നവർ തൽക്കാലം ഉയർന്ന് വരുന്നതായി കാണപ്പെടുമെങ്കിലും അവസാനം അവർ ആരുമല്ലാത്തവരായി അധഃപതിക്കും. അതേസമയം സ്വയം പ്രശംസിക്കാതെ ദൈവനാമമഹത്വത്തിനായി ദൈവത്തെ അനുസരിച്ചും സ്വാർത്ഥതയെ ക്രൂശിച്ചും ജീവിക്കുമെങ്കിൽ, ലോകപ്രകാരം അവഗണിക്കപ്പെട്ടാലും നിത്യമായി ദൈവമുമ്പാകെ മാന്യത ലഭിക്കുകയും ദൈവസന്നിധിയിൽ ഞാൻ ഇരിക്കുന്നടത്ത് എന്നോടൊപ്പം ഇരിപ്പിടം ലഭിക്കുകയും ചെയ്യുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു. "എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ. ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും" (യോഹന്നാൻ 12: 26).

"ശുശ്രൂഷ"എന്ന പദം പലരും തെറ്റിദ്ധരിച്ചിട്ടുണ്ട് എന്ന് തോന്നുന്നു. എന്റെ കൽപനകൾ അനുസരിച്ചു പ്രവർത്തിക്കുന്നതാണ് യഥാർത്ഥ ശുശ്രൂഷയായി ഞാൻ കണക്കാക്കുന്നത്.

ഞാൻ മനുഷ്യർക്ക് ചെയ്ത എല്ലാവിധ ശുശ്രൂഷകളും നിങ്ങളും പരസ്പരം ചെയ്യുമ്പോഴാണ് അവ എനിക്കുള്ള ശുശ്രൂഷയായി ഞാൻ പരിഗണിക്കുക.

എന്റെ സ്നേഹവും കരുണയും മനസലിവും നിങ്ങളിൽ കൂടെ തുടർന്ന് ലോകത്തിൽ അർഹിക്കുന്നവർക്ക് നൽകുന്ന പ്രവൃത്തികളാണ് "യഥാർത്ഥ ദൈവശുശ്രൂഷ"ആയി ഞാൻ അംഗീകരിക്കുന്നത്.

അതിനുപകരം ആരാധനകളും അനുഷ്ഠാനങ്ങളും പ്രത്യേകം "ശുശ്രൂഷ ക്രമങ്ങൾ" എന്നവിധത്തിൽ, ദീർഘമായി അർത്ഥം മനസ്സിലാക്കാതെ ചൊല്ലി തീർക്കുന്നത് , ഞാൻ ചെയ്തു കാണിച്ചുതന്ന "ശുശ്രൂഷ"യെ പോലെ സ്വർഗ്ഗപിതാവ് പരിഗണിക്കുകയില്ല എന്നറിയുക. "ശുശ്രൂഷ ക്രമങ്ങൾ" അല്ല "ശുശ്രൂഷ മനോഭാവമാണ്" നിങ്ങളെ എന്റെ ശിഷ്യന്മാർ ആക്കി രൂപാന്തരപ്പെടുത്തുന്നത് എന്ന് ഓർക്കുക. "കാൽകഴുകൽ ശുശ്രൂഷ"ആരാധനയുടെ ഭാഗമായി നടത്തുന്നതിന് വേണ്ടിയല്ല, മനുഷ്യ സേവനത്തിന് ഒരു മാതൃക ആയിട്ടാണ് ഞാൻ കാണിച്ചു തന്നത്. പരസ്പരം ശുശ്രൂഷിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നതിന് പകരം, പ്രധാനകാർമികന്റെ മാത്രം കാൽകഴുകി സിംഹാസനത്തിൽ ഇരുത്തി ഉയർത്തുന്ന "ശുശ്രൂഷരീതി" ഒന്നും ഞാൻ കാണിച്ചിട്ടുള്ളതല്ല. എന്റെ "ശുശ്രൂഷ മനോഭാവം" ഇതുവരെയും നിങ്ങൾ വേണ്ട വിധം മനസ്സിലാക്കിയിട്ടില്ല എന്നോർത്ത് ഞാൻ ദുഃഖിക്കുന്നു.

### C) എന്റെ മരണം അടുത്തു എന്ന് ഞാൻ അറിയുന്നു
(യോഹന്നാൻ 12: 27– 50)

"ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമേ; എങ്കിലും ഇത് നിമിത്തം ഞാൻ ഈ നാഴികയിലേക്ക് വന്നിരിക്കുന്നു. പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തണമേ–അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും 'ഞാൻ മഹത്വപ്പെടുത്തി ഇരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും' എന്ന ഒരു ശബ്ദം ഉണ്ടായി"......."ഇനി കുറെ കാലം മാത്രം വെളിച്ചം നിങ്ങളുടെ ഇടയിൽ ഇരിക്കും;ഇരുൾ നിങ്ങളെ പിടിക്കാതിരിക്കാൻ നിങ്ങൾക്ക് വെളിച്ചം ഉള്ളിടത്തോളം നടന്നുകൊള്ളുവിൻ.(യോഹന്നാൻ 12:27–35).

ഗത്സമന തോട്ടത്തിലെ പ്രാർത്ഥന അനുഭവത്തിന് ഒരു മുൻകുറി ആയിട്ടാണ് ഈ ചിന്തകൾ എന്റെ മനസ്സിൽ ഉയർന്നു വന്നത്.(മത്തായി. 26: 36– 46).ദൈവനാമം മഹത്വപ്പെടുത്തുക എന്നത് എന്നെ തന്നെ മഹത്വപ്പെടുത്തുക എന്ന വിധത്തിലാണ് സ്വർഗ്ഗത്തിൽ നിന്നും ശബ്ദം ഉണ്ടായത്. അവിടെ കേട്ടുനിന്നവർക്ക് എന്നിൽ വിശ്വസിക്കുവാൻ ഉള്ള ഒരു അവസരമായിട്ടാണ് സ്വർഗ്ഗപിതാവ് അപ്രകാരം അരുളിചെയ്തത്. എന്റെ മരണം യഥാർത്ഥത്തിൽ അവഹേളനമല്ല, മഹത്വീകരണമാണെന്ന് ജനങ്ങൾ മനസ്സിലാക്കണമെന്ന് സ്വർഗ്ഗപിതാവ് ആഗ്രഹിക്കുന്നു.

ദൈവീകപദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നത് ലോക വീക്ഷണത്തിൽ അപമാനമായി ചിത്രീകരിക്കും എങ്കിലും,അത്

യഥാർത്ഥത്തിൽ ദൈവനാമ മഹത്വത്തിനായിട്ടുള്ള വ്യവസ്ഥാപിത മാർഗ്ഗമാണെന്ന് നിങ്ങൾ അറിഞ്ഞു കൊള്ളണം.

"ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയും. ഞാനോ ഭൂമിയിൽനിന്നും ഉയർത്തപ്പെട്ടാൽ എല്ലാ വരെയും എങ്കലേക്ക് ആകർഷിക്കും"(യോഹന്നാൻ. 12:31– 32). "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്നും, സാത്താൻ എന്റെ കുതികാൽ തകർക്കും" എന്ന ദൈവകല്പന പൂർത്തിയാക്കപെടുവാൻ സമയമെടുത്തു. (ഉല്പത്തി 3: 15). കാൽവറിയിലെ എന്റെ ക്രൂശുമരണം വഴി സർപ്പത്തിന്റെ തല തകർക്കുന്നതായും,എന്റെ കാലിൽ ഇരുമ്പാണികൾ തറയ്ക്കുക വഴി എന്റെ കുതികാൽ തകർക്കപ്പെടുമെന്നും ഞാൻ മുൻകൂട്ടി കണ്ടു.

ഞാൻ സ്വർഗ്ഗമഹത്വം വിട്ടിറങ്ങി മനുഷ്യാവതാരം ചെയ്തപ്പോൾ മാനസികമായി തയ്യാറെടുത്തതുപോലെ' മർത്യശരീരം വിട്ടു സ്വർഗ്ഗമഹത്വം പ്രാപിക്കാൻ വേണ്ടി മനസ്സുകൊണ്ട് തയ്യാറെടുക്കുകയായിരുന്നു. അതിന്റെ ആദ്യപടിയായി ഞാൻ ക്രൂശിക്കപ്പെടുവാൻ ഒരുങ്ങി. സ്വർഗജീവിതം പിതാവിന്റെ കരങ്ങളിൽ ഏൽപ്പിച്ചാണ് ഈ ലോകജീവിതം ഞാൻ സ്വീകരിച്ചത്. ദൈവപുത്രനായി തന്നെ ഇവിടെ ജീവിച്ചു എങ്കിലും, ആ നിലയിലുള്ള എല്ലാ അവകാശങ്ങളും സ്വർഗ്ഗപിതാവിന്റെ കരങ്ങളിൽ ഏൽപ്പിച്ച ശേഷമാണ് ഞാൻ ഈ "മർത്ത്യജീവിതം" സ്വീകരിച്ചത്. അതുപോലെതന്നെ ഈ ലോകജീവിതം ഉപേക്ഷിച്ച് സ്വർഗ്ഗജീവിതം ഞാൻ വീണ്ടും സ്വീകരിക്കുവാനും അങ്ങനെ ഞാൻ മഹത്വപ്പെടുവാനും സമയമായിരിക്കുന്നു എന്ന സ്വർഗ്ഗപിതാവിന്റെ പ്രഖ്യാപനം എന്നെ വളരെയേറെ ആശ്വസിപ്പിച്ചു.

മാനുഷികമായ എല്ലാ വേദനകളും സഹിച്ചുകൊണ്ട് തന്നെ ആണ് ഞാൻ മരിക്കേണ്ടത് എന്ന യാഥാർത്ഥ്യം ഓർത്ത് ഉള്ളം കലങ്ങിയ സമയത്താണ് സ്വർഗ്ഗപിതാവിന്റെ ആശ്വാസശബ്ദം ഞാൻ കേട്ടത്. ഇനി എനിക്ക് ഒരു പതർച്ചയുമില്ല. എന്റെ മനസ്സ് ഉറച്ച് ശാന്തമായി. എന്റെ പിതാവ് എന്നെ ഏൽപ്പിച്ച ജോലി ഇതുവരെയും ഞാൻ പൂർത്തിയാക്കിയെന്നും ആ കാര്യത്തിൽ സ്വർഗ്ഗപിതാവ് പരിപൂർണ്ണമായി പ്രസാദിച്ചു എന്നും എനിക്ക് ബോധ്യമായതിന്റെ സംതൃപ്തി,മരണത്തെ ധൈര്യമായി നേരിടുവാൻ എനിക്ക് ശക്തി നൽകി.

ഞാൻ എന്റെ പിതാവിന്റെ താൽപര്യങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചതുപോലെ നിങ്ങളും പ്രവർത്തിച്ചാൽ നിങ്ങളെയും സ്വർഗ്ഗപിതാവ് മഹത്വപ്പെടുത്തും. എന്റെ ക്രൂശ് മരണം മൂലം സാത്താൻ

തോൽപ്പിക്കപെടുമെന്നും ലോകം ന്യായം വിധിക്കപ്പെടുമെന്നും എല്ലാവരും എങ്കലേക്കു ആകർഷിക്കപ്പെടുമെന്നും എനിക്കറിയാമായിരുന്നു.

മശിഹാ വരുമെന്നും എന്നാളും യഹൂദന്മാരെ ഭരിക്കും എന്നും അവർ വിശ്വസിച്ചിരുന്നു എങ്കിലും,എന്റെ കഷ്ടാനുഭവത്തിന്റെയും ക്രൂശുമരണത്തിന്റെയും "രഹസ്യം" അവർ മനസ്സിലാക്കാതെ പോയതിൽ ഞാൻ അവരോട് സഹതപിക്കുന്നു. സ്വർഗ്ഗ പിതാവിന്റെ ഹൃദയരഹസ്യങ്ങൾ ആണ് ഞാൻ നിങ്ങളോട് പങ്കു വച്ചത്. ഏശയ്യ പ്രവാചകൻ പറഞ്ഞതുപോലെ ഹൃദയം കഠിനമാക്കിയവർക്ക് എന്റെ സന്ദേശം ഗ്രഹിപ്പാൻ കഴിഞ്ഞില്ല. (6:9,10). എന്നാൽ എന്നെ കേട്ട അനേകർ എന്നെ വിശ്വസിച്ചു എങ്കിലും യഹൂദ സമൂഹത്തിൽ നിന്നും പുറത്താക്കപ്പെടും എന്ന ഭയത്താൽ അവർ പരസ്യമായി മുന്നോട്ടുവന്നില്ല. ദൈവത്താൽ ഉള്ള മാനത്തെകാൾ മനുഷ്യരാൽ ഉള്ള മാനത്തെ അവർ അധികം സ്നേഹിച്ചു. അവർ വിശ്വസിക്കേണ്ടതിന് ഞാൻ ഒടുവിൽ ഇപ്രകാരം പറഞ്ഞു:

"എന്നിൽ വിശ്വസിക്കുന്നവൻ എന്നിൽ അല്ല എന്നെ അയച്ചവനെ തന്നെ വിശ്വസിക്കുന്നു. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു."(യോഹന്നാൻ 12: 41-50). ഇത്രയും കേട്ടിട്ടും എന്നിൽ വിശ്വസിക്കാത്തവരെ ഒടുവിൽ ഞാൻ തന്നെ ന്യായം വിധിക്കും എന്ന് ഓർക്കുക.

14-2-21.

## അദ്ധ്യായം 44

# പരീശന്മാരെ, ശാസ്ത്രിമാരെ, നിങ്ങൾക്ക് അയ്യോ കഷ്ടം!

എന്റെ പ്രധാന വിമർശകർ പരീശന്മാരും ശാസ്ത്രിമാരും ആയിരുന്നു. ദൈവികന്യാ പ്രമാണങ്ങൾ സംബന്ധിച്ച് പരിജ്ഞാനവും അവയെ വ്യാഖ്യാനിച്ച് പഠിപ്പിക്കുവാനുള്ള അധികാരവും അവർക്കുണ്ടായിരുന്നു. എന്നാൽ വ്യക്തിപരമായി വിലയിരുത്തിയാൽ അവർ ഹൃദയപരമാർത്ഥത ഇല്ലാത്തവരും ദുരഭിമാനികളും പകയുള്ളവരും അധികാരമോഹികളും കപടഭക്തരും ആയിരുന്നു. അവരുടെ ഉപദേശങ്ങൾ സ്വീകാര്യം ആയിരുന്നെങ്കിലും അവരുടെ നടപടികളും പ്രവൃത്തികളും ഒരു കാരണവശാലും അനുകരണീയമായതോ മാതൃകാപരമായതോ ആയിരുന്നില്ല. അതുകൊണ്ടുതന്നെ അവരുമായി പലപ്രാവശ്യവും തർക്കിക്കുവാനും വാദിക്കുവാനും ഇടയായിട്ടുണ്ട്. അത്തരം ചില കാര്യങ്ങൾ കൂടി നിങ്ങളോട് പറയാം.

### A) പറഞ്ഞാൽ പോരാ, പ്രവൃത്തിയിൽ ജീവിച്ചു കാണിക്കണം

(മത്താ. 23: 1 –3; മർക്കോ 12: 38– 40; ലൂക്കോ 20:45–47).

"ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിന്മേൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോട് പറയുന്നതൊക്കെ പ്രമാണിച്ച് ചെയ്യുക. അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുത് താനും. അവർ പറയുന്നത് അല്ലാതെ ചെയ്യുന്നില്ലല്ലോ".ഇത് യഹൂദ നേതാക്കന്മാരുടെ മാത്രം പ്രശ്നമല്ല, എല്ലാ നേതാക്കന്മാരുടെയും പൊതുവായ സ്വഭാവമാണ്. വിശ്വാസ കാര്യങ്ങളും ആശയ സംഹിതകളും പ്രത്യയശാസ്ത്രങ്ങളും എല്ലാം വളരെ ഭംഗിയായി വിശദമായും ലളിതമായും ജനങ്ങളോട് പറഞ്ഞ് പഠിപ്പിക്കുവാൻ പ്രഗൽഭരാ ണെങ്കിലും, അവരുടെ സ്വന്തം ജീവിതത്തിൽ അവയിലൊന്നു പോലും പാലിക്കണമെന്ന ബോധ്യം ഇല്ലാത്തവരാണ് നേതാക്കന്മാരിൽ ഭൂരിഭാഗവും. വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലാതെ

വരുമ്പോൾ, അവർ നേതൃത്വം നൽകുന്ന മതങ്ങൾ ആയാലും സഭകൾ ആയാലും സംഘടനകൾ ആയാലും പ്രസ്ഥാനങ്ങൾ ആയാലും അധികം താമസിയാതെ തകർന്നുപോകും എന്നത് യാഥാർത്ഥ്യമാണ്."നന്മ ചെയ്യാൻ അറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ"(യാക്കോബ് 4:17).

"തങ്ങൾക്ക് ഏൽപ്പിച്ചു കിട്ടിയ വിശുദ്ധ കൽപനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടു കളയുന്നതിനേക്കാൾ അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു."(2 പത്രോ 2: 21)."അവർ കനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു, ഒരു വിരൽ കൊണ്ടുപോലും അവയെ തൊടുവാൻ അവർക്ക് മനസ്സില്ല.(മത്തായി 23: 4).

ഇതുപോലുള്ള യഹൂദ പരീശപ്രമാണികൾ ദൈവപിതാവിന്റെ ഉപദേശങ്ങൾക്ക് നേരെ എതിരായാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്.

ഈ കാര്യത്തിൽ പരീശന്മാരും വേദപണ്ഡിതന്മാരായ ശാസ്ത്രിമാരോടും എനിക്ക് പലപ്രാവശ്യം ഏറ്റുമുട്ടേണ്ടി വന്നിട്ടുണ്ട്. ഞാനൊരു കാര്യം ചെയ്തു കഴിഞ്ഞു മാത്രമേ അപ്രകാരം ചെയ്യണം എന്ന് മറ്റുള്ളവരോട് ഉപദേശിക്കാറുള്ളൂ. ചെയ്യാൻ കഴിയുമെന്ന് വാക്കുകളിൽ കൂടി പറയുന്നതിന് മുൻപ് എന്റെ പ്രവൃത്തികൾ വഴി ഞാൻ ആദ്യം ചെയ്തു കാണിക്കുമായിരുന്നു. അതായത് ദൈവമക്കൾ എന്ന നിലയിൽ വിശ്വാസവും വിശുദ്ധിയും വിനയവും ശീലമാക്കിയവർക്ക്, പരിശുദ്ധാത്മ സഹായത്തോടെ ചെയ്യാവുന്ന കാര്യങ്ങൾ മാത്രമേ നിങ്ങളോട് ചെയ്യുവാൻ ഞാൻ ആവശ്യപ്പെടുന്നുള്ളൂ. നിങ്ങൾക്ക് ചെയ്യാവുന്ന കാര്യങ്ങളെ പറയാവൂ, പറയുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യുകയും വേണം.ഈ ഒരു തത്വം എന്റെ ശിഷ്യരായ നിങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് വളരെ ഗൗരവമായി ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങനെയല്ലാതെ വന്നാൽ നിങ്ങൾക്ക് ഒരിക്കലും ജനത്തെ എന്റെ മാർഗത്തിൽ നിലനിർത്തുവാൻ കഴിയാതെവരും.എന്റെ പ്രിയ ശിഷ്യൻ ലൂക്കോസ് ഇക്കാര്യം അറിഞ്ഞുകൊണ്ട് എന്നെപ്പറ്റി ഇങ്ങനെയാണ് എഴുതിയത്, ".... അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ച്..."(അ. പ്ര.1:1).

മർക്കോസും ഇങ്ങനെ തന്നെ എഴുതി,: "അപ്പോസ്തലന്മാർ യേശുവിന്റെ അടുക്കൽ വന്നു കൂടി തങ്ങൾ ചെയ്തതും ഉപദേശിച്ചതും എല്ലാംഅറിയിച്ചു" (മർക്കോസ് 6: 30).ആദ്യം ചെയ്യണമെന്നും പിന്നീട്

മാത്രം ഉപദേശിച്ചാൽ മതി എന്നും ഞാൻ ജീവിതത്തിലൂടെ "ചെയ്ത് പഠിപ്പിച്ച" മാതൃക എന്റെ ആദ്യകാല ശിഷ്യന്മാരും പിന്തുടർന്നത്ൽ എനിക്ക് അതിയായ സംതൃപ്തിയുണ്ട്. എന്നാൽ പിന്നീട് യഹൂദ നേതാക്കന്മാരെ പോലെ, പ്രസംഗങ്ങളിലും ഉപദേശങ്ങളിലും കൃത്യതയും പ്രാഗത്ഭ്യവും പാലിക്കാൻ ശ്രമിച്ചെങ്കിലും, അവ ജീവിതത്തിൽ പ്രവൃത്തിയിൽ കൂടെ ജനങ്ങൾക്ക് കാണിച്ചു കൊടുക്കുന്ന കാര്യത്തിൽ ഇന്നത്തെ ജനത്തെ നയിക്കുന്ന സാമൂഹ്യ, രാഷ്ട്രീയ, മത നേതാക്കന്മാർ ദയനീയമായി പരാജയപ്പെടുന്നത് കൊണ്ട് ജനങ്ങൾ മൂല്യബോധം നഷ്ടപ്പെട്ടവരായും കപട സ്വഭാവക്കാരായും സ്വാർത്ഥത നിറഞ്ഞവരായും അധപതിച്ചു. ഇതിന്റെ ഉത്തരവാദിത്വം അത്തരം നേതാക്കന്മാർ ഏറ്റെടുത്തു ദൈവമുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടി വരും എന്ന് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു. ഇപ്രകാരം തത്വദീക്ഷയില്ലാതെ ജീവിക്കുന്ന നേതാക്കന്മാർ ജനത്തെ മാത്രമല്ല തങ്ങളെ തന്നെയാണ് നശിപ്പിക്കുന്നത്.

സ്വയം പാലിക്കാത്ത കാര്യങ്ങൾ ജനങ്ങൾ ആചരിക്കണം എന്ന് പറയുമ്പോൾ തന്നെ, അവരുടെ ഉള്ളിൽ ഒരു ആത്മസംഘർഷവും മനസ്സാക്ഷിക്കുത്തലും അവരറിയാതെ തന്നെ അവരെ ധാർമികമായും ആത്മീയമായും പരാജിതരാക്കിതീർക്കും എന്ന് ഓർത്തിരിക്കുക. അത്തരം നേതാക്കന്മാരുടെ പിൻകാല ചരിത്രം പരിശോധിച്ചാൽ അവരെല്ലാം വലിയ പരാജയമായി ദയനീയ അന്ത്യം പ്രാപിക്കുന്നതായി കാണാം.

എന്റെ പ്രിയ ശിഷ്യരായ നിങ്ങളോട് എനിക്ക് പ്രത്യേകം പറയാനുള്ളത് ഇതാണ്:" നിങ്ങൾ ഒരു കാര്യം മറ്റുള്ളവർ ആചരിക്കണമെന്ന് ഉപദേശിക്കുമ്പോൾ ആദ്യം നിങ്ങളുടെ ജീവിതത്തിൽ അത് പ്രയോഗത്തിൽ വരുത്തണം. അതിനു കഴിയുന്നില്ലെങ്കിൽ അത് ആരോടും പറയരുത്. നിങ്ങൾ ജീവിച്ചു കാണിക്കുന്നുണ്ടെങ്കിൽ പിന്നീട് പറഞ്ഞു നടക്കണമെന്നില്ല. വെളിച്ചം പ്രകാശിക്കുന്നത് പോലെയും ഉപ്പ് രുചി നൽകുന്നത് പോലെയും നിങ്ങൾ ആയിരിക്കുന്ന സമൂഹത്തിൽ അത് നിശബ്ദമായി, ശക്തമായി തന്നെ വ്യാപിച്ചു കൊണ്ടിരിക്കും. നേരെമറിച്ച് ജീവിതമില്ലാതെ വാചകം മാത്രം ആയിരുന്നാൽ കേൾക്കുന്നവർക്കും നിങ്ങൾക്കുംപ്രയോജനമില്ലെന്ന്മാത്രമല്ലദോഷകാരണമായിത്തീരുകയും ചെയ്യും. അതുകൊണ്ടാണ് യഹൂദ നേതാക്കന്മാരായ പരീശന്മാരും ശാസ്ത്രിമാരുമായവരെ ശക്തിയായി വഴക്ക് പറഞ്ഞു തിരുത്തുവാൻ ഞാൻ ശ്രമിച്ചത്.

**ആകയാൽ ചുരുക്കമായി താഴെപ്പറയുന്ന ചില കാര്യങ്ങൾ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1. സുവിശേഷം പ്രസംഗിക്കുന്നു എങ്കിൽ സ്വന്തം ജീവിതത്തിൽ പാലിച്ചതിനുശേഷം മാത്രം മതി. നിങ്ങൾ ചെയ്യാത്ത കാര്യങ്ങൾ പ്രസംഗിക്കരുത്.
2. ചെയ്യാവുന്ന കാര്യങ്ങൾ മാത്രം പറയുക, പറഞ്ഞ കാര്യങ്ങൾ മുഴുവനും ചെയ്യുക.
3. കല്പനകൾ അനുസരിച്ച ശേഷം മാത്രം അവ അനുസരിക്കണം എന്ന് മറ്റുള്ളവരോട് പറയുക.
4. ഉപവസിച്ച ശേഷം മാത്രം ഉപവസിക്കണം എന്ന് പറയുക.
5. മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിച്ച ശേഷം മാത്രം നിങ്ങൾക്ക് വേണ്ടി പ്രാർത്ഥന ആവശ്യപ്പെടുക.
6. ദാനധർമ്മങ്ങൾ സ്വയം രഹസ്യമായി ചെയ്ത ശേഷം മാത്രം മറ്റുള്ളവരോടും അതുപോലെ ചെയ്യണമെന്ന് ആവശ്യപ്പെടുക.
7. സുവിശേഷ പ്രവർത്തനത്തിന് സ്വയം ഇറങ്ങി പ്രവർത്തിച്ച ശേഷം മാത്രം മറ്റുള്ളവരോടും അങ്ങനെ ചെയ്യാൻ ആവശ്യപ്പെടുക.
8. ആരാധനയിൽ കൃത്യതയും ശുഷ്കാന്തിയും പാലിച്ച ശേഷം മാത്രം മറ്റുള്ളവരോട് ആരാധനാ കാര്യങ്ങൾ ഉപദേശിക്കുക.
9. വിശുദ്ധജീവിതം നയിക്കുന്നെങ്കിൽ മാത്രം മറ്റുള്ളവരോടും അപ്രകാരം ചെയ്യാൻ ആവശ്യപ്പെടുക.

ഇപ്രകാരം നിങ്ങൾ ചെയ്യാൻ ശ്രമിക്കുമ്പോൾ വലിയ ഒരു അപകടം, അതായത് ആത്മ പ്രശംസയും കപടഭക്തിയും, ഉണ്ടാകാതെ സൂക്ഷിക്കുക എന്നത് പരമപ്രധാനമായ കാര്യമാണ്. നിങ്ങൾ പരിശീലിക്കുന്ന നല്ല കാര്യങ്ങൾ നിങ്ങൾ മാത്രം അറിഞ്ഞാൽ മതി. മറ്റുള്ളവർ അറിയണം എന്ന് നിങ്ങൾ ആഗ്രഹിച്ചാൽ നിങ്ങളും പരീശന്മാർ ആകും. സൂക്ഷിക്കുക!.

### B. പ്രകടനം നടത്തുന്ന കപടഭക്തി എന്ന അപകടം

(മത്തായി 23: 5 –12).

യഹൂദന്മാരുടെ പരീശമനോഭാവത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കാം.

1. **"തങ്ങളുടെ മന്ത്രപ്പട്ട വീതികൂട്ടി"**

ന്യായപ്രമാണം അനുസരിക്കുന്നവരാണെന്ന് എല്ലാവരെയും കാണിക്കാനായി ഇടതു കൈയ്യിലും നെറ്റിയിലും ന്യായപ്രമാണം എഴുതിയ ഫലകങ്ങൾ(Phylacteries) ധരിക്കുമായിരുന്നു.(പുറ. 13:9; സംഖ്യ 15: 38; ആവ.6:4– 9).യഥാർത്ഥത്തിൽ "തലയും" "കൈയും" ന്യായപ്രമാണം അനുസരിച്ച് പ്രവർത്തിക്കണം എന്നായിരുന്നു ദൈവം ഉദ്ദേശിച്ചത്. പ്രവർത്തിക്കുവാൻ കൈകൾക്ക് നിർദ്ദേശം നൽകുന്ന തലച്ചോറ് ദൈവിക നിയന്ത്രണത്തിലായിരിക്കണം എന്ന സന്ദേശം ഉൾക്കൊള്ളാതെ, അക്ഷരങ്ങൾ എഴുതി നെറ്റിയിലും കയ്യിലും പ്രദർശിപ്പിക്കുന്നതിന്റെ പൊള്ളത്തരം നിങ്ങൾക്ക് മനസ്സിലായി കാണുമല്ലോ.

"ഇസ്രായേലെ കേൾക്കാ"(Shema) എന്ന് പ്രത്യേകം പറഞ്ഞു ഏൽപ്പിച്ച കാര്യങ്ങൾ പോലും ഇപ്രകാരം 'തലതിരിഞ്ഞ' വിധത്തിലാണ് പരീശന്മാർ മനസ്സിലാക്കിയതും മറ്റുള്ളവരെ പഠിപ്പിച്ചതും! അയ്യോ കഷ്ടം എന്നല്ലാതെ എന്ത് പറയാൻ? ദാവീദ് ഈ കാര്യം മനസ്സിലാക്കി ഇങ്ങനെ പറഞ്ഞിട്ടുണ്ട്:" ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കാൻ നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു"(സങ്കീ. 119:11).

2. **"വസ്ത്രങ്ങളുടെ തൊങ്ങൽ വലുതാക്കുന്നു"**

പരീശന്മാരുടെ പുറംകുപ്പായത്തിന് വീതികൂടിയ ബോർഡുകൾ ഉണ്ടായിരുന്നതിൽ ന്യായപ്രമാണം എഴുതിയ "മന്ത്ര പട്ടകൾ" തുന്നി പിടിപ്പിക്കുമായിരുന്നു."നിങ്ങൾ യഹോവയുടെ സകലകല്പനകളും ഓർത്ത് അനുസരിക്കേണ്ടതിന് നിങ്ങളുടെ സ്വന്തം ഹൃദയത്തിനും സ്വന്തം കണ്ണിനും തോന്നിയവണ്ണം പരസ്യമായി നടക്കാതെ ഇരിക്കേണ്ടതിന്നു, ആ പൊടിപ്പ് ജ്ഞാപകം ആയിരിക്കണം.(സംഖ്യ 15: 38– 40). ഇത് കൽപനകൾ പാലിക്കാൻ ഓർമ്മപ്പെടുത്തുന്ന ഒരു നല്ല നിർദ്ദേശം ആയിരുന്നു. ഇപ്രകാരം ഞാനും പുറം കുപ്പായം ധരിക്കുകയും ചില രോഗികൾ എന്റെ കുപ്പായത്തിലെ തൊങ്ങലുകൾ തൊട്ട് സൗഖ്യം പ്രാപിക്കുകയും ചെയ്ത കാര്യം നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ.(മത്തായി 9:21 ;14 –36). എന്നാൽ ഭക്തൻ ആണെന്ന് നടിക്കുവാൻ ധരിക്കുന്നതാണ് കപടഭക്തി ആയി ഞാൻ പരീശന്മാരെ കുറ്റപ്പെടുത്തിയത്.

3. **"അത്താഴത്തിൽ പ്രധാന സ്ഥാനവും പള്ളിയിൽ മുഖ്യ ആസനവും"**

എല്ലാകാലത്തും മുൻനിരയിൽ സീറ്റ് പിടിക്കുന്ന പ്രവണത എല്ലാവർക്കും ഉള്ളതാണ്. ശാരീരികമായ ആവശ്യങ്ങൾ തൃപ്തി ആയശേഷം സാമൂഹ്യ സ്ഥാനങ്ങൾ ലഭിക്കാനായി പണവും സ്വാധീനവും ഉപയോഗിച്ച്

പരിശ്രമിക്കുന്ന പ്രവണത ഇക്കാലത്തെ പോലെ തന്നെ അന്നും സാധാരണമായിരുന്നു. സ്ഥാനം കിട്ടാനും അതനുസരിച്ചുള്ള ആദരവും അംഗീകാരവും ലഭിക്കാനും സ്വയം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നത് തൽക്കാലത്തേക്ക് നല്ലതായി സമൂഹം കരുതും, എങ്കിലും അങ്ങനെയുള്ളവരെ നല്ല മനുഷ്യരൊക്കെ ഉള്ളുകൊണ്ട് വെറുക്കുവാനും അകറ്റുവാനും ഇടയാക്കുമെന്ന് ഓർക്കുക. എന്റെ ശിഷ്യരായ നിങ്ങൾക്ക് അപ്രകാരം ജനങ്ങളിൽ നിന്നും അപമാനം ഏൽക്കാതിരിക്കാൻ, വിനയപൂർവ്വം സമൂഹത്തിൽ താഴ്ന്ന സ്ഥാനം ആഗ്രഹിക്കുകയും സാധാരണക്കാരോട് കൂടെ സന്തോഷമായി ഇടപെട്ട് ജീവിക്കുകയും ചെയ്യുക. അച്ചടക്കത്തിനും ക്രമീകരണത്തിനും ആയി സ്ഥാനക്രമങ്ങൾ വേണ്ടി വരുമെങ്കിലും ആദരവ് സ്വയം ചോദിച്ചു വാങ്ങേണ്ടതല്ല, മറ്റുള്ളവർ അറിഞ്ഞു നൽകേണ്ടതാണെന്ന തത്വം എല്ലായിപ്പോഴും ഓർമയിലിരിക്കട്ടെ. മറ്റുള്ളവർക്ക് ആദരവ് കൊടുക്കുന്നവർക്ക് മാത്രമേ അത് തിരിച്ചു കിട്ടുകയുള്ളൂ. ചോദിച്ചു വാങ്ങുന്ന ആദരവ് യഥാർത്ഥത്തിൽ അവഹേളനമാണെന്ന് ഓർക്കുക.

### 4. "അങ്ങാടിയിൽ വന്ദനവും"

മറ്റുള്ളവരിൽ നിന്നും അഭിനന്ദനങ്ങളും നന്ദി പ്രകടനങ്ങളും പ്രതീക്ഷിക്കുന്നതും പരീശ ന്മാരുടെ ഒരു ദുസ്വഭാവമായിരുന്നു. അപ്രകാരം അഭിനന്ദനവും നന്ദിയും ലഭിക്കുന്നതിന് പലകാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്തു കൊടുക്കുന്ന സ്വഭാവമുള്ളവരായിതീരാൻ ഇടയാക്കാറുണ്ട്. സത്യസന്ധമായും കൃത്യനിഷ്ഠ യോടുകൂടിയും ചെയ്യുന്ന സ്വഭാവക്കാർ പൊതുവെ സമൂഹത്തിൽ അഥവാ "ചന്തയിൽ" ആദരിക്കപ്പെടുന്നവരാകാറില്ല. അവർ "അനഭിമതരായി" മുദ്രകുത്തപ്പെടുകയാണ് പതിവ്. എനിക്കും യഹൂദ സമൂഹത്തിൽ സംഭവിച്ചത് അതാണ്. ജനങ്ങളുടെ പ്രീതിയും ആദരവും സ്വീകരിക്കാൻ വേണ്ടിയല്ല, സ്വർഗ്ഗപിതാവിനെ പ്രസാദിപ്പിച്ചു അഭിനന്ദനം ലഭിക്കാനാണ് ഞാൻ ആഗ്രഹിച്ചതും അധ്വാനിച്ചതും. എന്റെ ശിഷ്യന്മാരായ നിങ്ങൾ അപ്രകാരം, മനുഷ്യരിൽ നിന്നല്ല ദൈവത്തിൽനിന്നും "അഭിനന്ദനം" വാങ്ങുവാനായി പരിശ്രമിക്കുക. മനുഷ്യരുടെ വന്ദനം ആഗ്രഹിച്ച് പ്രവർത്തിച്ചാൽ ദൈവമുമ്പാകെ അപമാനമേൽക്കേണ്ടിവരും.

### 5. "റബ്ബി എന്ന് വിളിക്കുന്നതും അവർക്ക് പ്രിയമാകുന്നു"

ഞാൻ നേരത്തെ പറഞ്ഞതുപോലെ റബ്ബി എന്നത് യഹൂദന്മാരുടെ ഇടയിൽ മാന്യമായ പദവി മാത്രമല്ല, നല്ല അംഗീകാരം ലഭിക്കുന്ന ഒരു ബിരുദവുമാണ്. ന്യായപ്രമാണങ്ങളും ആചാരാനുഷ്ഠാനങ്ങളും പഠിച്ചശേഷം

സന്നദ്രിം സംഘം നിയമിക്കുന്ന മൂന്നംഗ സമിതി പല ഘട്ടങ്ങളിലൂടെ നടത്തുന്ന പരീക്ഷകളും അഭിമുഖങ്ങളും കഴിഞ്ഞശേഷം അവർ നൽകുന്ന സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ "റബ്ബി"എന്ന സ്ഥാനത്തിന് അർഹത ഉണ്ടായിരുന്നുള്ളൂ. സിനഗോഗ്കളിലെ പൂർണ്ണനിയന്ത്രണം ഇത്തരം റബിമാർക്ക് ആയിരുന്നു. യോഹന്നാൻ സ്നാപകനും എനിക്കും ഈ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ നേതാക്കന്മാർ പൊതുവേ ഞങ്ങളെ റാബിമാരായി അംഗീകരിച്ചിരുന്നില്ല. ഞാൻ നിങ്ങളോടു പറയുന്നു,"നിങ്ങൾ റബി എന്ന പേര് എടുക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു. ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുത്, ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്; സ്വർഗ്ഗസ്ഥൻ തന്നെ. നിങ്ങളോ എല്ലാവരും സഹോദരന്മാർ. നിങ്ങൾ നായകന്മാർ എന്ന പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ ക്രിസ്തുവായ ഞാൻ തന്നെ" (മത്തായി 23: 8 –10).

ഇവിടെ യഹൂദന്മാരെ പോലെ നിങ്ങൾക്കും ആശയക്കുഴപ്പം ഉണ്ടായി കാണും എന്ന് എനിക്കറിയാം. ഭൂമിയിലുള്ള നിങ്ങളുടെ സ്വന്തം പിതാക്കന്മാരെയും ആത്മീയ ഗുരുക്കന്മാരെയും അധ്യാപകരെയും അപ്രകാരം വിളിക്കരുത് എന്നല്ല അർത്ഥമാക്കിയത്. ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും സ്രഷ്ടാവായ ദൈവമാണ് നിങ്ങളുടെ "എല്ലാവരുടെയും ഏകപിതാവ്" എന്നും നിങ്ങൾക്ക് എല്ലാവർക്കും സഹായകനായി സകലവും ഉപദേശിച്ചു വഴിനടത്തുന്ന പരിശുദ്ധാത്മാവ് ആകുന്ന ദൈവമാണ് നിങ്ങളുടെ ഗുരു എന്നും, നിങ്ങളെ എല്ലാവരെയും പ്രബോധിപ്പിച്ച് കൂട്ടിച്ചേർത്ത് സ്വർഗത്തിലേക്ക് നയിക്കുന്ന യഥാർത്ഥ ഏകനായകൻ ദൈവപുത്രനായ ഞാൻ മാത്രമാണെന്നുമാണ് ഞാൻ പറഞ്ഞതിന് അർത്ഥം. ഇക്കാര്യം മറന്നു കൊണ്ട് പ്രവർത്തിക്കുന്നവരോട് ഞാൻ പറയുന്നു: " നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകൻ ആകണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും"(മത്തായി 23: 11 –12).

C **"നിങ്ങൾക്ക് അയ്യോ കഷ്ടം!"** (മത്തായി 23: 13– 29)

പരീശന്മാർക്കും ശാസ്ത്രിമാർക്കും അയ്യോ കഷ്ടം എന്ന് ഞാൻ പറഞ്ഞതിന് 7 കാരണങ്ങൾ എടുത്തുപറയട്ടെ.

1. "കപടഭക്തിക്കാരായ ശാസ്ത്രിമാരായുള്ളോരെ, നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല. (23:13). നിങ്ങളും ഇപ്രകാരം ഉള്ളവരാണോ എന്ന് സ്വയം പരിശോധിക്കുക.

2) "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും ആയുള്ളോരേ നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായത്തിൽ ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇത് ഹേതുവായി നിങ്ങൾക്ക് കടുത്ത ശിക്ഷാവിധി വരും."(23:14). മരിച്ചുപോയ ഭർത്താക്കന്മാരുടെ ശവസംസ്കാര ത്തോടനുബന്ധിച്ച് വലിയ തുക വിധവമാരിൽ നിന്നും അവർ വസൂലാക്കിയായിരുന്നു. ഇന്നും മരണാനന്തര കാര്യങ്ങൾക്ക് മാത്രമല്ല മറ്റ് പലതിനുമായി സാധുക്കളായ വിധവമാരിൽനിന്നും ദരിദ്രൻമാരിൽനിന്നും വലിയ തുക നിയമത്തിന്റെ പേരിൽ വാങ്ങുന്ന നേതാക്കന്മാരുണ്ട്. അവർക്കും ശിക്ഷാവിധി നേരിടേണ്ടിവരും.

3. "നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു ചേർന്ന ശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു.(23:15). ആധുനികകാലത്തും മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി പലരെയും,'വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്താൽ മാത്രം മതി, എന്നാൽ രക്ഷിക്കപ്പെടും'എന്ന് പറഞ്ഞ് സാധാരണക്കാരെ മതത്തിൽ ചേർക്കുകയും പിന്നീട് അവരിൽ നിന്നും ദശാംശം തുടങ്ങിയ തുകകൾ സംഭാവനയായി സ്വീകരിക്കാൻ മാത്രം അവരെ സമീപിക്കുകയും, യഥാർത്ഥ ശിഷ്യത്വവ്യവസ്ഥകളും ക്രിസ്തീയ മൂല്യങ്ങളും അവർക്ക് ജീവിച്ചു കാണിച്ചു കൊടുക്കുവാൻ നേതാക്കന്മാർ പരാജയപ്പെടുകയും ചെയ്യുമ്പോൾ, പുതുതായി മതത്തിൽ ചേർന്നവർ ആശയക്കുഴപ്പത്തിലാകാറുണ്ട്. തിരിച്ചു പോകുന്നത് നാണക്കേട് ആണെന്ന് കരുതി, സത്യവിശ്വാസം വേണ്ടതുപോലെ അറിയാതെയും അനുസരിക്കാതെയും "ക്രിസ്ത്യാനികൾ" എന്ന പേരിൽ എതിർസാക്ഷ്യം നൽകി അവർ ജീവിക്കുവാൻ ഇടയാകുകയും ചെയ്താൽ, അതിന്റെ ശിക്ഷ അങ്ങനെയുള്ളവരെ സഭയിൽ ചേർത്തവർ ഏൽക്കേണ്ടി വരും എന്ന് അറിഞ്ഞിരിക്കുക.

4. "ആരെങ്കിലും മന്ദിരത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല എന്നും മന്ദിരത്തിലെ സ്വർണത്തെ ചൊല്ലി സത്യം ചെയ്യുന്നവൻ കടക്കാരൻ എന്നും പറയുന്ന കുരുടൻമാരായ വഴികാട്ടികളേ നിങ്ങൾക്ക് ഹാ കഷ്ടം". സ്വർണ്ണം വെറുമൊരു മഞ്ഞലോഹമാണെന്നും ദൈവസാന്നിധ്യമുള്ള ദൈവാലയമാണ് സ്വർണത്തേക്കാൾ പ്രധാനമെന്നും തിരിച്ചറിയാത്ത കുരുടന്മാരായ വഴികാട്ടികൾ ആയവരെ പറ്റി എന്ത് പറയാൻ?.

"യാഗപീഠത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല, അതിലെ സകലത്തെയും ചൊല്ലി സത്യം ചെയ്യുന്നു. മന്ദിരത്തെക്കാൾ മന്ദിരത്തെ വിശുദ്ധമാക്കുന്ന ദൈവത്തിനാണ് പ്രാധാന്യമെന്നും വഴിപാട്

വസ്തുവിനെക്കാൾ വഴിപാടിനെ ശുദ്ധീകരിക്കുന്ന ബലിപീഠത്തിനാണ് പ്രാധാന്യം എന്നും അവർക്ക് അറിയാതെ പോയതിൽ എനിക്ക് ദുഃഖമുണ്ട്. ഏതായാലും കാൽവരിയിലെ കുരിശ് ആകുന്ന ബലിപീഠത്തിൽ നടന്ന എന്റെ ബലിയർപ്പണം മൂലം ലോകത്തിനുമുഴുവൻ രക്ഷ ലഭിച്ചകാര്യം നിങ്ങൾ വേണ്ടതുപോലെ ശരിയായി ജനങ്ങളെ പഠിപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

5. "നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ തുളസി,ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ കനമേറിയവ ഉപേക്ഷിച്ച് കളയുകയും ചെയ്യുന്നു. അത് ചെയ്യുകയും ഇത് ഉപേക്ഷിക്കാതെയിരിക്കുകയും വേണം. ക്രൂരന്മാരായ വഴികാട്ടികളെ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങി കളയുകയും ചെയ്യുന്നു.(23,24). അന്യായമായും കരുണയില്ലാതെയും മറ്റുള്ളവരിൽ നിന്നും കവർന്നെടുക്കാനുള്ള മനസ്സ് വെച്ച് ദൈവത്തിന് വഴിപാട് അർപ്പിക്കുന്നതിന്റെ പൊള്ളത്തരം ഓർത്ത് ഞാൻ സഹതപിച്ചു.

6). "നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ കിണ്ടി കിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുട ന്മാരായ പരീശന്മാരെ കിണ്ടി കിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിനുമുൻപ് നിങ്ങളുടെ അകം വെടിപ്പാക്കുക."ഞാൻ വീണ്ടും അവരെ ഇങ്ങനെ കുറ്റപ്പെടുത്തി," നിങ്ങൾക്ക് ഹാ കഷ്ടം,! വെള്ളതേച്ച ശവക്കല്ലറകളോട് നിങ്ങൾ ഒത്തിരിക്കുന്നു. അവ പുറമേ അഴകായ് ശോഭിക്കുന്നെങ്കിലും അകമേ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെ പുറമേ നിങ്ങൾ നീതിമാന്മാർ എന്ന് മനുഷ്യർക്ക് തോന്നുന്നു. അകമേയോ കപടഭക്തി നിറഞ്ഞവരത്രേ" ബാഹ്യമായി നല്ലവരായി കാണപ്പെടുന്ന അവരുടെ കപടഭക്തി മൂലം ഒരിക്കലും മാനസാന്തരപ്പെടുവാൻ ഇടയാകാതെ നശിച്ച പോകുമല്ലോ എന്ന് ഓർത്ത് അവരെപ്പറ്റി എനിക്ക് ദുഃഖം തോന്നി. ദൈവം നിങ്ങളുടെ അന്തരംഗമാണ് പരിശോധിക്കുന്നത്. അകം വിശുദ്ധമായി സൂക്ഷിച്ചാൽ സ്വാഭാവികമായി പുറം കൂടി ശുദ്ധീകരിക്കപ്പെടും. പുറം എത്ര മനോഹരമാക്കാൻ ശ്രമിച്ചാലും അകം വിശുദ്ധമല്ലെങ്കിൽ ദൈവത്തെയും ദൈവീക കാര്യങ്ങളെയും അറിയാനും അനുസരിക്കാനും സാധ്യമാകാതെ വരും.

7). "കപടഭക്തരായ ശാസ്ത്രിമാരും പരീശന്മാരും ആയുള്ളോരേ നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിതും നീതിമാൻമാരുടെ കല്ലറകളെ അലങ്കരിച്ചും കൊണ്ട്: 'ഞങ്ങൾ

പിതാക്കന്മാരുടെ കാലത്ത് ഉണ്ടായിരുന്നുവെങ്കിൽ പ്രവാചകന്മാരെ കൊല്ലുന്നതിൽ കൂട്ടാളികൾ ആകയില്ലായിരുന്നു' എന്ന് പറയുന്നു. അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്ന് നിങ്ങൾ തന്നെ സാക്ഷ്യം പറയുന്നുവല്ലോ. പിതാക്കന്മാരുടെ അളവ് നിങ്ങൾ പൂരിപ്പിച്ചുകൊള്ളുവിൻ. പാമ്പുകളെ, സർപ്പസന്തതികളെ, നരകവിധി നിങ്ങളെങ്ങനെ തെറ്റി ഒഴിയും?"

അതുകൊണ്ട് ഞാൻ പ്രവാചകൻമാരെയും ജ്ഞാനികളെയും ശാസ്ത്രിമാരെയും നിങ്ങളുടെ അടുക്കൽ അയക്കുന്നു. അവരിൽ ചിലരെ നിങ്ങൾ ക്രൂശിച്ചു കൊല്ലുകയും, ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടികൊണ്ട് അടിക്കുകയും പട്ടണത്തിൽനിന്ന് പട്ടണത്തിലേക്ക് ഓടിക്കുകയും ചെയ്യും. നീതിമാനായ ഹാബേലിന്റെ രക്തം മുതൽ നിങ്ങൾ മന്ദിരത്തിനും യാഗപീഠത്തിന്നും നടുവിൽ വച്ച് കൊന്നവനായി ബേരക്ക്യവിന്റെ മകനായ സെക്കറിയവിന്റെ രക്തം വരെ ഭൂമിയിൽ ചൊരിഞ്ഞിട്ടുള്ള നീതിയുള്ള രക്തമെല്ലാം നിങ്ങളുടെ മേൽ വരേണ്ട താകുന്നു. ഇതൊക്കെയും ഈ തലമുറ മേൽ വരുമെന്ന് സത്യമായിട്ടും നിങ്ങളോട് പറയുന്നു."(മത്തായി 23: 29– 36).

ഞാൻ ഇത്രയും കാര്യങ്ങൾ അവരെ കുറ്റപ്പെടുത്തി പറഞ്ഞിട്ടും അതെല്ലാം അവർ കേട്ടു നിന്നതുകൊണ്ട് ഞാൻ അത്ഭുതപ്പെട്ടു. അവരുടെ പിതാക്കന്മാർ കഠിന ഹൃദയ രായതുപോലെ, എന്റെ വാക്കുകൾ കേട്ട് അവരും കൂടുതൽ കഠിന ഹൃദയരാകുന്നത് അവരുടെ മുഖഭാവം കണ്ട് ഞാൻ തിരിച്ചറിഞ്ഞു. അവരുടെ പിതാക്കന്മാരുടെ പാരമ്പര്യമനുസരിച്ച് എന്നെയും കൊല്ലുവാൻ അവർക്ക് കഴിയും എന്ന് ഞാൻ അവരെ ബോധ്യപ്പെടുത്തി. ഏതായാലും, എന്റെ മരണം ലോകരക്ഷയ്ക്ക് ആവശ്യമായതിനാൽ അതിലേക്ക് ഞാൻ സ്വയം എന്നെ അവർക്ക് ഏൽപ്പിച്ചു കൊടുക്കാൻ തയ്യാറാക്കുകയായിരുന്നു. അതേസമയം അവർ ചെയ്യുന്ന കഠിനപാപത്തിനുള്ള ശിക്ഷ അവരുടെമേൽ നരകതുല്യമായി പതിക്കുമെന്ന മുന്നറിയിപ്പും ഞാൻ അവർക്ക് നൽകിയത് കേട്ട് അവർ വല്ലാതെ ഭയപ്പെട്ടു. പിന്നീട് അവർ ഒന്നും എന്നോട് തർക്കിക്കാൻ മുതിർന്നില്ല. അതേസമയം എന്നെപ്പറ്റിയുള്ള "കുറ്റപത്രം" തയ്യാറാക്കി സന്നദ്രിം സംഘത്തിൽ സമർപ്പിച്ച് എന്നെ കൊലയ്ക്ക് വിധിക്കാൻ തക്ക നീക്കങ്ങളുമായി അവർ മുന്നോട്ടു പോയി.

16–2–2021.

## അദ്ധ്യായം 89

# യുഗാന്ത്യ പ്രവചനങ്ങൾ: ഭയപ്പെടാതെ ജാഗ്രതയോടെ കാത്തിരിക്കുക

**(മത്തായി 24: 1– 44; മർക്കോസ് 13:1 –31; ലൂക്കോസ് 21: 5– 33)**

പകൽ മുഴുവനും പരീശന്മാരുടെ വാദപ്രതിവാദങ്ങൾ കഴിഞ്ഞു, ഞാൻ ദേവാലയം വിട്ടിറങ്ങുമ്പോൾ ശിഷ്യന്മാർ എന്നോട് ഇങ്ങനെ പറഞ്ഞു,: "ഗുരുവേ, ഈ ദേവാലയം എത്ര മനോഹരമായിരിക്കുന്നു!" ഞാൻ പറഞ്ഞു:" ഇതെല്ലാം ഇടിഞ്ഞ് പോയി കല്ലിന്മേൽ കല്ല് ശേഷിക്കയില്ല എന്ന് സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു". അവർ മറുപടിയൊന്നും പറഞ്ഞില്ല. ഒലിവ് മലയിൽ എത്തി വിശ്രമിക്കുമ്പോൾ ശിഷ്യന്മാർ വീണ്ടും ചോദിച്ചു,"അത് എപ്പോൾ സംഭവിക്കും? നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്താണ് എന്ന് പറഞ്ഞു തരാമോ?"ഞാൻ അല്പം വിശദമായി മറുപടി പറഞ്ഞു. ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ.

1. ഞാൻ ക്രിസ്തു എന്ന് പറഞ്ഞ് അനേകർ എന്റെ പേര് എടുത്ത് വന്ന് പലരെയും തെറ്റിക്കും.
2. യുദ്ധങ്ങളെയും യുദ്ധകാര്യങ്ങളെയും കുറിച്ച് നിങ്ങൾ കേൾക്കും. ചഞ്ചലപെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അത് സംഭവിക്കേണ്ടത് തന്നെ, എന്നാൽ അവസാനമല്ല.
3. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും.
4. ക്ഷാമവും ഭൂകമ്പവും ഉണ്ടാകുമെങ്കിലും ഇതൊക്കെ ഈറ്റ് നോവിന്റെ ആരംഭമത്രേ.
5. അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏൽപ്പിക്കുകയും കൊല്ലുകയും ചെയ്യും.

6. എന്റെ നാമം നിമിത്തം സകലജാതികളും നിങ്ങളെ പകയ്ക്കും.
7. പലരും നിങ്ങളിൽ ഇടറി അന്യോന്യം ഏൽപ്പിച്ചു കൊടുക്കും.
8. കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും.
9. അധർമ്മം പെരുകും. അനേകരുടെ സ്നേഹം തണുത്തു പോകും.
10. അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും.
11. ദൈവരാജ്യത്തിന്റെ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപെടും.
12. അപ്പോൾ അവസാനം വരും. (മത്തായി 24: 1– 14).

ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ മൂന്ന് ഘട്ടങ്ങളായി നടക്കാനുള്ളവയാണ്. ഒന്നാംഘട്ടം, യെരുശലേം ദേവാലയത്തിന്റെയും പട്ടണ ത്തിന്റെയും നാശമാണ്. രണ്ടാംഘട്ടം, നിങ്ങൾ ജീവിക്കുന്ന യുഗത്തിന്റെ അന്ത്യമാണ്. മൂന്നാം ഘട്ടം ലോകാവസാനമാണ്.

### A **"ഒന്നാം ഘട്ടം:– യെരുശലേം ദൈ വാലയത്തിന്റെ നാശം"**

എ.ഡി. എഴുപതിൽ റോമാ ചക്രവർത്തി ടൈറ്റസ്, യെരുശലേം പട്ടണത്തെയും ദൈവാലയത്തെയും തീവെച്ച് നശിപ്പിച്ചത് നിങ്ങൾക്കറിയാമല്ലോ. അതേതുടർന്ന് അനേകം ആക്രമണങ്ങളും യുദ്ധങ്ങളും ആ പ്രദേശത്ത് നടന്ന് നിരവധി പേർ കൊല്ലപ്പെടുകയുണ്ടായി. അനേകായിരങ്ങളെ തടവുകാരായി പിടിച്ചു കൊണ്ടുപോയി. അതെ തുടർന്നു രണ്ട് ലോകമഹായുദ്ധങ്ങൾ ഉൾപ്പെടെ നിരവധി നാശനഷ്ടങ്ങൾ ലോകത്തിനു സംഭവിച്ചു. ലക്ഷക്കണക്കിന് യഹൂദന്മാർ ക്രൂരമായി വധിക്കപ്പെട്ടു. യഹൂദ വംശത്തെ തന്നെ ഇല്ലായ്മചെയ്യാൻ വേണ്ടി ജർമൻ ജനത 60 ലക്ഷം യഹൂദന്മാരെ ഗ്യാസ് ചേമ്പറിൽ ശ്വാസം മുട്ടിച്ചു കൊന്ന "ഹോളോകോസ്റ്റ്" യഹൂദന്മാരുടെ ദുരന്ത ചരിത്രം വിളിച്ചോതുന്നു. ബാബിലോണിയർ, റോമാക്കാർ, അറബികൾ, ബ്രിട്ടീഷുകാർ തുടങ്ങിയ വിദേശശക്തികളുടെ ആക്രമണത്തിന് വിധേയരായി യഹൂദന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിൽ ചിതറി പാർത്തിരുന്ന ദുരന്തചരിത്രം നിങ്ങൾക്കറിയാമല്ലോ.

യെരുശലേം ദേവാലയം തകർത്തുകളയാൻ സ്വർഗ്ഗപിതാവ് എന്തുകൊണ്ട് അനുവദിച്ചു എന്ന് ശിഷ്യന്മാർ ആരും ചോദിച്ചില്ല. ദൈവാലയം പ്രാർത്ഥനാലയം ആണെന്ന കാര്യം മറന്ന്, അതിനെ കള്ളന്മാരുടെ ഗുഹ ആക്കിത്തീർത്തതായിരുന്നു ഒരു കാരണം.

ഞാൻ ശുദ്ധീകരണം നടത്തിയിട്ടും അവർ തങ്ങളുടെ അധാർമികത ദൈവാലയത്തിൽ തുടർന്നതാണ് പ്രധാനകാരണം. കൈപ്പണിയായ ദൈവാലയത്തിൽ ദൈവം വസിക്കണം എങ്കിൽ അവിടെ വിശുദ്ധിയിലും സത്യത്തിലും ആത്മാവിലും ആരാധന നടക്കണം. ദൈവാലയത്തെപ്പറ്റി ചില കാര്യങ്ങൾ ഞാൻ പറയാം. ദൈവം വസിക്കുന്ന നാലുതരം ദൈവാലയങ്ങൾ ഉണ്ട്.

ഒന്നാമത്തെ ദൈവാലയം മനുഷ്യരായ നിങ്ങൾ തന്നെയാണ്. നിങ്ങളുടെ ഹൃദയമാകുന്ന വിശുദ്ധ ബലിപീഠങ്ങളിൽ, എപ്പോഴും അനുതാപമുള്ള മനസ്സോടെ സ്തോത്രയാഗം ആകുന്ന ബലികളും സ്തുതികൾ ആകുന്ന ആരാധനയും അർപ്പിച്ച കൊണ്ടിരിക്കണം. ദൈവം ഉള്ളിൽ വസിക്കുന്ന, ചലിക്കുന്ന ആരാധനാലയങ്ങൾ ആണ് നിങ്ങൾ എന്ന് മറക്കരുത്.

രണ്ടാമത്തേത്, നിങ്ങൾ വസിക്കുന്ന ഭവനങ്ങളാണ്. എന്റെ നാമത്തിൽ നിങ്ങൾ എവിടെ കൂടിയാലും ഞാൻ നിങ്ങളുടെ മധ്യത്തിൽ ഉണ്ട് എന്ന് നേരത്തെ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. ദൈവത്തെ ഉള്ളിൽ ആരാധിച്ച കൊണ്ട് ജീവിക്കുന്ന മനുഷ്യരുടെ ഭവനങ്ങളിൽ ദൈവമക്കൾ ഒന്നിച്ച കൂടുമ്പോൾ അത് ഒരു ദേവാലയമായി മാറുന്നു. ആദിമസഭയിൽ ഭവനങ്ങൾ ആയിരുന്നു ദൈവാലയങ്ങൾ.

മൂന്നാമത്തെ ദൈവാലയമാണ്, പള്ളികൾ. സ്വകാര്യ ആരാധനകൾ നടത്തുന്ന ഭവനങ്ങളിൽ നിന്ന് ദൈവമക്കൾ കുടുംബങ്ങളായി പൊതു ആരാധന നടത്തുവാൻ ഒന്നിച്ച കൂടുന്ന പള്ളികൾ അഥവാ പൊതു ആരാധനാലയങ്ങൾ കൈപ്പണിയായ കെട്ടിടങ്ങൾ മാത്രമാണെന്ന് ഓർക്കുക. അത് എത്ര വലുതാക്കി മനോഹരമായി പണിതാലും, വിശ്വാസികളായ ദൈവമക്കൾക്ക് അവിടെ ആരാധിക്കാൻ കഴിയുന്നില്ലെങ്കിൽ യെരുശലേം ദേവാലയത്തിന്റെ അനുഭവം തന്നെ ആയിരിക്കും എന്ന് മറക്കരുത്. പള്ളി കെട്ടിടമല്ല അവിടെ ആരാധിക്കുന്ന ദൈവജനങ്ങളാണ് എന്റെ സഭ. ജനങ്ങൾ ഇല്ലാത്ത പള്ളി കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. പരീശന്മാരെപോലെ ബാഹ്യമായ ഭംഗിയിൽ പ്രശംസിക്കുന്നവർക്ക് ദൈവമുൻപാകെ സ്വീകാര്യത ഇല്ല എന്ന് ഓർക്കുക. പരസ്പരം സ്നേഹത്തിലും ഐക്യത്തിലും ആരാധിക്കുന്നവർ മാത്രമേ ദൈവമക്കൾ എന്ന പദവിക്ക് അർഹതയുള്ളൂ. നിങ്ങൾ സത്യത്തിലും ആത്മാവിലും ആരാധിക്കുമ്പോഴാണ് നിങ്ങളുടെ ആരാധന സ്വർഗ്ഗപിതാവ് സന്തോഷത്തോടെ സ്വീകരിക്കുന്നത്.

ശ്രേഷ്ഠമായ വസ്തുക്കൾ കൊണ്ട് മനോഹരമായ വലിയ ദേവാലയങ്ങൾ നിർമ്മിച്ച് അതേചൊല്ലി അഹങ്കരിക്കുകയും വഴക്കുണ്ടാക്കുകയും ചെയ്യുന്നത് കാണുമ്പോൾ അവിടെ നിങ്ങൾ നടത്തുന്ന ആരാധന സ്വർഗ്ഗപിതാവ് സ്വീകരിക്കുന്നില്ല എന്ന് നിങ്ങൾ ഓർക്കണം. വ്യക്തികൾ തമ്മിലും സഭകൾ തമ്മിലും പരസ്പരം വൈരാഗ്യം വച്ചുകൊണ്ട് ആരാധിക്കുന്നത് യഹൂദന്മാർ ചെയ്തതിനേക്കാൾ കുറ്റകരമാണെന്ന് നിങ്ങൾ തിരിച്ചറിയുക."ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിന്മേൽ കൊണ്ടുവരുമ്പോൾ സഹോദരന്റെ നേരെ വല്ലതുമുണ്ടെങ്കിൽ അവിടെവച്ച് ഓർമ വന്നാൽ, വഴിപാട് അവിടെ യാഗപീഠത്തിന്റെ മുൻപിൽ വെച്ച് ഒന്നാമതു ചെന്നു സഹോദരനോടു നിരന്നു കൊള്ളുക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക."(മത്തായി 5:23– 24).

നാലാമത്തെ ദൈവാലയം, ദൈവം ശാശ്വതമായി വസിക്കുന്ന സ്വർഗ്ഗമാണ്. രാപകൽ നിരന്തരം സ്തുതികളും സ്തോത്രങ്ങളും അർപ്പിക്കപ്പെടുന്ന ആ സ്വർഗ്ഗീയ ആരാധനയിൽ നിങ്ങളെല്ലാവരും ഒരുക്കത്തോടെ പങ്കെടുക്കുവാൻ കാത്തിരിക്കുക. ഒന്നാമത്തെ ദേവാലയമായ നിങ്ങളുടെ ഹൃദയത്തിലും രണ്ടാമത്തെ ദേവാലയമായ നിങ്ങളുടെ ഭവനത്തിലും മൂന്നാമത്തെ ദേവാലയമായ പള്ളിയിലും

"സത്യത്തിലും ആത്മാവിലും" ഉള്ള ആരാധന നടത്തി, നാലാമത്തെ സ്വർഗ്ഗീയ ദൈവാലയത്തിൽ നിരന്തരമായ ആരാധനയിൽ സംബന്ധിക്കുവാൻ നിങ്ങൾ വേഗം തന്നെ ഒരുങ്ങുക.

B. **രണ്ടാംഘട്ടം:– യുഗാന്ത്യ ലക്ഷണങ്ങൾ**

ഇസ്രായേൽ മക്കൾക്കും യഹൂദ ദേവാലയത്തിന്നും യെരുശലേം പട്ടണത്തിന്നും നേരിട്ട പ്രവചന പൂർത്തീകരണം നിങ്ങൾ മനസ്സിലാക്കി. എന്നാൽ നിങ്ങളുടെ തലമുറ അവസാനിക്കുന്നതിനു മുൻപ് നടക്കുന്നതും നടക്കാനിരിക്കുന്നതുമായ കാര്യങ്ങൾ കൂടി ചുരുക്കമായി പറയാം.

1. അനേകർ എന്റെ പേര് എടുത്തു വന്നു 'സമയം അടുത്തിരിക്കുന്നു' എന്ന കള്ളപ്രവചനം നടത്തി നിങ്ങളെ വഴിതെറ്റിക്കും. അവരെ നിങ്ങൾ തിരിച്ചറിഞ്ഞ് എത്രയും വേഗം ഒഴിവാക്കണം. അവരെ നിങ്ങൾ ഒരിക്കലും അനുഗമിക്കരുത്. ഇന്ന് ലോകത്തിൽ നിരവധി സഭകളും പ്രസ്ഥാനങ്ങളും എന്റെ പേരിൽ വ്യാജ സുവിശേഷം പ്രചരിപ്പിക്കുന്നത്, പ്രവചന പൂർത്തീകരണവും അന്ത്യകാല ലക്ഷണവുമാണ്.

അവരെ തിരിച്ചറിയണമെങ്കിൽ "സത്യത്തിലും ആത്മാവിലും" ആരാധിക്കുവാൻ നിങ്ങൾ ശീലിക്കണം.(ലൂക്കോ 21: 7,8)

2. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും കലഹിക്കും. വംശീയതയുടെ പേരിൽ ജനങ്ങളെ രാജ്യങ്ങളിൽ നിന്ന് പുറത്താക്കുകയും അനുസരിക്കാത്തവരെ കൊന്നൊടുക്കുകയും ചെയ്യും. മതങ്ങൾ തമ്മിലും സഭകൾ തമ്മിലും കലഹവും വൈരാഗ്യവും വളർത്തി മനുഷ്യജീവിതം ദുഷ്കരമായി തീരും. എന്റെ നാമം നിമിത്തം പലരും തടവിലാക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യും. നിങ്ങൾ വിസ്തരി ക്കപ്പെടുമ്പോൾ ഉത്തരം പറയുവാൻ നിങ്ങൾ ഒന്നും മനസ്സിൽ മുൻകൂട്ടി കരുതേണ്ടതില്ല. ആർക്കും എതിർക്കാൻ കഴിയാത്ത വാക്കും ജ്ഞാനവും ഞാൻ തക്കസമയത്ത് നിങ്ങൾക്ക് പരിശുദ്ധാത്മാവ് വഴിയായി നൽകും. നിങ്ങൾ ക്ഷമ കൊണ്ട് നിങ്ങളുടെ പ്രാണനെ നേടും.(ലൂക്കോസ് 21: 12–19).

3. വലിയ ഭൂകമ്പങ്ങളും പ്രകൃതിദുരന്തങ്ങളും ക്ഷാമവും മഹാവ്യാധികളും അവിടവിടെയായി ഉണ്ടാകും.

ഭയങ്കര കാഴ്ചകളും ആകാശത്തിൽ മഹാ ലക്ഷണങ്ങളും ഉണ്ടാകും. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷണങ്ങൾ ഉണ്ടാകും. കടലിന്റെയും തിരമാലകളുടെയും മുഴക്കം നിമിത്തം "സുനാമി" പോലുള്ള ദുരന്തങ്ങളും കൊടുങ്കാറ്റുകളും ചുഴലികാറ്റുളും എല്ലാം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകി പോകുന്നതിനാൽ ലോകത്തിന് എന്ത് ഭവിക്കാൻ പോകുന്നു എന്ന് പേടിച്ച് നോക്കി പാർത്തുകൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും.(ലൂക്കോസ് 21: 11, 25 –26).

4. സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞു കൊള്ളുക. അന്ന് യഹൂദിയയിലുള്ളവർ മലമുകളിലേക്ക് ഓടി പോകട്ടെ. നാട്ടുമ്പുറങ്ങളിൽ ഉള്ളവർ പട്ടണത്തിൽ കടക്കരുത്. എഴുതിയിരിക്കുന്നത് എല്ലാം നിവൃത്തിയാക്കേണ്ടതിന് ആ നാളുകൾ പ്രതികാര കാലമാകുന്നു...... ദേശത്ത് വലിയ ഞെരുക്കവും ജനത്തിന്മേൽ ക്രോധവും ഉണ്ടാകും. അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളി ലേക്കും തടവുകാരായി കൊണ്ടുപോവുകയും ജാതികളുടെ കാലം തികയു വോളം ജാതികൾ യെരുശലേം ചവിട്ടി കളയുകയും ചെയ്യും.!".(ലൂക്കോ. 21: 20 –24).

C. **മൂന്നാംഘട്ടം:– ലോകാവസാനം**

ലോകാവസാനം എപ്പോൾ സംഭവിക്കും എന്ന കാര്യത്തിൽ ആർക്കും വ്യക്തമായ ഉത്തരം പറയാൻ കഴിയില്ല. ഓരോരുത്തരെയും സംബന്ധിച്ച് അവരുടെ മരണത്തോടെ അവരുടെ "ലോകാവസാനം" സംഭവിക്കുകയാണ്."ആ നാളും നാഴികയും സംബന്ധിച്ചോ,എന്റെ പിതാവ് മാത്രം അല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും

കൂടെ അറിയുന്നില്ല. നോഹയുടെ കാലം പോലെ തന്നെ മനുഷ്യ പുത്രന്റെ വരവും ആകും...... കർത്താവ് ഏത് ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയാത്തതുകൊണ്ട് ഉണർന്നിരിപ്പിൻ". (മത്തായി. 24: 36– 42). "അങ്ങനെ നിങ്ങൾ വിചാരിക്കാത്ത നാളിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിക്കുവിൻ.... അങ്ങനെ യജമാനൻ വരുമ്പോൾ വിശ്വസ്തനും ബുദ്ധിമാനും ആയി പ്രവർത്തിച്ച് കാണപ്പെടുന്ന ദാസന്മാർ ഭാഗ്യവാന്മാരാണ് എന്ന് ഓർക്കുക. ദുഷ്ട ദാസന്മാരെ, അവർ അറിയാത്ത നാളിലും അപ്രതീക്ഷിതമായ സമയത്തും വന്നു ദണ്ഡനം നൽകി കപടഭക്തിക്കാരോട് കൂടെ കരച്ചിലും പല്ലുകടിയും ഉണ്ടാകുന്ന നരകത്തിലെ അനുഭവത്തിൽ പങ്കു കൽപ്പിക്കും.(മത്തായി 24: 43– 51).

എന്റെ രണ്ടാം വരവിനെപറ്റി എപ്പോഴാണെന്ന് ആർക്കും അറിയില്ലെങ്കിലും, പലരും കള്ളപ്രവചനങ്ങൾ നടത്തുന്നത് നിങ്ങൾ വിശ്വസിക്കരുത്. ലോകം മുഴുവനും എന്റെ രക്ഷാ സുവിശേഷം അറിയിക്കപ്പെട്ടതിനുശേഷം മാത്രമേ ന്യായം വിധിക്കുവാൻ ഞാൻ രണ്ടാമത് വരികയുള്ളൂ. ലോകത്ത് ജീവിക്കുന്ന എല്ലാ മനുഷ്യരെയും ദൈവമക്കൾ ആക്കി തീർത്തു സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാനുള്ള വലിയ ഒരു രക്ഷാകര പദ്ധതിയാണ് എന്റെ മനുഷ്യാവതാരം മൂലം ലോകത്തിൽ സമാരംഭിച്ചത്.

എന്നാൽ ആ പദ്ധതി പ്രകാരം എല്ലാ മനുഷ്യർക്കും എന്നെ സ്വീകരിക്കുവാനുള്ള അവസരം നൽകിയ ശേഷം മാത്രമേ അവരെ ന്യായം വിധിക്കുവാൻ എനിക്ക് കഴിയൂ. ഇതിനോടകം എന്നെ അറിയാനും വിശ്വസിക്കുവാനും അവസരം ലഭിക്കാതെ അനേകർ എന്റെ മനുഷ്യാവതാരത്തിന് മുൻപും അതിനു ശേഷവും ഈ ലോകജീവിതം അവസാനിപ്പിച്ച് മരിച്ചുപോയിട്ടുണ്ട്. അവരുടെ മരണത്തോടെ അവരുടെ ലോകാവസാനം ആയിരുന്നെങ്കിലും, അവർക്ക് എന്റെ സുവിശേഷം കേൾക്കാനും വിശ്വസിക്കുവാനും "പാതാളത്തിൽ"അവസരം നൽകേണ്ടതിനായിട്ടാണ് ഞാൻ മരിച്ച് കബറടക്കപ്പെട്ട പ്പോൾ ഉയർത്തെഴുന്നേൽക്കുന്നതിനു മുൻപ് പാതാളത്തിൽ പോയി മരിച്ചവരോട് സുവിശേഷം അറിയിച്ചത്.(1 പത്രോസ് 4: 6; 3:19).

എന്റെ രണ്ടാമത്തെ വരവിനെപ്പറ്റി പ്രവാചകന്മാരുടെ വാക്കുകളും സാക്ഷ്യം നൽകുന്നുണ്ട്. "രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശ്യനായ ഒരുത്തൻ ആകാശ മേഘങ്ങളോടെ വരുന്നത് കണ്ടു. (ദാനിയേൽ 7: 13). ജീവപ്രകാശം നിറഞ്ഞ നീതിസൂര്യനായ എന്റെ വരവിനെസൂചിപ്പിക്കുന്നപ്രവചനങ്ങളുംനിങ്ങൾക്ക്കാണാം.(ഏശയ.60:1– –; മലാക്കി 4: 2). പാപം ചെയ്തതിന്റെ ഫലമായി ഭൂമി ശപിക്കപ്പെട്ടതായി

തീർന്നെങ്കിലും എന്റെ ജീവ പ്രകാശമേറ്റ് "പുതിയ ആകാശവും പുതിയ ഭൂമിയും"ആയിത്തീരുന്ന രൂപാന്തരം എന്റെ രണ്ടാമത്തെ വരവോടെ സംഭവിക്കും എന്ന് വിശ്വസിച്ച് നിങ്ങൾ കാത്തിരിക്കുക. ചരിത്രത്തിലെ കാല നിർണയത്തിന്(Chronos) വിധേയമല്ലാത്ത ഒരു നിത്യതയുടെ(Chairos) വ്യവസ്ഥിതി സ്ഥാപിക്കുകയാണ് എന്റെ രണ്ടാം വരവിന്റെ ഉദ്ദേശം. അതിലേക്ക് നിങ്ങളെ ഒരുക്കി നിർത്താൻ ആയിട്ടാണ് ഇപ്രകാരമുള്ള മുന്നറിയിപ്പുകൾ നിങ്ങൾക്ക് നൽകുന്നത്. എന്റെ പുനരുദ്ധാനത്തിനുശേഷം സ്വർഗ്ഗാരോഹണ സമയത്ത് ശിഷ്യന്മാർ ഒരുമിച്ചുകൂടി എന്നോട് ഇങ്ങനെ ചോദിച്ചു: "കർത്താവേ നീ ഇസ്രായേലിന് ഈ കാലത്തി ലോ രാജ്യം യഥാസ്ഥാനത്ത് ആക്കി കൊടുക്കുന്നത്?".

ഞാൻ അവരോട് ഇങ്ങനെ മറുപടി പറഞ്ഞു: " പിതാവ് തന്റെ സ്വന്തം അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയൊ സമയങ്ങളെ യൊ അറിയുന്നത് നിങ്ങൾക്കുള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിലെ എല്ലായിടത്തും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും"(അ. പ്ര.1:6–8)

## മൂന്ന് ഉപമകൾ കൂടി

ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് പറഞ്ഞത് നിങ്ങളെ ഭയപ്പെടുത്താനല്ല; മറിച്ച് നിങ്ങൾ ജാഗ്രതയോടെ ധൈര്യപ്പെട്ട് ഒരുങ്ങി ഇരിക്കാൻ വേണ്ടിയാണ്. ജാഗ്രതയോടെ കാത്തിരിക്കുന്നതിന്ന് നിങ്ങളെ ബോധ്യപ്പെടുത്തുവാനായി മൂന്ന് ഉപമകൾ കൂടി ഞാൻ പറഞ്ഞു തരാം.

1) **യജമാനൻ തന്റെ വീട്ടുകാർക്ക് ഭക്ഷണം നൽകാൻ ചുമതലപ്പെടുത്തിയ ദാസന്റെ ഉപമ".(മത്തായി 24: 43– 51).**

യജമാനനെ അനുസരിച്ച ദാസന്മാർക്ക് ഉത്തമ പ്രതിഫലവും അല്ലാത്തവർക്ക് കഠിനദണ്ഡനവും നൽകുന്നു.

എന്റെ ജനങ്ങളെ ശുശ്രൂഷിച്ച് പോഷിപ്പിച്ച് വളർത്താനായി യജമാനൻ ഏൽപ്പിച്ച ഇടയന്മാർ ജാഗ്രതയോടെ പ്രവർത്തിക്കണം എന്ന മുന്നറിയിപ്പാണ് ഞാൻ ഇവിടെ നൽകുന്നത്. ഇടയന്മാരുടെ അശ്രദ്ധയും അതിക്രമങ്ങളും നിമിത്തം ആളുകൾ എന്റെ വരവിനായി ഒരുങ്ങിയില്ലെങ്കിൽ, അവരുടെ കുറ്റത്തിന് കൂടി ഇടയന്മാർ ഉത്തരം പറയേണ്ടിവരും എന്ന് ഓർക്കുക.

2. **10 കന്യകമാരുടെ ഉപമ** (മത്തായി 25: 1– 13).

മണവാളൻ ആയ എന്റെ വരവിനുവേണ്ടി വിളക്ക് കത്തിച്ച് കാത്തിരിക്കുന്ന 10 കന്യകമാരിൽ അഞ്ച് പേർ മാത്രമേ ബുദ്ധിയോടെ പ്രവർത്തിച്ചുള്ളൂ. എത്ര താമസിച്ചാലും ഞാൻ വരുമെന്ന പ്രതീക്ഷയും അത്രയും സമയം തങ്ങളുടെ വിളക്കുകൾ കത്തി കൊണ്ടിരിക്കാൻ ആവശ്യമായ എണ്ണയും അവർ കരുതി. എന്നാൽ ശേഷം അഞ്ചു പേർ അലസരായി ഉറങ്ങിപ്പോയി. വിളക്കിലെ എണ്ണ തീർന്നു പോയതിനാൽ മണവാളൻ വരുന്നു എന്നറിഞ്ഞപ്പോൾ എണ്ണവാങ്ങാൻ പോയത്കൊണ്ട് മണവാളനായ എന്നെ എതിരേല്പാനും എന്നോടൊപ്പം ദൈവപിതാവിന്റെ സ്വർഗ്ഗമണവറയിൽ പ്രവേശിക്കുവാനും എന്റെകഴിയാതെപോയി. നിങ്ങൾക്ക് അതുപോലെ സംഭവിക്കാതിരിക്കാൻ, ലോകത്തിന്റെ മുഴുവൻ "വിളക്ക് "ആകുന്ന എന്നോടൊപ്പം, ഉണർവ്വും ജാഗ്രതയും വിശ്വസ്തതയും നൽകുന്ന "പരിശുദ്ധാത്മാവ് ആകുന്ന എണ്ണ നിറഞ്ഞ പാത്രങ്ങൾ" കൂടി എടുത്തുകൊണ്ട് എപ്പോഴും വിശുദ്ധിയിലും വിനയത്തിലും വിശ്വാസത്തിലും ജീവിക്കണം.

അല്ലാതെ വന്നാൽ സ്വർഗ്ഗരാജ്യം നഷ്ടപ്പെടുമെന്ന വലിയ സന്ദേശം നിങ്ങൾ ഗ്രഹിക്കാൻ വേണ്ടിയാണ് യുഗാന്ത്യത്തെപറ്റിയും ലോകാവസാനത്തെപറ്റിയും രണ്ടാംവരവിൽ ഉണ്ടാകുന്ന ന്യായവിധിയെപറ്റിയും ഒക്കെ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

3) **ന്യായവിധി നാളുകളെ മറക്കാതിരിക്കുക** (മത്തായി 25:31 –46).

ന്യായവിധി ദിവസത്തിൽ, നന്മ ചെയ്തവരെ വലത്തും തിന്മ ചെയ്തവരെ ഇടത്തുമായി വേർതിരിച്ച് ന്യായം വിധി ക്കുന്നതിന് ഞാൻ വരും എന്ന് പറയുന്നതും നിങ്ങളെ ഭയപ്പെടുത്താനല്ല, നിങ്ങൾ ഒരുങ്ങി ഇരിക്കുവാൻ വേണ്ടിയാണ്. "ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു ചെയ്യുന്നതെല്ലാം എനിക്ക് വേണ്ടി ആയതിനാൽ അതിനുള്ള പ്രതിഫലം നിങ്ങൾക്ക് ഞാൻ നൽകും...

"എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ, ലോക സ്ഥാപനത്തിന് മുൻപ് നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കി കൊൾവിൻ" എന്ന ശബ്ദം കേൾക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ. ആകയാൽ ഉണർന്നും ജാഗ്രതയോടും കൂടി ഇരിക്കുക. ഭയപ്പെടേണ്ട, എന്നാളും ഞാൻ നിങ്ങളോട് കൂടെയുണ്ട്. ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

16–2–2021.

## അദ്ധ്യായം 90

# ഞാൻ യാത്ര പറയുന്നു, നിങ്ങൾ ധൈര്യമായിരിക്കുക

**(യോഹന്നാൻ 16:1– 33)**

എന്റെ ഈ ലോകജീവിതം അവസാനിക്കാറായി. എന്നെ വെറുത്തതു പോലെ നിങ്ങളെയും ലോകം വെറുക്കുകയും ഉപദ്രവിക്കുകയും ചെയ്യും എന്ന് ഞാൻ പറഞ്ഞപ്പോൾ നിങ്ങളുടെ ഹൃദയം ദുഃഖം കൊണ്ട് നിറഞ്ഞതായി ഞാൻ കാണുന്നു. നിങ്ങൾ ഇടറി പോകാതിരിക്കാൻ കുറച്ച് പ്രധാന കാര്യങ്ങൾ കൂടി ഞാൻ നിങ്ങളോട് പറയട്ടെ.

എന്റെ കൂടെയുള്ളവർ ആണെന്ന് അറിയുമ്പോൾ നിങ്ങളെ പള്ളിയിൽനിന്നും പുറത്താക്കുമെന്ന ഭയം നിങ്ങൾക്ക് ഉണ്ട് എന്നെനിക്കറിയാം. പിറവികുരുടനെ ഞാൻ സൗഖ്യമാക്കിയപ്പോൾ അവന്റെ മാതാപിതാക്കൾ ഭയപ്പെട്ടു, സത്യം അറിഞ്ഞിട്ടും അവർ അതു പറയാതെ ഒഴിഞ്ഞുമാറിയത് ഞാനോർക്കുന്നു.(യോഹന്നാൻ 9: 22). എന്നെക്കുറിച്ച് പരസ്യമായി സംസാരിക്കാൻ പോലും ഭയപ്പെടുന്ന ഒരു സമൂഹത്തിലാണ് നിങ്ങൾ ജീവിക്കുന്നത് എന്നും എനിക്കറിയാം. (യോഹന്നാൻ 7: 13). "... നിങ്ങളെ പകച്ച് എന്റെ നാമം നിമിത്തം നിങ്ങളെ പുറത്താക്കി കളയുന്ന നിങ്ങളുടെ സഹോദരന്മാർ......"എന്നിങ്ങനെ പ്രവാചകൻ ഇക്കാര്യം മുൻകൂട്ടി പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടോ?(യശയ്യ 66: 5). യഹൂദന്മാരുടെ ചരിത്രം പരിശോധിച്ചാൽ അനേകം ഗോത്രങ്ങളെയും വംശങ്ങളെയും നിഷ്കരുണം വധിച്ച് ഇല്ലായ്മ ചെയ്യുതിനുള്ള ശിക്ഷ എന്നോണം യഹൂദന്മാർക്കും പലസമയങ്ങളിലായി, പുറത്താക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന ധാരാളം അനുഭവങ്ങളുണ്ടായിട്ടുണ്ട്.

**ഈ സാഹചര്യത്തിൽ എനിക്ക് കുറച്ച് ഗൗരവമുള്ള കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്.**

1). **നിങ്ങൾ ദുഃഖിച്ചാലും ഇടറി പോകരുത്** (യോഹന്നാൻ 16: 1–4).

ലോകപ്രകാരം ഉണ്ടാകുന്ന ദുഃഖം നിങ്ങളെ നിരാശയിലേക്ക് നയിക്കും.

കുറ്റബോധത്തിൽ നിന്നും ഉണ്ടാകുന്ന ഇത്തരം ദുഃഖം(attrition) ഒടുവിൽ നിങ്ങളെ മരണത്തിലേക്ക് തന്നെ എത്തിക്കും. ഉദാ: യൂദാ. എന്നാൽ സ്നേഹവാനായ സ്വർഗ്ഗ പിതാവ് നിങ്ങളെ കരുണയോടെ സ്വീകരിക്കുവാൻ തക്കതായ ഹൃദയദുഃഖം , അഥവാ ആത്മനൊമ്പരം (Contrition)

നിങ്ങളെ മാനസാന്തരത്തിലേക്ക് നയിക്കും. ഉദാ: പത്രോസ്. അറിഞ്ഞും അറിയാതെയും നിങ്ങൾ കുറ്റക്കാർ ആകുമ്പോൾ, നിരാശരാകാതെ നിങ്ങളുടെ പാപപരിഹാരത്തിനായി ഞാൻ എന്നെത്തന്നെ ബലിയർപ്പിച്ച കാര്യം ഓർത്തുകൊണ്ട് എന്നിലുള്ള പ്രത്യാശയിൽ, വിശ്വാസപൂർവ്വം മാനസാന്തരപ്പെട്ട് പാപമോചനം പ്രാപിച്ച ദൈവമക്കളെപോലെ ജീവിക്കാൻ ശ്രമിക്കുക.

2) **പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ**
(യോഹന്നാൻ 16:5–11; 7:39)

നിങ്ങളുടെ പ്രയാസങ്ങളിൽ നിങ്ങളെ സഹായിച്ച് ശക്തിപ്പെടുത്താനും ആലോചന പറഞ്ഞു തന്നു നിങ്ങളെ ശരിയായി വഴി നടത്തുവാനുമായി പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ ഞാൻ നിങ്ങൾക്ക് അയച്ചു തരുന്നുണ്ട്. എന്റെ ദൃശ്യ സാന്നിധ്യമില്ലാതെ വന്നാലും എന്റെ തന്നെ അദൃശ്യസാന്നിധ്യമായ പരിശുദ്ധാത്മാവ് നിങ്ങളെ ധൈര്യപ്പെടുത്തുകയും വഴി നടത്തുകയും ചെയ്യും. ഞാൻ സ്വന്തമായിട്ട് ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാതെ, എല്ലാം സ്വർഗ്ഗപിതാവിന്റെ ഇഷ്ടപ്രകാരം ചെയ്തത് പോലെ തന്നെ, ഞാൻ പഠിപ്പിച്ച കാര്യങ്ങൾ പരിശുദ്ധാത്മാവ് നിങ്ങൾക്ക് കൂടുതൽ വ്യക്തമാക്കിത്തരും. ഞാൻ ലോകത്തിൽ ജീവിച്ചിരുന്ന സമയത്ത് പറഞ്ഞകാര്യങ്ങൾ നിങ്ങൾക്ക് പൂർണമായി ഗ്രഹിപ്പാൻ കഴിയാതിരുന്നതിനാലാണ് പരിശുദ്ധാത്മസഹായം നിങ്ങൾ തേടണം എന്ന് ഞാൻ പറയുന്നത്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെകുറിച്ചും യഥാർത്ഥ കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലാകാത്തതിനാലാണ് ഇന്നും ലോകത്തിൽ അതിക്രമങ്ങൾ പെരുകികൊണ്ടിരിക്കുന്നത്.

പാപം എന്നത് ഒരു പ്രവൃത്തി എന്നതിനേക്കാളുപരി ഒരു

മനോഭാവമാണ് എന്നും, ആ നിലയിൽ ആന്തരികമായി മനുഷ്യനെ സ്വാധീനിക്കുന്ന ഒരു അവസ്ഥയാണെന്നും, എന്റെ മരണത്തിലും ഉയർത്തെഴുന്നേൽപ്പിലുമുള്ള വിശ്വാസമില്ലായ്മയാണെന്നും, യഥാർത്ഥ ലക്ഷ്യം തെറ്റിയുള്ള യാത്രയാണെന്നും നിങ്ങൾ തിരിച്ചറിയണം.

നീതികരണം എന്നത് ധാർമികമായ ലൗകിക മാനദണ്ഡങ്ങൾക്കനുസരിച്ച് രൂപം കൊള്ളേണ്ട തിനെക്കാളുപരി, ദൈവവുമായും നിങ്ങൾ പരസ്പരവും നിലനിർത്തേണ്ട സ്നേഹബന്ധത്തിൽ ഉണ്ടാകുന്ന ഭദ്രതയു മാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിയമങ്ങൾ അനുസരിക്കുകയും അത് മൂലം പലപ്പോഴും സ്നേഹബന്ധങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന "പഴയനിയമ നീതീകരണം"കപടഭക്തിയിലേക്ക് നിങ്ങളെ വഴി നയിക്കും എന്ന് അറിയുക.

പരീശന്മാരുടെ "പുളിച്ച മാവ്" അതായിരുന്നു; എന്റെ ശിഷ്യരായ നിങ്ങളിൽ അത് അല്പം പോലും ഉണ്ടാകാതെ സൂക്ഷിക്കണം എന്ന് ഞാൻ വീണ്ടും ഓർമ്മിപ്പിക്കുന്നു.

3) **സഭയിലൂടെ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു കാണിച്ചു തരുന്ന വിശുദ്ധ പാരമ്പര്യങ്ങൾ** (യോഹന്നാൻ 16:12– 14).

ഞാൻ ചെയ്തു കാണിച്ചതും പറഞ്ഞതുമായ സത്യപാതയിൽ നിന്നും അണുവിട മാറിപോകാതെ നിങ്ങളെ വഴി നടത്തുന്ന പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ കാലാകാലങ്ങളായി സഭയിൽ പരിപാലിച്ചുവരുന്ന നേരായ സത്യവിശ്വാസം (Orthodox Faith) സംരക്ഷിക്കുവാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ഓർത്തഡോക്സ് എന്ന പേരിൽ എന്റെ ഉപദേശത്തിന് നിരക്കാത്ത പല കാര്യങ്ങളും സഭയിൽ എങ്ങനെയൊക്കെയോ കടന്നുകൂടിയതിന്റെ ഫലമായി, ഇന്ന് സഭകൾ തമ്മിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വാദപ്രതിവാദങ്ങളും തർക്കങ്ങളും എനിക്കോ എന്റെ സ്വർഗ്ഗപിതാവിനോ ഇഷ്ടമില്ലാത്ത കാര്യങ്ങൾ ആണെന്ന് എന്നിൽ വിശ്വസിക്കുന്ന ദൈവജനം മനസ്സിലാക്കണം. പരിശുദ്ധാത്മാവിന്റെ പേരിൽ വ്യാജ ആത്മാക്കൾ സാത്താന്റെ ഏജൻറ് മാരായി സഭയിൽ കടന്നുകൂടി പ്രവർത്തിക്കുന്നത് നിങ്ങൾ തിരിച്ചറിയാത്തതിന്റെ പ്രധാനകാരണം, പരിശുദ്ധാത്മാവിന്റെ ഇടപെടൽ നിങ്ങൾക്ക് ലഭിക്കുന്നില്ല എന്നതാണ്. നിരവധി അശുദ്ധാത്മാക്കൾ ലോകത്തിൽ വ്യാപരിക്കുന്നുണ്ട് എന്ന് നിങ്ങൾ അറിയണം. അതുകൊണ്ടാണ്

ദൈവാത്മാവിനെ "പരിശുദ്ധാത്മാവ്"എന്ന് പ്രത്യേകം എടുത്തുപറയുന്നത്. ഞാനും എന്റെ സ്വർഗപിതാവും പരിശുദ്ധി നിറഞ്ഞവർ ആണെങ്കിലും ഞങ്ങളുടെ പേരിൽ അശുദ്ധാത്മാക്കൾക്ക് പ്രവർത്തിക്കാൻ കഴിയുകയില്ല. എന്നാൽ ദൈവാത്മാവ് എന്ന പേരിൽ അശുദ്ധാത്മാക്കൾക്ക് വ്യാജമായി പ്രവർത്തിക്കുവാൻ അവസരമുള്ളതിനാലാണ്, സത്യദൈവത്തെ അന്വേഷിക്കുവാനും അനുസരിക്കുവാനും ആഗ്രഹിക്കുന്ന ദൈവമക്കളെ സഹായിക്കാൻ വേണ്ടി പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നിങ്ങൾക്കായി അയച്ചുതന്നത്. വിശുദ്ധിയോടും വിനയത്തോടും വിശ്വാസത്തോടും കൂടി കാത്തിരിക്കുന്നവർക്ക് മാത്രമേ പരിശുദ്ധാത്മ നൽവരങ്ങൾ ലഭിക്കുകയുള്ളൂ. പെന്തക്കോസ്ത് ദിനത്തിൽ ആരംഭം കുറിച്ച പരിശുദ്ധാത്മദാനം വിശുദ്ധ മാമോദിസ വഴി സഭയിൽ എന്നും നടന്നുകൊണ്ടിരിക്കുന്നുണ്ട്.

4) **കുറഞ്ഞൊന്ന് കഴിഞ്ഞ്** (യോഹന്നാൻ 16: 16– 22)

കുറഞ്ഞൊന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണുകയില്ല എന്നും പിന്നെയും കുറഞ്ഞൊന്ന് കഴിഞ്ഞാൽ എന്നെ കാണുമെന്നും ഞാൻ പറഞ്ഞത് നിങ്ങൾക്ക് ആശയക്കുഴപ്പമുണ്ടാക്കി എന്ന് എനിക്കറിയാം. ഒന്നാമത്, ശരീരപ്രകാരം അറസ്റ്റ് ചെയ്തു ക്രൂശിൽ തൂക്കി ഖബറടക്കിയ കാലം, ആ ഒരു ദിവസം ഞാൻ നിങ്ങളിൽ നിന്നും മാറ്റപ്പെടുന്നു. രണ്ടാമത്, എന്റെ ഖബറടക്കം മുതൽ പുനരുത്ഥാനം വരെയുള്ള മൂന്നു ദിവസങ്ങൾ, മൂന്നാമത്, സ്വർഗ്ഗാരോഹണം വരെയുള്ള 40 ദിവസങ്ങൾ, ഇവയൊക്കെ സൂചിപ്പിച്ചാണ് ഞാൻ കുറഞ്ഞൊന്ന് കഴിഞ്ഞ് എന്ന് പറഞ്ഞത്. പിന്നെയും അതെപ്പറ്റി പറഞ്ഞാൽ, പ്രസവകാലം 10 മാസം കാത്തിരുന്ന സ്ത്രീ വേദനയോടെ പ്രസവിക്കുന്ന അനുഭവം പോലെ, എന്നെ കാണാതെ എന്റെ വേർപാടിൽ ദുഃഖിക്കുന്ന നിങ്ങൾക്ക്, വേദനയുടെ മധ്യത്തിലും സന്തോഷിക്കുന്ന അമ്മയെ പോലെ, ഉയർത്തെഴുന്നേറ്റ എന്നെ കാണുമ്പോൾ സന്തോഷിക്കാൻ ഇടവരും.

ദുഃഖവും സന്തോഷവും ഇടകലർന്ന് വരുന്നത് പോലെ തന്നെയാണ് എന്റെ വേർപാട് മൂലമുണ്ടാകുന്ന ദുഃഖവും ഉയർപ്പു മൂലമുണ്ടാകുന്ന സന്തോഷവും. ഈ സന്തോഷം നിങ്ങളിൽ നിന്ന് ആരും എടുത്തു കളയില്ല.

**5) എന്റെ നാമത്തിൽ അപേക്ഷിച്ചാൽ നിങ്ങൾക്ക് ലഭിക്കും** (യോഹന്നാൻ 16: 23–24)

പ്രാർത്ഥനയെപറ്റി വളരെ കാര്യങ്ങൾ ഞാൻ നിങ്ങളോട് നേരത്തെ പറഞ്ഞതാണ്. "ശിഷ്യപ്രാർത്ഥന"യെപറ്റി ഞാൻ പറഞ്ഞതൊന്നും നിങ്ങൾ മറന്നു കാണുകയില്ല.

എന്നിരുന്നാലും "എന്റെ നാമത്തിൽ പ്രാർത്ഥിക്കണം" എന്ന് പറഞ്ഞത് നിങ്ങൾക്ക് മനസ്സിലായോ?."ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു; നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നത് ഒക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്ക് തരും"(യോഹ:16: 23,24). ഇത് നിങ്ങൾ തെറ്റിദ്ധരിക്കും എന്ന് എനിക്കറിയാം. വളരെ ഉറപ്പായ കാര്യങ്ങൾ മാത്രമേ ഞാൻ "ആമേൻ, ആമേൻ" എന്ന് ചേർത്ത് പറയാറുള്ളൂ.സത്യമായും സത്യമായും എന്ന് രണ്ടുപ്രാവശ്യം ഉറപ്പിച്ച് പറഞ്ഞത് അത്രമാത്രം പ്രധാനകാര്യം ആയതുകൊണ്ടാണ്. ഒരിക്കൽ ഒരു സ്നേഹിതൻ എന്നോട് ഇതുപോലെ ഒരു ഒരു ചോദ്യം ചോദിച്ചു."എന്റെ ഇഷ്ടം പോലെ ജീവിക്കാൻ എനിക്ക് അനുവാദം തരാമോ?"ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു: "ദൈവത്തെയും മനുഷ്യനെയും പൂർണ്ണമായി സ്നേഹിക്കുന്നു എന്ന് ദൈവത്തെ ബോധ്യപ്പെടുത്തിയാൽ മാത്രം മതി, പിന്നെ നിനക്ക് ഇഷ്ടമുള്ളത് എല്ലാം ചെയ്യാം".

അവനു കാര്യം മനസ്സിലായി. ദൈവത്തെ സ്നേഹിക്കണം എങ്കിൽ ദൈവഹിതം നടപ്പാക്കണം. അതുപോലെ "എന്റെ നാമത്തിൽ"എന്നത് ഒരു വലിയ വ്യവസ്ഥയാണ്. എന്റെ ഇഷ്ടപരിധിയിൽ വരുന്ന കാര്യങ്ങൾ മാത്രമേ "എന്റെ നാമത്തിൽ" നിങ്ങൾക്ക് പിതാവിനോട് ചോദിക്കുവാൻ കഴിയൂ. അല്ലാതെ നിങ്ങളുടെ ഇഷ്ടപ്രകാരം യാചിക്കുന്നവയെല്ലാം "വല്ലാതെ" ഉള്ള യാചന ആയിത്തീരുമെന്ന് നേരത്തെ പറഞ്ഞത് ഓർക്കുക. നിങ്ങൾ സ്വന്തം നാമത്തിൽ സ്വന്തം താൽപര്യങ്ങൾക്കായി യാചിക്കുന്നത് അവസാനിപ്പിക്കുക."നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കി തരണമേ" എന്ന് പ്രാർത്ഥിക്കുന്ന നിങ്ങൾക്ക് സ്വന്തം ഇഷ്ടം നടപ്പാക്കി തരുവാനായി എങ്ങനെ പ്രാർത്ഥിക്കാൻ കഴിയും?.

അങ്ങനെ ചെയ്യുമ്പോഴാണ് അത് കപടഭക്തി ആയിത്തീരുന്നത്. "എന്റെ നാമത്തിൽ ഇതുവരെ നിങ്ങൾ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിക്കുവിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണമാകും വണ്ണം നിങ്ങൾക്ക് ലഭിക്കും".(യോഹന്നാൻ 16:24). എന്റെ നാമത്തിൽ നിങ്ങൾ പ്രാർത്ഥിക്കുന്നത്,ഞാൻ പ്രാർത്ഥിക്കുന്നത് പോലെ തന്നെ സ്വർഗ്ഗപിതാവ്

സ്വീകരിച്ച് പ്രതിഫലം തരും. പരിശുദ്ധാത്മ സഹായത്തോടെ എന്റെ നാമത്തിൽ സ്വർഗ്ഗപിതാവിനോട് നിങ്ങൾ പ്രാർത്ഥിക്കണം. അതാണ് ശരിയായ പ്രാർത്ഥന. ഇങ്ങനെ ഞാൻ പറയുമ്പോൾ ഒരു പ്രത്യേക അവകാശം കൂടി ഞാൻ നിങ്ങൾക്ക് തരികയാണ്. അതായത്, ഞാൻ പിതാവിനോട് പ്രാർത്ഥിക്കുന്നത് പോലെ തന്നെ നിങ്ങൾക്കു നേരിട്ട് പിതാവിനോട് പ്രാർത്ഥിക്കാം.

എന്നിൽ വിശ്വസിക്കാത്തവർക്ക് വേണ്ടി കൂടി പിതാവിനോട് ഞാൻ മധ്യസ്ഥത അർപ്പിക്കുന്നത് പോലെ നിങ്ങളും, ദൈവത്തെ മറന്ന് ജീവിക്കുന്നവർക്ക് വേണ്ടി കൂടി പിതാവിനോട് മധ്യസ്ഥത അർപ്പിക്കണം. ഞാൻ പറഞ്ഞതിന്റെ ഗൗരവം നിങ്ങൾക്ക് മനസ്സിലായോ?

വിശുദ്ധാന്മാരോടും ശുദ്ധിമതികളോടും നിങ്ങൾ മധ്യസ്ഥത യാചിക്കുമ്പോൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അവരും എന്റെ നാമത്തിൽ, സ്വർഗ്ഗരാജ്യം ഭൂമിയിൽ നടപ്പാക്കുവാൻ എല്ലാ മനുഷ്യരുടെയും മാനസാന്തരത്തിന് ആയിട്ടാണ് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത്. അതുപോലെ തന്നെ നിങ്ങളും അവരുടെ കൂട്ടത്തിൽ ചേർന്ന് ദൈവ ഇഷ്ടം ലോകം മുഴുവൻ നടപ്പാക്കണമെന്ന് പ്രാർത്ഥിക്കുകയാണ് വേണ്ടത്. അക്കൂട്ടത്തിൽ നിങ്ങളുടെ ഇഷ്ടങ്ങൾ നടത്തി തരണം എന്ന് പ്രാർത്ഥിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നതായി ഞാൻ കാണുന്നുണ്ട്. ദൈവഇഷ്ടം വേണ്ട, എന്റെ ഇഷ്ടം മതി എന്ന് ചോദിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത് പിശാചാണ്. ലോക മഹത്വം എന്നെ കാണിച്ച്,അവനെ ഒന്നു വണങ്ങിയാൽ എല്ലാം തരാമെന്ന് എന്നോട് പറഞ്ഞ് എന്നെപ്പോലും വശീകരിച്ച ആ സാത്താനാണ് ഈ ലോകത്തെ ഭരിക്കുന്നത് എന്ന് നിങ്ങൾ ഓർക്കുക.(2 കോരി 4:4). നിങ്ങളുടെ ഇഷ്ടപ്രകാരം ഈ ലോകത്തിലുള്ളതെല്ലാം ചോദിക്കുമ്പോൾ നിങ്ങൾക്ക് നൽകുന്നത് പിശാചാണ്. ആ പിശാചിന്റെ പാതയിൽ നിങ്ങൾ പോകരുത്. എന്റെ നാമത്തിൽ പലതരം വ്യാജ അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ച് സത്യവിശ്വാസികളെ തട്ടിയെടുക്കാൻ പരിശ്രമിക്കുന്ന സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ്, കഷ്ടം സഹിക്കേണ്ടി വന്നാലും ദൈവഹിതം മാത്രം മതി എന്ന് കരുതി ജീവിക്കുക.

സ്വന്ത ഇഷ്ടം നിവൃത്തിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം തൽക്കാലം സന്തോഷിക്കും എങ്കിലും ഒടുവിൽ നിത്യ ദുഃഖത്തിൽ അകപ്പെടും എന്ന് തീർച്ചയാണ്.

6) **ഇനി ഉപമകൾ അല്ല സാദൃശ്യങ്ങൾ ആയി ഞാൻ പറയാം** (യോഹന്നാൻ 16 25)

അവിശ്വാസികൾ വിശ്വാസത്തിലേക്ക് വരുവാനായി ഞാൻ പല ഉപമകൾ നിങ്ങളോട് പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ എന്റെ വിശ്വാസത്തിൽ ഉറച്ചവരോട് ഇടപെടുമ്പോൾ ഉപമകളും അത്ഭുതങ്ങളും അടയാളങ്ങളും ഒന്നും ആവശ്യമില്ല എന്ന് നിങ്ങൾ മനസ്സിലാക്കുക. ഞാൻ പറയുന്ന കാര്യങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കും. നിങ്ങൾ വിശ്വാസത്തോടെ, വിശുദ്ധിയോടെ, വിനയത്തോടെ പരിശ്രമിക്കുക.

7). **പരിശുദ്ധാത്മാവ് നിങ്ങളെ പ്രാർത്ഥിക്കുവാൻ പരിശീലിപ്പിക്കുന്നു** (റോമ.8: 26,27; എഫെ 6:18)

പരിശുദ്ധാത്മാവ് നിങ്ങളെ പ്രാർത്ഥിക്കുവാൻ പരിശീലിപ്പിക്കുന്നു. ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നിങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. വാക്കുകൾ കൂടാതെയുള്ള ദൈവ സംസർഗ്ഗം സാധിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്.

അർത്ഥമറിയാതെ വാക്കുകൾ ഉരുവിടുന്ന പ്രാർത്ഥനയും, അർത്ഥം അറിഞ്ഞുകൊണ്ട് ബുദ്ധികൊണ്ട് പ്രാർത്ഥിക്കുന്നതും, പരിശുദ്ധാത്മ നിറവിൽ മനസ്സുകൊണ്ട്(ഹൃദയംകൊണ്ട്) വാക്കുകളില്ലാതെ പ്രാർത്ഥിക്കുന്നതും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയണമെങ്കിൽ പരിശുദ്ധാത്മ സഹായം തന്നെ നിങ്ങൾക്ക് ലഭിക്കണം.

"ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു. വേണ്ടതുപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവ് തന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധർക്ക് വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങൾ പരിശോധിക്കുന്നവൻ അറിയുന്നു".(റോമ 8:26,27).

ഓർത്തഡോക്സ് സഭയിലെ ആരാധനകൾ ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആണ്. ആരാധനയിലെ ആശീർവാദങ്ങളും അങ്ങനെതന്നെയാണ്.

## 8. കഷ്ടങ്ങൾ വരുമ്പോൾ എന്നെ വിട്ടു പോകരുത്

എന്നെ വിശ്വസിച്ചവരിൽ പലരും ഞാൻ പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കാതെ എന്നെ വിട്ടുപോയിട്ടുണ്ട്. കഷ്ടങ്ങൾ വരുമ്പോഴും എന്നെ സ്നേഹിച്ചിരുന്നവർ പോലും എന്നോട് അകന്നു മാറിയിട്ടുണ്ട്. പീഡനങ്ങൾ വരുമ്പോൾ ഓടി പോകണമെന്ന് ഞാൻ അവരോട് പറഞ്ഞിട്ടുള്ളതിനാൽ, അത് അവരുടെ കുറ്റമായി ഞാൻ കാണുന്നില്ല. എന്റെ ശിഷ്യന്മാർ കൊല്ലപ്പെട്ടാൽ ദൈവരാജ്യസന്ദേശം ലോകം മുഴുവൻ പ്രചരിപ്പിക്കുവാൻ പ്രയാസം വരുമായിരുന്നു. എന്റെ നിമിത്തം ഉപദ്രവങ്ങളും ദുരിതങ്ങളും വരുമ്പോൾ ശരീരപ്രകാരം ഒഴിഞ്ഞു മാറുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്. എന്നാൽ ആ സമയങ്ങളിൽ മനസ്സുകൊണ്ട് നിങ്ങൾ കൂടുതൽ വിശ്വാസത്തിൽ ഉറച്ചു വരണം. എന്റെ സമയം ആകാതിരുന്നതിനാൽ ഞാൻ പലപ്പോഴും അങ്ങനെ പിടികൊടുക്കാതെ ഒഴിഞ്ഞു മാറിയിട്ടുള്ളത് നിങ്ങൾക്കറിയാമല്ലോ.

## 9) **കഷ്ടങ്ങളുടെ മധ്യത്തിലും ധൈര്യപ്പെടുവിൻ** (യോഹന്നാൻ 16: 32, 33)

എല്ലാവരും എന്നെ വിട്ടു പോയാലും എനിക്ക് ഭയം ഇല്ലായിരുന്നു; കാരണം എന്റെ പിതാവും പരിശുദ്ധാത്മാവും എപ്പോഴും എന്നോടൊപ്പം ഉണ്ടായിരുന്നു. ഞാൻ പിടിക്കപ്പെടാനുള്ള നാഴിക വന്നു എന്ന് എനിക്ക് ബോധ്യമായപ്പോൾ ഞാൻ തന്നെ എന്നെ ഏൽപ്പിച്ചു കൊടുക്കാൻ തീരുമാനിച്ചു. ആ കാര്യങ്ങളൊക്കെ വിശദമായി പിന്നീട് പറയാം.

നിങ്ങൾക്ക് സമാധാനം ഉണ്ടാകേണ്ടതിന്ന് ഞാനിത് നിങ്ങളോട് മുൻകൂട്ടി സംസാരിക്കുകയാണ്. "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു". ഞാൻ നിങ്ങളെ കണ്ടുമുട്ടുമ്പോൾ നിങ്ങളുടെ സന്തോഷം ഇരട്ടിയാകും. നമുക്ക് തമ്മിൽ കാണാനായി ഞാൻ കാത്തിരിക്കുകയാണ്. പിശാചിന്റെ കെണിയിൽ പെട്ടുപോകാതെ, വഴിതെറ്റാതെ, പരിശുദ്ധാത്മ നിയന്ത്രണത്തിൽ ജീവിക്കുക. നമ്മൾ ഒരുനാൾ കണ്ടുമുട്ടും, നിശ്ചയം.

എന്ന് സ്വന്തം യേശു
20–3–21.

("യേശുവിന്റെ ആത്മകഥ" വാല്യം 6. ഇവിടെ സമാപ്തം. അടുത്ത വാല്യത്തോടെ ഈ പരമ്പര പൂർത്തിയാക്കണമെന്ന് ദൈവത്തിൽ ശരണപ്പെടുന്നു.)

# അനുബന്ധം 1
# ഉള്ളടക്കം

(വാല്യം – 1)


1) എന്റെ ബാല്യകാല സ്മരണകൾ.
2) എന്റെ ജ്ഞാനസ്നാനം ജോർദാനിൽ.
3) സാത്താൻറ പ്രലോഭനങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കുക.
4) എന്റെ അത്ഭുതങ്ങൾ നിങ്ങൾക്കുള്ള അടയാളങ്ങളാണ്.
5) എന്നെ അന്വേഷിക്കുന്നവരെ ഞാൻ സ്നേഹത്തോടെ സ്വീകരിക്കുന്നു.
6) വരുവിൻ, എന്നെ അനുഗമിക്കുവിൻ.
7) ഞാൻ യഥാർത്ഥ ശിഷ്യന്മാരെ അന്വേഷിക്കുകയാണ്.
8) സ്വർഗരാജ്യത്തിലേക്ക് ഞാൻ നിങ്ങളെ കൊണ്ടു പോകാം.
9) കാനാവിലെ കല്യാണ വീട്ടിലെ എന്റെ ആദ്യ ദിവ്യ അനുഭവം.
10) ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം.
11) സൗഖ്യ ദാന ശുശ്രൂഷ ഞാൻ തുടരുകയാണ്.
12) ഭൂത ബാധയെ ഭയപ്പെടരുത്,ഞാൻ സൗഖ്യം നൽകാം.
13) ശമരിയകാരെയും ഞാൻ എന്റെ സന്ദേശം അറിയിച്ചു.
14) നിക്കോദിമോസ്സുമായി ഒരു കൂടിക്കാഴ്ച: ചർച്ചാവിഷയം "വീണ്ടും ജനനം".
15) നിങ്ങൾക്കും എന്നെപ്പോലെ ദൈവമക്കളായി തീരാം.


*******

# അനുബന്ധം 2
# ഉള്ളടക്കം

(വാല്യം – 2)

16 ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ
17. എല്ലാ നിയമങ്ങളും മനുഷ്യനന്മയ്ക്ക് വേണ്ടിയുള്ളതാണ്
18. ദൈവരാജ്യ പ്രഭാഷണപരമ്പര പരസ്യമായി ആരംഭിച്ചു
19. സ്വർഗ്ഗ സൗഭാഗ്യങ്ങൾ ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം
20. നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും ആകുന്നു
21. എന്റെ ഉപദേശങ്ങൾക്ക് നിങ്ങൾ കാതോർക്കുക
22. മൂന്ന് പ്രധാന രഹസ്യ പ്രമാണങ്ങൾ
23. ശിഷ്യപ്രാർത്ഥന നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുക.
24 ഗിരിപ്രഭാഷണ വിചിന്തനങ്ങൾ
25. എന്റെ ചില ജീവിത പ്രമാണങ്ങൾ
26.എന്റെ ഉപമകൾ കേട്ട് അനുസരിക്കുന്നവർ വഴി തെറ്റുകയില്ല
27. എന്നെ വിശ്വസിക്കുന്നവർക്ക് അത്ഭുതങ്ങൾ ആസ്വദിക്കാം
28. ഞാൻ മരിച്ചവരെ ഉയർപ്പിച്ച രണ്ട് അനുഭവങ്ങൾ
29. എന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ
30 സ്വർഗ്ഗരാജ്യത്തിന്റെ സവിശേഷതകൾ

******

# അനുബന്ധം 3
# ഉള്ളടക്കം

(വാല്യം – 3)


31. സമ്പാദ്യങ്ങൾ എന്ത്, എവിടെ,എങ്ങനെ?
32. ആഹാരത്തെക്കാൾ ജീവനും, ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലോ?
33. ആകാശ പറവകളെയും വയലിലെ പുഷ്പങ്ങളെയും നോക്കുവിൻ
34. നിങ്ങൾക്ക് എന്നെ അനുഗമിക്കുവാൻ മനസ്സുണ്ടോ?
35. വിതയ്ക്കുന്നവൻ വിതയ്ക്കുവാൻ പുറപ്പെട്ടു
36. ആ നല്ല ശമര്യക്കാരൻ ഞാൻ തന്നെ
37. ഒരു ധനവാന്റെയും ഒരു ലാസറിന്റെയും കഥ
38. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ
39. വിശ്വാസമെന്ന പാറമേൽ ഞാൻ എന്റെ സഭയെ പണിയും
40. ഞാനാകുന്നു നിങ്ങളുടെ നല്ല ഇടയൻ
41. സ്വർഗ്ഗരാജ്യവിരുന്നിൽ സംബന്ധിക്കുന്നവർ ഭാഗ്യവാന്മാർ
42. എന്റെ താലന്തുകൾ കൊണ്ട് നിങ്ങൾ എന്ത് ചെയ്തു?
43. സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്
44. കാണാതെപോയ ആടും നഷ്ടപ്പെട്ട നാണയവും
45. വീട് വിട്ടുപോയ ധൂർത്ത്പുത്രനും, മകനെ കാത്തിരിക്കുന്ന സ്നേഹപിതാവും


******

# അനുബന്ധം 4
# ഉള്ളടക്കം

(വാല്യം – 4)


46. അനുകമ്പയുള്ള ശിഷ്യരെയാണ് ഞാൻ അന്വേഷിക്കുന്നത്.
47. സ്വർഗ്ഗപിതാവിനാൽ ആകർഷിക്കപ്പെടാതെ
ആരും എന്റെ അടുക്കലെത്തുന്നില്ല.
48 നിങ്ങൾക്ക് എന്നെ വിട്ടു പോകുവാൻ തോന്നുന്നുണ്ടോ?
49. എന്നെ ലോകം വെറുത്തത്പോലെ നിങ്ങളെയും വെറുക്കും.
50 കുരിശ് ചുമക്കുന്നതാണ് എന്റെ ശിഷ്യന്റെ അടയാളം.
51. എന്റെ ശിഷ്യൻമാരോടുള്ള രണ്ട് പ്രത്യേക നിർദ്ദേശങ്ങൾ
52 നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ.
53 ജീവന്റെ അപ്പം ഞാൻ നിങ്ങൾക്ക് നൽകാം.
54. ന്യായപ്രമാണങ്ങളും പാരമ്പര്യങ്ങളും എന്റെ കാഴ്ചപ്പാടിൽ ആചരിക്കുക
55. "കൊർബോനും" "ദശാംശവും" : എന്ത്? എന്തിന്?
56. ബധിരനും മൂകനുമായ ഒരാളെ സൗഖ്യമാക്കി.
57. നിങ്ങൾ അടയാളങ്ങൾ അന്വേഷിക്കുന്നത് എന്തിന്?
58. പരീശന്മാരുടെയും സദുക്ക്യരുടെയും പുളിച്ചമാവിനെ സൂക്ഷിക്കുക.
59. മനുഷ്യ മാനദണ്ഡങ്ങൾ അല്ല,
ദൈവത്തിന്റെ പ്രമാണങ്ങൾ തന്നെ പാലിക്കുക.
60. ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തുന്നത് തീരാ
നഷ്ടം തന്നെ


******

# അനുബന്ധം 5
# ഉള്ളടക്കം

(വാല്യം – 5)

61. മറുരൂപമലയിലെ സ്വർഗ്ഗദർശനം
62. ഭൂതബാധയെ അകറ്റുവാൻ ദൈവവിശ്വാസം തന്നെ വേണം
63  ശിശുക്കളെപ്പോലെ ആകുന്നതാണ് നിങ്ങൾക്ക് നല്ലത്
64. ഇടർച്ചകൾ വരുത്തുന്നവന് അയ്യോ കഷ്ടം.
65  അനുരഞ്ജനവും ഐക്യവും, ദൈവ– മനുഷ്യബന്ധങ്ങളിൽ
66. എന്റെ യെരുശലേം യാത്ര വീണ്ടും ശമര്യവഴി തന്നെ
67 യരുശലേമിലെ എന്റെ കൂടാരപെരുന്നാൾ അനുഭവങ്ങൾ
68  പാപം ഇല്ലാത്തവൻ അവളെ ആദ്യം കല്ലെറിയട്ടെ
69. എന്നെപോലെ നിങ്ങളും ലോകത്തിന്റെ വെളിച്ചം ആകണം
70. യഹൂദന്മാർക്ക് ഞാൻ ആരാണെന്ന് മനസ്സിലായില്ല, നിങ്ങൾക്കോ?
71. സത്യം നിങ്ങളെ സ്വതന്ത്രരാക്കിയാൽ ദുഷ്ടനു നിങ്ങളെ തൊടാൻ കഴിയില്ല
72. കുരുടനായി പിറക്കതക്കവണ്ണം 'ആര് പാപം ചെയ്തു?'
73. ഞാൻ വാതിൽ ആകുന്നു,  എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും
74. പലതിനെചൊല്ലി വിചാരപെടാതെ മറിയ നല്ല അംശം തെരഞ്ഞെടുത്തു
75. സ്ത്രീകളുടെ മാനസാന്തരം ഞാൻ ഏറെ വിലമതിക്കുന്നു.

******

# അനുബന്ധം 5

## About the Author

Fr.C.C.Cherian, aged 71, born in ”Chungath Family” from Kunnamkulam Diocese of the Malankara Orthodox Church, received the following education: B.Sc&B.Lib.Sc degrees from the Kerala University, B.D & M.Th degrees from the Serampore College,and PG Diploma Certifcates :

1. in Syriac language from SEERI, Kottayam,

2. in Archival studies, from the National Archives,New Delhi, and from the State Library Tiruvananthapuram,

3. in Christian Spirituality from Tandoor Ecumenical Institute, Jerusalem.

He served as the chief Librarian and Archivist for 40 years at the Orthodox Teological Seminary Kottayam. He has also contributed his eforts towards the formation of “MGDM Archives”, “MJDM Micro Library” ,”OSDL” Digital library, “Divyabodhanam “Study Program& Publication of 30 text books, Tiruvachana Bhashyam,”a commentary series of N T in 15 volumes, The Church Encyclopedia”,”Sabhavijnanakosam”,”Mar Gregorios Foundation” & several Publications of the writings of LL.Dr Paulose Mar Gregorios etc. He served as the personal secretary to H.G. Dr Paulose Mar Gregorios for 20 years, till his demise in1996.

He also served as the Secretary of the “Alumne Association”and has published”Sabha Gana Madhuri” a series of 16Audio Cassette tapes of Ekkara& other Church Musics sung by Revd.Fr. Malpan N K Koruth Njarthankal of blessed memory. He also served as the staf advisor for diferent activities in the seminary. He retired from the Seminary in 2014.

Fr.Cherian served in 14 parishes of Kottayam Diocese from 1973 onwards and retired in 2018.He lives in Kottayam with his wife Saly Cherian. His children Reena, Cyril and Paul live abroad with their families. All of them are much grateful to the Almighty God who provided them with His abundant blessings.

# Books by the Author


1. ദൈവജനം, ദിവ്യബോധനം ഗ്രന്ഥാവലി, കോട്ടയം 1986
2. നേർവഴിയിൽ (ഒന്നാം ഭാഗം), ദിവ്യബോധനം, 1988
3. The People of God, Divyabodhanam, 1989
4. ഭൂമിയുടെ അറ്റത്തോളവും, പാരിഷ് മിഷൻ ഗ്രന്ഥാവലി, 1995
5. ഉപവാസം ക്രിസ്തീയ വീക്ഷണത്തിൽ, സി. സി. ബുക്സ്, കോട്ടയം, 1996
6. ഉപവാസവും ആത്മീയ ശിക്ഷണവും, സി. സി. ബുക്സ്, കോട്ടയം 1996
7. മാർ ഗ്രീഗോറിയോസ്, ഓർമ്മയുടെ തീരങ്ങളിൽ, സി. സി. ബുക്സ്, കോട്ടയം 1996
8. ക്രൈസ്തവ ആദ്ധ്യാത്മികത, ദിവ്യബോധനം, 1997
9. ഉപവാസം ഒരു പഠനം, സി. സി. ബുക്സ് 1996
10. സംഘർഷങ്ങൾ ആത്മീയ ജീവിതത്തിൽ, MGOCSM, 1998
11. അന്ധവിശ്വാസത്തിന്റെ ബന്ധനങ്ങൾ, Premier Books, Kottayam, 2000
12. യെരുശലേമിലേയ്ക്ക് ഒരു സഫല യാത്ര, കോട്ടയം, 2008
13. ക്രിസ്തീയ ജീവിത സാഫല്യം, MOC Publications, Kottayam, 2008
14. ക്രിസ്തീയ ഉപവാസം എന്ത്, എന്തിന്, എങ്ങനെ, കോട്ടയം 2008
15. Walk The Way: Reflections on the faith and practices of the Orthodox Church. C. C. Books, Kottayam, 2020
16. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 1, സി. സി. ബുക്സ്, കോട്ടയം 2020
17. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 2, സി. സി. ബുക്സ്, കോട്ടയം 2020
18. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 3, സി. സി. ബുക്സ്, കോട്ടയം 2021
19. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 4, സി. സി. ബുക്സ്, കോട്ടയം 2021
20. യേശുവിന്റെ ആത്മകഥ (ഒരു ഭാവന ആവിഷ്കാരം) വാല്യം – 5, സി. സി. ബുക്സ്, കോട്ടയം 2021

# യേശുവിന്റെ ആത്മകഥ

(ഒരു ഭാവനാവിഷ്കാരം)

വാല്യം 6

യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ അവസാനത്തെ ഏതാനും ദിവസങ്ങളിൽ നടന്ന, ലാസറിന്റെ ഉയർപ്പ്, ഓശാന ജൈത്രയാത്ര, യെരുശലേം ദേവാലയ ശുദ്ധീകരണം, യഹൂദ മത നേതാക്കന്മാരുമായുള്ള തീവ്രമായ സംവാദങ്ങൾ, യുഗാന്ത്യ പ്രവചനങ്ങൾ എന്നീ കാര്യങ്ങളാണ് ഈ വാല്യത്തിൽ വികാരസാന്ദ്രമായി വിവരിച്ചിരിക്കുന്നത്.




ഫാദർ. സി. സി. ചെറിയാൻ

Chungath House,
Malloosserry P.O.
Kottayam - 686 041
E-Mail: frcccherian@gmail.com
Website: www.ccbooks.in



C.C. BOOKS KOTTAYAM
CHRISTIAN COMMUNICATIONS


Rs. 120/-